# കേരള സർക്കാർ
## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# ആലുവ നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
**2018-19**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലുവ**
**website : www.ksad.kerala.gov.in**
**e-mail : mlalv.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്
നഗരസഭ ഓഡിറ്റ്
കാര്യാലയം,
ആലുവ. KSA-AVM
പിൻ – 683 101,
തീയതി : 06.08.2020
ഫോൺ : 0484 – 2623757
ഇ-മെയിൽ:
mlalv.ksad@kerala.gov.in

നം.കെ.എസ്.എ.-
എ.വി.എം(എം.2)131/2020

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന),
ആലുവ നഗരസഭ

സർ,

വിഷയം: **ആലുവ നഗരസഭ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 295 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലുവ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി **ഒരു മാസത്തിനകം** നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റേയും പകർപ്പ് **പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.** {1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15}.

റിപ്പോർട്ട് കൈപ്പറ്റി **രണ്ടു മാസത്തിനകം** ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ്:**
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5. കാര്യാലയ പകർപ്പ്

## എറണാകുളം ജില്ലയിലെ ആലുവ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

എറണാകുളം ജില്ലയിലെ ആലുവ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്തു. നഗരസഭ 01.12.2018 മുതൽ 31.01.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മറുപടി ലഭിച്ചു. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ/ ഉദ്യോഗസ്ഥൻ | : | ശ്രീമതി. ഷൈല. എം.എസ്, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 09.03.2019മുതൽ 21.08.2019 വരെ |
| | | ശ്രീമതി. ജയ സി.ആർ, ഡെപ്യൂട്ടി ഡയറക്ടർ | 22.08.2019മുതൽ 31.01.2020 വരെ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | | 09.03.2019 മുതൽ 31.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീ. ഷാജിമോൻ. കെ.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) | 09.03.2019മുതൽ 31.01.2020 വരെ |
| | | ശ്രീ. ജോൺസൺ. ടി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | 09.03.2019മുതൽ 31.01.2020 വരെ |
| | | ശ്രീ. വി.ജി. അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ | 09.03.2019മുതൽ 31.01.2020 വരെ |
| | | ശ്രീമതി. വൃന്ദ. സി.എസ്, ഓഡിറ്റർ | 09.03.2019മുതൽ 31.01.2020 വരെ |

**(ബി)നിർവ്വഹണാധികാരികൾ**

| | | പേര് | കാലയളവ് |
|---|---|---|---|
| ചെയർപേഴ്സൺ | | കുമാരി .ലിസി എബ്രഹാം | 01.04.2018 മുതൽ 31.03.2019 വരെ |
| മുനിസിപ്പൽ സെക്രട്ടറി | | ശ്രീ. അരുൺ രംഗൻ | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| വൈസ് ചെയർപേഴ്സൺ & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി .സി. ഓമന | 01.04.2018 മുതൽ 31.03.2019 വരെ |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി. ഓമന ഹരി | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാർ | ശ്രീ. വി. ചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി .ടിമ്മി ബേബി | 01.04.2018 മുതൽ 31.03.2019 വരെ |
| പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ. പി.എം. മൂസ്സക്കുട്ടി | 01.04.2018 മുതൽ 06.06.2018 വരെ |
| | ശ്രീ.ജെറോം മൈക്കിൾ | 07.06.2018 മുതൽ 31.03.2019 വരെ |
| വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി .ലോലിത ശിവദാസൻ | 01.04.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി .സതി റ്റി.ഐ. | 01.04.2018 മുതൽ 07.12.2018വരെ |
| | ശ്രീമതി .ജലജാമണി വി.ഡി. (ചാർജ്ജ്) | 08.12.2018 മുതൽ 11.01.2019 വരെ |
| | ശ്രീമതി .സതി റ്റി.ഐ. | 12.01.2019 മുതൽ 31.01.2019 വരെ |
| | ശ്രീമതി .ജലജാമണി വി.ഡി. | 01.02.2019 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ, ഗവ. ഹൈസ്കൂൾ (ഗേൾസ്) | ശ്രീമതി. മീന പോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഗവ. ആശുപത്രി | ഡോ. പ്രസന്നകുമാരി.കെ (മെഡിക്കൽ സൂപ്രണ്ട്) | 01.04.2018 മുതൽ 31.03.2019 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. അനഘൻ സി. | 01.04.2018 മുതൽ 31.03.2019 വരെ |
| അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | ശ്രീമതി. പ്രസന്നകുമാരി. ബി | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീമതി. മഞ്ജു പി.എസ്.(ചാർജ്ജ്) | 01.08.2018 മുതൽ 10.09.2018 വരെ |
| | ശ്രീമതി. ലൂസിയ മെൻഡസ് | 11.09.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്, സൂപ്പർവൈസർ | ശ്രീമതി .വിനില സി.വി. | 01.04.2018 മുതൽ 13.09.2018 വരെ |
| | ശ്രീമതി .അനിത | 14.09.2018 മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | | ഡോ. ആശാലത | 01.04.2018 മുതൽ 31.03.2019 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീ. നൗഫൽ യു.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| സി.ഡി.എസ്. മെമ്പർ സെക്രട്ടറി | | ശ്രീ.അഖിൽ ജിഷ്ണു | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | | ശ്രീ. അഖിൽ ജിഷ്ണു | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | | ശ്രീ. അഖിൽ ജിഷ്ണു (ഇൻ-ചാർജ്ജ്) | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ഭാഗം 1- പൊതു അവലോകനം | | |
|---|---|---|
| **ക്രമ നം.** | **പരാമർശം** | **ഖണ്ഡിക നമ്പർ** |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | സ്റ്റാന്റിങ്ങ് കമ്മിറ്റി പ്രവർത്തനം – അവലോകനം | 1-10 |
| 11 | നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി - തനത് വരുമാന സ്രോതസ്സുകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല- ഓഡിറ്റ് നിർദ്ദേശങ്ങൾ | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ക്യാഷ് പരിശോധന | 1-13 |
| 14 | നഗരസഭാ ക്യാഷ് കൗണ്ടറിൽ ഡിജിറ്റൽ പേയ്മെന്റ്, സി.സി ടി.വി ക്യാമറ എന്നീ സംവിധാനങ്ങൾ ഒരുക്കേണ്ടതാണ് | 1-14 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-15 |
| 16 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 1-16 |
| 17 | ബിൽഡിങ്ങ് പെർമിറ്റ് ഫീസ് ഇനത്തിൽ അനധികൃതമായി അധിക തുക ഈടാക്കുന്നു | 1-17 |
| 18 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-18 |
| 19 | തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച അപാകതകൾ | 1-19 |
| 20 | ലേല വരുമാനത്തിൽ കുറവ് | 1-20 |
| 21 | ജി.എസ്.ടി ഈടാക്കിയതിൽ കുറവ് | 1-21 |
| 22 | അനധികൃതമായി റോഡ് കട്ടിങ്ങ് നടത്തിയതിന് ഫീസ് ഈടാക്കിയില്ല | 1-22 |
| 23 | ലൈസൻസ് ഇല്ലാതെ ആശുപത്രി പ്രവർത്തിക്കുന്നു – നിയമവിരുദ്ധം | 1-23 |
| 24 | ശമ്പളപരിഷ്കരണങ്ങൾക്ക് യഥാസമയം അംഗീകാരം വാങ്ങുന്നില്ല | 1-24 |
| 25 | ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി – തുക ഒടുക്കുന്നതിൽ കാലതാമസം – മറ്റ് അപാകതകൾ | 1-25 |
| 26 | സെൻട്രൽ പ്രൊവിഡന്റ് ഫണ്ട് - ജീവനക്കാർക്ക് ആനുവൽ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നില്ല | 1-26 |
| 27 | പെൻഷൻ കോൺട്രിബ്യൂഷൻ – 3.07 കോടി രൂപ നഗരസഭക്ക് ലഭിക്കാനുണ്ട് | 1-27 |
| 28 | പൊതുമുതൽ സംരക്ഷണം - നിയമപരമായ ബാധ്യത നിറവേറ്റുന്നില്ല. | 1-28 |
| 29 | നഗരസഭ ഏറ്റെടുത്ത വലിയ പദ്ധതികൾ തുടരാനോ/ പൂർത്തീകരിക്കാനോ കഴിയുന്നില്ല. പദ്ധതി നടത്തിപ്പിൽ ഗുരുതരമായ അനാസ്ഥ | 1-29 |
| 30 | വയോമിത്രം നഗരസഭാ വിഹിതം-5.12 ലക്ഷം കൈമാറി- പദ്ധതി നടപ്പാക്കാത്തതിനാൽ നഗരസഭയിലെ വയോജനങ്ങൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നില്ല. | 1-30 |
| 31 | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി -നടപ്പാക്കുന്നതിൽ നഗരസഭയുടെ അലംഭാവം | 1-31 |
| 32 | PMAY ഭവന നിർമ്മാണം - അപാകതകൾ | 1-32 |
| 33 | മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല | 1-33 |
| 34 | KURDFC ലോൺ - 10 ലക്ഷം രൂപ പിഴപ്പലിശ നൽകി | 1-34 |
| 35 | ഗവൺമെന്റ് ലോൺ കൃത്യമായി തിരിച്ചടക്കുന്നില്ല- വലിയ തുക പിഴപലിശ ഒടുക്കേണ്ടിവരുന്നു. | 1-35 |
| 36 | ലൈബ്രറി സെസ്സ് – 93.67 ലക്ഷം രൂപ ബാദ്ധ്യത | 1-36 |
| 37 | പദ്ധതി പ്രവർത്തനങ്ങൾക്ക് മാത്രമായുള്ള PSTSB അക്കൗണ്ട് നഗരസഭയിൽ ആരംഭിച്ചില്ല | 1-37 |

| | | |
|---|---|---|
| 38 | പട്ടിക ജാതി ഘടക പദ്ധതി – പ്രോജക്റ്റ് നടത്തിപ്പിൽ ഗുരുതര വീഴ്ചകൾ, ചെലവ് രേഖകൾ ഹാജരാക്കിയില്ല – 6,38,996 രൂപ തടസ്സപ്പെടുത്തുന്നു. | 1-38 |
| 39 | ഐ.സി.ഡി.എസ്. ഓഫീസറുടെ പദ്ധതി ചെലവ് പരിശോധന- വാടക രജിസ്റ്റർ, സ്കോളർഷിപ്പ് രജിസ്റ്റർ ഹാജരാക്കിയില്ല- 7.25 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-39 |
| 40 | ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ – തുക നൽകി - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല. | 1-40 |
| 41 | അങ്കണവാടി കെട്ടിടം ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കണം | 1-41 |
| 42 | ഗവൺമെന്റ് സ്കൂളിലെ സ്മാർട്ട് ക്ലാസ് മുറികൾ | 1-42 |
| 43 | തെരുവിളക്ക് പരിപാലനത്തിന് 7.06 ലക്ഷം രൂപ ചെലവഴിച്ച് സാധനങ്ങൾ വാങ്ങിയത് – സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-43 |
| 44 | മെയിന്റനൻസ് ഗ്രാന്റിൽ നിന്നും രണ്ട് തവണ ടാർ വില കുറച്ചു- അധിക പിൻവലിവ്- 1,26,848/- രൂപ സർക്കാരിലേക്ക് തിരിച്ചടക്കണം. | 1-44 |
| 45 | മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് ടാർ വാങ്ങി -ബാക്കി വന്ന ടാറിന്റെ വില തനത് ഫണ്ടിൽ നിക്ഷേപിച്ചത് മെയിന്റനൻസ് ഫണ്ടിലേക്ക് മാറ്റണം | 1-45 |
| 46 | മുനിസിപ്പൽ പാർക്ക് നവീകരണം – അപാകതകൾ – 24 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-46 |
| 47 | MRF സെന്റർ നിർമ്മാണം – മുൻകൂർ നൽകി – പണി തുടങ്ങിയില്ല – ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-47 |
| 48 | മുനിസിപ്പൽ ഗ്രൗണ്ട് നവീകരണം – പ്രവൃത്തിയിലെ അപാകതകൾ – 10 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-48 |
| 49 | പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ- ചെലവ് 15.1 ലക്ഷം രൂപ - വിനിയോഗ സർട്ടിഫിക്കറ്റ്, മോണിറ്ററിങ്ങ് റിപ്പോർട്ട് ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു. | 1-49 |
| 50 | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല 9.79 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-50 |
| 51 | പദ്ധതി നിർവ്വഹണ ചെലവ്-ക്ലർക്ക് വഴി പണമായി നൽകി- നടപടികൾ പാലിക്കാതെ പ്രിന്റിംഗ് ചെലവ് നടത്തി- 3.86 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-51 |
| 52 | ചട്ടവിരുദ്ധമായി നഗരസഭ കെട്ടിടം വാടകയ്ക്ക് നൽകി | 1-52 |
| 53 | ജനറൽ മാർക്കറ്റ് നിർമ്മാണം-KURDFC ലോൺ - നിബന്ധനകൾ പാലിക്കാൻ കഴിയുമെന്ന് ഉറപ്പില്ല. | 1-53 |
| 54 | കംഫർട്ട് സ്റ്റേഷൻ കം റിട്ടയറിംഗ് റൂം നിഷ്ക്രിയ ആസ്തി-നടപടികളില്ല | 1-54 |
| 55 | നഗരസഭ ലൈബ്രറി – ശോച്യാവസ്ഥ പരിഹരിക്കണം – പ്രവർത്തനം മെച്ചപ്പെടുത്തണം | 1-55 |
| 56 | മുൻകൂർ യഥാസമയം ക്രമീകരിക്കുന്നില്ല. | 1-56 |
| | **ഭാഗം 2- വരവിനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ** | |
| 57 | വസ്തുനികുതി ഈടാക്കിയതിൽ കുറവ് | 2-1 |
| 58 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| | **ഭാഗം 3- ചെലവിനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 4- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 59 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 60 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 61 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 62 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 63 | സ്ഥിര നിക്ഷേപം | 4-5 |
| 64 | ഓഡിറ്റ് റിക്കവറി | 4-6 |
| 65 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 66 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 67 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 68 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 69 | **ഓഡിറ്റ് സർട്ടിഫിക്കറ്റ് -2018-19** | **അനുബന്ധം-1** |
| 70 | **ഇൻകം & എക്സ്പെൻഡിച്ചർ പത്രിക 2018-19** | **അനുബന്ധം-2** |
| 71 | **ബാലൻസ് ഷീറ്റ് 2018-19** | **അനുബന്ധം-3** |
| 72 | **വരവ്-ചെലവ് പത്രിക 2018-19** | **അനുബന്ധം-4** |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ആലുവ നഗരസഭയുടെ 2018-19 വർഷത്തെ ബജറ്റ് 23.03.2018 തീയതിയിലെ 1 -ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 25.03.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

**ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല**

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ നഗരസഭയുടെ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | യഥാർത്ഥം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 5,52,71,856.00 | 5,42,61,678.00 | 10,10,178.00 |
| വരവ് | 66,09,87,000.00 | 21,19,55,994.00 | 44,90,31,006.00 |
| ആകെ | 71,62,58,856.00 | 26,62,17,672.00 | 45,00,41,184.00 |
| ചെലവ് | 67,05,44,000.00 | 20,86,15,710.00 | 46,19,28,290.00 |
| നീക്കിയിരിപ്പ് | 4,57,14,856.00 | 5,76,01,962.00 | -1,18,87,106.00 |

കേരള മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 293 (3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽനിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ ആലുവ നഗരസഭയുടെ 2018-19 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവിന്റെയും ചെലവിന്റെയും മൂന്നിലൊന്ന് മാത്രമാണ് യഥാർത്ഥത്തിലുള്ളതെന്ന് മനസ്സിലാക്കാം. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്തതും ലഭിക്കുമെന്ന് യാതൊരു ഉറപ്പില്ലാത്തതുമായ വരവുകൾ ഉൾപ്പെടുത്തി പ്രോജക്റ്റുകൾ വിഭാവനം ചെയ്യുന്നത് നഗരസഭക്ക് ഗുണകരമായിരിക്കില്ല. നഗരസഭയുടെ പല സ്വപ്നപദ്ധതികൾക്കും ബജറ്റ് വർഷത്തിൽ ആരംഭം കുറിക്കുമെന്നും പൂർത്തിയാക്കുമെന്നും ബജറ്റിന്റെ ആമുഖത്തിൽ വ്യക്തമാക്കുന്നുണ്ടെങ്കിലും അവയെല്ലാം ഇപ്പോഴും യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടില്ല. മഹാത്മാ ഗാന്ധി ടൗൺ ഹാൾ നവീകരണം, പ്രിയദർശിനി ടൗൺ ഹാൾ എയർ കണ്ടീഷനിങ്ങ്, ജനറൽ മാർക്കറ്റ് നിർമ്മാണം, മുനിസിപ്പൽ ബസ് സ്റ്റാന്റിൽ ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം, ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം, ബസ് സ്റ്റാന്റ് കെട്ടിടത്തിന്റെയും ക്ലോക്ക് ടവർ കെട്ടിടത്തിന്റെയും നവീകരണം എന്നിങ്ങനെയുള്ള നിരവധി പ്രോജക്റ്റുകളാണ് ബജറ്റിൽ വിഭാവനം ചെയ്തിരുന്നത്. 2017-18 ബജറ്റിലും ഇതേ പ്രഖ്യാപനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ തൻവർഷവും ഇവയിലൊന്നും തന്നെ നടപ്പിലാക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30.07.2019 | -- | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.08.2019 & 22.08.2019 | കെ.എസ്.എ – എ.വി.എം (എം2) 316/19 തീയതി 26.08.2019 |

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ നിന്നും നിരവധി അപാകതകൾ പത്രികയിൽ ഉള്ളതായി മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ ഇവയ്ക്ക് വിശദീകരണം നൽകണമെന്നും അപാകതകൾ പരിഹരിക്കണമെന്നും മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റിന് അനുബന്ധമായി ചേർത്തിരുന്ന ന്യൂനതകളുടെ സംഗ്രഹത്തിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും വിശദീകരണം നൽകുകയോ അപാകതകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,42,61,677.95 |
| വരവ് | 21,19,55,995.00 |
| ആകെ | 26,62,17,672.95 |
| ചെലവ് | 20,86,15,711.00 |
| നീക്കിയിരിപ്പ് | 5,76,01,961.95 |

റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട് പ്രകാരം നഗരസഭയുടെ വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഏകദേശം 1.50 കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്.

| | 2017-18 | 2018-19 | കുറവ് |
|---|---|---|---|
| മുന്നിരിപ്പ് | 5,89,56,119.95 | 5,42,61,677.95 | 46,94,442.00 |
| വരവ് | 22,69,53,967.00 | 21,19,55,995.00 | 1,49,97,972.00 |
| ആകെ | 28,59,10,086.95 | 26,62,17,672.95 | 1,96,92,414.00 |
| ചെലവ് | 23,16,48,409.00 | 20,86,15,711.00 | 2,30,32,698.00 |
| നീക്കിയിരിപ്പ് | 5,42,61,677.95 | 5,76,01,961.95 | -33,40,284.00 |

നഗരസഭയുടെ പ്രധാന തനത് വരവിനങ്ങളിലുണ്ടായ കുറവിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | 2017-18 | 2018-19 | കുറവ് |
|---|---|---|---|
| സാനിറ്റേഷൻ ടാക്സ് | 17,96,760.00 | 17,30,650.00 | 66,110.00 |
| തൊഴിൽ നികുതി- | 1,42,29,421.00 | 1,38,29,846.00 | 3,99,575.00 |

| | | | |
|---|---|---|---|
| ജീവനക്കാർ | | | |
| തൊഴിൽ നികുതി-വ്യാപാരികൾ | 21,57,310.00 | 20,03,549.00 | 1,53,761.00 |
| മറ്റ് നികുതികൾ | 35,43,956.00 | 34,54,024.00 | 89,932.00 |
| ടൗൺ ഹാൾ വാടക | 28,57,856.00 | 22,47,100.00 | 6,10,756.00 |
| വാടക (Lease on land) | 37,97,784.00 | 19,77,149.00 | 18,20,635.00 |
| വാടക – കടമുറി (കുടിശ്ശിക) | 40,09,985.00 | 16,46,692.00.00 | 23,63,293.00 |
| ബസ് സ്റ്റാന്റ് ഫീസ് | 14,17,534.00 | 10,05,715.00 | 4,11,819.00 |
| റോഡ് കട്ടിങ്ങ് ചാർജ്ജ് | 10,51,772.00 | 2,17,662.00 | 8,34,110.00 |
| ടെണ്ടർ ഫോം വില്പന | 2,38,313.00 | 1,87,160.00 | 51,153.00 |

ഇൻകം & എക്പെന്റിച്ചർ സ്റ്റേറ്റ്മന്റ് പ്രകാരമുള്ള നഗരസഭയുടെ വരുമാനത്തിലും ചെലവിലും മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ കുറവുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വരുമാനത്തിന്റേയും ചെലവിന്റേയും വിവരം താഴെ ചേർക്കുന്നു.

| | 2017-18 | 2018-19 | വ്യത്യാസം |
|---|---|---|---|
| വരുമാനം | 21,08,84,177.00 | 18,18,46,865.00 | 2,90,37,392.00 |
| ചെലവ് | 22,21,23,640.00 | 16,91,90,327.00 | 5,29,33,313.00 |

നഗരസഭയുടെ ഡിമാന്റിലും യഥാർത്ഥ വരവിലും ഗണ്യമായ കുറവുണ്ടായിരിക്കുന്നുവെന്നാണ് റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മന്റ് പ്രകാരവും ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മന്റ് പ്രകാരവുമുള്ള മേൽ പറഞ്ഞിരിക്കുന്ന കുറവുകൾ സൂചിപ്പിക്കുന്നത്. നഗരസഭയുടെ തനത് വരുമാനം കുറഞ്ഞതിന് 2018 ലെ മഹാപ്രളയവും ഒരു പ്രധാന കാരണമാണെന്നാണ് മനസ്സിലാകുന്നത്.

**<u>മഹാപ്രളയം-2018</u>**

കേരള സംസ്ഥാനത്തിന്റെ സമീപകാല ചരിത്രത്തിൽ മറക്കാനാവാത്ത ദുരന്തമാണ് 2018 ലെ മഹാപ്രളയം. സമാനതകളില്ലാത്ത മഹാ പ്രളയം ഗുരുതര പ്രത്യാഘാതമേല്പിച്ചത് ആലുവ, പറവൂർ താലൂക്കുകളിലെ പ്രദേശങ്ങളെയാണ്. ആലുവ നഗരസഭയിലെ ബഹുഭൂരിപക്ഷം പ്രദേശത്തേയും പ്രളയം സാരമായി ബാധിച്ചു. പ്രത്യേകിച്ച് നഗരത്തിന്റെ വ്യാപാര – വാണിജ്യ കേന്ദ്രങ്ങളായ മാർക്കറ്റ്, ബാങ്ക് ജംഗ്ഷൻ, പ്രൈവറ്റ് ബസ് ടെർമിനൽ, ബൈ പാസ്, തോട്ടക്കാട്ടുകര, പറവൂർ കവല, ശിവരാത്രി മണപ്പുറം മുതലായ പ്രദേശങ്ങളെല്ലാം പൂർണ്ണമായും വെള്ളത്തിനടിയിലായി. ഇവിടങ്ങളിലെ കച്ചവട – വ്യാപാര സ്ഥാപനങ്ങൾക്ക് വലിയ തോതിലുള്ള സാമ്പത്തിക നഷ്ടമാണ് ഉണ്ടായത്. നിരവധി സ്ഥാപനങ്ങൾ പ്രളയത്തിന്

ശേഷം പൂർവ്വ സ്ഥിതിയിലാക്കനോ തുറന്ന് പ്രവർത്തിപ്പിക്കാനോ സാധിച്ചിട്ടില്ല. ഇത് നഗരസഭയുടെ വരുമാനത്തേയും സാരമായി ബാധിച്ചിട്ടുണ്ട്. തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് രജിസ്റ്ററുകളിൽ നിരവധി സ്ഥാപനങ്ങളുടെ പേരിന് നേരെ ' സ്റ്റോപ്പ്ഡ് ' എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിന്റെ കാരണമായി ബിൽ കളക്റ്റർമാർ പറയുന്നത് പ്രളയശേഷം നിരവധി സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നില്ല എന്നാണ്. നഗരസഭയുടെ പ്രധാന തനത് വരുമാനങ്ങളായ തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നിവയെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്.



പ്രളയസമയത്തും തുടർന്നും നിരവധി പൊതുപരിപാടികളും വിവാഹ ആഘോഷങ്ങളും മാറ്റി വക്കുകയോ റദ്ദാക്കുകയോ ചെയ്തിരുന്നു. നഗരസഭയുടെ രണ്ട് ടൗൺഹാളുകളുടെയും വാടക രജിസ്റ്ററിൽ നിരവധി പരിപാടികളാണ് ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള പ്രിയദർശിനി ഹാളിൽ വെള്ളം കയറി ഉപയോഗയോഗ്യമല്ലാതായിരുന്നു. ഇത് പൂർവ്വ സ്ഥിതിയിലാക്കിയത് ദിവസങ്ങൾക്ക് ശേഷമാണ്. മേൽപറഞ്ഞ കാരണങ്ങൾ മൂലം ഹാൾ വാടകയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന തുകയിൽ നല്ലൊരു കുറവുണ്ടായിട്ടുണ്ട്. പൊതുവെ പ്രളയത്തെ തുടർന്ന് വ്യാപാര – വാണിജ്യ മേഖലയിലുണ്ടായ തളർച്ച ഓഡിറ്റ് വർഷത്തെ നഗരസഭയുടെ വരുമാനത്തേയും സാരമായി ബാധിച്ചു.

നഗരസഭയുടെ നിരവധി സ്ഥാപനങ്ങളെയാണ് പ്രളയം നേരിട്ട് ബാധിച്ചത്. വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, മത്സ്യ മാർക്കറ്റ്, ജനറൽ മാർക്കറ്റ്, മിനി മാർക്കറ്റ്, പ്രിയദർശിനി ടൗൺ ഹാൾ, മുനിസിപ്പൽ പാർക്ക്, കടത്ത് കടവ് സാംസ്കാരിക കേന്ദ്രം, പ്രൈവറ്റ് ബസ് ടെർമിനൽ, ഷോപ്പിങ്ങ് കോംപ്ലക്സുകൾ എന്നീ സ്ഥാപനങ്ങളെല്ലാം പ്രളയത്തിൽ പൂർണ്ണമായോ ഭാഗികമായോ വെള്ളത്തിനടിയിലായി. ഈ സ്ഥാപനങ്ങളുടെ മെയിന്റനൻസ് പ്രവർത്തികൾ പൂർത്തിയാക്കാൻ ഇനിയും സാധിച്ചിട്ടില്ല. പ്രവർത്തനം നിലച്ച അലസ്ഥയിലായിരുന്ന വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന്റെ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുമ്പോളാണ് പ്രളയത്തെ തുടർന്ന് വീണ്ടും ഇതിന്റെ പ്രവർത്തനം തകരാറിലാകുന്നത്. ഇതിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല. പ്രളയത്തിൽ തകർന്ന മുനിസിപ്പൽ പാർക്കും കടത്ത് കടവ്

സാംസ്കാരിക കേന്ദ്രവും മെയിന്റനൻസ് നടത്തി പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കാനും സാധിച്ചിട്ടില്ല. നഗരസഭാ പ്രദേശത്തെ പ്രളയ ബാധിത മേഖലയിലെ ശുചീകരണവും പുനരധിവാസവും വലിയ സാമ്പത്തിക ചെലവാണ് നഗരസഭക്ക് ഉണ്ടാക്കിയത്. എന്നാൽ സർക്കാരിൽ നിന്നും 10 ലക്ഷം രൂപയാണ് പ്രളയ ധനസഹായമായി നഗരസഭക്ക് ലഭിച്ചത്. കൂടാതെ ധനകാര്യവകുപ്പിന്റെ 12.02.2019 -ലെ സ.ഉ(സാധാ) നം. 9823/2019/ധന. പ്രകാരം ആലുവ നഗരസഭയ്ക്ക് 1,07,14,000/-രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഈ തുക നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല. പ്രളയത്തിന്റെ വ്യാപ്തിയും നഗരസഭക്കുണ്ടായ വരുമാന നഷ്ടവും അധിക ചെലവുമെല്ലാം പരിഗണിക്കുമ്പോൾ ഈ തുക വളരെ തുച്ഛമാണ്.

**<u>ചെലവ് കുറഞ്ഞതിനാൽ മുനിസിപ്പൽ ഫണ്ട് നീക്കിയിരുപ്പിൽ വർദ്ധന</u>**

മുൻവർഷത്തെ അപേക്ഷിച്ച് വരുമാനത്തിൽ കുറവുണ്ടായിട്ടും ഓഡിറ്റ് വർഷത്തെ മുനിസിപ്പൽ ഫണ്ട് നീക്കിയിരുപ്പ് വർദ്ധിച്ചതായി കാണാം. 2018-19 ബാലൻസ് ഷീറ്റ് Schedule B – 1 പ്രകാരം ആലുവ നഗരസഭയുടെ മുനിസിപ്പൽ ഫണ്ട് 15,42,619.50 രൂപയാണ്. മുൻ വർഷം ഇത് (മൈനസ്) -1,52,86,972.21 രൂപയാണ്. മുനിസിപ്പൽ ഫണ്ടിലെ വർദ്ധനവ് നഗരസഭയെ സംബന്ധിച്ചിടത്തോളം ആശ്വാസകരമാണ്. മുൻ വർഷത്തെ അപേക്ഷിച്ച് മുനിസിപ്പൽ ഫണ്ട് (ക്യാപിറ്റൽ) 1.68 കോടി രൂപ കൂടിയിരിക്കുന്നു. ഓഡിറ്റ് വർഷത്തിൽ ഇൻകം & എക്സ്പെന്റിച്ചർ പ്രകാരമുള്ള വരുമാനം ചെലവിനെ അപേക്ഷിച്ച് കൂടുതലാണ്. 18.60 (പ്രയർ പീരിയഡ് ഇൻകം ഉൾപ്പെടെ) കോടിയോളം രൂപ വരവും 16.92 കോടിയോളം രൂപ ചെലവുമാണ് നഗരസഭക്കുള്ളത്. ചെലവ് കുറഞ്ഞതാണ് മുനിസിപ്പൽ ഫണ്ടിന്റെ നീക്കിയിരിപ്പ് വർദ്ധനക്ക് കാരണമായത്. മുൻ വർഷത്തെ അപേക്ഷിച്ച് ഇൻകം & എക്സ്പെന്റിച്ചർ പ്രകാരമുള്ള വരുമാനം കുറഞ്ഞിട്ടും ചെലവ് ഗണ്യമായി കുറഞ്ഞതാണ് ഉയർന്ന സർപ്ലസ് ഉണ്ടാകുന്നതിനും ഇതുമൂലം മുനിസിപ്പൽ ഫണ്ട് വർദ്ധനവിനും കാരണമായത്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18273135 | 18273135 | 14699426 | 3573709 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3542000 | 3542000 | 1959017 | 1582983 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 359000 | 359000 | 0 | 359000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 23552000 | 23552000 | 21789065 | 1762935 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4569000 | 4569000 | 2934366 | 1634634 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 24931978 | 24931978 | 14721198 | 10210780 |
| കെ.എൽ.ജി. എസ്.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 8542 | 0 | 8542 | 0 | 8542 |
| ദുരിതാശ്വാസനിധി | 12000 | 0 | 12000 | 0 | 12000 |

| | | | | | | |
|---|---|---|---|---|---|---|
| എ.യു.ഐ. ജി.എസ് | തൊഴിലാളി കളുടെ കൂലി | 2488691 | 86720 (interest) | 2575411 | 312660 | 2102027 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | 160724 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | PMAY | 2662718 | 4106574 | 6769292 | 3303409 | 3465883 |
| | അറവുശാല | 14070294 | 0 | 14070294 | 0 | 14070294 |
| | UIDSSMT | 904654 | 32716 | 937370 | 0 | 937370 |
| | NULM | 59764 | 532280 | 592044 | 463839 | 128205 |
| സംസ്ഥാനാ വിഷ്കൃതം | ശുചിത്വ മിഷൻ | 4999447 | 162328 | 5161775 | 0 | 5161775 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 0 | 0 | 0 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | | 0 | 27449800 | 27449800 | 27449800 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4,93,869 | 1,94,86,270 | 1,99,80,139 | 1,83,68,938 | 16,11,201 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 28561699 | 131446035 | 160007734 | 129903069 | 30104665 |
| പണം – കയ്യിരിപ്പ് | | | | | | 14750 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|
| 181 | 9,75,80,306 | 132 | 5,61,03,072 | 49 | 72.93 |

മുൻ വർഷത്തെ പദ്ധതി ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ഓഡിറ്റ് വർഷത്തിൽ പദ്ധതി ചെലവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 2.04 കോടി രൂപയായിരുന്നു പദ്ധതി ചെലവെങ്കിൽ 2018-19 ൽ ഇത് 7.69 കോടി രൂപയാണ്. 2017-18 ൽ ട്രഷറിയിൽ നിന്നും ബില്ലുകൾ മാറാൻ സാധിക്കാതെ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നവ ഓഡിറ്റ് വർഷത്തിൽ മാറി നൽകിയതിനാലാണ് ഓഡിറ്റ് വർഷത്തെ ചെലവിൽ വർദ്ധനവുണ്ടായത്. എന്നാൽ മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്റ്റുകളുടെ എണ്ണം ഓഡിറ്റ് വർഷത്തിൽ വളരെ കുറവാണ്. 2017-18 ൽ 242 പ്രോജക്റ്റുകൾക്ക് അംഗീകാരം വാങ്ങി 232 എണ്ണം നടപ്പാക്കിയപ്പോൾ 2018-19 ൽ 181 പ്രോജക്റ്റുകൾക്ക് അംഗീകാരം വാങ്ങിയതിൽ 132 എണ്ണമാണ് നടപ്പാക്കിയത്. പ്രോജക്റ്റുകളുടെ നിർവ്വഹണ വിവരം താഴെ ചേർക്കുന്നു.

| ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 18,00,000 | 2 | 18,00,000 | 0 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 4,93,000 | 2 | 75,000 | 0 |
| കൃഷി ഓഫീസർ | 6 | 4,22,250 | 6 | 3,39,750 | 0 |
| സെക്രട്ടറി | 19 | 1,45,60,513 | 12 | 95,59,429 | 7 |
| വെറ്ററിനറി സർജൻ | 6 | 6,17,500 | 3 | 2,13,209 | 3 |
| പ്രോജക്റ്റ് ഓഫീസർ-നഗര ദാരിദ്ര്യ | 23 | 68,26,200 | 18 | 19,97,923 | 5 |

| | | | | | |
|---|---|---|---|---|---|
| നിർമ്മാർജ്ജന സെൽ | | | | | |
| മെഡിക്കൽ ഓഫീസർ (ഗവ.ഹോസ്പിറ്റൽ) | 1 | 9,00,000 | 1 | 8,99,996 | 0 |
| ഹെഡ് മാസ്റ്റർ (ഗവ. ഹൈസ്കൂൾ) | 5 | 35,42,804 | 5 | 35,38,444 | 0 |
| മുനിസിപ്പൽ എഞ്ചിനീയർ | 1 | 2,61,000 | 1 | 2,60,721 | 0 |
| ICDS സൂപ്പർ വൈസർ | 6 | 36,62,000 | 5 | 21,23,025 | 1 |
| അസ്സി. എഞ്ചിനീയർ | 110 | 6,43,33,039 | 77 | 3,52,95,575 | 33 |
| **ആകെ** | **181** | 9,74,18,306 | **132** | 5,61,03,072 | **49** |

മേല്പറഞ്ഞ കണക്കുകൾ പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് അസ്സിസ്റ്റന്റ് എഞ്ചിനീയർക്കാണെന്ന് കാണാം. എന്നാൽ താരതമ്യേന മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരേക്കാൾ കുറഞ്ഞ ശതമാനം തുകയാണ് ചെലവഴിച്ചിരിക്കുന്നത്. പദ്ധതികളുടെ മൊത്തത്തിലുള്ള ചെലവ് ശതമാനം 72.93 ആണെങ്കിൽ അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ ചെലവ് ശതമാനം 54.86 മാത്രമാണ്. മുൻ വർഷങ്ങളിലേപ്പോലെ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ബില്ലുകൾ മാറാൻ സാധിക്കാതെ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടതിനാലാണ് അസ്സിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ ചെലവ് കുറയാനിടയായത്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2488691 | 86720 (interest) | 2575411 | 160724 | 2102027 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | | 312660 | |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2018-19 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണ ഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2,82,000.00 | 14 |
| വിധവാപെൻഷൻ | 75,39,200.00 | 428 |
| വാർദ്ധക്യകാലപെൻഷൻ | 1,69,32,300.00 | 1024 |
| വികലാംഗപെൻഷൻ | 18,86,500.00 | 107 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 8,09,800.00 | 45 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഉദ്യോഗസ്ഥ, ഭരണ തലത്തിൽ ക്രിയാത്മക സമീപനം നഗരസഭയുടെ സമഗ്ര വികസനത്തിന് അനിവാര്യമാണ്. ബജറ്റിൽ നഗരസഭയുടെ സ്വപ്നപദ്ധതികളെപ്പറ്റി വലിയ വാഗ്ദാനങ്ങൾ നൽകുന്നുണ്ടെങ്കിലും ഇവ നടപ്പാക്കുന്നതിനായി ക്രിയാത്മക

സമീപനങ്ങൾ കാണുന്നില്ല. നഗരസഭ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി നഗരസഭയുടെ സമസ്ത മേഖലയിലുമുള്ള പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. ജീവനക്കാർക്ക് ശമ്പളം, പെൻഷൻ എന്നീ ആനുകൂല്യങ്ങൾപോലും സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിയുന്നില്ല. മൂന്നിരട്ടിയോളം പ്രതീക്ഷിത വരുമാനം പെരുപ്പിച്ച് കണക്കാക്കി യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത ബജറ്റാണ് നഗരസഭ അവതരിപ്പിച്ചത്. നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനോ പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനോ ആവശ്യമായ നടപടികളൊന്നും ഉണ്ടായിക്കാണുന്നില്ല. പദ്ധതികൾ പലതും പാതിവഴിയിൽ മുടങ്ങിക്കിടക്കുമ്പോൾ അവ പൂർത്തീകരിക്കുന്നതിനോ പ്രവർത്തനക്ഷമമല്ലാത്തവ പ്രവർത്തക്ഷമമാക്കുന്നതിനോ സാധിച്ചിട്ടില്ല. ഉദാഹരണമായി അറവുശാല നിർമ്മാണം പൂർത്തീകരിക്കുന്നതിനോ വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനോ ഉചിതമായ നടപടികൾ ഉണ്ടായിട്ടില്ല. നഗരസഭയുടെ അഭിമാനമായ രണ്ട് ടൗൺഹാളുകൾ ഉചിതമായ രീതിയിൽ മെയിന്റനൻസ് നടത്തി സംരക്ഷിക്കുന്നില്ല. മുനിസിപ്പൽ പാർക്ക് നവീകരണം, മുനിസിപ്പൽ ഗ്രൗണ്ട് നവീകരണം, തുമ്പൂർമുഴി മാലിന്യ സംസ്കരണം, എം.ആർ.എഫ്., എന്നീ പ്രോജക്റ്റുകൾക്കായി ലക്ഷങ്ങൾ ചെലവഴിച്ചിട്ടും ഇവയെല്ലാം പൂർണ്ണതോതിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല. (വിശദമായി ഖണ്ഡിക-1-27 -ൽ പ്രതിപാദിച്ചിട്ടുണ്ട്). പെൻഷൻ ആനുകൂല്യങ്ങൾക്കായി ജീവനക്കാർ കോടതിയെ സമീപിക്കേണ്ടിവരുന്നതും ശമ്പളം കൃത്യമായി ലഭിക്കാതിരിക്കുന്നതും നഗരസഭയുടെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

നഗരസഭയുടെ പ്രധാന തനതുവരുമാനങ്ങളായ വസ്തുനികുതി, തൊഴിൽനികുതി എന്നിവയുടെ രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. ഇതിനാൽ തന്നെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പ്രധാന വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കുന്നതിന് ബിൽകളക്ടർമാരുടെ കൈവശമുള്ള ഹാൻഡ് ബുക്കിനെയാണ് അടിസ്ഥാനമാക്കുന്നത്. വസ്തുനികുതിയുടെ ഡാറ്റാ എൻട്രി ഇനിയും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അതിനാൽതന്നെ കുടിശ്ശികയുള്ള നികുതിദായകരെ കണ്ടെത്തി നികുതി പിരിച്ചെടുക്കുന്നതിന് തുടർനടപടി സ്വീകരിക്കാൻ സാധിക്കുന്നില്ല. നികുതി ദായകർ സ്വമേധയാ ഒടുക്കുന്ന നികുതികൾ മാത്രമാണ് നഗരസഭയിൽ ലഭിക്കുന്നത്. തൊഴിൽനികുതി ഒടുക്കുന്നവരുടെ വിവരങ്ങൾ അടങ്ങുന്ന ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. തൊഴിൽനികുതി നിർണ്ണയിക്കുന്നതിന് അടിസ്ഥാനമാക്കിയിരിക്കുന്ന വരുമാനം, വിറ്റുവരവ് വിവരങ്ങളുടെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

### 1-10 സ്റ്റാന്റിങ് കമ്മിറ്റി പ്രവർത്തനം - അവലോകനം

ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ദൈനംദിന, വികസന പ്രവർത്തനങ്ങളിൽ

സ്റ്റാന്റിങ് കമ്മിറ്റികൾക്ക് നിർണ്ണായക സ്വാധീനമാണുള്ളത്. കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 20 പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ 6 സ്റ്റാന്റിങ് കമ്മിറ്റികളാണ് ഉണ്ടാകേണ്ടത്. ആലുവ നഗരസഭയിലെ മേല്പറഞ്ഞ സ്റ്റാന്റിങ് കമ്മിറ്റികളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശകലനം താഴെ ചേർക്കുന്നു.

| സ്റ്റാന്റിങ് കമ്മിറ്റി | ചുമതലകൾ / ഉത്തരവാദിത്തങ്ങൾ | നഗരസഭയിലെ അവസ്ഥ |
|---|---|---|
| **ധനകാര്യം** | നഗരസഭയുടെ ബജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മേൽനോട്ടം, നികുതികളുടെയും ഫീസുകളുടെയും വാടകകളുടെയും തിട്ടപ്പെടുത്തൽ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, തൊട്ടുമുമ്പുള്ള മാസത്തെ വരവ് ചെലവുകളുടെ സംക്ഷേപം പരിശോധിക്കുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന്റെ മുമ്പാകെ വയ്ക്കുക, ചെലവാക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക, നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കുക | നഗരസഭാ വൈസ് ചെയർ പേഴ്സൺ ചെയർമാനായ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയിൽ ആകെ 5 അംഗങ്ങളാണുള്ളത്. നഗരസഭയിൽ 2018-19 സാമ്പത്തിക വർഷത്തിൽ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ 19 മീറ്റിങ്ങുകളാണ് കൂടിയത്. കൂടുതൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉചിതമായ ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല. ചെലവുകളും റീ ഫണ്ടുകളും അനുവദിക്കലാണ് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി മീറ്റിങ്ങുകളുടെ പ്രധാന അജണ്ട. ബജറ്റ് ചർച്ച ചെയ്യുന്നതിനും തയ്യാറാക്കുന്നതിനുമായി ചേരുന്ന കമ്മിറ്റികൾ ക്വാറം തികയാത്തതിനാൽ പലവട്ടം മാറ്റിവക്കേണ്ടിവന്നിട്ടുണ്ട്. ഇത്തരത്തിൽ സ്റ്റാന്റിങ് കമ്മിറ്റി മീറ്റിങ്ങ് യഥാസമയം ചേരാൻ സാധിക്കാത്ത സാഹചര്യത്തിൽ 2018-19 ലെ ബജറ്റ് തന്നെ മാറ്റങ്ങളില്ലാതെ 2019-20 സാമ്പത്തിക വർഷത്തേക്കും സ്വീകരിച്ചിരിക്കുന്നത് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ ഏകോപനമില്ലായ്മക്ക് ഉദാഹരണമാണ്. |
| **വികസനകാര്യം** | കൃഷി, മണ്ണ് സംരക്ഷണം, സാമൂഹ്യ വനവത്ക്കരണം, മൃഗ സംരക്ഷണം, ക്ഷീര വികസനം, ചെറുകിട ജലസേചനം, ചെറുകിട വ്യവസായം, സഹകരണം, ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതും, പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മറ്റ് സ്റ്റാന്റിങ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച വികസന പദ്ധതി തയ്യാറാക്കേണ്ടതും, വികസന കാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്. | നഗരസഭയിൽ 2018-19 സാമ്പത്തിക വർഷത്തിൽ വികസന കാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ 12 മീറ്റിങ്ങുകളാണ് നടന്നത്. ഈ കമ്മിറ്റികളിൽ 20 പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. വിപുലമായ ഉത്തരവാദിത്തങ്ങളുള്ള വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ഉത്തരവാദിത്തപ്പെട്ട വിഷയങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. മറ്റ് സ്റ്റാന്റിങ് കമ്മിറ്റികളിൽ നിന്നുള്ള നിർദ്ദേശങ്ങൾ സംയോജിപ്പിച്ച പദ്ധതി രൂപീകരണം നടത്തുന്നതിനുള്ള പരിശ്രമം സ്റ്റാന്റിങ് കമ്മിറ്റി മീറ്റിങ്ങുകളിൽ നടന്നിട്ടില്ല. |
| **ആരോഗ്യകാര്യം** | മുനിസിപ്പൽ കൗൺസിലിന്റെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതുജനാരോഗ്യവും ആരോഗ്യസേവനവും, ശുചീകരണം, അപകടവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം എന്നീ വിഷയങ്ങളാണ് കൈകാര്യം ചെയ്യേണ്ടത്. | 2018-19 ൽ ആലുവ നഗരസഭാ കൗൺസിലിലെ 4 അംഗങ്ങളുള്ള ടി കമ്മിറ്റിയുടെ 13 യോഗങ്ങൾ ചേർന്നിട്ടുണ്ട്. നഗരസഭാ പ്രദേശത്തെ ശുചീകരണം, ആരോഗ്യം, സുരക്ഷ, രോഗ പ്രതിരോധം എന്നിവ സംബന്ധിച്ച ഒട്ടേറെ ചർച്ചകളും തീരുമാനങ്ങളും കമ്മിറ്റി കൈക്കൊണ്ടിട്ടുണ്ട്. വളരെ വിശദമായ അജണ്ടയും വിഷയാധിഷ്ഠിതമായ നിർദ്ദേശങ്ങളും തീരുമാനങ്ങളും കമ്മിറ്റിയിൽ ഉണ്ടായിട്ടുണ്ടെങ്കിലും ഈ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ എത്രത്തോളം മുന്നോട്ട് പോയിട്ടുണ്ടെന്ന് സംശയമാണ്, മലിനജല സംസ്കരണ പ്ലാന്റ്, ആധുനിക അറവുശാലാ, തുമ്പൂർ മുഴി മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവയെ സംബന്ധിച്ചെല്ലാം ചർച്ചകളും തീരുമാനങ്ങളുമുണ്ടായിട്ടുണ്ടെങ്കിലും ഇവയുടെ നിർമ്മാണം/അറ്റകുറ്റപ്പണി ഇനിയും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇവ പൂർത്തിയാക്കി, പ്രവർത്തനം ആരംഭിക്കുന്നതിന് |

| | | |
|---|---|---|
| | | സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകണം. |
| **ക്ഷേമ കാര്യം** | മുനിസിപ്പാലിറ്റിയുടെ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പട്ടിക ജാതി പട്ടിക വർഗ്ഗ വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷാ പെൻഷനും ധനസഹായവും, ചേരി പരിഷ്ക്കരണം, പൊതു വിതരണ സമ്പ്രദായം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്. | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഉൾപ്പെടെ 4 അംഗങ്ങളാണ് ആലുവ നഗരസഭയിലെ ക്ഷേമ കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിലുള്ളത്. ഇവരോരോരുത്തരും ചെയർപേഴ്സൺമാരായി പട്ടികജാതി വികസനം, വനിതാ വികസനം, സാമൂഹ്യനീതി, ദാരിദ്ര്യ ലഘൂകരണവും ചേരി പരിഷ്ക്കരണവും എന്നീ 4 വർക്കിംഗ് ഗ്രൂപ്പുകൾ ഈ കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കമ്മിറ്റിയുടെ 17 യോഗങ്ങൾ കൂടിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളാണ് കമ്മിറ്റിയയിലെ പ്രധാന അജണ്ട. |
| **മരാമത്ത് കാര്യം** | മുനിസിപ്പൽ കൗൺസിലിന്റെ മരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി പൊതുമരാമത്ത, പാർപ്പിട സൗകര്യം, കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം ഉൾപ്പെടെയുള്ള നഗരാസൂത്രണം, പരിസ്ഥിതി, വൈദ്യുതി, ശുദ്ധജലവിതരണം, ഡ്രെയിനേജ്, അഴുക്കുചാൽ നിർമ്മാണം എന്നീ വിഷയങ്ങളാണ് കൈകാര്യം ചെയ്യേണ്ടത്. | നഗരസഭയിൽ 4 അംഗങ്ങളുള്ള മരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റിയാണ് നിലവിലുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ 19 തവണയാണ് മരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി കൂടിയിരിക്കുന്നത്. നഗരാസൂത്രണം, പരിസ്ഥിതി, എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങളായതായി കാണുന്നില്ല. നിലവിലുള്ള ആസ്തികളുടെയും നിർമ്മിതികളുടേയും മെയിന്റനൻസ് വിഷയങ്ങളാണ് പൊതുവിൽ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ പരിഗണനക്ക് വരുന്നത്. |
| **വിദ്യാഭ്യാസ കലാ കായിക കാര്യം** | മുനിസിപ്പൽ കൗൺസിലിന്റെ വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി വിദ്യാഭ്യാസം, കല, സംസ്കാരം, കായിക വിനോദം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്. | ഓഡിറ്റ് വർഷത്തിൽ വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയാണ് കൂടിയിരിക്കുന്നത്. ഒന്നോ രണ്ടോ അജണ്ടകൾ മാത്രമാണ് മിക്കവാറും കമ്മിറ്റികളിൽ വരുന്നതെന്നാണ് മിനിറ്റ്സ് പുസ്തകം പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത്. എന്നാൽ നഗരസഭയിലെ കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടില്ല. നഗരസഭയിലെ പ്രധാന വിദ്യാഭ്യാസ സാംസ്കാരിക കേന്ദ്രമായ മുനിസിപ്പൽ ലൈബ്രറിയുടെ ശോച്യാവസ്ഥ കമ്മിറ്റി മീറ്റിങ്ങിൽ അജണ്ടയാകാത്തത് ഇതിന് ഉദാഹരണമാണ്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള മിക്കവാറും എല്ലാ സാംസ്കാരിക സ്ഥപനങ്ങളുടേയും പ്രവർത്തനം പല വിധ കാരണങ്ങളാൽ നിലച്ച മട്ടാണ്. എന്നാൽ ഇതൊന്നും വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങളിൽ ഇടം പിടിച്ചിട്ടില്ല. |

## 1-11 നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി - തനത് വരുമാന സ്രോതസ്സുകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല- ഓഡിറ്റ് നിർദ്ദേശങ്ങൾ

കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലൂടെയാണ് ആലുവ നഗരസഭ മുന്നോട്ട് പോകുന്നത്. ദൈനംദിന ചെലവുകൾക്കുള്ള ഫണ്ട് കണ്ടെത്താൻ പോലും സാധിക്കാത്ത സാമ്പത്തിക ഞെരുക്കമാണ് നഗരസഭ നേരിടുന്നത്. ജീവനക്കാരുടെ ശമ്പളം, പെൻഷൻ മുതലായ അത്യാവശ്യ കാര്യങ്ങൾ സമയബന്ധിതമായി നൽകാൻ സാധിക്കുന്നില്ല. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തതിന്റെ പേരിൽ ജീവനക്കാർ കോടതിയെ സമീപിക്കേണ്ടി വരുന്നു. മതിയായ വരുമാനമില്ലാത്തതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ നിശ്ചിത ദിവസത്തിനകം നൽകണമെന്ന കോടതി ഉത്തരവുകൾ പാലിക്കാൻ സാധിക്കാത്ത

സാഹചര്യത്തിൽ കോടതിയലക്ഷ്യ നടപടികൾ വരെ ഉണ്ടാകുന്ന സാഹചര്യമുണ്ട്. കേരള മുനിസിപ്പൽ നിയമം വകുപ്പ് 30 പ്രകാരമുള്ള അനിവാര്യചുമതലകൾ നിറവേറ്റാനും സാമ്പത്തിക ഞെരുക്കം മൂലം നഗരസഭയ്ക്ക് സാധിക്കാതെ വരുന്നു. മഹാത്മാഗാന്ധി ടൗൺ ഹാൾ നവീകരണം, പ്രിയദർശിനി ടൗൺഹാൾ എയർ കണ്ടീഷനിങ്ങ്, ജനറൽ മാർക്കറ്റ് നിർമ്മാണം, മുനിസിപ്പൽ ബസ് സ്റ്റാന്റിൽ ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം, ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം, ബസ് സ്റ്റാന്റ് കെട്ടിടത്തിന്റെയും ക്ലോക്ക് ടവർ കെട്ടിടത്തിന്റേയും നവീകരണം എന്നിങ്ങനെ ബജറ്റിൽ വർഷങ്ങളായി മുന്നോട്ടുവയ്ക്കുന്ന സ്വപ്നപദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നത് സാമ്പത്തിക പ്രതിസന്ധി മൂലമാണ്. തനത് വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഇല്ലാതെ ഈ സാഹചര്യത്തെ അതിജീവിക്കാൻ നഗസഭക്ക് സാധിക്കില്ല. 7.18 ചതുരശ്ര കിലോമീറ്ററാണ് നഗരസഭയുടെ വിസ്തീർണ്ണം. 2011 ലെ സെൻസസ് പ്രകാരം ജനസംഖ്യ 22428 ആണ്. നിലവിൽ ഇത് 25000 ന് മുകളിലാകാനാണ് സാധ്യത. താരതമ്യേന വിസ്തീർണ്ണം കുറഞ്ഞ നഗരസഭയുടെ ഭൂരിഭാഗം പ്രദേശവും നഗരസ്വഭാവമുള്ളവയാണ്. നഗരത്തിലൂടെ ദേശീയ പാത NH 47, സംസ്ഥാന പാതയായ ആലുവ - മൂന്നാർ റോഡ് (AM റോഡ്) എന്നിവ കടന്ന് പോകുന്നു. നിരവധി വ്യാപാര സ്ഥാപനങ്ങളും കെട്ടിടങ്ങളുമുള്ള പ്രദേശത്ത് നഗരസഭക്ക് സ്വന്തമായി നിരവധി കെട്ടിടങ്ങളുമുണ്ട്. മേൽപറഞ്ഞ ഘടകങ്ങൾ പരിശോധിക്കുമ്പോൾ തനത് വരുമാനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ ഇനങ്ങളിൽ ഗണ്യമായ വരുമാനം നഗരസഭക്ക് ലഭിക്കേണ്ടതാണ്. എന്നാൽ ഈ സ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് സാധിക്കുന്നില്ല എന്നാണ് മനസ്സിലാകുന്നത്. നികുതി, ഫീസ് നിർണ്ണയ രീതികളിലും വാടക സ്രോതസ്സുകൾ ശരിയായി പരിപാലിക്കുന്നതിലും നഗരസഭക്ക് ഗുരുതര വീഴ്ച സംഭവിക്കുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**വസ്തു നികുതി - മേഖലാ വിഭജനത്തിലെ അപാകത മൂലം വരുമാന നഷ്ടം**

വസ്തു നികുതി നിർണ്ണയിക്കുന്നതിലേക്കായി ആലുവ നഗരസഭയിലെ വിവിധ പ്രദേശങ്ങളെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തിരിച്ചിരക്കുന്നതിൽ അപാകതകളുണ്ട്. നഗരസഭയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായാണ് ഭൂപ്രദേശത്തിന്റെ മേഖലാ വിഭജനം നടത്തിയിരിക്കുന്നത്. ആകെയുള്ള 26 വാർഡുകളിൽ 8 എണ്ണം (വാർഡ് - 8,9,10,11,12,20,22,23) പ്രഥമ മേഖലയായും 18 എണ്ണം (വാർഡ്- 1,2,3,4,5,6,7,13,14,15,16,17,18,19,21,24,25,26) ദ്വിതീയ മേഖലയുമായാണ് തിരിച്ചിരിക്കുന്നത്. മേഖലാ വിഭജനം വാർഡുകളുടെ അടിസ്ഥാനത്തിലായിരിക്കണമെന്നില്ലായെന്ന് ചട്ടത്തിൽ വ്യക്തമാക്കിയിട്ടും വാർഡ് അടിസ്ഥാനത്തിലാണ് വിഭജനം നടത്തിയത്. അതുതന്നെ നഗരസഭയുടെ ഉത്തമ താല്പര്യം സംരക്ഷിക്കുന്നതിന് ഉതകുന്നതല്ല. 7.18 km മാത്രം ചുറ്റളവുള്ള ആലുവ നഗരസഭയിലൂടെ 5 കി.മീറ്ററോളം ദൈർഘ്യത്തിൽ ദേശീയ

പാത 47 കടന്നുപോകുന്നു. ഈ ദേശീയ പാതയുടെ ഇരുവശങ്ങളിലുമുള്ള വികസിത പ്രദേശങ്ങളിൽ 50 ശതമാനം പോലും പ്രഥമ മേഖലയിൽ ഉൾപ്പെട്ടിട്ടില്ല. മേഖലാവിഭജനത്തിന്റെ മാനദണ്ഡപ്രകാരം സർക്കാർ, അർദ്ധ സർക്കാർ ആഫീസുകൾ, മാർക്കറ്റ്, ബസ് സ്റ്റാന്റ്, ആശുപത്രി എന്നിവ കൂടുതലായി സ്ഥിതി ചെയ്യുന്ന പ്രദേശം, അല്ലങ്കിൽ താരതമ്യേന വികസിതമായ പ്രദേശങ്ങൾ പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ടതാണ്. എന്നാൽ നാഷണൽ ഹൈവേ 47 ലെ പ്രധാന ജംഗ്ഷനുകളായ പറവൂർ കവല,(വാർഡുകൾ 2,7,26) തോട്ടക്കാട്ടുകര ജംഗ്ഷൻ(വാർഡുകൾ 24,7) എന്നിവയെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിരവധി വ്യാപാരസ്ഥാപനങ്ങൾ ഉള്ളതായ ഈ പ്രദേശങ്ങൾ ആലുവനഗരസഭയിലെ ഏറ്റവും വികസിതമായ പ്രദേശങ്ങളാണ്. തോട്ടക്കാട്ടുകരയിലെ ഫ്ലാറ്റ് സമുച്ചയങ്ങളും (Asset Homes) പറവൂർ കവലയിലെ VIP കോളനിയുമെല്ലാം ഈ പ്രദേശങ്ങൾ വികസിതമാണെന്നതിന്റെ ഉദാഹരണങ്ങളാണ്. കൂടാതെ നിരവധി സർക്കാർ സ്ഥാപനങ്ങളുള്ളതും വികസിതവുമായ സബ് ജയിൽ റോഡ്( വാർഡ് -15), പൈപ്പ് ലൈൻ റോഡ് (വാർഡ് -18,19), ആയുർവേദ ആശുപത്രി സ്ഥിതി ചെയ്യുന്ന GCDA റോഡ് (വാർഡ്-2), തിരക്കേറിയ ആലുവ – പറവൂർ റോഡിന്റെ ഇരുവശങ്ങൾ ( വാർഡ് -1,26), മണപ്പുറം റോഡ് (വാർഡ് -5,6,7), UC കോളേജ്, സെമിനാരിപ്പടി (വാർഡ്-1) എന്നീ പ്രദേശങ്ങൾ പ്രഥമ മേഖലയിൽ ഉൾപ്പെടുത്താതെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയതിലൂടെ അടിസ്ഥാനനികുതിയിന്മേൽ 10 ശതമാനം ഇളവ് നൽകേണ്ടിവന്നു.

താരതമ്യേന വിസ്തൃതി കുറഞ്ഞ ആലുവ നഗരസഭയിലെ ഭൂരിഭാഗം പ്രദേശങ്ങളും വികസിത പ്രദേശങ്ങളാണെന്നിരിക്കെ വാർഡ് അടിസ്ഥാനത്തിൽ മേഖലാവിഭജനം നടത്തിയതും 8 വാർഡുകൾ മാത്രം പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തിയതും വസ്തു നികുതി വരുമാനം കുറയുന്നതിന് കാരണമായിട്ടുണ്ട്. (2016-17 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-1 ൽ ഇക്കാര്യം പ്രതിപാദിച്ചിട്ടുണ്ട് ).



*മേഖലവിഭജനം ചിത്രത്തിൽ (മഞ്ഞ നിറത്തിലുള്ള ഭാഗമാണ് പ്രഥമമേഖലയിലുള്ളത്)*

## തൊഴിൽ നികുതി നിർണ്ണയത്തിലെ അപാകത

ആലുവയുടെ നഗരസ്വഭാവം കണക്കിലെടുക്കുമ്പോൾ നിരവധി വ്യാപാര സ്ഥാപനങ്ങൾ ഉള്ളതായി മനസ്സിലാക്കാം. നഗരസഭയുടെ ഹൃദയഭാഗം ഉൾക്കൊള്ളുന്ന 8,9,10,11,12,20 വാർഡുകളിൽ നിരവധി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 8,11 വാർഡുകളിൽ 300 നും 500നും ഇടയിൽ വ്യാപാരസ്ഥാപനങ്ങളുണ്ട്. എന്നാൽ സ്ഥാപനങ്ങളിലെ വിറ്റു വരവിനെ (ടേൺ ഓവർ) അടിസ്ഥാനമാക്കി തൊഴിൽ നികുതി നിർണ്ണയിച്ചിട്ടില്ല. തൊഴിൽ നികുതി നിർണ്ണയത്തിന്റെ കൃത്യത ഉറപ്പുവരുത്താവുന്ന രേഖകൾ നഗരസഭയിൽ ലഭ്യമല്ല. തൊഴിൽ നികുതി രജിസ്റ്ററിൽ തൊഴിൽ നികുതി രേഖപ്പെടുത്തിയിട്ടുണ്ടെന്നതൊഴിച്ചാൽ മറ്റ് വിവരങ്ങൾ ലഭ്യമല്ല. ബിൽ കളക്റ്റർമാർ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിക്കുന്നതാണ് നിലവിലെ രീതി. സ്ഥാപനത്തിന്റെ യഥാർത്ഥ ടേൺ ഓവർ നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാന വിവരങ്ങൾ വ്യാപാരികൾ ലഭ്യമാക്കുന്നില്ല. ഈ വിവരങ്ങൾ ലഭ്യമാകാതെയും അവയുടെ കൃത്യത ഉറപ്പുവരുത്താതെയും നികുതി നിർണ്ണയിക്കുന്നത് ശരിയായ നടപടിയല്ല. അതിനാൽതന്നെ ബിൽ കളക്ടർമാർ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിക്കുന്ന നിലവിലെ രീതി അംഗീകരിക്കാവുന്നതല്ല. നിരവധി സ്ഥാപനങ്ങളിൽ നിന്നും വളരെ കുറഞ്ഞ നിരക്കിലുള്ള നികുതിയാണ് ഈടാക്കുന്നത്. വ്യാപാരികളിൽ നിന്നും യഥാർത്ഥത്തിലുള്ള വിറ്റുവരവ് വിവരങ്ങൾ ലഭ്യമാക്കിയോ ആവശ്യമായ പരിശോധനകൾ നടത്തിയോ തൊഴിൽ നികുതി നിർണ്ണയിക്കുന്നത് വരുമാനം വർദ്ധിക്കുന്നതിന് കാരണമാകും.

## വാടക വരുമാനം നഷ്ടമാകുന്നു.

നഗരസഭയുടെ ഒരു പ്രധാന തനത് വരുമാന സ്രോതസ്സാണ് വാടക. നഗരസഭാ പരിധിയിൽ നിരവധി കെട്ടിടങ്ങൾ നഗരസഭക്ക് സ്വന്തമായുണ്ട്. അതോടൊപ്പം രണ്ട് ഓഡിറ്റോറിയങ്ങളും നിരവധി കമ്മ്യൂണിറ്റി ഹാളുകളും സാംസ്കാരിക കേന്ദ്രങ്ങളും, കൂടാതെ മാർക്കറ്റുകളും നഗരസഭക്കുണ്ട്. ഇവയിൽ ഷോപ്പിങ്ങ് കോംപ്ലക്സുകളിൽ നിന്നുള്ള വാടകയാണ് ഒരു പ്രധാന വരുമാനം. അതേ സമയം മാർക്കറ്റ്, ഓഡിറ്റോറിയങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ, സാംസ്കാരിക കേന്ദ്രങ്ങൾ മുതലായവ നല്ല നിലയിൽ പരിപാലിക്കാത്തത് മൂലം ഇവയിൽ നിന്നും ലഭിക്കേണ്ട വരുമാനം നഗരസഭയ്ക്ക് ലഭിക്കാതെ പോകുന്നു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

### 1) ജനറൽ മാർക്കറ്റ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ജനറൽ മാർക്കറ്റിൽ നിന്നും അർഹമായ വരുമാനം നഗരസഭക്ക് ലഭിക്കുന്നില്ല. ജനറൽ മാർക്കറ്റ് കോംപ്ലക്സ് പുതുക്കി പണിയുന്നതിനായി

പൊളിച്ചിട്ട് വർഷങ്ങളായെങ്കിലും ഇതുവരെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. മാർക്കറ്റ് ശോച്യാവസ്ഥയിലാണ്. ഇതുമൂലം വ്യാപാരം മാർക്കറ്റിന് വെളിയിലേക്ക് പോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇത് വാടക വരുമാനത്തിന്റെ ശോഷണത്തിന് ഒരു പ്രധാന കാരണമായിട്ടുണ്ട്.




*മാർക്കറ്റ് കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം*

ജനറൽ മാർക്കറ്റിൽ തന്നെ നിർമ്മിച്ചിരിക്കുന്ന മത്സ്യമാർക്കറ്റിലെ ഒന്നാം നിലയിലെ 23 കടമുറികൾ നാളിതുവരെ വാടകക്ക് പോയിട്ടില്ല. ജനറൽ മാർക്കറ്റിന്റെ പടിഞ്ഞാറെ അറ്റത്ത് നിർമ്മിച്ചിരിക്കുന്ന മത്സ്യ മാർക്കറ്റിൽ പൊതുജനങ്ങൾക്ക് പ്രവേശിക്കാൻ സാധിക്കാത്ത സാഹചര്യമാണ്. ജനറൽ മാർക്കറ്റിന്റെ പ്രവേശന ഭാഗത്ത് അനധികൃതമായി വഴിയോര മത്സ്യ വിപണനം നടക്കുന്നതിനാൽ കെട്ടിടം വാടകക്കെടുത്ത് കച്ചവടം നടത്താൻ ആരും തയ്യാറാകുന്നില്ല.

മാർക്കറ്റിൽ തന്നെ നിർമ്മിച്ചിരിക്കുന്ന അറവുശാലയുടെ നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ചിരിക്കുകയാണ്. ഇതിൽ നിന്നും നിലവിൽ വരുമാനം ലഭിക്കുന്നില്ല. നിർമ്മാണം പൂർത്തിയായിരുന്നെങ്കിൽ ഇതും ഒരു വരുമാന മാർഗമാകേണ്ടതായിരുന്നു.




*പൂട്ടിക്കിടക്കുന്ന മത്സ്യമാർക്കറ്റ്* *നിർമ്മാണം പൂർത്തിയാകാത്ത അറവുശാല*

**2) ഓഡിറ്റോറിയങ്ങൾ**

നഗരസഭയുടെ രണ്ട് പ്രധാനപ്പെട്ട ഓഡിറ്റോറിയങ്ങളാണ് മഹാത്മാഗാന്ധി ടൗൺഹാൾ, പ്രിയദർശിനി ടൗൺഹാൾ എന്നിവ. രണ്ട് ഓഡിറ്റോറിയങ്ങളുടേയും അവസ്ഥ വളരെ പരിതാപകരമാണ്. നഗരത്തിന്റെ ഹൃദയഭാഗത്ത് മതിയായ വിസ്തൃതിയും അത്യാവശ്യം പാർക്കിംഗ് സൗകര്യമുള്ളതാണ് ഓഡിറ്റോറിയങ്ങൾ എന്നാൽ ഇവയുടെ മോശം അവസ്ഥമൂലം താരതമ്യേന കുറഞ്ഞ വാടക ഈടാക്കാനേ നഗരസഭക്ക് സാധിക്കുന്നുള്ളൂ. നല്ല രീതിയിൽ പരിപാലിച്ചാൽ കൂടുതൽ പരിപാടികൾ ലഭിക്കുന്നതിനും വാടക കൂടുതൽ ഈടാക്കുന്നതിനും സാധിക്കുന്നതാണ്. 2017-18 -ലെ അന്തിമവാർഷിക പദ്ധതി

രേഖയിൽ പറഞ്ഞപ്രകാരം ഇവ പുതുക്കിപ്പണിത് പ്രൗഢഗംഭീരമായ കെട്ടിടങ്ങളായി മാറ്റുകയാണെങ്കിൽ വാടകവരുമാനത്തിൽ ഇന്നു ലഭിക്കുന്നതിനേക്കാൾ ഇരട്ടിയിലേറെ വരുമാനം ലഭ്യമാകുന്നതാണ്.



*പ്രിയദർശിനി ടൗൺ ഹാൾ*




*മഹാത്മാഗാന്ധി ടൗൺ ഹാൾ*

## <u>3) കമ്മ്യൂണിറ്റി ഹാളുകൾ</u>

### <u>*എ) മാർവാർ കമ്മ്യൂണിറ്റി ഹാൾ*</u>

കേരളപ്പിറവി സുവർണ്ണ ജൂബിലി സ്മാരകമായി 2006 ൽ പണി പൂർത്തിയാക്കിയതാണ് മാർവാർ ജംഗ്ഷനിലെ ഗോഡൗൺ കം കമ്മ്യൂണിറ്റി ഹാൾ. നഗരത്തിനോട് ചേർന്നുള്ള മൂന്ന് നിലകളായി പണിതിരിക്കുന്ന ഈ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ വാടകക്ക് നൽകിയിരിക്കുന്ന ഏതാനും കടമുറികളാണ്. ഒന്നാം നില ഖര മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കുന്ന പ്ലാൻ @ എർത്ത് എന്ന സ്ഥാപനത്തിന് സൗജന്യമായി നൽകിയിരിക്കുകയാണ്. രണ്ടു നിലയിലാണ് കമ്മ്യൂണിറ്റി ഹാൾ. വർഷങ്ങളായി കമ്മ്യൂണിറ്റി ഹാൾ പ്രവർത്തിക്കുന്നില്ല. രണ്ടാം നിലയിലുള്ള വാഷ് ബെയ്സന് സമീപമുള്ള ടൈലുകൾ ഇളകി പോയിരിക്കുന്നു. ടോയ് ലറ്റുകൾ അഴുക്ക് പിടിച്ച് തുറന്ന് കിടക്കുകയാണ്. ഹാളിന്റെ ഉൾവശം പൊടിയും മാറാലയും പിടിച്ച് മോശം അവസ്ഥയിലാണ്. നഗരസഭയുടെ അനാസ്ഥകൊണ്ടാണ് കമ്മ്യൂണിറ്റി ഹാൾ ഈവിധം നാശാവസ്ഥയിലായിട്ടുള്ളതെന്ന് ഇവിടെ സന്ദർശിച്ചാൽ വ്യക്തമാകും. കമ്മ്യണിറ്റി ഹാളിന്റെ പ്രവേശന മാർഗമായ സ്റ്റെയർ കെയ്സിൽ പ്ലാൻ @ എർത്തിലെ പ്ലാസ്റ്റിക് മാലിന്യ ചാക്കുകൾ നിറച്ചിരിക്കുകയാണ്.




*മാർവാർ ജംഗ്ഷനിലെ കമ്മ്യൂണിറ്റി ഹാൾ*

### <u>*ബി) അംബേദ്കർ കമ്മ്യണിറ്റി ഹാൾ*</u>

പ്രിയദർശിനി റോഡിൽ സ്ഥിതി ചെയ്യുന്ന അംബേദ്ക്കർ കമ്മ്യൂണിറ്റി ഹാളും അതിനോട് ചേർന്നുള്ള മുറികളും അനുബന്ധ ഉപകരണങ്ങളും തീർത്തും ഉപയോഗ ശൂന്യമാണ്. കമ്മ്യൂണിറ്റി ഹാളിലേക്കായി വാങ്ങിയ കസേരകൾ, അലമാരകൾ, ഡസ്കുകൾ എന്നിവ ഉപയോഗിക്കാതെ നശിക്കുന്നു. മരം കൊണ്ട് നിർമ്മിച്ച 13 ഡസ്കുകളും ഗോദരെജ് കമ്പനിയുടെ 3 പുതിയ അലമാരകളും യാതൊരു ഉപയോഗവുമില്ലാതെ പൊടി പിടിച്ച് കിടക്കുകയാണ്. സോളാർ സിസ്റ്റം പ്രവർത്തനക്ഷമമല്ല. ഹാളിനോട് ചേർന്നുള്ള മുറിയിൽ 4 ബാറ്ററിയും ഇൻവെർട്ടറും ഉപയോഗശൂന്യമായി പൊടിപിടിച്ച് കിടക്കുകയാണ്. സമീപകാലത്ത് വരെ മീറ്റിങ്ങുകൾക്ക് വാടകക്ക് നൽകിരുന്ന അംബേദ്ക്കർ കമ്മ്യൂണിറ്റി ഹാൾ നിലവിൽ വാടകക്ക് നൽകാനാവാത്ത രീതിയിൽ ഉപയോഗശൂന്യമാണ്.

ശരിയായ രീതിയിൽ മെയിന്ററനൻസ് നടത്തി പരിപാലിച്ചാൽ മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും നഗരസഭക്ക് വരുമാനം ഉറപ്പാക്കാവുന്നതാണ്.




*അംബേദ്ക്കർ കമ്മ്യൂണിറ്റി ഹാൾ*

## 4) സാസ്ക്കാരിക കേന്ദ്രങ്ങൾ

നഗരസഭയുടെ ഉടമസ്ഥതയിൽ ആലുവ ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്ഥാപനമാണ് കടത്ത് കടവ് സാംസ്കാരിക കേന്ദ്രം. പെരിയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ കേന്ദ്രം അതിന്റെ നിർമ്മാണ രീതി കൊണ്ടും പ്രകൃതി രമണീയതുകൊണ്ടും വേറിട്ടു നിൽക്കുന്നു. സാഹിത്യ – സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് അനുയോജ്യമായ ഒരു വേദിയാണ് ഈ സാംസ്കാരിക കേന്ദ്രം. കോമ്പൗണ്ടിൽ കെട്ടിടം നിൽക്കുന്ന സ്ഥലം ഒഴിച്ചുള്ള മറ്റ് സ്ഥലത്ത് പുല്ല് പാകിയും പൊതു ജനങ്ങൾക്ക് വിശ്രമിക്കാനുള്ള സൗകര്യമൊരുക്കിയും മനോഹരമാക്കാവുന്നതാണ്. ജില്ലയിലെ തന്നെ പ്രശസ്തമായ ഇടപ്പിള്ളി ചങ്ങമ്പുഴ പാർക്ക് പോലെ ജന ശ്രദ്ധ ആകർഷിക്കാവുന്ന രീതിയിൽ വളർത്തിയെടുക്കാവുന്ന ഒരു സാംസ്കാരിക സ്ഥാപനമാണ് ആലുവ നഗരസഭയിലെ കടത്ത് കടവ് സാംസ്കാരിക കേന്ദ്രം. നഗരത്തിലെ സാംസ്കാരിക സംഘടനകൾക്കും ക്ലബുകൾക്കും സ്വയം സഹായ സംഘങ്ങൾക്കം മീറ്റിങ്ങുകൾക്കും പൊതു പരിപാടികൾക്കും വാടകക്ക്

നൽകുന്നതിലൂടെ നഗരസഭക്ക് വരുമാനം ആർജ്ജിക്കാനുള്ള ഒരു മാർഗമായും ഈ സാംസ്കാരിക കേന്ദ്രത്തെ മാറ്റാവുന്നതാണ്.

ആലുവ ടൗണിൽ ബാങ്ക് ജംഗ്ഷന് സമീപമുള്ള മുനിസിപ്പൽ പാർക്കിന്റെ കിഴക്കു വശത്ത് വർഷങ്ങൾക്ക് മുമ്പ് MLA ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതാണ് മറ്റൊരു സാംസ്കാരിക കേന്ദ്രം. നല്ല രീതിയിൽ പരിപാലിച്ചാൽ ഇതും പൊതു പരിപാടിക്ക് അനുയോജ്യമായ സ്ഥലമാണ്. എന്നാൽ ഓപ്പൺ സ്റ്റേജിന്റെ പരിസരവും പ്രേക്ഷകർക്കുള്ള സ്ഥലവും കാട് കയറിയ അവസ്ഥയിലാണ്. നിലവിൽ സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് നടത്തുന്ന കരാറുകാരൻ ഈ കേന്ദ്രം ഒരു സംഭരണ കേന്ദ്രം പോലെ ഉപയോഗിക്കുകയാണ്.



*കടത്തുകടവ് സാംസ്കാരിക കേന്ദ്രം*



*മുനിസിപ്പൽ പാർക്കിന് സമീപമുള്ള സാംസ്കാരിക കേന്ദ്രം*

മേൽപ്പറഞ്ഞ വരുമാന സ്രോതസ്സുകൾ ശരിയായി പരിപാലിച്ചും ആധുനീകരിച്ചും നഗരസഭയുടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് ഉചിതമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 13; 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം -വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് മാന്വൽ ഭാഗം 1ഖണ്ഡിക 4.2.1.2; 11(3); 11(4) ഉം 22.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1413/2018/ത.സ്വ.ഭ.വ. എന്നിവയിലേയും വ്യവസ്ഥകൾ പ്രകാരം ആലുവ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 25.05.2019 തീയതിയിലെ ഡി.കെ.എസ്.എ.911/എസ്.എസ്.3/2019 നമ്പർ കത്തിൽ നിർദ്ദേശിച്ച പരിശോധനാസൂചകങ്ങൾക്കനുസൃതമായി ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

1. ബാലൻസ് ഷീറ്റ് B-21 ഷെഡ്യൂൾ പ്രകാരം Provision for outstanding property taxes 30,98,590.00 രൂപയും Provision for outstanding profession tax – Institutions/Professionals/Traders 7,58,179.00 രൂപയും കാണുന്നു. ഇത്രയും വലിയ തുക Provision കാണിച്ചിരിക്കുന്നതിന്റെ കാരണം

വ്യക്തമല്ല.

2. Building Tax ന്റെ DCB പൊരുത്തപ്പെടുന്നില്ല. 2018-19 ൽ പിരിച്ചെടുക്കാനുണ്ടായിരുന്ന Building Tax (Arrears) ലൈബ്രറി സെസ്സ് ഉൾപ്പെടെ 41,94,986.00 രൂപയാണ്. ലൈബ്രറി സെസ്സ് കഴിച്ച് 39,95,225.00 രൂപയും. എന്നാൽ R&P സ്റ്റേറ്റ്മെന്റ് പ്രകാരം അരിയർ കളക്ഷൻ 90,24,137.00 രൂപയാണ്. 50,28,912.00 രൂപ അധികം പിരിച്ചതായി കാണുന്നു. അതേ സമയം B/S സ്റ്റേറ്റ്മെന്റ് പ്രകാരം ലൈബ്രറി സെസ്സ് ഉൾപ്പെടെ Receivables for Property Tax (Arrears) 4,88,548.00 രൂപയെന്നും കാണുന്നു. ഇത് എപ്രകാരമെന്ന് വ്യക്തമല്ല.

3. I&E സ്റ്റേറ്റ്മെന്റ് Shedule I-18, Prior perid items പ്രകാരം Prior period income - Property Tax (General) 54,94,196.81 രൂപയെന്ന് കാണുന്നു. ഇത് എന്തെന്ന് വ്യക്തമല്ല.

4. I&E സ്റ്റേറ്റ്മെന്റ് Shedule – I-3 ൽ 130400100 ഹെഡിൽ Rent from lease of land ഇനത്തിൽ 58,74,933.00 രൂപയെന്നും R&P സ്റ്റേറ്റ്മെന്റിൽ RP – 3 ൽ 130400100 ഹെഡിൽ 37,97,784 രൂപയെന്നും കാണുന്നു. വ്യത്യാസം 20,77,149.00 രൂപയാണ്. അതേസമയം R&P സ്റ്റേറ്റ്മെന്റിൽ RP-37 ൽ 431400107 ഹെഡിൽ 19,77,149.00 രൂപയും വരവ് കാണുന്നു. R&P സ്റ്റേറ്റ്മെന്റിലെ രണ്ട് വരവുകളും കൂട്ടിയാലും 1,00,000.00 രൂപയുടെ വ്യത്യാസമുണ്ട്. വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

5. 2018-19 ലെ Loan from KURDFC മുന്നിരിപ്പ് 7,56,917.00 രൂപയായിരുന്നു. R&P സ്റ്റേറ്റ്മെന്റിലെ Shedule RP-25 ലെ 330500201 ഹെഡിൽ Loan from KURDFC - 12,76,478.00 രൂപ ചെലവ് കാണുന്നു. അതായത് 5,19,561.00 രൂപ കൂടുതൽ അടച്ചതായി കാണുന്നു.

6. 2018-19 ൽ 340200200 ഹെഡിൽ Auction deposit – 1,76,64,144.00 രൂപയാണ് മുന്നിരിപ്പ്. R&P സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 ൽ 30,40,162.00 രൂപ വരവും 2,84,650.00 രൂപ ചെലവുമുണ്ട്. ഇതു പ്രകാരം 2,04,19,656.00 രൂപയായിരിക്കണം 2018-19 ലെ നീക്കിയിരിപ്പ്. എന്നാൽ B/S പ്രകാരം 2,03,19,656.00 രൂപയാണ് നീക്കിയിരിപ്പ്. 1,00,000.00 രൂപയുടെ വ്യത്യാസം കാണുന്നു.

7. B/S ലെ B-9 ഷെഡ്യൂളിൽ 350110100 ഹെഡിൽ Gross salary payable – 20,56,654.00 രൂപ ബാധ്യതയുണ്ട്. 2017-18 ലെ AFS ലും ഇതേ തുകയാണ് ബാധ്യത. 2018 മാർച്ചിലും 2019 മാർച്ചിലും ജീവനക്കാരുടെ ശമ്പളം ഒരേ തുകയാകുന്നതിന് സാധ്യതയില്ല.

8. B/S ലെ B-9 ഷെഡ്യൂളിലെ താഴെ പറയുന്ന ബാധ്യതാഹെഡുകളിൽ മൈനസ് സംഖ്യകളാണ്. ഇവ എന്തെന്ന് വിശദീകരിക്കേണ്ടതാണ്.

| ക്രമ നം. | ഹെഡ് | ഇനം | തുക |
|---|---|---|---|
| 1 | 350200201 | Recoveries payable-Income tax deducted at source-Municipal fund | (-) 70032.00 |
| 2 | 350200216 | Recoveries payable-Kerala Construction Workers Welfare Fund Special Funds | (-) 3092.00 |
| 3 | 350400104 | Refund Payable – Service Cess | (-) 6900.00 |

2017-18 ലെ B/S ലെ താഴെ പറയുന്ന ബാധ്യതാ ഹെഡിലെ നീക്കിയിരിപ്പുകൾ തന്നെയാണ് 2018-19 ലെ B/S ലും കാണുന്നത്.

9.

| ക്രമ നം | ഹെഡ് | ഇനം | തുക |
|---|---|---|---|
| 1 | 340100201 | Contracters security deposit | 71,450.00 |
| 2 | 340100302 | Contracters Retention Money – Specific Grant | 2,46,655.00 |
| 3 | 350110300 | Unpaid Salaries | 4169.00 |
| 4 | 350110700 | Contribution to other pension fund payable | 2,91,347.00 |
| 5 | 350200105 | Recoveries Payable – Court Attachment | 1216.00 |
| 6 | 350200122 | Recoveries payable -Accident Compensation | 60.00 |
| 7 | 350200123 | Recoveries payables-Electricity bill/FarewellFund | 1209.00 |
| 8 | 350200205 | Recoveries payable-Education cess deducted at source | 2205.00 |
| 9 | 350200296 | Recoveries payable-Other Statutory Deductions – Municipal Fund | 79,427.00 |
| 10 | 350300400 | Vat Payable | 1,81,312.00 |
| 11 | 350300500 | Service Tax Payable | 33,160.00 |
| 12 | 350300600 | Luxury Tax Payable | 71.00 |
| 13 | 350309900 | Others Payable | 3,83,510.00 |
| 14 | 350400401 | Refund Payable – Rent from Civic Amenities | 1,13,400.00 |
| 15 | 350400500 | Refund Payables - Grants | 2,70,400.0 |

മേല്പറഞ്ഞ ഹെഡുകളിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഇടപാടുകളൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. VAT, Service Tax ഇനങ്ങളിലെ ബാദ്ധ്യതകൾ കൊടുത്തുതീർക്കാത്തതിന് കാരണം വ്യക്തമല്ല. ബാദ്ധ്യതകളുടെ കൃത്യത ഉറപ്പാക്കി നിലവിലില്ലാത്തവ അക്കൗണ്ടിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

10. ബാങ്ക് റിക്കൺസിലിയേഷനുമായി ബന്ധപ്പെട്ട് ഗുരുതരമായ അപാകതകൾ ഉണ്ട്. അവ ചുവടെ ചേർക്കുന്നു.

1. ബാങ്ക് റിക്കൺസിലിയേഷൻ പൂർണ്ണമല്ല. പ്രതിമാസ ബാങ്ക് റിക്കൺസിലിയേഷൻ ഒരു ബാങ്കിന്റേയും നടത്തിയിട്ടില്ല,
2. ശിവരാത്രിയുടെ വരവ് - ചെലവുകൾക്കായി പ്രത്യേകം തുടങ്ങിയിരിക്കുന്ന ഫെഡറൽ ബാങ്കിന്റെ അക്കൗണ്ടിൽ നിന്നുള്ള 2019 ഫെബ്രുവരി, മാർച്ച് മാസത്തെ ചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുമൂലം ബാങ്ക് ബുക്ക് പ്രകാരമുള്ളതും പാസ്സ് ബുക്ക് പ്രകാരമുള്ളതുമായ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.
3. ICICI Bank a/c No. 3021 - ഈ അക്കൗണ്ടിൽ നിന്നും 13.09.2018 ൽ നടത്തിയ 74,250.00 രൂപയുടെ ചെലവ് സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുമൂലം ബാങ്ക് ബുക്ക് പ്രകാരമുള്ളതും പാസ്സ് ബുക്ക് പ്രകാരമുള്ളതുമായ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.
4. മാർക്കറ്റ് നിർമ്മാണത്തിനായി സ്വരൂപിച്ച് പ്രത്യേക ബാങ്ക് അക്കൗണ്ടിൽ Punjab National Bank – Escrow a/c No.49823 ൽ 1,33,970.00 രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. 2018-19 ന്റെ

ആരംഭത്തിൽ 59,33,195.00 രൂപയുണ്ടായിരുന്നത്. മാർക്കറ്റ് നിർമ്മാണം തുടങ്ങിയിട്ടില്ലെന്നിരിക്കെ തുകയിൽ ഗണ്യമായ കുറവുണ്ടായിരിക്കുന്നു.

5. SBI a/c No.60057 - ഈ അക്കൗണ്ടിലെ പലിശ വരവ് 5,71,310/- രൂപ സാംഖ്യ അക്കൗണ്ട്സിൽ വരവ് വച്ചിട്ടില്ല. ഈ അക്കൗണ്ട് വർഷാന്ത്യത്തിൽ റിക്കൺസിയൽ ചെയ്തിട്ടില്ല.

6. വർഷങ്ങൾക്ക് മുമ്പ് ഇഷ്യൂ ചെയ്തതും കളക്ഷൻ നടക്കാത്തതുമായ ചെക്കുകൾ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്ററിൽ ഉള്ളതായി കാണുന്നു. ഉദാ : Punjab National Bank, a/c No.19655, Ch.No.332006. മൂന്ന് വർഷത്തിലധികം പഴക്കമുള്ള ഇത്തരം ചെക്കുകൾ വരവായി രസീത് ചെയ്തിട്ടില്ല.

7. പല ഇനങ്ങളും ഹെഡ് മാറി പോസ്റ്റ് ചെയ്തിരിക്കുന്നു. ഉദാ: SBI യിലുള്ള own ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടൊടുക്കിയ ബിൽഡിങ്ങ് ടാക്സ്, SBI യിലുള്ള Grant fund (UIDSSMT) ന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് സാംഖ്യയിൽ വരവ് വച്ചിരിക്കുന്നത്.

8. വസ്തുനികുതി ഓൺലൈനായി ഒടുക്കുന്നതിനുള്ള SBI ബാങ്ക് അക്കൗണ്ടിന്റെ ( Bank a/c No.10254) പാസ്സ് ബുക്ക് പരിശോധനക്ക് ലഭിച്ചിട്ടില്ല.

## 1-13 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന മാസം പ്രതി സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അതാത് സമയത്തെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ഓഡിറ്റ് കാലയളവിലെ അവസാനത്തെ ക്യാഷ് പരിശോധന 29.01.2020 തീയതിയിലായിരുന്നു.

## 1-14 നഗരസഭാ ക്യാഷ് കൗണ്ടറിൽ ഡിജിറ്റൽ പേയ്മെന്റ്, സി.സി ടി.വി ക്യാമറ എന്നീ സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്

ആലുവ നഗരസഭാ ക്യാഷ് കൗണ്ടറിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പൊതുജനങ്ങളിൽ നിന്ന് സ്വീകരിക്കുന്ന കളക്ഷൻ തുകകൾ മേശ വലിപ്പിൽ അലക്ഷ്യമായി ഇടുകയും ഡിനോമിനേഷൻ ക്രമത്തിൽ സൂക്ഷിക്കാതിരിക്കുകയും ചെയ്യുന്നതായാണ് ക്യാഷ് പരിശോധന സമയത്ത് കണ്ടിട്ടുള്ളത്. തുകകൾ ഡിനോമിനേഷൻ അനുസരിച്ച് പ്രത്യേകം പ്രത്യേകമായി അടുക്കി കൃത്യതയോടെ സൂക്ഷിക്കാനുള്ള സൗകര്യമൊരുക്കേണ്ടതാണ്. കൗണ്ടറിനകത്ത് കാഷ്യറും ചുമതലയുള്ള സഹായിയും മാത്രമേ പ്രവേശിക്കാവൂ . മറ്റുള്ളവർ അനാവശ്യമായി കാഷ് കൗണ്ടറിനുള്ളിൽ പ്രവേശിക്കുന്നത് കർശനമായി നിയന്ത്രിക്കേണ്ടതാണ്. ടി പരിസരത്ത് സി.സി ടി.വി ക്യാമറ സ്ഥാപിക്കുന്നതിന് കൗൺസിൽ തീരുമാനിച്ചിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല . ആയത് സ്ഥാപിക്കുന്നതിനുള്ള നടപടിയുണ്ടാകേണ്ടതുണ്ട് .

ധനകാര്യ വകുപ്പിന്റെ 21.11.2018 ലെ 107/2018/ഫിൻ സർക്കുലർ പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ വിവിധങ്ങളായ കരങ്ങളും ഫീസുകളും POS മെഷീനുകൾ സ്ഥാപിച്ച് ഡെബിറ്റ്/ ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ചോ മറ്റ് ഡിജിറ്റൽ സംവിധാനങ്ങളായ BHIM,Bharat QR code,UPI എന്നിവ വഴിയോ സ്വീകരിക്കുന്ന ആവശ്യത്തിലേക്കായി ഇത്തരം സംവിധാനങ്ങൾ 31.12.2018 നു മുമ്പായി ഒരുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ടി സംവിധാനം ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങളൊന്നും നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് 16.01.2020 ൽ നൽകിയ ഓഡിറ്റ് എൻകചയറി നം.45 ന് നഗരസഭ നൽകിയ മറുപടിയിൽ വിവിധ അംഗീകൃത ബാങ്കുകളിൽ നിന്നും ഓഫർ ക്ഷണിച്ചിട്ടുള്ളതും ലഭ്യമായ ഓഫറുകളിൽ നിന്നും നഗരസഭയ്ക്ക് കൂടുതൽ ലാഭകരമായ ഓഫർ സമർപ്പിച്ച ബാങ്കുകളുമായി നെഗോഷ്യേറ്റ് ചെയ്ത് ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും ഉടൻ തന്നെ POS മെഷീൻ നഗരസഭയിൽ സ്ഥാപിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

നിലവിൽ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിലേക്ക് പൊതുജനത്തിന് നേരിട്ട് പണമൊടുക്കുന്നതിനുള്ള സംവിധാനമുണ്ടെങ്കിലും ആയത് ഫലപ്രദവും സുതാര്യവുമാകുന്നതായി കാണുന്നില്ല. പണം ഒടുക്കുന്നവർ രസീത് വാങ്ങാൻ ഹാജരാകാതിരിക്കുകയും ആരാണ് തുക ഒടുക്കിയിട്ടുള്ളതെന്ന് മനസ്സിലാക്കാൻ സാധിക്കാത്ത അവസ്ഥയും സംജാതമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച തരത്തിലുള്ള നൂതന ഡിജിറ്റൽ സങ്കേതങ്ങൾ ഇടപാടുകാർക്കും നഗരസഭയ്ക്കും അക്കൗണ്ടിംഗ് എളുപ്പമാക്കും എന്നത് സംശയമില്ലാത്ത കാര്യമാണ്.

.

## 1-15 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.06.2014 മുതൽ 07.06.2014 വരെ | 2011 ഏപ്രിൽ മുതൽ 30.09.2013 വരെ | 01.12.2014 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2019 മുതൽ 02.12.2019 വരെ | 2018-19 | 03.01.2020 |

.

## 1-16 വസ്തുനികുതി ഈടാക്കിയതിൽ കുറവ്

കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994, സെക്ഷൻ 233 പ്രകാരം ഏതൊരു മുനിസിപ്പാലിറ്റിയുടെ കൗൺസിലും അതതു മുനിസിപ്പാലിറ്റി പ്രദേശത്തുള്ളതും ഈ

ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്റ്റിലെ വ്യവസ്ഥകൾക്കും ഇതിലേക്കായി നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും അനുസൃതമായി വസ്തുനികുതി ചുമത്തേണ്ടതാണ്. ഇതിലേക്കായി മുനിസിപ്പൽ പ്രദേശത്തെ വ്യത്യസ്തമേഖലകളായി തിരിക്കുകയും കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം ഉൾപ്പെട്ട മേഖല, കെട്ടിടത്തിന്റെ വിസ്തീർണ്ണം, മേൽക്കൂര, തറ എന്നിവയുടെ നിർമ്മാണ രീതി, കെട്ടിടത്തിന്റെ ആവശ്യം (താമസം / വാണിജ്യം) എന്നിവയെ അടിസ്ഥാനപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിന്മേൽ ഇളവ് / വർദ്ധനവ് നൽകിയാണ് നികുതി നിർണ്ണയിക്കുന്നത്. ആലുവ നഗരസഭയിൽ മേല്പറഞ്ഞ പ്രകാരം നികുതി നിർണ്ണയിച്ചതിൽ അപാകതമുണ്ടായതുമൂലം വസ്തു നികുതി പിരിച്ചതിൽ കുറവുണ്ടായിട്ടുണ്ട്. ( വിശദവിവരത്തിന് ഖണ്ഡിക 2-1 കാണുക)

### 1-17 ബിൽഡിംഗ് പെർമ്മിറ്റ് ഫീസ് ഇനത്തിൽ അനധികൃതമായി അധിക തുക ഈടാക്കുന്നു

2018-19 സാമ്പത്തിക വർഷത്തിലെ ബിൽഡിംഗ് പെർമ്മിറ്റിനുള്ള അപേക്ഷകരിൽ നിന്ന് നിയമാനുസൃത നിരക്കിലും അധികരിച്ച് പെർമ്മിറ്റ് ഫീസ് ഈടാക്കി വരുന്നതായി കാണുന്നു . 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 11.3 ലെ പട്ടിക IIപ്രകാരം വാസഗൃഹങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7 രൂപയും വാണിജ്യ കെട്ടിടങ്ങൾക്ക് 10 രൂപയുമാണ് നഗരസഭകൾക്ക് നിശ്ചയിച്ചിട്ടുള്ളത്. 150 ച.മീറ്ററിൽ താഴെ വരെ നിർമ്മിതവിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾക്ക് മേൽ ഫീസിന്റെ 50% ആയ 3.5 രൂപയുമാണ് ബിൽഡിംഗ് പെർമ്മിറ്റ് ഫീസിനത്തിൽ ഈടാക്കേണ്ടത്. 2018-19 സാമ്പത്തിക വർഷം ആകെ ലഭ്യമായ 196 ബിൽഡിംഗ് പെർമ്മിറ്റിനുള്ള അപേക്ഷകളിൽ 142 എണ്ണത്തിന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് അനുമതി നൽകിയിട്ടുണ്ട്. 15 എണ്ണം നിരസിക്കുകയും 25 എണ്ണത്തിന് വിവിധ കാരണങ്ങളാൽ നോട്ടീസ് നൽകുകയും ചെയ്തു. 14 എണ്ണം കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതായും കാണുന്നു.

ആലുവ നഗരസഭയിൽ മേൽ നിരക്കനുസരിച്ചുള്ള തുക ആദ്യം നിർണ്ണയിക്കുകയും ഇതിൽ നിന്ന് വ്യത്യസ്തമായി പ്രസ്തുത തുക 5 ശതമാനമോ അതിൽ കൂടുതലോ ഒരു മാനദണ്ഡവും കൂടാതെ വർദ്ധിപ്പിച്ച് ആയത് ഒടുക്കാൻ അപേക്ഷകരോട് ആവശ്യപ്പെടുകയും ഇവർ അധിക തുക ഒടുക്കേണ്ടി വരുന്നതായുമാണ് കാണുന്നത് . ഇത് മേൽ ചട്ടത്തിന്റെ ലംഘനവും അനധികൃത ഫീസ് പിരിവുമാണ്. ബിൽഡിംഗ് പെർമിറ്റ് ഓൺലൈനായി കൈകാര്യം ചെയ്യുന്ന 'സങ്കേതം' സോഫ്റ്റ് വെയറിൽ നിയമപ്രകാരം ഒടുക്കേണ്ട തുക മാത്രമേ ജനറേറ്റ് ചെയ്ത് കാണിക്കുകയുള്ളൂ . 'സാംഖ്യ' അപ്ലിക്കേഷൻ 'സങ്കേത'വുമായി സംയോജനം നടന്നിട്ടില്ലാത്ത സാഹചര്യത്തിൽ സെക്ഷനിൽ നിന്ന് മാനുവലായി ഡിമാന്റ് ചെയ്യുന്ന അത്രയും തുക അപേക്ഷകർ ഒടുക്കേണ്ടതായി വരുന്നു . അപേക്ഷകർ അധികമായി ഒടുക്കിയ ടി തുകയുടെ രസീറ്റ്

നമ്പർ ആണ് സങ്കേതം വഴി നൽകുന്ന പെർമിറ്റിൽ കാണിക്കുന്നത്. അതായത് ബിൽഡിംഗ് പെർമിറ്റ് നൽകുന്ന സർട്ടിഫിക്കറ്റിലെ തുകയും തുക ഒടുക്കിയതായി കാണിക്കുന്ന രസീറ്റ് നമ്പർ പ്രകാരം ഒടുക്കിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് വൈരുദ്ധ്യാത്മകമാണ്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷ നം/പേര് | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച.മീ) | ച.മീ ന് നിരക്ക് (രൂ) | ഈടാക്കേണ്ട തുക | ഈടാക്കിയ തുക(രസീത് നം/തീ.) | അധികമായി ഈടാക്കിയ തുക |
|---|---|---|---|---|---|---|---|
| 1 | BA No:42/ ജോസ് കൈതാരൻ | വാസഗൃഹം | 206.2 | 7 | 1444/- | 1517/- (106962/ 03.10.2018) | 73 |
| 2 | BA No:38/ ഷാജി.പി.എച്ച് | വാണിജ്യം | 73.03 (extension) | 10 | 731/- | 800/- (102697/ 12.06.2018) | 69 |
| 3 | BA No:103/ വൽസല | വാസഗൃഹം | 37.25 (extension) | 7 | 261 | 290/- (107890/ 29.10.18) | 29 |
| 4 | BA No:45/ രൂപേഷ് എം.നായർ | വാസഗൃഹം | 119.7 | 3.5 | 419 | 440/- (109106/ 30.11.2018) | 21 |
| 5 | BA No:49/ അമീന | വാസഗൃഹം | 34.33 (extension) | 3.5 | 121 | 255/- (10108283/ 05.11.2018) | 134 |
| 6 | BA No:94/ ഓർക്കിഡ് ഹോംസ് | വാസഗൃഹം | 3840.68 | 7 | 26885 | 29298/- (109445/ 07.12.2018)) | 2413 |
| 7 | BA No:99/ പോൾസൺ ജോയ് | വാസഗൃഹം | 157.83 | 7 | 1105 | 1160/- (108454/ 02.11.2018) | 55 |
| 8 | BA No:98/ കെ.ആർ.സുബ്രമണ്യൻ | വാസഗൃഹം | 29.81 | 7 | 209 | 237/- (107755/ 21.10.2018) | 28 |
| 9 | BA No:77/ ലോലിത | വാസഗൃഹം | 81.04(extension) | 3.5 | 284 | 596/- (106034/ 7.9.2018) | 312 |
| 10 | BA No:78/ ശ്രീകാന്ത് | വാസഗൃഹം | 175.15 | 7 | 1227 | 1288/- (106239/ 14.9.2018) | 61 |

ഇപ്രകാരം അപേക്ഷകരിൽ നിന്നും അധിക ഫീസ് ഈടാക്കുന്നതിന് വിശദീകരണം ആരാഞ്ഞ് 27.11.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 33 ന് നൽകിയ മറുപടിയിൽ പെർമിറ്റ് ഫീസ് കൂടാതെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5% സർവ്വീസ് ചാർജ്ജ് നഗരസഭ ഈടാക്കുന്നുണ്ടെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ ഇതിന് ആസ്പദമായ സർക്കാർ ഉത്തരവ് ഹാജരാക്കിയിട്ടില്ല .

മേൽ പട്ടികയ്ക്ക് മറുപടിയായി ക്രമ നം.1,4,7,10 എന്നീ ഫയലുകളിൽ 5% സർവ്വീസ് ചാർജ്ജ് മാത്രമാണ് അധികമായി ഈടാക്കിയിട്ടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ക്രമ നം. 2 ഫയലിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ക്രമ നം.3,5 എന്നീ ഫയലുകളിൽ ബിൽഡിംഗ് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് അധിക തുക ഈടാക്കിയിട്ടുള്ളതെന്നാണ് വിശദീകരണം . അനധികൃതമായി അധിക തുക ഈടാക്കി പെർമ്മിറ്റ് അനുവദിച്ച് നൽകാൻ ഇടയായതിന് കാരണം വിശദീകരിക്കേണ്ടതാണ്.

ക്രമ നം. 6 ഓർക്കിഡ് ഹോംസിന്റെ 3840.68 ച.മീ പ്ലിന്ത് ഏരിയയുള്ള ഫ്ലാറ്റിന്റെ ഫയലിൽ പ്ലാൻ പ്രകാരമുള്ള പ്ലിന്ത് ഏരിയയുടെ സർവ്വീസ് ചാർജ്ജ് ഉൾപ്പെടെയുള്ള ഫീസ് ആണ് ഈടാക്കിയിട്ടുള്ളതെന്നും സങ്കേതം സോഫ്റ്റ് വെയറിൽ പ്ലിന്ത് ഏരിയ കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നുമാണ് അറിയിച്ചിരിക്കുന്നത്. ഓൺലൈനിൽ സമർപ്പിക്കുന്ന അപേക്ഷയുടെ ഹാർഡ് കോപ്പിയാണ് നഗരസഭയിലും ഓഫ് ലൈനായി സമർപ്പിക്കേണ്ടത് എന്നിരിക്കെ ഇത്തരത്തിലൊരു മറുപടി, നഗരസഭയിൽ നിന്ന് ബിൽഡിംഗ് പെർമ്മിറ്റ് നൽകുന്നതിന്റെ വിശ്വാസ്യതയെത്തന്നെ ചോദ്യം ചെയ്യുന്നതാണ്. രണ്ടിലും വൈരുദ്ധ്യം വരികയാണെങ്കിൽ ഇതിന്റെ വിശ്വാസ്യതയെക്കുറിച്ച് കൂടുതൽ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

ക്രമ നം. 9 ഫയലിൽ 81.04 ച.മീ extension നു വേണ്ടിയാണ് അപേക്ഷ. എന്നാൽ ആകെ പ്ലിന്ത് ഏരിയ 150 ച.മീ ആയി കണക്കാക്കിയാണ് സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ തുക ഈടാക്കിയിട്ടുള്ളതെന്ന് നഗരസഭ മറുപടി നൽകിയിരിക്കുന്നു. Extension നു വേണ്ടി പെർമ്മിറ്റിന് അപേക്ഷിക്കുമ്പോൾ പുതിയ പ്ലിന്ത് ഏരിയക്ക് മാത്രം ഫീസ് അടച്ചാൽ മതി എന്നിരിക്കെ ഇത്തരത്തിൽ അധികമായി ഫീസ് ഈടാക്കിയതിനു കാരണം വ്യക്തമാക്കേണ്ടതാണ്.

ക്രമ നം. 8 ഫയലിൽ കക്ഷി അധികമായി ഒടുക്കേണ്ടി വന്ന തുക ഒക്യുപൻസി ക്ക് വരുന്ന മുറയ്ക്ക് തിരികെ നൽകുവാൻ നടപടി സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. ഇതിൽ നിന്നു തന്നെ പെർമ്മിറ്റ് ഫീ ഇനത്തിൽ യാതൊരു മാനദണ്ഡവും പാലിക്കാതെ തന്നെ അനധികൃതമായി നഗരസഭ ഫീസ് ഈടാക്കുന്നുണ്ടെന്ന് വ്യക്തമാണ്.

മേൽ പട്ടികയിൽ പ്രധാനപ്പെട്ട ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് നൽകുന്ന എല്ലാ പെർമ്മിറ്റുകൾക്കും നിയമാനുസൃത ഫീസാണോ ഈടാക്കിയിട്ടുള്ളത് എന്ന് അധികൃതർ സൂക്ഷ്മ പരിശോധന നടത്തേണ്ടതാണ്.

### 1-18 തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

ആലുവ നഗരസഭയിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഏതാനും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ചട്ടങ്ങൾ അനുശാസിക്കുംപ്രകാരം ജീവനക്കാരുടെ വരുമാനത്തിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഈ ഇനത്തിൽ 3,550/- രൂപയുടെ വരുമാനനഷ്ടം നഗരസഭയ്ക്ക് ഉണ്ടായിട്ടുണ്ട്. (ഖണ്ഡിക 2-1 കാണുക)

### 1-19 തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച അപാകതകൾ.

ആലുവ നഗരസഭയുടെ 2018-19 വർഷത്തെ തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

I കേരള മുനിസിപ്പാലിറ്റി നിയമം, 1994 വകുപ്പ് (245-259), 2005 -ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം:-

1. 2018-19 -സാമ്പത്തിക വർഷത്തിൽ ആലുവ നഗരസഭ പരിധിയിൽപെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി നിർണ്ണയിച്ച് നഗരസഭ ഫണ്ടിലേക്ക് അടവാക്കുന്നതിന് സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സ്ഥാപന മേധാവികൾക്ക് ഡിമാന്റ് നോട്ടീസ് നൽകേണ്ടതാണ്.
2. ഇതുപോലെ സ്ഥാപന നികുതി അടക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകേണ്ടതാണ്.
3. നഗരസഭ പരിധിയിലുള്ള ട്രേഡേഴ്സിന്റെ തൊഴിൽനികുതി അടക്കുന്നതിന് ഓരോ അർദ്ധവർഷത്തേക്കും Half yearly Assessment list തയ്യാറാക്കി അതുപ്രകാരം ഡിമാന്റ് നോട്ടീസ് നൽകേണ്ടതാണ്.
4. ജീവനക്കാരുടെ തൊഴിൽനികുതി, ട്രേഡേഴ്സിന്റെ തൊഴിൽനികുതി , സ്ഥാപന നികുതി എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

   എന്നാൽ ആലുവ നഗരസഭയിൽ ട്രേഡേഴ്സിന്റെ തൊഴിൽനികുതി ഡിമാന്റ് കളക്ഷൻ രജിസ്റ്ററിൽ തന്നെയാണ് സ്ഥാപനങ്ങളെയും (ഇൻസ്റ്റിറ്റ്യൂഷൻസ്) ഉൾപ്പെടുത്തിയിരിക്കുന്നത്. സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പ്രത്യേകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി രേഖപ്പെടുത്തിയിരിക്കുന്നത് പലവക ഡിമാന്റ് രജിസ്റ്ററിലാണ്. ഇതു ശരിയല്ല. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി കളക്ഷൻ രജിസ്റ്ററിലെ ക്രമത്തിൽ അർദ്ധവാർഷിക വരുമാന പത്രികകൾ ക്രമീകരിച്ച് തൊഴിൽനികുതി കളക്ഷൻ രജിസ്റ്ററിലെ ക്രമനമ്പർ പ്രകാരം അർദ്ധവാർഷിക പത്രികകളിൽ ക്രമനമ്പർ ചേർത്ത് സൂക്ഷിക്കേണ്ടതാണ്. ആലുവ നഗരസഭയിൽ ഇപ്രകാരം ചെയ്യിട്ടില്ല. ആയതിനാൽ തൊഴിൽനികുതി കളക്ഷൻ രജിസ്റ്റർ അർദ്ധവാർഷിക വരുമാന പത്രികകളുമായി ഒത്തുനോക്കി പരിശോധിക്കുവാൻ സാധിക്കുന്നില്ല.

2018-19 -ലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് കളക്ഷൻ രജിസ്റ്ററുകളിൽ നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽനികുതി ലഭിക്കാത്തതാണോ തൊഴിൽനികുതി ലഭിച്ചിട്ടും രജിസ്റ്ററിൽ ചേർക്കാത്തതാണോ എന്ന കാര്യം കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ കുടിശ്ശിക രജിസ്റ്റർ ഇല്ലാത്തതുകൊണ്ട് വ്യക്തമല്ല.

ആലുവ നഗരസഭയിൽ 26 വാർഡുകളാണുള്ളത്. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് കളക്ഷൻ രജിസ്റ്ററിൽ ചില വാർഡുകളിൽ ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽനികുതി വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മറ്റു ചിലതിൽ ഒന്നാം അർദ്ധവർഷത്തെയും വേറെ ചിലതിൽ രണ്ടാം അർദ്ധവർഷത്തെയും

തൊഴിൽനികുതി വരവ് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ നിരവധി വാർഡുകളിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽനികുതി വരവ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണത്തിന് ചില വാർഡുകളിലെ വിവരം താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | ആകെ സ്ഥാപനങ്ങളുടെ എണ്ണം | ഒന്നുംരണ്ടും അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി വരവ് രജിസ്റ്ററിൽ രേഖപ്പെടുത്താത്ത സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| VII | 14 | 10 |
| VIII | 100 | 31 |
| IX | 29 | 11 |
| X | 39 | 8 |
| XI | 69 | 30 |
| XII | 26 | 5 |

സാമ്പത്തിക വർഷം അവസാനിക്കുന്ന ക്രമത്തിൽ അതാതുവർഷത്തെ തൊഴിൽനികുതി കുടിശ്ശികയും മുൻവർഷങ്ങളിലെ തൊഴിൽനികുതി കുടിശ്ശികയും രേഖപ്പെടുത്തി ലഭിക്കുവാനുള്ള തൊഴിൽനികുതി കുടിശ്ശിക തുകയുടെ കൃത്യമായ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം. ഇങ്ങനെ പൂർണ്ണമായി തയ്യാറാക്കിയ കുടിശ്ശിക രജിസ്റ്റർ ആലുവ നഗരസഭയിൽ ഇല്ല. ഉള്ള രജിസ്റ്റർ അപൂർണ്ണമാണ്.

ട്രേഡേഴ്സിന്റെ/ഇൻസ്റ്റിറ്റ്യൂഷൻസ് -ന്റെ Half yearly Assessment list പ്രകാരം തൊഴിൽനികുതി ഡിമാന്റ് കളക്ഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ കളക്ഷൻ വിവരം പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.

ട്രേഡേഴ്സിന്റെ/ഇൻസ്റ്റിറ്റ്യൂഷൻസ് –ന്റെ ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽനികുതി വരവ് രജിസ്റ്ററുകളിൽ രേഖപ്പെടുത്താത്തിന് ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ഇവ യഥാർത്ഥത്തിൽ വരവുണ്ടായിട്ടും രേഖപ്പെടുത്താത്തതാണോ അതോ കുടിശ്ശികയാണോ എന്ന വിവരം വ്യക്തമല്ല.

| വാർഡ് നമ്പർ | ആകെ ട്രേഡേഴ്സ്/ ഇൻസ്റ്റിറ്റ്യൂഷൻസ് എണ്ണം | ഒന്നുംരണ്ടും അർദ്ധവർഷത്തെ തൊഴിൽനികുതി വരവ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തവയുടെ എണ്ണം |
|---|---|---|
| V | 9 | 5 |
| VI | 32 | 15 |
| VII | 84 | 38 |
| VIII | 568 | 91 |
| IX | 89 | 10 |
| X | 82 | 11 |
| XI | 320 | 36 |

| | | (14 അഡ്വക്കേറ്റുമാർ ഉൾപ്പെടെ) |
|---|---|---|
| XII | 107 | 51 |
| XIII | 30 | 17 |
| XIV | 34 | 5 |
| XVII | 17 | 3 |
| XVIII | 14 | 5 |
| XIX | 62 | 29 |
| XX | 319 | 117 |
| XXI | 118 | 16 |

പല ട്രേഡേഴ്സും പ്രവർത്തനം നിർത്തിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒന്നാം അർദ്ധവർഷമാണോ രണ്ടാം അർദ്ധവർഷമാണോ സ്ഥാപനം നിർത്തിയത് എന്ന് രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.

**(സി) കരാറുകാരിൽ നിന്നുള്ള തൊഴിൽനികുതി**

കേരള മുനിസിപ്പാലിറ്റി നിയമം (1994) വകുപ്പ് 245 മുതൽ 256 വരെ, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ-ചട്ടം 3(2)-ൽ 10 എന്നിവ പ്രകാരം ആലുവ നഗരസഭയിലെ കരാറുകാരുടെ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ അർദ്ധവർഷത്തേക്കും പരമാവധി അർദ്ധവാർഷിക തൊഴിൽനികുതി 1,250/- രൂപ പ്രകാരം പ്രതിവർഷം പരമാവധി 2,500/- രൂപ നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷത്തിൽ ആലുവ നഗരസഭയുടെ വിവിധ കരാർ ജോലികൾ ചെയ്തവരിൽ ഏതാനും പേരുടെ വിവരം താഴെചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1. | ഇ.പി. അരവിന്ദാക്ഷൻ |
| 2. | അജാസ് കെ.എ. |
| 3. | കെ.എ.ഷറഫുദ്ദീൻ |
| 4 | പി.സി.തോമസ് |
| 5. | കെ.ഐ.കുഞ്ഞുമുഹമ്മദ് |
| 6. | ബാബു ജോസഫ് |
| 7. | സിദ്ദീക്ക് പി.എം. |
| 8. | കെ.പി. ഷാജി |
| 9. | ബിജു വി.പി. |
| 10. | പി.എം. നാദിർഷ |
| 11. | എം.കെ. സുരേഷ് |
| 12. | ഷംസുദ്ദീൻ റ്റി.എ. |

എന്നാൽ ഇവരുൾപ്പെടെ 2018-19 സാമ്പത്തിക വർഷത്തിൽ ആലുവ നഗരസഭയുടെ വിവിധ കരാർ ജോലികൾ ചെയ്ത കരാറുകാരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി നിർണ്ണയിച്ച് ഈടാക്കിയതായി ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്ററുകളിൽ കാണുന്നില്ല. ആകയാൽ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം വിശദാംശങ്ങൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**(ഡി) ട്രേഡേഴ്സിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്**

വ്യാപാരസ്ഥാപനങ്ങളുടെ തൊഴിൽനികുതി നിർണ്ണയിക്കുന്നതിന് അർദ്ധവാർഷിക വിറ്റുവരവ് നിർണ്ണയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. വിറ്റുവരവ് റിട്ടേണുകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തന്നെ വ്യാപാരസ്ഥാപനങ്ങളുടെ വരുമാനം കണക്കാക്കിയതിന്റെയും തൊഴിൽനികുതി നിർണ്ണയിച്ചതിന്റെയും കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ട്രേഡേഴ്സിന്റെ തൊഴിൽനികുതി നിർണ്ണയിച്ച് രജിസ്റ്ററിൽ ചേർത്തതിനുശേഷം സെക്രട്ടറിയുടെയോ കൗൺസിലിന്റെയോ തീരുമാനപ്രകാരം തൊഴിൽനികുതിയിൽ കുറവോ കൂടുതലോ വരുത്തുകയാണെങ്കിൽ ഇതനുസരിച്ച് തൊഴിൽനികുതി ഡിമാന്റ് കളക്ഷൻ രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം രേഖപ്പെടുത്തിക്കാണുന്നില്ല. നിരവധി സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനേക്കാൾ കറവായാണ് ഈടാക്കിയിരിക്കുന്നത്. എന്നാൽ ഡിമാന്റ് തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ സാധിക്കില്ല. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് തുകയേക്കാൾ കുറവ് ഈടാക്കിയതായി തൊഴിൽനികുതി ഡിമാന്റ് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നതിന് ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ട്രേഡേഴ്സിന്റെ പേര്/ വാർഡ് നം | അർദ്ധ വാർഷിക വരുമാനം | ഡിമാന്റ് ചെയ്ത തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | | ഈടാക്കിയതിൽ കുറവ് തുക |
|---|---|---|---|---|---|---|
| | | | | ഒന്നാം അർദ്ധ വർഷം /രസീത് നം/ തീയതി | രണ്ടാം അർദ്ധ വർഷം / രസീത് നം/ തീയതി | |
| 1. | സിറാജ് കെ.എസ്, സിൽവർ സലൂൺ, I/207,I/322 | 45000 | 450 | 300 75/7496 തീയതി 24.10.2018 | 450 125/12406 തീയതി 28.01.2019 | 150 |
| 2. | പി.എൻ.ശ്രീകുമാർ, 'C' class Shop വാർഡ് നം. I | 30000 | 300 | ഈടാക്കിയില്ല | 180 140/13956 19.02.2019 | 420 |
| 3. | ഷംസുദ്ദീൻ, ചെമ്പിക്കാട്ട് h/w വാർഡ് നം. I | 60000 | 600 | 450 83/8274 തീയതി 02.11.2018 | 600 135/13489 തീയതി 15.02.2019 | 150 |
| 4. | മാനേജർ, SBI Life Insurance വാർഡ് നം. I/302(10) | -- | 1250 | ഈടാക്കിയില്ല | ഈടാക്കിയില്ല | 2500 |
| 5. | സജീവ് കുമാർ ബാറ്ററി ഡിസ്ട്രിബ്യൂഷൻ വാർഡ് നം.V/5 | 30000 | 300 | 180 125/6215 തീയതി 28.12.2018 | ഈടാക്കിയില്ല | 420 |
| 6. | ആനന്ദൻ, ആനന്ദൻ സ്റ്റോർ വാർഡ് നം. VII | 18000 | 180 | 120 68/6799 തീയതി 12.10.2018 | 120 106/10599 തീയതി 29.01.2019 | 120 |
| 7. | രജനി.ആർ.ഐ. ഫർണ്ണിച്ചർ വാർഡ് നം. VII | 30000 | 300 | 180 134/13360 തീയതി 15.02.2019 | 180 134/13360 തീയതി 15.02.2019 | 240 |
| 8. | ജോയി കെ.സി. V/338 United Metals വാർഡ് നം. VII | 49000 | 450 | 300 132/13101 തീയതി 06.12.2019 | 300 132/13101 തീയതി 06.12.2019 | 300 |
| 9. | ഷെഫീഖ് വി.എസ്. Vague Gents Beauty Parlour | 69000 | 600 | 300 152/15049 തീയതി | 300 152/15049 തീയതി | 600 |

| | | | | | | |
|---|---|---|---|---|---|---|
| | വാർഡ് നം. VII | | | 28.02.2019 | 28.02.2019 | |
| 10 | സെയ്ത് മുഹമ്മദ് കെ.എച്ച്. Life Style Tailors വാർഡ് നം. VII | 49000 | 450 | 300 145/14495 തീയതി 23.02.2019 | 300 145/14495 തീയതി 23.02.2019 | 300 |
| 11 | പി.ഒ. സേവ്യർ VIII/220 Avis Dress Maker | 60000 | 600 | 450 119/11824 തീയതി 23.01.2019 | 450 119/11824 തീയതി 23.01.2019 | 300 |
| 12 | ഷാജി പി.എം. VIII/314 | 125000 | 1250 | 450 81/8040 തീയതി 29.10.2018 | 450 114/1351 തീയതി 18.01.2019 | 1600 |
| 13 | അബ്ദുൾ നാസർ VIII/635 Ringtone Mobiles | 45000 | 450 | 300 66/6580 തീയതി 29.09.2018 | 300 155/15471 തീയതി 28.02.2019 | 300 |
| 14 | Geojith PNB Pariban Financial Services VIII | 125000 | 1250 | ഈടാക്കിയില്ല | ഈടാക്കിയില്ല | 2500 |
| 15 | A.K. സുരേഷ് ബാബു 'C' Class VIII/678 | 30000 | 300 | 120 81/8001 തീയതി 23.10.2018 | 120 107/10689 തീയതി 16.11.2019 | 360 |
| 16 | പി.എം.വർഗ്ഗീസ് ഓഫ് സെറ്റ് പ്രിന്റിംഗ് VIII/729 | 45000 | 450 | ഈടാക്കിയില്ല | 300 101/3076 തീയതി 22.02.2019 | 600 |

ഏതാനും ഉദാഹരണങ്ങൾമാത്രമാണ് മേൽ കൊടുത്തിരിക്കുന്നത്. മേൽകൊടുത്തവ ഉൾപ്പെടെ രജിസ്റ്ററിൽ തൊഴിൽനികുതി ഡിമാന്റ് തുകയേക്കാൾ കുറവ് ഈടാക്കിയിരിക്കുന്ന തുക കണക്കാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2018-19 -ൽ തൊഴിൽനികുതി ഡിമാന്റ്, കളക്ഷൻ ഇവ രേഖപ്പെടുത്തുന്നതിനുവേണ്ടി ഉപയോഗിച്ചത് വസ്തുനികുതി രജിസ്റ്ററാണ്. ഇത് ചട്ടവിരുദ്ധമാണ്.

**<u>III തൊഴിൽനികുതി- കറന്റ് കളക്ഷനിൽ കുറവ്</u>**

ആലുവ നഗരസഭയിൽ നിന്നും ലഭ്യമാക്കിയ വരവ്-ചെലവ് കണക്കുകൾ പ്രകാരം 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഇൻസ്റ്റിറ്റ്യൂഷൻസ് / ട്രേഡേഴ്സിന്റെ തൊഴിൽനികുതിയിനത്തിലെ വരവ് വിവരം താഴെ ചേർക്കുന്നു.

| | **2016-17 വരവ്** | | | **2017-18 വരവ്** | | | **2018-19 വരവ്** | | |
|---|---|---|---|---|---|---|---|---|---|
| | **കുടിശ്ശിക** | **തൻ വർഷം** | **ആകെ** | **കുടിശ്ശിക** | **തൻ വർഷം** | **ആകെ** | **കുടിശ്ശിക** | **തൻ വർഷം** | **ആകെ** |
| ഇൻസ്റ്റിറ്റ്യൂഷൻസ്/ ട്രേഡേഴ്സ് | 2,25,015 | 19,63,027 | 21,88,042 | 4,62,300 | 21,57,310 | 26,19,610 | 9,84,250 | 20,03,549 | 29,87,799 |

2017-18 -നെ അപേക്ഷിച്ച് 2018-19 -ൽ തൻവർഷത്തെ തൊഴിൽനികുതി വരവിനത്തിൽ 1,53,761/- രൂപയുടെ കുറവുണ്ട്. ഇപ്രകാരം കറന്റ് കളക്ഷനിൽ കുറവുണ്ടായതിന്റെ കാരണം പരിശോധിക്കണം. എന്നാൽ കുടിശ്ശിക വരവിനത്തിൽ വർദ്ധനവുണ്ട്. ഇൻസ്റ്റിറ്റ്യൂഷൻസ്/ട്രേഡേഴ്സിന്റെ തൊഴിൽനികുതി കുടിശ്ശിക പൂർണ്ണമായി ഈടാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ലഭ്യമായ രജിസ്റ്ററുകളുടെയും അർദ്ധവാർഷിക വരുമാന പത്രികകളുടെയും അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ വിവരങ്ങൾ പരാമർശിച്ചത്.

നഗരസഭയിലെ തൊഴിൽനികുതി ഡിമാന്റ് കളക്ഷൻ രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കാത്തതിനാൽ തൊഴിൽനികുതിയുടെ കളക്ഷൻ ഡിമാന്റ് ബാലൻസ് സംബന്ധിച്ച് കൃത്യമായ പരിശോധന സാധിക്കാത്ത സാഹചര്യമാണുള്ളത്. നഗരസഭയുടെ പ്രധാനപ്പെട്ട തനതുവരുമാന സ്രോതസ്സായ തൊഴിൽനികുതിയിനത്തിലെ വരുമാനനഷ്ടം മൂലം നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി വർദ്ധിക്കുന്നതിനിടയാകുന്നു. തൊഴിൽനികുതി അടയ്ക്കാത്തവർക്കെതിരെ 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം. 11 പ്രകാരം സെക്രട്ടറി ശിക്ഷാനടപടികൾ കൈക്കൊള്ളേണ്ടതാണ്. എന്നാൽ ഇപ്രകാരം നടപടി സ്വീകരിച്ചതായി കാണുന്നില്ല. ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി പൂർത്തീകരിക്കേണ്ടതാണ്.

**1-20 ലേല വരുമാനത്തിൽ കുറവ്**

**ഫയൽ നമ്പർ -R5-350/18**

ആലുവ നഗരസഭയിലെ 2018-19 സാമ്പത്തിക വർഷത്തിലേക്കുള്ള 14 വിവിധ കുത്തകകളുടെ ലേലം 06.02.2018 -ലെ നോട്ടീസ് (ഫീസ് പിരിവ് / കുത്തകാവകാശം സംബന്ധിച്ച ടെണ്ടർ / ലേല നിബന്ധനകൾ) പ്രകാരം 15.02.2018 -ൽ നടന്നു. എന്നാൽ സ്കൂട്ടർ സ്റ്റാന്റ്- 2,18,000/-രൂപ, ബസ് സ്റ്റാന്റ് ടെലിവിഷൻ പരസ്യ പ്രദർശനം- 44,150/-രൂപ എന്നീ രണ്ട് ഇനങ്ങൾക്ക് മാത്രമാണ് ലേലം നടന്നത്. തുടർന്ന് 28.02.2018 -ൽ പുനർലേലം നടന്നുവെങ്കിലും സസ്യചന്ത കംഫർട്ട് സ്റ്റേഷൻ- 89100/-രൂപ , ടാക്സി സ്റ്റാന്റ്- 10,000/-രൂപ., ബസ് സ്റ്റാൻഡ് ഡോർമിറ്ററി കംഫർട്ട് സ്റ്റേഷൻ- 4,05,000/-രൂപ , നാലാം മൈലിലെ സ്ഥലം- പ്രതിമാസം 1,68,482/-രൂപ., എന്നിവ മാത്രം ലേലം നടന്നു. എന്നാൽ ബാക്കി 8 ഇനങ്ങളിൽ ലേലം നടന്നില്ല. തുടർന്ന് ഓഫറുകൾ ക്ഷണിച്ച് നഗരസഭ ചെയർപേഴ്സൺ നെഗോഷിയേഷൻ നടത്തി ലേലം ഉറപ്പിക്കുകയും പിന്നീട് നഗരസഭ കൗൺസിൽ അംഗീകരിക്കുകയും ചെയ്യുന്ന നടപടി സ്വീകരിച്ചു. പലയിനങ്ങളുടെയും ലേല വരുമാനത്തിൽ വർഷങ്ങൾ കഴിയുന്തോറും ആനുപാതികമായ വർദ്ധനവ് കാണുന്നില്ല. മാത്രമല്ല പലയിനങ്ങൾക്കും ലേലത്തുക കുറയുകയും ചെയ്യുന്നു. 2010-11 മുതൽ 2018-19 വരെ കാലയളവിൽ വിവിധയിനങ്ങൾക്കു ലഭിച്ച ലേല തുക പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഉദാഹരണത്തിന് ഐസ് ഫീസ് പിരിവിനത്തിൽ 2010-11 -ൽ 1,66,000/- രൂപ ലേലതുകയായി ലഭിച്ചപ്പോൾ 2018-19 -ൽ 30,000/- രൂപ മാത്രമാണ് ലേലത്തുകയായി ലഭിച്ചത്. അതേസമയം മത്സ്യ ചന്ത ലേലത്തുകയിനത്തിൽ 2010-11 -ൽ 9,31,200/- രൂപ ലഭിച്ചപ്പോൾ 2018-19 -ൽ 17,90,111/- രൂപ ലഭിച്ചു. മത്സ്യ വിൽപ്പനയിലെ വർദ്ധനവാണ് ഇത് സൂചിപ്പിക്കുന്നത്. ഇതിനു ആനുപാതികമായി ഐസ് ഫീസ് പിരിവിലും വർദ്ധനവ്

ഉണ്ടാകേണ്ടതാണ്. കാരണം മത്സ്യവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കാണ് ഐസ് ഉപയോഗിക്കുന്നത്. ഐസ് രാത്രികാലങ്ങളിലാണ് മാർക്കറ്റിൽ എത്താറുള്ളതെന്നും പഴയപോലെ മത്സ്യ കച്ചവടം ആലുവ മാർക്കറ്റിൽ നടക്കാത്തിനാൽ ഐസിന് പഴയപോലെ ചെലവില്ലെന്നും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. പഴയപോലെ മത്സ്യ കച്ചവടം ആലുവ മാർക്കറ്റിൽ നടക്കാത്തതിനാൽ ഫയലിലെ പരാമർശം ശരിയല്ലെന്ന് മത്സ്യ ചന്തയുടെ ലേലത്തുകയിലുണ്ടായ വർദ്ധനവിൽ നിന്നും വ്യക്തമാകുന്നു.

മത്സ്യ മാർക്കറ്റ് ലേലത്തുകയിൽ 2010-11 മുതൽ 2018-19 വരെ എല്ലാവർഷവും വർദ്ധനവുണ്ട്. എന്നാൽ മറ്റ് ലേലങ്ങളിൽ ഇതേപോലെയുള്ള വർദ്ധനവില്ല. സസ്യചന്ത, മുനിസിപ്പൽ ബസ് സ്റ്റാന്റ് ഫീസ്, രാജീവ് ഗാന്ധി ബസ് ടെർമിനൽ അനൗൺസ്മെന്റ്, എന്നീ ഇനങ്ങളിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 2018-19 -ൽ ലേലത്തുക കുറവാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|
| 1 | സസ്യ ചന്ത | 1709400 | 1570000 | 1400000 |
| 2 | മുനി.ബസ് സ്റ്റാൻഡ് ഫീസ് | 750000 | 605000 | 560000 |
| 3 | ബസ് ടെർമിനൽ അനൗൺസ്മെന്റ് | 246750 | 170000 | 152000 |

മുകളിൽ കാണിച്ചപട്ടികയിൽ നിന്നും മുൻ വർഷങ്ങളെ അപേക്ഷിച്ച് ലേലത്തുകയിൽ വൻ ഇടിവുണ്ടായതായി വ്യക്തമാണ്.

ലേലത്തുക കുറയുന്നത് ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്. നഗരസഭ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സമയത്ത് തനത് വരുമാന മാർഗ്ഗങ്ങളിൽ കുറവുണ്ടാകുന്നത് എന്തുകൊണ്ടെന്നത് പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നഭിപ്രായപ്പെടുന്നു.

ഇതു സംബന്ധിച്ച് 16.12.2019 -ൽ 37/2018-19 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. 14.02.2020 -ലെ എ3-8910/19 -ാം നമ്പർ കത്തിനോടൊപ്പം ആർ.5(എ3) 400/18 -ാം നമ്പറായി ലഭിച്ച മറുപടി പരിശോധിച്ചു. ഈ വിഷയം നഗരസഭ കൗൺസിൽ വിശദമായി ചർച്ച ചെയ്ത് ലേല വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് അഭിപ്രായപ്പെടുന്നു.

### 1-21 ജി.എസ്.ടി ഈടാക്കിയതിൽ കുറവ് - 5612/-

**a) ഫയൽ നമ്പർ :- G3-121/19**

2019 -ലെ ആലുവ മണപ്പുറത്തെ മഹാശിവരാത്രി ആഘോഷത്തിനോടനുബന്ധിച്ച് വിവിധ സ്റ്റാളുകളുടെ ലേലം 07.02.2019 -ൽ നടന്നതിൽ സ്റ്റാൾ നമ്പർ -2 ഷജേഷ് എന്ന വ്യക്തി 1,07,500/- രൂപയ്ക്ക് ലേലം കൊണ്ടിട്ടുണ്ട്.

| | | |
|---|---|---|
| ലേലത്തുക | : | 1,07,500.00 |
| വാടക- | : | 5,500.00 |
| CGST | : | 7670.00 |

| | | |
|---|---|---|
| SGST | : | 7670.00 |
| ഇലക്ട്രിസിറ്റി ചാർജ്ജ് | : | 5,000.00 |
| **ആകെ** | : | **1,33,340.00** |

മേൽ ചേർത്ത പ്രകാരമുള്ള 1,33,340/- രൂപ താഴെപ്പറയും പ്രകാരം ഈടാക്കിയിട്ടുണ്ട്.

| **രസീത് നം./തീയതി/** | **തുക** |
|---|---|
| 01/118010113287/23.02.2019 | 10030.00 |
| 01/118010115585/07.03.2019 | 4000.00 |
| 01/118010115588/08.03.2019 | 20000.00 |
| 01/118010116665/01.04.2019 | 96000.00 |
| 01/118010116668/02.04.2019 | 3310.00 |
| | **1,33,340.00** |

23.02.2019 മുതൽ 02.04.2019 വരെ കാലയളവിൽ മേൽ തുക 5 തവണയായി നഗരസഭ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. ലേലത്തുക 1,07,500/- രൂപയും വാടക 5,500/- രൂപയും ചേർത്ത് 1,13,000/- രൂപയ്ക്ക് 9% വീതം സി.ജി.എസ്.ടി -യും എസ്.ജി.എസ്.ടി -യും ഈടാക്കേണ്ടതുണ്ട്. എന്നാൽ മേൽ പ്രകാരം ഈടാക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. വിവരം താഴെ ചേർക്കുന്നു.

| **ഇനം** | | **ഈടാക്കേണ്ടത്** | **ഈടാക്കിയത്** | **GST ഈടാക്കിയതിൽ കുറവ്** |
|---|---|---|---|---|
| ലേലത്തുക | : | 1,07,500.00 | 1,07,500.00 | - |
| വാടക- | : | 5,500.00 | 5,500.00 | - |
| **ആകെ** | : | **1,13,000.00** | **1,13,000.00** | - |
| CGST - 9% | : | 10170.00 | 7670.00 | 2500.00 |
| SGST - 9% | : | 10170.00 | 7670.00 | 2500.00 |
| ഇലക്ട്രിസിറ്റി ചാർജ്ജ് | : | 5,000.00 | 5,000.00 | - |
| **ആകെ** | : | **1,38,340.00** | **1,33,340.00** | **5000.00** |

മേൽ പ്രകാരം 5,000/- രൂപ കുറവ് ഈടാക്കിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. ലേലം കൊണ്ട വ്യക്തിയിൽ നിന്നും മേൽ തുക ഈടാക്കി ജി.എസ്.ടി. വകുപ്പിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് 30.12.2019 -ൽ 41/2018-19 -ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ജി.എസ്.ടി ഇനത്തിൽ കുറവുവന്ന തുക തുടർന്നുള്ള വർഷം ടിയാനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**b)** 2019 മാർച്ച് 6,8 തിയതികളിൽ നഗരസഭ വാടക കെട്ടിടങ്ങളുടെ വാടകയോടൊപ്പം ഈടാക്കേണ്ട 18% ജി.എസ്.ടി ഈടാക്കിയതിൽ കുറവ് കാണുന്നു. വിവരങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നം. | വാടകക്കാരന്റെ പേര്/ബിൽഡിംഗ് നം. | രസീത് നം./ തിയതി | വാടക തുക/ കാലയളവ് | ഈടാക്കിയ ജി.എസ്.ടി തുക | ഈടാ ക്കേണ്ട ജി.എസ്. ടി തുക (18%) | കുറവ് (രൂപ) |
|---|---|---|---|---|---|---|
| 1 | കെ.വി.സുജ/ എസ്.സി-എസ്.ടി ബിൽഡിംഗ് റൂം നം.4 | 11801011449/ 6.3.19 | 3802 (12/2018, 1/2019) | CGST:171 SGST:171 | CGST:342 SGST:342 | 342 |
| 2 | പി.ജി. ശിവരാമൻ/ മാർവാർ ബിൽഡിംഗ് റൂം നം.3 | 118010114643/ 46933; 8.3.19 | 3374 (3/2019) | CGST:304 SGST:34 | CGST:304 SGST:304 | 270 |
| | ആകെ ഈടാക്കാനുള്ളത് | | | | | 612 |

ജി.എസ്.ടി ഈടാക്കിയതിൽ കുറവുവന്നതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 02/2018-19 -നുള്ള മറുപടിയിൽ തുക തുടർന്നുള്ള മാസത്തിൽ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ തുക ബന്ധപ്പെട്ട വാടകക്കാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 അനധികൃതമായി റോഡ് കട്ടിങ്ങ് നടത്തിയതിന് ഫീസ് ഈടാക്കിയിട്ടില്ല

ഫയൽ നമ്പർ : E4-17253/18

നഗരസഭയിലെ വാർഡ് 25 ൽ പെരിക്കത്തോട് ലെയിനിൽ നഗരസഭയുടെ മുൻകൂർ അനുമതിയില്ലാതെ ശ്രീ. കെ.എം.അബ്ദുൾകരീം, കൊല്ലംപറമ്പിൽ എന്നയാൾ റോഡ് മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചു. അനധികൃതമായി റോഡ് വെട്ടിപ്പൊളിച്ചതിന് ടിയാനിൽ നിന്നും PWD ചീഫ് എഞ്ചിനീയറുടെ 22.05.2018 തീയതിയിലെ CE/R&B/GL-RC/1/2018 നമ്പർ സർക്കുലറിലെ നിരക്കിന്റെ അടിസ്ഥാനത്തിൽ 8747/- രൂപ ഫീസ് കണക്കാക്കിയതായും നോട്ട് ഫയലിൽ നിന്നും മനസ്സിലാകുന്നു. ഫീസ് കണക്കാക്കിയിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.`

| | |
|---|---|
| 3.40x0.45 = 1.53m2 @ 4680.65 | = 7161.00 |
| 0.50x0.50 = 0.25m2 @ 4680.65 | = 1170.00 |
| | 8331.00 |
| നികുതി - 5% | 416.00 |
| ആകെ | 8747.00 |

8747/- രൂപ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണെന്ന് കാണിച്ച് 11.03.2019, 27.03.2019 തീയതികളിലെ ഇ4/17253/18 നമ്പർ കത്തുകൾ പ്രകാരം ടിയാനെ അറിയിച്ചിരുന്നു. എന്നാൽ ഈ തുക ടിയാനിൽ നിന്നും നാളിതുവരെ ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് 18.07.2019 തീയതിയിലെ ഓഡിറ്റ് എൻക്വയറി 04/2018-19 ലൂടെ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. 28.05.2019 തീയതിയിലെ പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനപ്രകാരം ബന്ധപ്പെട്ട കക്ഷിയുടെ പക്ഷം കേൾക്കുന്നതിനായി ഹിയറിങ്ങ് നടത്തുന്നതിന് തീരുമാനിച്ചെങ്കിലും നാളിതുവരെ കമ്മിറ്റി ചെയർമാൻ ഹിയറിങ്ങ് തീയതി നിർദ്ദേശിച്ചിട്ടില്ലന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദീകരിക്കുന്നത്. ബന്ധപ്പെട്ട കക്ഷിക്കെതിരെ മുനിസിപ്പൽ ആക്റ്റ് അനശാസിക്കും പ്രകാരം അടിയന്തിരമായി നടപടിയെടുക്കേണ്ടതാണ്.

**1-23 ലൈസൻസില്ലാതെ ആശുപത്രി പ്രവർത്തിക്കുന്നു-നിയമവിരുദ്ധം**

കേരള മുനിസിപ്പൽ നിയമം 447 പ്രകാരം ലൈസൻസില്ലാതെ മുനിസിപ്പൽ പ്രദേശത്ത് സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ലാത്തതാണ്. കേരള മുനിസിപ്പൽ നിയമം 311 പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ മുനിസിപ്പൽ പ്രദേശത്ത് ആശുപത്രികൾ പ്രവർത്തിക്കാൻ പാടില്ല. മേൽ സൂചിപ്പിച്ച നിയമങ്ങൾക്ക് വിരുദ്ധമായി ഡി & ഒ ലൈസൻസും രജിസ്ട്രേഷനും പുതുക്കാതെ 2017-18 മുതൽ ടോണി ഫെർണാണ്ടസ് ഐ ആശുപത്രി നഗരസഭയിൽ പ്രവർത്തിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് എച്ച്3-7142/16, എച്ച്.3-6264/16 എന്നീ ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

മാലിന്യങ്ങൾ കത്തിക്കുന്നു, മലിനജലം കാനയിലേക്ക് ഒഴുക്കുന്നു. ആശുപത്രിയിൽ പുതുതായി പണിത നില അനുവാദമില്ലാതെയാണ് നിർമ്മിച്ചത് എന്നീ പരാതികൾ ഉന്നയിച്ച് 05.07.2016 -ൽ കൗൺസിലർ ശ്രീ സെബി വി. ബാസ്റ്റ്യൻ ആശുപത്രിക്കെതിരെ നഗരസഭയിൽ രേഖാമൂലം പരാതി നൽകി. സമാന പരാതി ആശുപത്രിയിരിക്കുന്ന സ്ഥലത്തെ ഹൈറോഡ് റെസിഡൻസ് അസ്സോസിയേഷനും ആശുപത്രിക്കെതിരെ നൽകിയിരുന്നു. പരാതികൾ ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2017-18 മുതൽ നഗരസഭ ആശുപത്രിയുടെ ഡി & ഒ ലൈസൻസ്, ആശുപത്രി രജിസ്ട്രേഷൻ എന്നിവ പുതുക്കി നൽകിയിട്ടില്ല. അതായത് നിലവിൽ ലൈസൻസോ, രജിസ്ട്രേഷനോ ഇല്ലാതെയാണ് ആശുപത്രി പ്രവർത്തിക്കുന്നത്. ഇത് നിയമവിരുദ്ധമായ പ്രവർത്തിയാണ്. ഇക്കാര്യത്തിൽ അടിയന്തിരമായ തുടർനടപടികൾ ഉണ്ടാകേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-24 ശമ്പളപരിഷ്കരണങ്ങൾക്ക് യഥാ സമയം അംഗീകാരം വാങ്ങുന്നില്ല**

നഗരസഭയിലെ ഈസ്റ്റ്, വെസ്റ്റ് സോണുകളിൽ യഥാക്രമം 34, 29 റഗുലർ കണ്ടിജന്റ് ജീവനക്കാരാണ് ജോലി ചെയ്യുന്നത്. ഇതിൽ ബഹുഭൂരിപക്ഷം ജീവനക്കാരുടേയും ഒന്നിലധികം ശമ്പള പരിഷ്കരണങ്ങൾക്ക് ഓഡിറ്റിൽ നിന്നും അംഗീകാരം നേടിയിട്ടില്ല. ജീവനക്കാർ പെൻഷൻ ആയതിനുശേഷവും മുൻകാല ശമ്പള നിർണ്ണയങ്ങളുടെ അംഗീകാരത്തിനായി ഓഡിറ്റിനെ സമീപിക്കുന്ന സാഹചര്യവും നിലവിലുണ്ട്. ശമ്പള നിർണ്ണയിക്കലുകൾ ജീവനക്കാർ പെൻഷനായതിനുശേഷം അംഗീകാരത്തിനയക്കുന്നത് പെൻഷൻ വൈകുന്നതിനും പെൻഷൻ ആനുകൂല്യങ്ങൾ നിർണ്ണയിച്ചതിലെ അപാകതകൾക്കും കാരണമായിട്ടുണ്ട്. ഇതൊഴിവാക്കുന്നതിന് ശമ്പള നിർണ്ണയങ്ങൾക്ക് സമയബന്ധിതമായി ഓഡിറ്റിൽ നിന്നും അംഗീകാരം വാങ്ങേണ്ടതുണ്ട്. ഓഡിറ്റിൽ നിന്നും ഇതുവരെ അംഗീകാരം നൽകിയിട്ടില്ലാത്ത ജീവനക്കാരുടെ ശമ്പള നിർണ്ണയങ്ങളുടെ പട്ടിക താഴ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | ശമ്പള പരിഷ്കരണം | ക്രമ നം | ജീവനക്കാരന്റെ പേര് | ശമ്പള പരിഷ്കരണം |
|---|---|---|---|---|---|
| | **EAST ZONE** | | | **WEST ZONE** | |
| 1. | P.N.ഉണ്ണികൃഷ്ണൻ | 1999,2004, 2009,2014 | 1. | P.S.ഗോപാലൻ | 2004,2009, 2014 |
| 2. | M.സുബ്രമണ്യൻ | 2014 | 2. | K.അശോകൻ | 2009,2014 |
| 3. | T.രാജൻ | 2009,2014 | 3. | K.P.ദാസൻ | 2009,2014 |
| 4. | T.R.ബാബു | 2014 | 4. | P.U.മനോജ് | 2009,2014 |
| 5. | P.മുഹമ്മദ് ബഷീർ | 2009,2014 | 5. | S.മുരുകേശൻ | 2014 |
| 6. | M.S.സുബ്രമണ്യൻ | 2014 | 6. | K.M.കൃഷ്ണൻകുട്ടി | 2014 |
| 7. | E.K.ശശി | 2014 | 7. | T.മുത്തുസ്വാമി | 2014 |
| 8. | M.S.ശിവൻ | 2014 | 8. | N.T.ബേബി | 2014 |
| 9. | M.T.അയ്യപ്പൻ | 2014 | 9. | A.പീറ്റർ | 2014 |
| 10. | M.K.രവി | 2014 | 10. | M.A.ബാബു | 2014 |
| 11. | R.കണ്ണൻ | 2014 | 11. | K.മുരുകമ്മ | 2014 |
| 12. | C.A.ഷിഹാബ് | 2014 | 12. | A.P.വിജയൻ | 2014 |
| 13. | K.മുരുകൻ | 2014 | 13. | A.അനന്ദൻ | 2014 |
| 14. | L.ഗണേശൻ | 2014 | 14. | ബിന്ദു.K.R | 2014 |
| 15. | S.നാഗരാജ് | 2014 | 15. | ബിന്ദു.C.A | 2014 |
| 16. | M.T.രാജേശ്വരി | 2014 | | | |
| 17. | M.K.പ്രദീപ്കുമാർ | 2014 | | | |
| 18. | M.A.കണ്ണൻ | 2014 | | | |
| 19. | A.അയ്യപ്പൻ | 2014 | | | |

ശമ്പള നിർണ്ണയങ്ങൾക്ക് യഥാസമയം ഓഡിറ്റിൽ നിന്നും അംഗീകാരം നേടുന്നതിനുള്ള അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്.

### 1-25 ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി - തുക ഒടുക്കുന്നതിൽ കാലതാമസം - മറ്റ് അപാകതകൾ

സൂചന : 1) ഫയൽ നം.ജി2 – 8613/14
2) ഫയൽ നം.ജി4 – 6858/16
3) ജി.ഒ(പി)20/2013/ഫിൻ തീ:07.01.2013
4) ജി.ഒ(പി)488/2014/ഫിൻ തീ:11.11.2014

സൂചന (3) സർക്കാർ ഉത്തരവിലൂടെ 01.04.2013 ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്ന മുഴുവൻ സർക്കാർ ജീവനക്കാർക്കും ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതി (NPS) ബാധകമാക്കിയിട്ടുള്ളതാണ്. സൂചന (4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഇതേ മാതൃകയിൽത്തന്നെ PRAN (Permanent Retirement Account Number) രജിസ്ട്രേഷൻ നടത്തേണ്ടതും എല്ലാ DDO മാരും ടി ജീവനക്കാർക്ക്, അവർ സർവ്വീസിൽ കയറി 30 ദിവസത്തിനകം, പ്രാൺ കിറ്റ് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. സേവനത്തിൽ പ്രവേശിച്ചതിന്റെ തൊട്ടടുത്ത മാസം മുതൽ ലഭ്യമാകുന്ന ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളം + ഡി.എ യുടെ 10 % വരുന്ന തുക ജീവനക്കാരിൽ നിന്നും ഈടാക്കി, തത്തുല്യമായ തുക നഗരസഭാ വിഹിതവും കൂടി ചേർത്ത് നഗരകാര്യ ഡയറക്ടറുടെ ഇതിനായി ആരംഭിച്ചിരിക്കുന്ന പെൻഷൻ ഫണ്ടിലേക്ക് അതാത് സമയം അടവാക്കേണ്ടതാണ്. എന്നാൽ സർക്കാർ ഉത്തരവിലെ ഈ നിബന്ധനകൾ പാലിക്കുന്നതിന് നഗരസഭയ്ക്ക് സാധിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. **പ്രാൺ നമ്പർ ലഭിക്കാൻ കാലതാമസം - പെൻഷൻ വിഹിതം അടക്കുന്നതിലും കാലതാമസം**

സൂചന1, 2 ഫയലുകൾ പരിശോധിച്ചതിൽ ആലുവ നഗരസഭയിൽ 2018-19 സാമ്പത്തിക വർഷം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രാൺ നമ്പർ കിട്ടാൻ വൈകുന്നതായും ഇതിന്റെ ഫലമായി ടി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന തുക യഥാസമയം നഗരകാര്യ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ഒടുക്കുന്നതിന് കാലതാമസം വരുന്നതായും കാണുന്നു . ഏതാനും ചില ഉദാഹരണങ്ങൾ മാത്രം താഴെ കൊടുക്കുന്നു

| ക്രമ നം | ജീവനക്കാരന്റെ പേര്/തസ്തിക | നഗരസഭയിൽ ജോലിയിൽ പ്രവേശിച്ച തീയതി | പ്രാൺ നമ്പർ ലഭിച്ച തീയതി | തുക ഈടാക്കി തുടങ്ങിയ തീയതി |
|---|---|---|---|---|
| 1 | ഷംന ഹൈമൻ.ഐ/ ബി.സി | 07.04.2018 | 17.04.2019 | 28.05.2019 |
| 2 | റംസീന.എം.എ/ ചെയിൻമാൻ | 02.05.2018 | 17.04.2019 | 28.05.2019 |
| 3 | ദിവ്യ.സി.കെ/ ഒ.എ | 05.06.2017 | 17.04.2019 | 28.05.2019 |
| 4 | രവീന്ദ്രൻ.വി/ നൈറ്റ് വാച്ചമാൻ | 04.10.2018 | 17.04.2019 | 28.05.2019 |
| 5 | ഉല്ലാസ്.വി.ബി/ ഒ.എ | 08.01.2018 | 17.04.2019 | 28.05.2019 |
| 6 | മനോജ്.കെ.എ/ ഡ്രൈവർ | 04.07.2016 | | 28.05.2019 |
| 7 | സ്റ്റെബിൻ.ടി.എസ്/ ഒ.എ | 03.03.2018 | | 28.05.2019 |
| 8 | ജാസ്മിൻ.കെ.എം/ ബി.സി | 11.05.2018 | | 28.05.2019 |
| 9 | രാജേഷ്.പി.ആർ/ ബി.സി | 09.10.2017 | | പ്രാൺ നമ്പർ ഇതുവരെ ലഭ്യമായിട്ടില്ല |

മുകളിൽ സൂചിപ്പിച്ച ഉദ്യോഗസ്ഥർക്ക് പ്രാൺ നമ്പർ കിട്ടാൻ ശരാശരി ഒരു വർഷ കാലതാമസം ഉണ്ടായതായി വ്യക്തമാണ്. മാത്രമല്ല നഗരകാര്യ ഡയറക്ടറുടെ പെൻഷൻ ഫണ്ടിലേക്ക് തുക കൈമാറുന്നതിനും ഇതേ കാലതാമസം ഉണ്ടായിട്ടുണ്ട്. പ്രാൺ നമ്പർ യഥാസമയം ലഭ്യമാക്കാത്തതിന് വിശദീകരണം ആരാഞ്ഞ് 31.10.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 27/2018-19ന് നഗരസഭ നൽകിയ മറുപടി ഇപ്രകാരമാണ്. പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് അന്നേ ദിവസം തന്നെ PRAN രജിസ്ട്രേഷനുള്ള ഫോറം നൽകി വരുന്നതാണ്. ഇതോടൊപ്പം ആധാർ, പാൻ, ബാങ്ക് പാസ്ബുക്കിന്റെ ഒന്നാം പേജ് എന്നിവയുടെ പകർപ്പ്, ക്യാൻസൽഡ് ചെക്ക് ലീഫ് എന്നിവ സഹിതം വേണം കാർവി ഡാറ്റാ മാനേജ്മെന്റ് സർവ്വീസ് (ലി), കടവന്ത്ര എന്ന സ്ഥാപനത്തിലേക്ക് രജിസ്ട്രേഷനു വേണ്ടി അയക്കേണ്ടത്. ജീവനക്കാർ ടി രേഖകൾ കൃത്യമായി ഹാജരാക്കാത്തതും Central Record keeping Agency (CRA) യിൽ നിന്നും പ്രാൺ കിറ്റുകൾ കിട്ടാൻ വൈകുന്നതുമാണ് നമ്പർ ലഭിക്കുന്നതിന് കാലതാമസം വരുന്നത് എന്നുമാണ് അറിയിച്ചിരിക്കുന്നത്.

മേൽ പട്ടികയിലെ ക്രമ നം.6 മുതൽ 9 വരെയുള്ള ജീവനക്കാർ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്ന് നഗരസഭയിലേക്ക് ട്രാൻസ്ഫർ ലഭിച്ച് വന്നിട്ടുള്ളതാണ്. ഇവരുടെ നിലവിലുള്ള പ്രാൺ നം. നഗരസഭയിലെ ഡി.ഡി.ഒ യുടേതിലേയ്ക്ക് മാറ്റുന്നതിനും വളരെയധികം കാലതാമസം വരുന്നതായി കാണുന്നു. ഇതിന് മറുപടിയായി ഡി.ഡി.ഒ രജിസ്ട്രേഷൻ മാറ്റം വരുത്തുന്നതിനെപ്പറ്റി നഗരസഭയിൽ ആർക്കും തന്നെ അറിവുണ്ടായിരുന്നില്ലെന്നും നഗരകാര്യഡയറക്ടറുടെ ഓഫീസിലും മറ്റ് നഗരസഭകളിലും നിരന്തരം അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എം സ്റ്റാഫിന്റെ സഹായത്തോടുകൂടെയാണ് ക്രമ നം.6 മുതൽ 8 വരെയുള്ളവരുടെ രജിസ്ട്രേഷൻ നഗരസഭാ ഡി.ഡി.ഒ യുടേതിലേയ്ക്ക് മാറ്റിയിട്ടുള്ളത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഇതിൽ ശ്രീ.സ്റ്റെബിൻ.ടി.എസ് ന്റെ അരിയർ തുക സ്ഥാപന മുഖേന അടക്കാൻ കഴിഞ്ഞിട്ടില്ല. ആയത് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മിക്ക സാമ്പത്തിക ഇടപാടുകളും ഓൺലൈൻ വഴി മാത്രമാണ് നടക്കുന്നത് എന്നതിനാൽ എല്ലാ ജീവനക്കാർക്കും അതോടനുബന്ധിച്ച സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിനുതകുന്ന പരിശീലന പരിപാടികൾ നഗരസഭക്ക് സംഘടിപ്പിക്കാവുന്നതാണ്. അല്ലാത്ത പക്ഷം കിലയിലും മറ്റും നടക്കുന്ന പരിശീലനങ്ങളിൽ എല്ലാ ജീവനക്കാരെയും പങ്കെടുപ്പിക്കുന്നതിന് ഉത്സാഹിക്കേണ്ടതാണ്.

കൂത്താട്ടുകുളം നഗരസഭയിൽ സേവനത്തിൽ പ്രവേശിച്ച് 09.10.2017 ൽ ആലുവ നഗരസഭയിലേക്ക് സ്ഥലം മാറ്റം കിട്ടി വന്ന ശ്രീ. രാജേഷ്.പി.ആർ (ക്രമ നം.9) എന്ന ബിൽ കളക്ടർക്ക് നാളിതു വരെ പ്രാൺ രജിസ്ട്രേഷൻ നമ്പർ ലഭിച്ചിട്ടില്ല . 31.10.2018 ലെ കൂത്താട്ടുകുളം നഗരസഭയുടെ ജി1-5808/17 -ാം നമ്പർ കത്ത് പ്രകാരം 30.08.2017 മുതൽ 09.10.2017 വരെ ടി നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന രാജേഷിന്റെ പെൻഷൻ വിഹിതം ടി നഗരസഭയ്ക്ക് DDO രജിസ്ട്രേഷൻ ലഭിക്കാഞ്ഞതിനാൽ (പഞ്ചായത്ത് മുനിസിപ്പാലിറ്റി ആക്കിയതിനാൽ) അവിടന്ന് അടക്കാൻ സാധിച്ചിട്ടില്ലെന്നും ടിയാളുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയിരുന്ന തുകയും നഗരസഭാ വിഹിതവും നീക്കിവെച്ചിട്ടുണ്ടെന്നും പ്രാൺ നമ്പർ ലഭ്യമാക്കുന്ന മുറയ്ക്ക് ടി തുകകൾ ആലുവ നഗരസഭയിലേക്ക് അയച്ചു തരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ആധാർ ,പാൻ, ബാങ്ക് പാസ്സ്ബുക്ക്,ക്യാൻസൽഡ് ചെക്ക് ലീഫ് എന്നിവ ആലുവ നഗരസഭയിൽ നിന്നും പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ടിയാൻ രേഖകൾ ഹാജരാക്കാൻ വൈകിയതു മൂലം 08.08.2019 ലാണ് അപേക്ഷ പൂർണ്ണമായി അയക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നാണ് നഗരസഭ മറുപടി നൽകിയിട്ടുള്ളത് .

ജീവനക്കാരൻ നിലവിൽ ജോലി ചെയ്യുന്ന നഗരസഭയിൽ നിന്ന് മാത്രമേ ഇതു വരെയുള്ള അരിയർ ഉൾപ്പെടെയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപന വഴി

ഒടുക്കാൻ സാധിക്കൂ എന്നതിനാൽ സ്ഥലം മാറി വരുന്ന ജീവനക്കാർ പ്രാൺ നമ്പർ ലഭിച്ചിട്ടുള്ളവരാണെന്നും അവരുടെ പെൻഷൻ വിഹിതം ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് യഥാസമയം അടവാക്കിയിട്ടുള്ളതാണെന്നും അധികൃതർ ഉറപ്പ് വരുത്തേണ്ടതാണ്

2. **<u>നഗരസഭ പെൻഷൻ ഫണ്ടിൽ വൻ തുക നീക്കിയിരുപ്പ്</u>**

1) 2018-19 സാമ്പത്തിക വർഷം എൻ.പി.എസ് പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന തുക തത്തുല്യ നഗരസഭാ വിഹിതവും കൂടി ചേർത്ത് തനത് ഫണ്ടിൽ നിന്നും ഇതിനായി നഗരസഭ പ്രത്യേകം ആരംഭിച്ചിട്ടുള്ള പഞ്ചാബ് നാഷണൽ ബാങ്കിൽ (a/c നം:45483) അടവാക്കിയിട്ടുണ്ട്. 2018-19 ൽ 11,43,954 രൂപ റെഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് ആകെ ഈടാക്കിയിട്ടുണ്ടെങ്കിലും 5,31,354/- രൂപ മാത്രമാണ് നഗരകാര്യ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് അടച്ചിരിക്കുന്നത്. ഇതിന് മറുപടിയായി 2018-19 ൽ ചുവടെ കാണിച്ചിരിക്കുന്ന പട്ടിക പ്രകാരം പ്രാൺ ഉള്ളവരുടെ മാത്രം തുകയായ 5,31,354/- രൂപയാണ് ഡയറക്ടറേറ്റിലേക്ക് അയച്ചിട്ടുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്.

| കാലയളവ് | ആകെ | PRAN ഉള്ളവർ | PRAN ഇല്ലാത്തവർ |
|---|---|---|---|
| 2018 ഏപ്രിൽ | 15 | 8 | 7 |
| 2018 മെയ് | 18 | 8 | 10 |
| 2018 ജൂൺ | 19 | 8 | 11 |
| 2018 ജൂലൈ | 19 | 8 | 11 |
| 2018 ആഗസ്റ്റ് | 19 | 8 | 11 |
| 2018 സെപ്റ്റംബർ | 20 | 9 | 11 |
| 2018 ഒക്ടോബർ | 20 | 11 | 9 |
| 2018 നവംബർ | 20 | 11 | 9 |
| 2018 ഡിസംബർ | 20 | 11 | 9 |
| 2019ജനുവരി | 19 | 10 | 9 |
| 2018 ഫെബ്രുവരി | 19 | 10 | 9 |
| 2018 മാർച്ച് | 20 | 9 | 11 |

2) 2019 മാർച്ച് 31 ന് ടി അക്കൗണ്ടിൽ 19,01,434 രൂപയുടെ നീക്കിയിരിപ്പുണ്ടായിരുന്നു. പെൻഷൻ വിഹിതം ഈടാക്കിയ മാസം തന്നെ നഗരകാര്യ ഡയറക്ടറുടെ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കേണ്ടതാണെന്നിരിക്കെ ഇത്രയും തുക അക്കൗണ്ടിൽ നീക്കിയിരിപ്പ് കാണുന്നതിന്റെ കാരണം ആരാഞ്ഞപ്പോൾ 2013-14 മുതൽ 2016 ജൂലൈ മാസം വരെയുള്ള റെഗുലർ&കണ്ടിജന്റ് ജീവനക്കാരുടേയും നഗരകാര്യഡയറക്ടർക്ക് ഒടുക്കാൻ കഴിയാതിരുന്ന തുകയും 2016 ആഗസ്റ്റ് മുതൽ 2019 മാർച്ച് വരെ പ്രാൺ ലഭ്യമല്ലാത്തവരുടെ വിഹിതവും ബാങ്ക് പലിശയും ഉൾപ്പെടെയുള്ള തുകയാണതെന്ന് മറുപടി തന്നിട്ടുണ്ട്. 2013-14 മുതൽ 2016 ജൂലൈ മാസം വരെ പഞ്ചാബ് നാഷണൽ

ബാങ്കിൽ നിക്ഷേപിച്ചിരുന്ന തുക 2019 ജൂലൈയിൽ മാത്രമാണ് ഒടുക്കാൻ സാധിച്ചത്. ബാദ്ധ്യത ഹെഡിലെ അടവുകൾ യഥാസമയം ഒടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-26 സെൻട്രൽ പ്രൊവിഡന്റ് ഫണ്ട് - ജീവനക്കാർക്ക് ആനുവൽ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നില്ല

സൂചന 1) ഫയൽ നം. G2-3666/98 Vol. III

2) ഫയൽ നം. G2-1983/15

2005 -ലെ കേരള മുനിസിപ്പൽ പെൻഷനബിൾ എംപ്ലോയീസ് സെൻട്രൽ പ്രൊവിഡന്റ് ഫണ്ട് ചട്ടങ്ങൾ പ്രകാരം നഗരസഭാ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിന്റെ കസ്റ്റോഡിയൻ നഗരകാര്യ ഡയറക്ടർ ആണ്. ടി ചട്ടം 15(2) പ്രകാരം നഗരകാര്യ ഡയറക്ടർ പുറപ്പെടുവിക്കുന്ന ആനുവൽ ക്രെഡിറ്റ് കാർഡിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം പി.എഫിൽ നിന്നും ജീവനക്കാർക്ക് താൽക്കാലിക മുൻകൂറുകൾ അനുവദിക്കേണ്ടത്. ചട്ടം 30 പ്രകാരം നഗരകാര്യ ഡയറക്ടർ എല്ലാ സാമ്പത്തികവർഷവും ക്രെഡിറ്റ് കാർഡ് പുറപ്പെടുവിക്കണം. ജീവനക്കാർ സ്വന്തം അക്കൗണ്ടിലുള്ള യഥാർത്ഥ തുക ഇപ്രകാരം ക്രെഡിറ്റ് കാർഡ് വഴി ഉറപ്പുവരുത്തേണ്ടതാണ്.

നഗരസഭ സൂക്ഷിക്കുന്ന പി.എഫ് രജിസ്റ്ററും സൂചന ഫയലുകളും പ്രകാരം അത്തരത്തിൽ ഒരു ക്രെഡിറ്റ് കാർഡ് 2018-19ൽ, പി.എഫിൽ നിന്നും, താൽക്കാലിക വായ്പ എടുക്കുന്നതിന് ഒരു ജീവനക്കാരും ഹാജരാക്കിയതായി കാണുന്നില്ല. നഗരസഭാ രജിസ്റ്റർ പ്രകാരം ഓരോരുത്തരുടെ അക്കൗണ്ടിൽ ഉള്ള ആകെ തുകയിൽ നിന്ന് നിലവിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക മാത്രം കുറച്ച് ചിലപ്പോഴെങ്കിലും തെറ്റായി അധിക മുൻകൂറുകൾ അനുവദിക്കുന്നതായും പിന്നീട് തിരിച്ചടച്ചതായും കാണുന്നു.ഇത്തരം തെറ്റുകൾ അവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം പിൻവലിക്കാൻ സാധിക്കാത്ത ശമ്പള പരിഷ്കരണ കുടിശ്ശിക, ഡി.എ. കുടിശ്ശിക എന്നിവ കൂടെ കുറവ് ചെയ്ത് വേണം പി.എഫിൽ നിന്നും പിൻവലിക്കാനാവുന്ന തുക കണക്കാക്കേണ്ടത്. ഇത് സംബന്ധിച്ച് 20.08.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.7 ന് മറുപടി ലഭിച്ചിട്ടുണ്ട്. ആയതിൽ നഗരസഭയുടെ സാമ്പത്തിക പരാധീനത മൂലം അതാതു കാലങ്ങളിലെ ശമ്പള പരിഷ്കരണം, ഡി.എ. കുടിശ്ശികകൾ വർഷങ്ങൾക്ക് ശേഷമാണ് ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാൻ സാധിക്കുന്നതെന്നും സ്ഥലം മാറ്റം ലഭിച്ച് വരുന്ന ജീവനക്കാരുടെ എൽ.പി.സി യിൽ നിശ്ചിത സമയ പരിധിക്കകം പിൻവലിക്കാൻ സാധിക്കാത്ത തുകകളുടെ വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തി വരാറില്ല എന്നുമാണ് അറിയിച്ചിരിക്കുന്നത്. എന്നിരുന്നാലും നിലവിൽ പി.എഫ് അക്കൗണ്ടിലെ എല്ലാ രേഖപ്പെടുത്തലുകളും യഥാസമയം ഓൺലൈനായി ഡാറ്റാ എൻട്രി നടത്തി വെരിഫൈ ചെയ്ത് ഡയറക്ടർക്ക് അയച്ചു വരുന്നുണ്ട് എന്നും വ്യക്തമാക്കുന്നു.

നിലവിൽ പി.എഫ് കൈകാര്യം ചെയ്യുന്ന സ്ഥാപന സോഫ്റ്റ് വെയറിൽ ഓരോരുത്തരുടെയും അക്കൗണ്ടിലെ വർഷാവസാന നീക്കിയിരിപ്പ് വ്യക്തമാക്കുന്ന ആനുവൽ ക്രെഡിറ്റ് കാർഡ് ലഭിക്കുന്നതിനുള്ള ഓപ്ഷൻ ലഭ്യമാണ്. ആയതിന്റെ കൃത്യത രജിസ്റ്ററുമായി ഒത്തു നോക്കി ഉറപ്പു വരുത്തേണ്ടതാണ്. ക്രെഡിറ്റ് കാർഡിന്റെ അടിസ്ഥാനത്തിലുള്ള നീക്കിയിരിപ്പ് തുക പ്രകാരമാണ് താൽക്കാലിക വായ്പയ്ക്കുള്ള അർഹതയും തുകയും തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. ആകയാൽ ജീവനക്കാർ ഹാജരാക്കുന്ന ക്രെഡിറ്റ് കാർഡിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക മുൻകൂറുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-27 പെൻഷൻ കോൺട്രിബ്യൂഷൻ – 3.07 കോടി രൂപ നഗരസഭക്ക് ലഭിക്കാനുണ്ട്**

ആലുവ നഗരസഭയിലെ റഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന പെൻഷൻ വിഹിതം വർഷങ്ങളായി സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുന്നില്ല. പെൻഷൻ വിതരണത്തിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കേണ്ട പെൻഷൻ അലോട്ട്മെന്റ് വളരെ തുച്ഛമായാണ് നഗരസഭക്ക് ലഭിക്കുന്നത്. അതേസമയം പെൻഷൻ വിതരണം നഗരസഭയുടെ തനത് വരുമാനത്തിൽ നിന്നാണ് നടത്തുന്നത്. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കറവു ചെയ്യുന്ന പെൻഷൻ വിഹിതം, കമ്മ്യൂട്ടേഷൻ തിരിച്ചടവ്, സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നുള്ള പെൻഷൻ അലോട്ട്മെന്റ് എന്നീ വരവുകൾ കഴിച്ചാലും 2018-19 സാമ്പത്തിക വർഷത്തിൽ മാത്രം 66.08 ലക്ഷം രൂപയാണ് നഗരസഭയുടെ തനത് വരുമാനത്തിൽ നിന്നും പെൻഷൻ വിതരണത്തിനായി അധികം ചെലവായിരിക്കുന്നത് എന്നാണ് നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടർക്ക് നൽകിയ 11.11.2019 -ലെ ജി.2-333/93 വാല്യം 3 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 2018-19 ലെ പെൻഷൻ വിതരണം | | 1,21,13,686.00 |
| ജീവനക്കാരിൽ നിന്നുള്ള പെൻഷൻ വിഹിതം | 29,89,664.00 | |
| കമ്മ്യൂട്ടേഷൻ തിരിച്ചടവ് | 7,97,743.00 | |
| പെൻഷ്യൻ അലോട്ട്മെന്റ് ലഭിച്ചത് | 17,17,600.00 | |
| **ആകെ** | **55,05,007.00** | **55,05,007.00** |
| **തനത് ഫണ്ടിൽ നിന്നുള്ള അധിക ചെലവ്** | | **66,08,679.00** |

ഫയൽ ജി.2-2876/97 പ്രകാരം 2018-19 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 2,41,33,937.00 രൂപ പെൻഷൻ അലോട്ട്മെന്റ്

ലഭിക്കാനുണ്ട്. മുകളിൽ കാണിച്ചിട്ടുള്ള 2018-19 – ലെ അധിക ചെലവ് കൂടി കണക്കിലെടുക്കുമ്പോൾ 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ 3,07,42,616.00 (2,41,33,937.00 + 66,08,679.00) രൂപയാണ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ആലുവ നഗരസഭക്ക് ലഭിക്കാനുള്ളത്. ദൈനംദിന ചെലവുകൾക്കും വികസന പ്രവർത്തനങ്ങൾക്കും ഫണ്ട് കണ്ടെത്താൻ ബുദ്ധിമുട്ടുന്ന നഗരസഭയെ സംബന്ധിച്ചടത്തോളം പെൻഷൻ അലോട്ട്മെന്റ് മൂന്ന് കോടിയിലധികം രൂപ കുടിശ്ശികയുള്ളത് അടിയന്തിരമായി ലഭിക്കേണ്ടതാണ്. ഇക്കാര്യം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് നഗരസഭക്ക് അർഹമായ പെൻഷൻ കോൺട്രിബ്യൂഷൻ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**1-28 പൊതുമുതൽ സംരക്ഷണം - നിയമപരമായ ബാധ്യത നിറവേറ്റുന്നില്ല.**

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 30 മുനിസിപ്പാലിറ്റിയുടെ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വചിക്കുന്നു. പ്രസ്തുത വകുപ്പിലെ 1 -ാം പട്ടിക പ്രകാരം പൊതുമുതലുകൾ പരിപാലിക്കുക എന്നത് നഗരസഭയുടെ അനിവാര്യ ചുമതലയാണ്. ആലുവ നഗരസഭയ്ക്ക് ഒട്ടേറെ കെട്ടിടങ്ങൾ സാംസ്ക്കാരിക സ്ഥാപനങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ കംഫർട്ട്സ്റ്റേഷനുകൾ, പൊതുസ്ഥലങ്ങൾ ഇവ സ്വന്തമായുണ്ട്. എന്നാൽ ഈ പൊതു ആസ്തികൾ സംരക്ഷിക്കുന്നതിൽ നഗരസഭ കുറ്റകരമായ അലംഭാവം കാണിക്കുന്നുണ്ട്. ഇവ വേണ്ട രീതിയിൽ സംരക്ഷിക്കാതെ തീർത്തും അവഗണിച്ചിരിക്കുന്നതായി ഈ സ്ഥാപനങ്ങളിൽ നടത്തിയ നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ ഫോട്ടോ സഹിതം ചുവടെ ചേർക്കുന്നു.

**<u>എ) ഗോഡൗൺ കം കമ്മ്യൂണിറ്റി ഹാൾ, മാർ വാർ ജംഗ്ഷൻ</u>**

കേരളപ്പിറവി സുവർണ്ണ ജൂബിലി സ്മാരകമായി 2006 ൽ പണി പൂർത്തിയാക്കിയതാണ് ഗോഡൗൺ കം കമ്മ്യൂണിറ്റി ഹാൾ. നഗരത്തിനോട് ചേർന്നുള്ള മാർ വാർ ജംഗ്ഷനിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 28 ആർ 33 ച.മീ സ്ഥലത്ത് 301.30 ച.മീ വീതം വിസ്തീർണ്ണമുള്ള മൂന്ന് നിലകളായി പണിതിരിക്കുന്ന ഈ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ വാടകക്ക് നൽകിയിരിക്കുന്ന ഏതാനും കടമുറികളാണ്. ഒന്നാം നില ഖര മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കുന്ന പ്ലാൻ @ എർത്ത് എന്ന സ്ഥാപനത്തിന് സൗജന്യമായി നൽകിയിരിക്കുകയാണ്. നഗരസഭാ പരിധിയിൽ ഉൽഭവിക്കുന്ന പ്ലാസ്റ്റിക് സാധനങ്ങൾ റീ സൈക്കിൾ ചെയ്യുന്നതിനായി തരം തിരിക്കുന്ന പ്രക്രിയയാണ് ഒന്നാം നിലയിൽ പ്ലാൻ @ എർത്ത് എന്ന സ്ഥാപനം നടത്തുന്നത്. 01.11.2017 മുതലാണ് ഈ കെട്ടിടം MRF (Material Recycling Facility) സൗകര്യം ഒരുക്കുന്നതിനായി പ്ലാൻ @ എർത്തിന് നൽകിയത്. വാടകയോ ഡെപ്പോസിറ്റോ ഇല്ലാതെയാണ് ഈ കെട്ടിടം പ്ലാൻ @ എർത്തിന് നൽകിയത്. കെട്ടിടത്തിന്റെ രണ്ടാം നില 301.30 ച.മീ വലിപ്പമുള്ള ടൈൽ പാകിയതും പ്ലാറ്റ് ഫോമോടുകൂടിയതുമായ കമ്മ്യൂണിറ്റി ഹാളാണ്. കെട്ടിടത്തിന്റെ സ്റ്റെയർ കെയ്സിലും

ഒന്നാം നിലയിലും വരാന്തയിലുമെല്ലാം പ്ലാസ്റ്റിക് മാലിന്യം ചാക്കുകളിലാക്കി കൂട്ടിയിട്ടിരിക്കുകയാണ്. രണ്ടാം നിലയിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ പ്രവേശന മാർഗമായ സ്റ്റെയർ കെയ്സിലും പ്ലാസ്റ്റിക് മാലിന്യ ചാക്കുകൾ നിറഞ്ഞിരിക്കുകയാണ്. 07.02.2020 ൽ നേരിട്ട് പരിശോധന നടത്തിയപ്പോൾ രണ്ടാം നിലയിലെ കമ്മ്യൂണിറ്റി ഹാളിലേക്ക് പ്രവേശിക്കാനാവാത്ത വിധം മാലിന്യം സ്റ്റെയർ കെയ്സിൽ കൂട്ടിയിട്ടിരിക്കുകയായിരുന്നു. തുടർന്ന് പ്ലാസ്റ്റിക് മാലിന്യം തരം തിരിക്കുന്ന പ്ലാൻ @ എർത്തിലെ ജീവനക്കാർ മാലിന്യ ചാക്കുകൾ മാറ്റി വഴി ഒരുക്കിത്തരികയായിരുന്നു. ഒന്നാം നിലയിലെ പ്ലാൻ @ എർത്തിന്റെ മാലിന്യം തരംതിരിക്കുന്ന പ്രവർത്തനവും പ്രവേശന മാർഗത്തിലേയും വരാന്തയിലേയും മാലിന്യകൂമ്പാരവും മുകളിലെ ഹാൾ വാടകക്ക് നൽകുന്നതിന് വലിയ രീതിയിൽ തടസ്സമാകുന്നുണ്ട്. ആയിരത്തോളം പേർക്കെങ്കിലും പങ്കെടുക്കാവുന്ന, പൊതുപരിപാടിക്ക് അനുയോജ്യമായ ഹാളാണ് ഉപയോഗ ശൂന്യമായി നശിക്കുന്നത്. ടൈൽ പാകിയ നാലുവശവും വരാന്തയുള്ള ഹാളിന്റെ ഒരു വശത്ത് ടോയ് ലറ്റുകളും വാഷ് ബെയ്സനുകളും സ്ഥാപിച്ചിട്ടുണ്ട്. സീലിങ്ങ് നടത്തിയതും വാൾ ഫാനുകളും ലൈറ്റുകളും സ്ഥാപിച്ചിരിക്കുന്നതുമായ ഈ ഹാൾ പൊതു പരിപാടികൾക്ക് വാടകക്ക് നൽകാവുന്ന രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. എന്നാൽ സമീപ കാലത്തൊന്നും ഇത് ആരും വാടകക്ക് എടുത്തിട്ടില്ല. വാഷ് ബെയ്സന് സമീപമുള്ള ടൈലുകൾ ഇളകി പോയിരിക്കുന്നു. ടോയ് ലറ്റുകൾ അഴുക്ക് പിടിച്ച് തുറന്ന് കിടക്കുകയാണ്. ഹാളിന്റെ ഉൾവശം പൊടിയും മാറാലയും പിടിച്ച് മോശം അവസ്ഥയിലാണ്.

കെട്ടിടത്തിലെ ശിലാ ഫലകത്തിൽ ഗോഡൗൺ കം കമ്മ്യൂണിറ്റി ഹാൾ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുനിസിപ്പാലിറ്റിക്ക് സ്വന്തമായി ഗോഡൗൺ ആവശ്യമില്ലന്നിരിക്കെ, വാടകക്ക് നൽകുക എന്ന ഉദ്ദേശത്തോടെയാണ് ഗോഡൗൺ നിർമ്മിച്ചതെന്ന് വ്യക്തമാണ്. എന്നാൽ ഗോഡൗണും കമ്മ്യൂണിറ്റി ഹാളും നഗരസഭക്ക് യാതൊരു വരുമാനവും നേടിത്തരുന്നില്ല. അതേ സമയം പ്ലാൻ @ എർത്തിന് വാടകയും ഡെപ്പോസിറ്റും വാങ്ങാതെ പൂർണ്ണമായും സൗജന്യമായാണ് കെട്ടിടം നൽകിയിരിക്കുന്നതെങ്കിലും വീടുകളിൽ നിന്നും കളക്റ്റ് ചെയ്യുന്ന പ്ലാസ്റ്റിക് മാലിന്യത്തിന് 50 രൂപ വീതം പ്ലാൻ @ എർത്ത് കളക്റ്റ് ചെയ്യുന്നുണ്ടെന്നാണ് സ്ഥാപനത്തിലെ ജീവനക്കാരൻ പറഞ്ഞത്. പൊതുജനങ്ങളിൽ നിന്നും കളക്ഷൻ ഫീസ് ഈടാക്കുന്നതോടൊപ്പം സൗജന്യമായി മുനിസിപ്പൽ കെട്ടിടം അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഫലത്തിൽ നഗരസഭാ കെട്ടിടം സൗജന്യമായി നൽകിയതിന്റെ ഗുണം പൊതു ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്നാണിത് വ്യക്തമാക്കുന്നത്. അതോടൊപ്പം കെട്ടിടവും പരിസരവും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നതിനാൽ കമ്മ്യൂണിറ്റി ഹാളിന്റെ വാടകയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട വരുമാനം

നഷ്ടമാവുകയും ചെയ്യുന്നു. നഗരത്തോട് ചേർന്ന് ആലുവ – പെരുമ്പാവൂർ KSRTC റോഡിൽ തിരക്കുള്ള പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിലെ മൂന്നിൽ രണ്ട് ഭാഗം നഗരസഭക്ക് യാതൊരു വരുമാനമുണ്ടാക്കുന്നതിന് ഉപകരിക്കുന്നില്ലായെന്നത് അംഗീകരിക്കാവുന്നതല്ല. നഗരസഭ സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യത്തിൽ ഈ കെട്ടിടത്തിലെ കമ്മ്യൂണിറ്റി ഹാൾ മാർക്കറ്റൈസ് ചെയ്യുന്നതിന് അനുയോജ്യമായ നടപടിയുണ്ടാകേണ്ടതാണ്. പ്ലാൻ @ എർത്ത് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം കമ്മ്യൂണിറ്റി ഹാൾ വാടകക്ക് പോകുന്നതിന് തടസ്സമാകുന്ന സാഹചര്യത്തിൽ ഇത് പരിഹരിക്കുന്നതിനും നടപടിയുണ്ടാകേണ്ടതാണ്.



**ഗോഡൗൺ കം കമ്മ്യൂണിറ്റി ഹാൾ, മാർ വാർ ജംഗ്ഷൻ**

**<u>ബി) അംബേദ്കർ കമ്മ്യൂണിറ്റി ഹാൾ</u>**

ആലുവ ടൗണിൽ മാതാ - സീനത്ത് തീയറ്റർ റോഡിൽ (പ്രിയദർശിനി റോഡ്) സ്ഥിതി ചെയ്യുന്ന 108.99 ച.മീ വിസ്തൃതിയുള്ള അംബേദ്കർ കമ്മ്യൂണിറ്റി ഹാളും അതിനോട് ചേർന്നുള്ള മുറികളും അനബന്ധ ഉപകരണങ്ങളും തീർത്തും ഉപയോഗ ശൂന്യമാണെന്ന് ഓഡിറ്റിന്റെ 07.02.2020 ലെ പ്രാദേശിക പരിശോധനയിൽ ബോധ്യമായി. ഈ കെട്ടിടത്തിന്റെ ഭിത്തികളിലൂടെ മഴവെള്ളം മുറിയ്ക്കുള്ളിലേക്ക് ഒലിച്ചിറങ്ങി ഭിത്തികളിലെ പെയിന്റെല്ലാം നഷ്ടപ്പെട്ട് മോശം അവസ്ഥയിലാണ്. ഹാളിലെ ടൈലുകൾ ഇളകി പോയതായും സീലിങ്ങ് പൂർണ്ണമായും പൊളിഞ്ഞ് പോയതായും കാണുന്നു. ആയതുമൂലം കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകാനാവാത്ത സ്ഥിതിയാണുള്ളത്. കമ്മ്യൂണിറ്റി ഹാളിലേക്കായി വാങ്ങിയ കസേരകൾ, അലമാരകൾ, ഡസ്കുകൾ എന്നിവ ഉപയോഗിക്കാതെ നശിക്കുകയാണ്. മരം കൊണ്ട് നിർമ്മിച്ച 13 ഡസ്കുകളും ഗോദരെജ് കമ്പനിയുടെ 3 പുതിയ അലമാരകളും യാതൊരു ഉപയോഗവുമില്ലാതെ പൊടി പിടിച്ച് കിടക്കുകയാണ്. അബേദ്കർ കമ്മ്യൂണിറ്റി ഹാളിലേക്ക് സോളാർ ബേസ് ഇലക്ട്രിഫിക്കേഷനു വേണ്ടി 2012-13 വർഷം 1,75,140/- രൂപയും 2014-15 വർഷം 24,470/- രൂപയും (ബിൽ നം. 93/ 29.03.2013) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സോളാർ സിസ്റ്റം പ്രവർത്തനക്ഷമമല്ല. ഹാളിനോട് ചേർന്നുള്ള മുറിയിൽ 4 ബാറ്ററിയും ഇൻവെർട്ടറും ഉപയോഗശൂന്യമായി പൊടിപിടിച്ച് കിടക്കുകയാണ്. സമീപകാലത്ത് വരെ ചെറിയ

മീറ്റിങ്ങുകൾക്ക് വാടകക്ക് നൽകിരുന്ന അംബേദ്കർ കമ്മ്യൂണിറ്റി ഹാൾ നിലവിൽ വാടകക്ക് നൽകാനാവാത്ത രീതിയിൽ ഉപയോഗശൂന്യമാണ്. ശരിയായ രീതിയിൽ മെയിന്റനൻസ് നടത്തി പരിപാലിച്ചാൽ മേൽപറഞ്ഞ സ്ഥാപനത്തിൽ നിന്നും നഗരസഭക്ക് വരുമാനം ഉറപ്പാക്കാവുന്നതാണ്.






*അംബേദ്കർ കമ്മ്യൂണിറ്റി ഹാളിന്റെ ഉൾഭാഗം*

**<u>സി) കടത്ത് കടവ് സാംസ്കാരിക കേന്ദ്രം</u>**

നഗരസഭയുടെ ഉടമസ്ഥതയിൽ ആലുവ ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്ഥാപനമാണ് കടത്ത് കടവ് സാംസ്കാരിക കേന്ദ്രം. പെരിയാറിന്റെ തീരത്ത് ഏകദേശം 20 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ കേന്ദ്രം അതിന്റെ നിർമ്മാണ രീതി കൊണ്ടും പ്രകൃതി രമണീയതുകൊണ്ടും വേറിട്ടു നിൽക്കുന്നു. സാഹിത്യ – സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് അനുയോജ്യമായ ഒരു വേദിയാണ് ഈ സാംസ്കാരിക കേന്ദ്രം. കേരളത്തിന്റെ പരമ്പരാഗത നിർമ്മാണ രീതിയെ അനുസ്മരിപ്പിക്കുന്ന ഈ കെട്ടിടം കേരളത്തിന്റെ തനതായ സംഗീത, കലാ, സാംസ്കാരിക പരിപാടികൾക്കുള്ള വേദിയാക്കാവുന്നതാണ്. എന്നാൽ 2018 ലെ മഹാ പ്രളയത്തിൽ വലിയ നാശ നഷ്ടം നേരിട്ട ഈ സാംസ്കാരിക കേന്ദ്രം പുനരുജ്ജീവിപ്പിക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല. 07.02.2020 ൽ നേരിട്ട് നടത്തിയ പരിശോധനയിൽ കെട്ടിത്തിന്റെ മെയിന്റനൻസ്, കോമ്പൗണ്ട് വാൾ നിർമ്മാണം ഉൾപ്പെടെയുള്ള ഏതാനും നിർമ്മാണ പ്രവർത്തികൾ നടക്കുന്നതായി കണ്ടു. കോമ്പൗണ്ടിൽ കെട്ടിടം നിൽക്കുന്ന സ്ഥലം ഒഴിച്ചുള്ള മറ്റ് സ്ഥലത്ത് പുല്ല് പാകിയും പൊതു ജനങ്ങൾക്ക് വിശ്രമിക്കാനുള്ള സൗകര്യമൊരുക്കിയും മനോഹരമാക്കാവുന്നതാണ്. ജില്ലയിലെ തന്നെ പ്രശസ്തമായ ഇടപ്പിള്ളി ചങ്ങമ്പുഴ പാർക്ക് പോലെ ജന ശ്രദ്ധ ആകർഷിക്കാവുന്ന രീതിയിൽ വളർത്തിയെടുക്കാവുന്ന ഒരു സാംസ്കാരിക സ്ഥാപനമാണ് ആലുവ നഗരസഭയിലെ കടത്ത് കടവ് സാംസ്കാരിക കേന്ദ്രം. നഗരത്തിലെ സാംസ്കാരിക സംഘടനകൾക്കും ക്ലബുകൾക്കും സ്വയം സഹായ സംഘങ്ങൾക്കം മീറ്റിങ്ങുകൾക്കും പൊതു പരിപാടികൾക്കും വാടകക്ക് നൽകുന്നതിലൂടെ നഗരസഭക്ക് വരുമാനം ആർജ്ജിക്കാനുള്ള ഒരു മാർഗമായും ഈ സാംസ്കാരിക കേന്ദ്രത്തെ മാറ്റാവുന്നതാണ്. ഈ സാംസ്കാരിക കേന്ദ്രത്തിന്റെ ഒരു മുറി

റെസിഡന്റ്സ് അസ്സോസിയേഷന് നൽകിയതായതിനാൽ തുറന്നു കാണാൻ സാധിച്ചില്ല. സാംസ്കാരിക കേന്ദ്രത്തിൽ റെസിഡന്റ്സ് അസ്സോസിയേഷന് മുറി അനുവദിച്ചതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഇവരുമായുള്ള എഗ്രിമെന്റ് പരിശോധനയ്ക്ക് നൽകേണ്ടതാണ്.




*കടവ് കടത്ത് സാംസ്കാരിക കേന്ദ്രം*

**<u>ഡി) മുനിസിപ്പൽ പാർക്കിനോട് ചേർന്നുള്ള സാംസ്കാരിക നിലയം</u>**

ആലുവ ടൗണിൽ ബാങ്ക് ജംഗ്ഷന് സമീപമുള്ള മുനിസിപ്പൽ പാർക്കിന്റെ കിഴക്കു വശത്ത് വർഷങ്ങൾക്ക് മുമ്പ് MLA ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതാണ് ഈ സാംസ്കാരിക കേന്ദ്രം. ഇരുനില കെട്ടിടമായാണ് ഈ സാംസ്കാരിക കേന്ദ്രം നിർമ്മിച്ചിരിക്കുന്നത്. ഗ്രൗണ്ട് ഫ്ലോറിൽ 96 ച.മീ ഓപ്പൺ സ്റ്റേജും സ്റ്റേജിന് പുറകിൽ ഒരു റൂമും സ്റ്റെയർ റൂമുമാണ് ഇതിലുള്ളത്. മുകളിലത്തെ നില 40 ച.മീറ്ററുള്ള രണ്ട് മുറികളാണ്. പെരിയാറിന് അഭിമുഖമായി നിർമ്മിച്ചിരിക്കുന്ന സ്റ്റേജിനും പെരിയാറിനുമിടയിലുള്ള സ്ഥലമാണ് പ്രേക്ഷകർക്ക് ഇരിക്കാനുള്ളത്. നല്ല രീതിയിൽ പരിപാലിച്ചാൽ ഇതും പൊതു പരിപാടിക്ക് അനുയോജ്യമായ സ്ഥലമാണ്. എന്നാൽ ഓപ്പൺ സ്റ്റേജിന്റെ പരിസരവും പ്രേക്ഷകർക്കുള്ള സ്ഥലവും കാട് കയറിയ അവസ്ഥയിലാണ്. നാളിതുവരെ ഈ സാംസ്കാരിക കേന്ദ്രത്തിൽ ഏതെങ്കിലും രീതിയിലുള്ള കലാ - സാംസ്കാരിക പരിപാടികൾ നടന്നിട്ടില്ലായെന്നാണ് അറിയാൻ സാധിച്ചത്. അതേ സമയം ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനാ സമയത്ത് ഓപ്പൺ സ്റ്റേജിൽ ബൈക്ക് കയറ്റി വച്ചിരിക്കുന്നതായും നഗരസഭയിലെ കേടായ സ്ട്രീറ്റ് ലൈറ്റുകളും റ്റ്യൂബ് സെറ്റുകളും കൂട്ടിയിട്ടിരിക്കുന്നതുമാണ് കണ്ടത്. നിലവിൽ സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് നടത്തുന്ന കരാറുകാരൻ ഈ കേന്ദ്രം ഒരു സംഭരണ കേന്ദ്രം പോലെ ഉപയോഗിക്കുകയാണ്. മാത്രവുമല്ല ഈ സാംസ്കാരിക കേന്ദ്രത്തോട് ചേർന്നാണ് നഗരസഭയുടെ ജൈവ മാലിന്യ നിർമ്മാർജ്ജന പദ്ധതിയായ തുമ്പൂർ മുഴി പദ്ധതിയുടെ 10 ബിന്നുകൾ സ്ഥാപിച്ചിരിക്കുന്നത്. പൊതുജനങ്ങളുടെ സ്ഥിരസഞ്ചാരമില്ലാത്തിടത്തും സാമീപ്യമില്ലാത്തിടത്തും സ്ഥാപിക്കേണ്ട മാലിന്യ സംസ്കരണ ബിന്നുകൾ ഒരു സാംസ്കാരിക കേന്ദ്രത്തോട് ചേർന്ന് സ്ഥാപിച്ചിരിക്കുന്നത് ഈ സാംസ്കാരിക സ്ഥാപനം

നേരിടുന്ന അവഗണനക്ക് ഉദാഹരണമാണ്.




*മുനിസിപ്പൽ പാർക്കിനോട് ചേർന്നുള്ള സാംസ്കാരിക നിലയം*

**ഇ) സെക്രട്ടറിയുടേയും എഞ്ചിനീയറുടേയും ക്വാർട്ടേഴ്സ്**

12 ആർ 75 ച.മീ വീതം വിസ്തീർണ്ണമുള്ള സ്ഥലത്ത് നഗരസഭാ സെക്രട്ടറിക്കും മുനിസിപ്പൽ എഞ്ചിനീയർക്കും താമസിക്കുന്നതിനായി രണ്ട് കെട്ടിടങ്ങളാണ് നഗരത്തിന്റെ മദ്ധ്യത്തിലായി പണിതിരിക്കുന്നത്. 168.50 ച.മീ വീതം വിസ്തൃതിയിൽ ഇരു നിലയായി നിർമ്മിച്ചിരിക്കുന്ന രണ്ട് കെട്ടിടങ്ങളും വർഷങ്ങളായി ആരും ഉപയോഗിക്കുന്നില്ല. അതിനാൽ തന്നെ കെട്ടിടങ്ങൾ ശരിയായി പരിപാലിക്കപ്പെടാതെ നശിക്കുകയാണ്. കോമ്പൗണ്ട് മതിലും ഗെയ്റ്റും കെട്ടിടവും വർഷങ്ങളായി പെയിന്റ് ചെയ്തിട്ടില്ല. ഇരു കോമ്പൗണ്ടിലേക്കും പ്രവേശിക്കാനാകാത്ത വിധം കാട് വളർന്നിരിക്കുന്നു. താമസക്കാരില്ലാത്തതിനാൽ തന്നെ കെട്ടിടവും പരിസരവും ആരും വൃത്തിയാക്കുന്നില്ല. കെട്ടിടവും പരിസരവും കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കി പരിപാലിച്ചില്ലങ്കിൽ ഇവയുടെ മെയിന്റനൻസിനായി നഗരസഭ വലിയ തുക ചെലവഴിക്കേണ്ടി വരും. സമ്പത്തിക പ്രതിസന്ധിയിൽ നട്ടം തിരിയുന്ന നഗരസഭയെ സംബന്ധിച്ചിടത്തോളം ഉപയോഗിക്കാതെ പൂട്ടിക്കിടക്കുന്ന ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾക്കായി ലക്ഷങ്ങൾ ചെലവഴിക്കേണ്ടി വരുന്നത് ആശാസ്യമല്ല. ഈ സാഹചര്യത്തിൽ കണ്ടിജന്റ് ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി കെട്ടിടവും പരിസരവും കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കേണ്ടതാണ്. അതോടൊപ്പം നഗരത്തിന്റെ ഹൃദയഭാഗത്തുള്ള കെട്ടിടങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.




*ഉപയോഗിക്കാതെ കിടക്കുന്ന നഗരസഭ ക്വാർട്ടേഴ്സ്*

**എഫ്) നഗരസഭ ലൈബ്രറി**

നഗരത്തിന്റെ ഹൃദയഭാഗത്ത് മിനി സിവിൽ സ്റ്റേഷന് അഭിമുഖമായി 16 ആർ 35 ച.മീ സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന 450 ച.മീ. വിസ്തൃതിയുള്ള 3 നിലകെട്ടിടമാണ്

ലൈബ്രറിക്കുള്ളത്. ഗ്രൗണ്ട് ഫ്ലോറിൽ പുസ്തകങ്ങൾ സൂക്ഷിക്കാനും ഒന്നാം നിലയിൽ വായനക്കാർക്ക് സ്വസ്ഥമായി വായിക്കാനുമുള്ള സ്ഥലമാണ്. ആനുകാലികങ്ങളും മാസികകളും പത്രങ്ങളും ഇവിടെ ലഭ്യമാണ്. എന്നാൽ രണ്ടാം നില ഒരു പ്രവർത്തനത്തിനും ഉപയോഗിക്കാതെ പൂർണ്ണമായും ഒഴിഞ്ഞ് കിടക്കുകയാണ്. 3 നിലകളിലും ടോയ് ലറ്റ് സൗകര്യവും ജല ലഭ്യതയുമുണ്ട്. കെട്ടിടത്തിനുണ്ടായിരുന്ന ചോർച്ച മെയിന്റനൻസ് നടത്തി പരിഹരിച്ചിട്ടുണ്ടെങ്കിലും സീലിങ്ങുകൾ പലതും അടർന്നു വീഴുന്ന അവസ്ഥയിലാണ്. ഫാനുകൾ, ലൈറ്റുകൾ എന്നിവയിൽ പലതും പ്രവർത്തിക്കുന്നില്ല. പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലങ്ങൾ ഭൂരിഭാഗവും ആൾപ്പെരുമാറ്റമില്ലാത്ത തരത്തിൽ പൊടിയും മാറാലയും പിടിച്ച അവസ്ഥയിലാണ്. കണ്ടിജന്റ് ജീവനക്കാരെ നിയോഗിച്ച് കൃത്യമായ ഇടവേളകളിൽ പൊടി തട്ടുന്നതിനുള്ള സജ്ജീകരണം നഗരസഭ നടത്തേണ്ടതാണ്. പരിസര പ്രദേശമാകെ കാടുകയറിയ അവസ്ഥയിലാണ്. ജനങ്ങൾക്ക് വിശ്രമിക്കാവുന്ന രീതിയിൽ ഇരിപ്പിടങ്ങൾ ക്രമീകരിച്ചിരിക്കുന്ന ലൈബ്രറി പരിസരം കാട് കയറി ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. നഗരസഭ പരിധിയിൽ നിന്നും നീക്കം ചെയ്യുന്ന അനധികൃത ഫ്ലക്സ് ബോർഡുകളും ഹോർഡിംഗുകളും കുന്നുകൂട്ടി ഇടാനുള്ള ഒരു ഡംപിംഗ് യാർഡാക്കി ലൈബ്രറി കോമ്പൗണ്ടിനെ മാറ്റിയിരിക്കുന്നു. നഗരസഭ ലൈബ്രറിയും ചുറ്റുപാടും നല്ലരീതിയിൽ സൂക്ഷിക്കുന്നതിന് നഗരസഭ ജാഗ്രത കാണിക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് വിശദമായ പരാമർശം ഖണ്ഡിക 1-55 -ൽ ചേർത്തിട്ടുണ്ട്)





ലൈബ്രറി കെട്ടിടവും കെട്ടിടത്തിന്റെ ഉൾഭാഗവും

**1-29 നഗരസഭ ഏറ്റെടുത്ത വലിയ പദ്ധതികൾ തുടരാനോ/പൂർത്തീകരിക്കാനോ കഴിയുന്നില്ല. പദ്ധതി നടത്തിപ്പിൽ ഗുരുതരമായ അനാസ്ഥ.**

2017-18 -ൽ നഗരസഭ ഏറ്റെടുത്ത രണ്ട് വലിയ പ്രോജക്ടുകൾ താഴെ കൊടുക്കുന്നു. ഇതു കൂടാതെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട MRF സെന്റർ നിർമ്മാണ പ്രവൃത്തിയും തൻവർഷം നഗരസഭ ഏറ്റെടുത്തിട്ടുണ്ട്.

1. തുമ്പൂർമുഴി മോഡൽ മാലിന്യസംസ്കരണം - ചെലവ് 47.89 ലക്ഷം രൂപ
2. മുനിസിപ്പൽ പാർക്ക് നവീകരണം - ചെലവ് 24 ലക്ഷം രൂപ
3. MRF സെന്റർ നിർമ്മാണം - ചെലവ് 8 ലക്ഷം രൂപ

ഈ മൂന്ന് പദ്ധതികളും 2018-19 -ലെ സ്പിൽ ഓവർ പ്രോജക്ടുകളാണ്. ഈ

പദ്ധതികൾക്കെല്ലാം കൂടിയുള്ള ആകെ ചെലവ് 79.89 ലക്ഷം രൂപയാണ്. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനാണ് ഈ പദ്ധതികളുടെ കരാറുകാരൻ. ഇതിൽ തുമ്പൂർമുഴി മോഡൽ മാലിന്യസംസ്കരണം, മുനിസിപ്പൽ പാർക്ക് നവീകരണം എന്നീ പ്രവർത്തികൾ തുടങ്ങിയെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. MRF സെന്റർ നിർമ്മാണം ആരംഭിക്കാൻ പോലും സാധിച്ചിട്ടില്ല. കരാറുകാർക്ക് കരാർ നൽകിയാൽ ഉടമ്പടി പ്രകാരമുള്ള സമയത്തിനുള്ളിൽ അവർ വേല ചെയ്തിട്ടുണ്ടോ എന്നുറപ്പാക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതും നഗരസഭയാണ്. എന്നാൽ ഇക്കാര്യത്തിൽ നഗരസഭ ജാഗ്രത കാട്ടിയിട്ടില്ല. മാത്രമല്ല ഈ പദ്ധതികൾ നടപ്പാക്കാനാവുന്നതാണോ, നടപ്പാക്കിയാൽ എങ്ങനെ പ്രയോജനപ്പെടും എന്നീ കാര്യങ്ങൾ പരിശോധിക്കുന്ന ഫീസിബിലിറ്റി സ്റ്റഡി നടത്താതെയാണ് പദ്ധതികൾ രൂപീകരിച്ചിട്ടുള്ളത്. ഇതുമൂലം പദ്ധതികൾ തുടങ്ങാനോ, തുടങ്ങിയവ പാതിവഴിയിൽ ഉപേക്ഷിക്കേണ്ടതായോ ഉള്ള അവസ്ഥ സംജാതമായിട്ടുണ്ട്. പദ്ധതി ചെലവ് ഉയർത്തുക എന്നതിലപ്പുറം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം നിറവേറുന്നുണ്ടോ എന്ന സുപ്രധാനമായ കാര്യത്തിൽ നഗരസഭ അശ്രദ്ധരാണ്. പദ്ധതി നടത്തിപ്പിൽ ഗുരുതരമായ അനാസ്ഥയാണ് ഉണ്ടായിട്ടുള്ളത്. ഇക്കാര്യം സാധൂകരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1) <u>**തുമ്പൂർമുഴി മാലിന്യ സംസ്കരണം. -**</u> നഗരസഭ നേരിടുന്ന വലിയൊരു പ്രശ്നമാണ് മാലിന്യ നിർമ്മാർജ്ജനം. വർഷം തോറും 30 ലക്ഷം രൂപയ്ക്ക് മുകളിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി നഗരസഭ ചെലവഴിക്കുന്നുണ്ട്. ഇതിനൊരു പരിഹാരം എന്ന നിലയ്ക്കാണ് തുമ്പൂർമുഴി മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ - ശ്രീ. പി.കെ. ഷിഹാബുദ്ദീൻ, അസിസ്റ്റന്റ് എഞ്ചിനീയറാണ്. മാലിന്യ സംസ്കരണം – തുമ്പൂർമുഴി (പ്രോജക്ട് നമ്പർ 105/17) എന്ന ഈ പദ്ധതിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റായി 47,41,075 രൂപയാണ് വകയിരുത്തിയത്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനോട് ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ ആവശ്യപ്പെട്ടതുപ്രകാരം 47.89 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി നൽകിയിട്ടുണ്ട്. നഗരസഭയുടെ ഏഴ് ഇടങ്ങളിലായി 36 എണ്ണം എയറോബിക് ബിന്നുകൾ സ്ഥാപിച്ച് മാലിന്യം സംസ്ക്കരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സൈറ്റ് | എയറോബിക് ബിൻ എണ്ണം | ഷെഡ് എണ്ണം | ആകെ തുക |
|---|---|---|---|---|
| 1 | മിനിമാർക്കറ്റ് | 2 | 1 | 3,35,000 |
| 2 | ബൈപാസ് അണ്ടർ ബ്രിഡ്ജ് | 2 | 1 | 3,35,000 |
| 3 | കാരോത്ത്കുഴി ആശുപത്രിക്ക് സമീപം | 4 | 1 | 6,13,000 |
| 4 | പ്രിയദർശിനി | 4 | 1 | 6,13,000 |

| | | | | |
|---|---|---|---|---|
| | ടൗൺ ഹാൾ | | | |
| 5 | സെമിനാരിപ്പടി (NH) | 4 | 1 | 6,13,000 |
| 6 | ആലുവ മാർക്കറ്റ് | 10 | 1 | 11,40,000 |
| 7 | ആലുവ മുനിസിപ്പൽ പാർക്ക് | 10 | 1 | 11,40,000 |
| | **ആകെ** | **36** | | **47,89,000** |

ഡെപ്പോസിറ്റ് വർക്കായാണ് കെയ്ക്കോ – യെ ഈ പദ്ധതി ഏൽപ്പിച്ചിട്ടുള്ളത്. കെയ്ക്കോയ്ക്ക് തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| ബിൽ നമ്പർ | 267/16.03.2018 | തുക | 24,89,000 |
| ബിൽ നമ്പർ | 14/18.05.2018 | തുക | 23,00,000 |
| | **ആകെ** | | **47,89,000** |

06.03.2018 -ൽ പണിയുടെ കരാർ ചമച്ചിട്ടുണ്ട്. കരാർ നമ്പർ 68/എ.ഇ./LSGD/17-18. കരാർ വ്യവസ്ഥ (4) പ്രകാരം 05.04.2018 -ൽ പണി പൂർത്തീകരിക്കണം മാത്രമല്ല മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തി നൽകുകയും വേണം. എന്നാൽ കരാർ വ്യവസ്ഥപ്രകാരമുള്ള പണി പൂർത്തിയാക്കിയില്ല എന്നു മാത്രമല്ല കരാർ ചമച്ച് ഒന്നര വർഷം കഴിയുമ്പോൾ മുനിസിപ്പൽ പാർക്കിലുള്ള 10 എയറോബിന്നുകളുടെ നിർമ്മാണം മാത്രമാണ് പൂർത്തിയാക്കിയത്. ഈ ബിന്നുകളിൽ മാലിന്യ സംസ്കരണം തുടങ്ങിയിട്ടുമില്ല. ബാക്കി 6 സൈറ്റുകളിലുള്ള 26 ബിന്നുകളുടെ നിർമ്മാണം അനിശ്ചിതത്വത്തിലാണ്. സെമിനാരിപ്പടി, കാരോത്ത് കുഴി ആശുപത്രി, ബൈപ്പാസ് അണ്ടർ ബ്രിഡ്ജ് എന്നിവിടങ്ങളിൽ ബിന്നുകൾ നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി പത്രം ആവശ്യമാണ്. അനുമതിപത്രം ലഭിക്കുന്നതിനുള്ള നടപടികൾ തുടരാതെയാണ് കരാർ ഒപ്പിട്ടതും ഡെപ്പോസിറ്റ് തുക അനുവദിച്ചതും. മിനിമാർക്കറ്റ്, ടൗൺഹാൾ എന്നിവിടങ്ങളിൽ എതിർപ്പുള്ളതിനാൽ പ്രവൃത്തി തുടങ്ങാനായില്ല. ഫീസിബിലിറ്റി പഠനം നടത്താതെയാണ് ഈ പദ്ധതി തുടങ്ങിയിട്ടുള്ളത്. എയറോബിന്നുകൾ എവിടെ സ്ഥാപിക്കണം എന്നത് സംബന്ധിച്ച് പോലും വ്യക്തതയില്ലാത്ത സ്ഥിതിയാണിപ്പോഴുള്ളത്.

ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റുന്നതിനുള്ള സംവിധാനമാണ് തുമ്പൂർമുഴി മോഡൽ. എന്നാൽ ബിന്നുകളും ഷെഡും സ്ഥാപിക്കുന്നത് മാത്രമാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ തുടർപ്രവർത്തനത്തിനാവശ്യമായ നടപടികൾ ഉദാഹരണത്തിന് ജൈവമാലിന്യം ശേഖരിക്കൽ, ഇവ ബിന്നുകളിൽ നിക്ഷേപിക്കൽ, വളം ശേഖരിക്കൽ, പരിപാലനം തുടങ്ങിയ തുടർപ്രവർത്തനങ്ങൾക്ക് പദ്ധതിയിൽ വകയിരുത്തലില്ല. ഇത് മൂലം നിർമ്മാണം കഴിയുമ്പോൾ ബിന്നുകളും ഷെഡും നിഷ്ക്രിയ ആസ്തിയായി നശിച്ച് പോകുന്നതിന് സാദ്ധ്യതയുണ്ട്.

2017-18 ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാട്ടിയിരുന്നു. മുനിസിപ്പൽ പാർക്കിലുള്ള എയറോബിന്നുകളുടെ പണി പൂർത്തിയാക്കിയിട്ടും മാലിന്യസംസ്കരണം തുടങ്ങിയിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയതുപോലെ മുനിസിപ്പൽ പാർക്കിലെ എയറോബിന്നുകൾ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുകയാണ്. തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ ഇത് നിഷ്ക്രിയ ആസ്തിയായി നശിച്ചുപോകുന്നതിനുള്ള സാധ്യത കൂടുതലാണ്.

വലിയ പദ്ധതികൾ തുടങ്ങുമ്പോൾ പാലിക്കേണ്ട ഒരു ജാഗ്രതയും കാണിക്കാതെയാണ് പദ്ധതി തുടങ്ങിയിട്ടുള്ളത്. നഗരസഭയുടെ പദ്ധതി ചെലവ് ഉയർത്തി എന്നതിലപ്പുറം പദ്ധതിയുടെ ഉദ്ദേശലക്ഷ്യം പ്രാപിച്ചിട്ടില്ല. ഉദ്ദേശിച്ച സൈറ്റുകളിൽ പോലും പണി ആരംഭിക്കാനാകാത്തതും പ്രവൃത്തി പൂർത്തീകരിച്ച സൈറ്റിൽ തുടർപ്രവർത്തനങ്ങൾ നടക്കാത്തതും ഇതാണ് വ്യക്തമാക്കുന്നത്.

2) <u>**മുനിസിപ്പൽ പാർക്ക് നവീകരണം-**</u> നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന പാർക്ക് സൗന്ദര്യവർക്കരിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നഗരസഭ കരാർ നൽകി. തൻവർഷം പദ്ധതിവിഹിതത്തിൽ നിന്നും നഗരസഭ 24 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തി ഏറ്റെടുക്കണമെന്ന് 04.11.2017 -ലെ കത്തിൽ നഗരസഭ KAICO Ltd കമ്പനിയോടാവശ്യപ്പെടുകയും ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാണെന്ന് കമ്പനി അറിയിക്കുകയും ചെയ്തു. 16.03.2018 -ൽ കമ്പനി 1.44 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നഗരസഭയ്ക്ക് നൽകി. 20.03.2018 -ലെ കൗൺസിൽ 28 -ാം തീരുമാനപ്രകാരം എസ്റ്റിമേറ്റ് അംഗീകരിച്ചു. ബഹുവർഷ പ്രോജക്ടായി പദ്ധതി നടപ്പിലാക്കാനും 2017-18 -ൽ 30 ലക്ഷം രൂപ വകയിരുത്താനും തീരുമാനിച്ചു. 28.03.2018 – ൽ വേലയുടെ കരാർ ഒപ്പുവെച്ചു. 18.05.2018 -ൽ 24 ലക്ഷം രൂപ കരാറുകാർക്ക് നൽകുകയും ചെയ്തു. ഈ വേലയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

(a) <u>**പൂർത്തീകരണ തീയതി ഇല്ല - കരാർ അപൂർണ്ണം.**</u>

കരാറിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് വേലയുടെ പൂർത്തീകരണ തീയതി. എന്നാൽ പൂർത്തീകരണത്തീയതി കാണിക്കാതെയാണ് കരാർ ഒപ്പുവെച്ചിട്ടുള്ളത്. കരാറിന്റെ 4 -ാം വ്യവസ്ഥ പ്രകാരം കരാറുകാരൻ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കണം. എന്നാൽ തീയതി കാണിക്കാതെ ആ ഭാഗം ഒഴിച്ചിട്ടാണ് കരാർ തയ്യാറാക്കിയിട്ടുള്ളത്.

(b) <u>**ഡ്രോയിംഗുകളും സ്പെസിഫിക്കേഷനും പ്രവർത്തന ഷെഡ്യൂളുകളും തയ്യാറാക്കി നൽകിയിട്ടില്ല.**</u>

ഡ്രോയിംഗുകൾ, സ്പെസിഫിക്കേഷനുകൾ, നിരക്കുകൾ, ഉൾപ്പെട്ട പ്രവർത്തനങ്ങളുടെ ഷെഡ്യൂൾ കരാറിന്റെ ഭാഗമായിരിക്കും എന്നത് കരാറിന്റെ 10 -ാമത്തെ വ്യവസ്ഥയാണ്. എന്നാൽ എസ്റ്റിമേറ്റിന്റെ കരട് മാത്രമാണ് കരാറുകാരൻ നൽകിയിട്ടുള്ളത്. വിശദമായ എസ്റ്റിമേറ്റ്, ഡ്രോയിംഗുകൾ, പ്രവർത്തന ഷെഡ്യൂൾ എന്നിവ തയ്യാറാക്കി നൽകിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയറാണ്. അദ്ദേഹമിത് ആവശ്യപ്പെട്ടതായും കാണുന്നില്ല. 1.44 കോടി രൂപയുടെ എസ്റ്റിമേറ്റിൽ 7 ഘടകങ്ങളാണുള്ളത്. അവ താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1). | വാക്ക് വേ മെയിന്റനൻസ് | - | 1545872.21 |
| 2). | പാർക്ക് ബ്യൂട്ടിഫിക്കേഷൻ | - | 6239033.46 |
| 3). | ബ്രിക്ക് ബെഞ്ച് എസ്റ്റിമേറ്റ് | - | 368718.83 |
| 4). | ടീ ഷോപ്പ് എസ്റ്റിമേറ്റ് | - | 593997.57 |
| 5). | കളിക്കാനുള്ള ഉപകരണങ്ങൾ നൽകൽ | - | 2517864.10 |
| 6). | LED ലൈറ്റ് സ്ഥാപിക്കൽ | - | 1477500.00 |
| 7). | FRP ഡസ്റ്റ് ബിൻ | - | 120000.00 |
| | **ആകെ** | - | 12862986.17 |
| | **GST 12% ഉൾപ്പെടെ ആകെ തുക** | - | 14406544.50 |
| | **കണ്ടിജൻസീസ്** | - | 3455.50 |
| | **ആകെ** | - | 14410000.00 |

മുകളിൽ കാണിച്ച പ്രകാരം 7 ഘടകങ്ങളാണ് എസ്റ്റിമേറ്റിലുള്ളത്. ബഹുവർഷ പ്രോജക്ടായതിനാൽ ഈ ഘടകങ്ങളെല്ലാം ഒറ്റയടിക്ക് പൂർത്തീകരിക്കാനാകില്ല. ആകയാൽ വിവിധ ഘട്ടങ്ങളായി വേണം ഇവ പൂർത്തിയാക്കേണ്ടത്. ഇതിന് പ്രവർത്തന ഷെഡ്യൂൾ തയ്യാറാക്കണം. ഇത് തയ്യാറാക്കിയിട്ടില്ല.

ഇപ്രകാരം പ്രവർത്തന ഷെഡ്യൂൾ, ഡ്രോയിംഗുകൾ, വിശദമായ എസ്റ്റിമേറ്റ് തുടങ്ങിയ സുപ്രധാന രേഖകൾ തയ്യാറാക്കാതെയും പൂർത്തീകരണ തീയതി കാണിക്കാതെയുമാണ് കരാർ ഒപ്പ് വെച്ചിട്ടുള്ളതെന്ന് കാണുന്നു. എസ്റ്റിമേറ്റ് DSR മായി ഒത്തുപോകുന്നതാണോ എന്ന പരിശോധനയും എഞ്ചിനീയറിംഗ് വിഭാഗം നടത്തിയിട്ടില്ല.

**(c) <u>പാർക്ക് നവീകരണം പ്രവൃത്തി എങ്ങുമെത്തിയില്ല- പാർക്കിന്റെ തൽസ്ഥിതി ശോചനീയം</u>**

ഈ വേലയുടെ കരാർ ചമച്ചത് 28.03.2018 -ലാണ്. ഇപ്പോൾ ഒന്നര വർഷം കഴിഞ്ഞു. 31 ലക്ഷം ചെലവഴിച്ചതായാണ് പാർട്ട് ബില്ലുകൾ വ്യക്തമാക്കുന്നത്. എന്നാൽ പാർക്കിന്റെ തൽസ്ഥിതി ശോചനീയമാണ്. പാർക്ക് സ്ഥിതി ചെയ്യുന്ന 9 -ാം വാർഡിലെ കൗൺസിലർ 08.08.2019 -ൽ നഗരസഭ സെക്രട്ടറിക്ക് നൽകിയ കത്തിൽ മുനിസിപ്പൽ പാർക്ക് വളരെ മോശമായ രീതിയിൽ കാടും പടലും പിടിച്ച് കിടക്കുന്നതായി പരാതിപ്പെട്ടിട്ടുണ്ട്. ബഹുവർഷ പദ്ധതിയായി ഏറ്റെടുത്തിട്ടുള്ള ഈ വേലക്ക് 24 ലക്ഷം രൂപ നഗരസഭ

ചെലവഴിച്ചു എന്നതല്ലാതെ പാർക്ക് നവീകരണത്തിനായുള്ള ഗൗരവമായ ശ്രമമൊന്നും തന്നെ നടക്കുന്നില്ല. മുകളിൽ സൂചിപ്പിച്ചിട്ടുള്ള 1 ഉം 2 ഉം ഖണ്ഡികകളിലെ പരാമർശങ്ങളും പാർക്കിന്റെ തൽസ്ഥിതിയും ഇതിന് തെളിവാണ്. 1.44 കോടി രൂപയുടെ ബഹുവർഷ പ്രോജക്ടായിട്ടും കരാറിൽ പൂർത്തീകരണത്തീയതി കാണിക്കാതിരിക്കുകയും, പ്രവൃത്തിയുടെ ഡ്രോയിംഗുകളും, സ്പെസിഫിക്കേഷനും, പ്രവർത്തന ഷെഡ്യൂളുകളും ഉൾപ്പെടുത്താതിരിക്കുകയും ചെയ്തത് ഗുരുതരമായ ക്രമക്കേടാണ്. (വിശദമായ പരാമർശം ഖണ്ഡിക 1-46 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

**3) <u>MRF സെന്റർ നിർമ്മാണം</u>**

മാലിന്യസംസ്കരണത്തിന്റെ ഭാഗമായാണ് MRF സെന്റർ സ്ഥാപിക്കുന്നത്. പുനരുപയോഗത്തിനായി വേർതിരിച്ചെടുക്കാവുന്ന സാധനങ്ങൾ വേർ തിരിക്കുകയാണ് Material Recovery Facility സെന്ററിൽ ചെയ്യുന്നത്.

MRF സെന്റർ നിർമ്മാണം എന്ന വേലയ്ക്കായി 8 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും 18.05.2018 -ൽ ചെവഴിച്ചിട്ടുണ്ട്.

മാലിന്യ നിർമ്മാർജ്ജനപദ്ധതിയുടെ ഭാഗമായി MRF (മെറ്റീരിയിൽ റിക്കവറി ഫെസിലിറ്റി) സ്ഥാപിക്കുന്ന വേല നിർവ്വഹിക്കാൻ 04.11.2017 -ലെ കത്ത് പ്രകാരം നഗരസഭ KAICO ലിമിറ്റഡിനോടാവശ്യപ്പെട്ടു. ഡെപ്പോസിറ്റ് വർക്കായി വേല നിർവ്വഹിക്കാൻ തയ്യാറാണെന്ന് 05.12.2017 -ൽ KAICO അറിയിച്ചു. 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നഗരസഭയ്ക്ക് നൽകി. 20.03.2018 -ലെ 30 തീരുമാനപ്രകാരം കൗൺസിൽ ഇത് അംഗീകരിച്ചു. 28.03.2018 -ൽ വേലയുടെ എഗ്രിമെന്റ് തയ്യാറായി. എഗ്രിമെന്റ് പ്രകാരം 4 മാസത്തിനുള്ളിൽ അതായത് 27.07.2018 -ന് പണി പൂർത്തീകരിക്കണം. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മുഴുവനും കരാറുകാരന് നൽകിയതല്ലാതെ നാളിതുവരെ വേല തുടങ്ങാൻപോലും സാധിച്ചിട്ടില്ല. കീഴ്മാട് ഗ്രാമ പഞ്ചായത്തിലുള്ള നഗരസഭയുടെ ഭൂമിയിലാണ് MRF സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നത്. കീഴ്മാട് പഞ്ചായത്തിലായതിനാൽ MRF സ്ഥാപിക്കുന്നതിന് കീഴ്മാട് പഞ്ചായത്തിൽ നിന്നും NOC ആവശ്യമാണ്. എന്നാൽ നിർമ്മാണം തുടങ്ങേണ്ട സ്ഥലത്തിന്റെ കൈവശാവകാശ രേഖകൾ നഗരസഭയുടെ കൈവശമില്ലാത്തതിനാൽ NOC -ക്ക് അപേക്ഷിക്കാനാകാത്ത സ്ഥിതിയാണുള്ളത്. കരാർ തുകയായ 8 ലക്ഷം രൂപയും നൽകി ഒന്നരവർഷം കഴിഞ്ഞിട്ടും നിർമ്മാണം തുടങ്ങാൻ പോലുമാകാത്ത സ്ഥിതിയാണുള്ളത്. മതിയായ രേഖകൾ പോലുമില്ലാതെയാണ് നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകിയതും പണം അനുവദിച്ചതും. പദ്ധതിപണം ചെലവഴിക്കാൻ കാണിച്ച തിടുക്കം പദ്ധതി നിർവ്വഹിക്കുന്നതിൽ കാണിക്കുന്നില്ല എന്നതാണ് സ്ഥിതി. (വിശദമായ പരാമർശം ഖണ്ഡിക 1-47 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

2017-18 പദ്ധതിയിൽ ഉൾപ്പെട്ടതും 2018-19-ൽ തുക ചെലവഴിച്ചതുമായ 3 പ്രവൃത്തികളാണ് മുകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്. ഈ പദ്ധതികൾ പൂർത്തീകരിക്കാത്തവയും അപാകതകൾ മൂലം ലക്ഷ്യപ്രാപ്തി കൈവരിക്കാത്തവയും ആണ്. പദ്ധതി നടത്തിപ്പിലെ ഗുരുതരമായ അനാസ്ഥയാണ് സൂചിപ്പിക്കുന്നത്. നഗരസഭ ഇക്കാര്യം ഗൗരവമായി പരിശോധിക്കണം. കരാറുകാർക്കല്ലാതെ നഗരവാസികൾക്കോ നഗരസഭക്കോ പദ്ധതികൾ ഗുണകരമാകാത്തത് എന്തെന്ന് പരിശോധിക്കപ്പെടണം. പദ്ധതികൾ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡം ചെലവ് ശതമാനം ഉയർത്തുക എന്നത് മാത്രമായിരിക്കരുത്.

**1-30 വയോമിത്രം നഗരസഭാ വിഹിതം-5.12 ലക്ഷം കൈമാറി- പദ്ധതി നടപ്പാക്കാത്തതിനാൽ നഗരസഭയിലെ വയോജനങ്ങൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നില്ല.**

വയോമിത്രം പദ്ധതിയുടെ നഗരസഭാ വിഹിതമായി വികസനഫണ്ടിൽ നിന്നും 5.12 ലക്ഷം രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായിട്ടുള്ള പ്രോജക്ട് നമ്പർ 09/2018 ബിൽ നമ്പർ-94/2018-19 തീയതി 26/12/2018 പ്രകാരമാണ് പ്രസ്തുത തുക സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയത്. 2017-18 -ൽ 20 ലക്ഷം രൂപയാണ് നഗരസഭ വിഹിതമായി ഒടുക്കിയത്.

മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന 65 വയസ്സ് കഴിഞ്ഞ വയോജനങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇവർക്ക് ആരോഗ്യസംരക്ഷണവും മാനസിക ഉല്ലാസവും നൽകുന്നതിലേക്കു വേണ്ടിയുള്ള പദ്ധതിയാണിത്. മൊബൈൽ ക്ലിനിക്ക് വഴി സൗജന്യ മരുന്ന് വിതരണം, രോഗപരിചരണം (പാലിയേറ്റീവ് കെയർ), കൗൺസലിംഗ് എന്നിവ വയോജനങ്ങൾക്ക് നൽകുന്നതിന് പദ്ധതി ലക്ഷ്യം വെക്കുന്നു. സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ഈ പദ്ധതി നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം 02.05.2018 -ലെ കേരള സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.1/8490/2017/ALV -ാം നമ്പർ കത്ത് പ്രകാരം ആലുവ നഗരസഭയിൽ വയോമിത്രം പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ 400 ചതുരശ്രഅടി വിസ്തീർണ്ണമുള്ള മുറിയുൾപ്പെടെ നഗരസഭ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. മാത്രമല്ല ഈ പദ്ധതി ആലുവ നഗരസഭയിൽ നടപ്പാക്കുന്നതോടെ എറണാകുളം ജില്ലയിലെ എല്ലാ നഗരസഭകളിലും പദ്ധതി നടപ്പാക്കി കഴിയും എന്നു കൂടി കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഓഫീസ് ഉൾപ്പെടെ അടിസ്ഥാനസൗകര്യങ്ങൾ നഗരസഭ നൽകാത്തതിനാൽ നാളിതുവരെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഇതുമൂലം നഗരസഭയിൽ താമസിക്കുന്ന 65 വയസ്സിനു മുകളിലുള്ളവർക്ക് ലഭിക്കേണ്ട പദ്ധതിയുടെ പ്രയോജനം അവർക്ക് ലഭിക്കുന്നില്ല. നഗരസഭയിൽ ആയിരത്തോളം പേർ വാർദ്ധക്യപെൻഷൻ വാങ്ങുന്നവരായുണ്ട്. വയോജനങ്ങളായി ധാരാളം ഗുണഭോക്താക്കളുണ്ട് എന്നർത്ഥം.

മൊബൈൽ ക്ലിനിക്കുകൾ വഴി ലഭ്യമായേക്കാവുന്ന സൗജന്യ ചികിത്സയും മരുന്നുകളും ഇവർക്ക് ലഭിക്കാതെ പോകുന്നു. വയോജന കൂട്ടായ്മകൾ ഉൾപ്പെടെ അവരുടെ സാമൂഹ്യജീവിത നിലവാരം ഉയർത്തുന്ന ഒട്ടേറെ സംരംഭങ്ങൾ നടപ്പിൽ വരുത്താൻ കഴിയുന്ന ഒരു അവസരമാണ് നഗരസഭയുടെ അനാസ്ഥമൂലം നഷ്ടമാകുന്നത്. വയോജന സംരക്ഷണത്തിനും ആരോഗ്യ പരിപാലനത്തിനും ഉതകുന്ന ഈ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ മുഴുവൻ സജ്ജീകരണങ്ങളും ഒരുക്കാൻ നഗരസഭ ശുഷ്കാന്തി കാണിക്കേണ്ടതാണ്.

2017-18 ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ തൻവർഷവും പദ്ധതി തുക വിനിയോഗിച്ചു എന്നതല്ലാതെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ നഗരസഭ തയ്യാറാകുന്നില്ല. ഇതുമൂലം നഗരസഭയിലെ വയോജനങ്ങൾക്ക് ലഭിക്കേണ്ട പദ്ധതി ആനുകൂല്യം ലഭിക്കാതെ പോകുന്നു.

### 1-31 അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി -നടപ്പാക്കുന്നതിൽ നഗരസഭയുടെ അലംഭാവം

സൂചന : 1) AUEGS പ്രോജക്ട് ഫയലുകൾ
: 2) ഫയൽ നം:A4-31592/10 vol II
: 3) 03.11.2017 ലെ സ.ഉ (കൈ)നം.216/2017/ത.സ്വ.ഭ.വ (ഡി.ഡി) AUEGS - പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ
: 4) 31.05.2018 ലെ സ.ഉ (കൈ)നം.76/2018/ത.സ്വ.ഭ.വ ഭേദഗതി ഉത്തരവ്

2018-19 സാമ്പത്തിക വർഷം ആലുവ നഗരസഭയിൽ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ ഒട്ടേറെ പോരായ്മകൾ ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>1) കർമ്മപദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കുന്നതിൽ കാലതാമസം</u>**

സൂചന (3) മാർഗ്ഗരേഖയിലെ ഖണ്ഡിക 5.1 പ്രകാരം നഗരസഭകൾ ഓരോ സാമ്പത്തികവർഷവും ഡിസംബർ 31 ന് മുൻപ് തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. അങ്ങനെയെങ്കിൽ 2018-19 ലെ ആക്ഷൻ പ്ലാനും ലേബർ ബജറ്റും 2017 ഡിസംബറിനു മുൻപായി നഗരസഭയിൽ തയ്യാറാക്കേണ്ടതായിരുന്നു. എന്നാൽ 19.11.2018 ലെ 2-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരമാണ് ടി പ്ലാൻ അംഗീകരിച്ചിരിക്കുന്നത്. അതായത് സമയപരിധിയും കടന്ന് ഒരു വർഷമാകാറാവുമ്പോഴാണ് പ്ലാൻ അംഗീകരിച്ചിരിക്കുന്നത്. കർമ്മപദ്ധതി തയ്യാറാക്കുന്നതിലുണ്ടായ കാലതാമസം പദ്ധതി നടപ്പാക്കുന്നതിലെ താല്പര്യമില്ലായ്മയാണ് കാണിക്കുന്നത്. സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ കർമ്മപദ്ധതിയും ലേബർ ബജറ്റും അംഗീകരിച്ചാൽ മാത്രമേ തൊഴിലുറപ്പ് പദ്ധതിക്കുള്ള ഫണ്ട് ലഭിക്കുകയുള്ളൂ. 2018-19 -ലെ

കർമ്മപദ്ധതി തലേവർഷം തയ്യാറാക്കി നൽകിയാലേ തൻവർഷം ഫണ്ട് അനുവദിക്കാൻ കഴിയുകയുള്ളൂ.

2013-14 വർഷം വരെ മാത്രമേ നഗരസഭയിൽ പദ്ധതി ഫലപ്രദമായി നടപ്പാക്കിയിട്ടുള്ളൂ എന്നും പിന്നീട് തൊഴിലാളികളുടെ അഭാവം മൂലം പദ്ധതി തുക ചെലവഴിക്കാൻ സാധിച്ചില്ലെന്നും നഗരസഭ ഇത് സംബന്ധിച്ച 26 -ാം നം. എൻക്വയറിക്ക് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി ചെലവിന്റെ 4% തുക മാത്രമേ ഭരണപരമായ ചെലവുകൾക്ക് വിനിയോഗിക്കാൻ പാടൂ എന്നതിനാൽ പ്രത്യേക പരിശീലനം നേടിയ അക്കൗണ്ടന്റ്, ഓവർസിയർ എന്നിവർക്ക് വേതനം കൊടുക്കാൻ കഴിയാത്ത അവസ്ഥ വരികയും ടി പേർ പിരിഞ്ഞു പോകുകയും ചെയ്തതിനാലാണ് പിന്നീട് പ്രവൃത്തികളൊന്നും തയ്യാറാക്കാൻ കഴിയാതിരുന്നത്. പിന്നീട് പദ്ധതി ആരംഭിക്കാനുള്ള അനുമതി 19.01.2017 ലാണ് ലഭിച്ചത്. എന്നാൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥരുടെ മാറിമാറിയുള്ള നിയമനത്താലാണ് ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ വൈകിയതെന്നുമാണ് നഗരസഭ അറിയിച്ചിരിക്കുന്നത്. 2018-19,2019-20 വർഷങ്ങളിലെ ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ് എന്നിവയ്ക്ക് 28.2.2019 ലെ ജില്ലാ ആസൂത്രണ സമിതിയുടെയും 27.5.2019 ലെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെയും അംഗീകാരം ലഭിച്ചു എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടിയുള്ള ഫണ്ടൊന്നും ലഭിച്ചിട്ടില്ല.

**2) <u>തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച</u>**

തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ നഗരസഭയിൽ വലിയ വീഴ്ചയാണുണ്ടായിട്ടുള്ളതെന്ന് താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ നിന്നും വ്യക്തമാണ്.

| ആക്ഷൻ പ്ലാനും ലേബർ ബജറ്റും പ്രകാരം | | | | യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തികൾ | | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | വിനി യോഗിച്ച തുക |
|---|---|---|---|---|---|---|---|
| വർഷം | അടങ്കൽ തുക (രൂപ) | പ്രവൃത്തി കളുടെ എണ്ണം | തൊഴിൽ ദിനങ്ങൾ | പ്രവൃത്തി കളുടെ എണ്ണം | തൊഴിൽ ദിനങ്ങൾ | | |
| 2017-18 | 1,12,91,000 | 115 | 39387 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2018-19 | 9,75,600 | 23 | 3500 | 19 | 1109 | 2.8% | 4% |

മേൽ പട്ടികയിൽ കാണിച്ചത് പ്രകാരം 2017-18 സാമ്പത്തിക വർഷത്തേക്ക് 1.12 കോടി രൂപയുടെ പ്ലാൻ അംഗീകരിച്ചെങ്കിലും ഒരു രൂപ പോലും തൊഴിലുറപ്പ് പ്രവൃത്തികൾക്കായി ചെലവഴിക്കാൻ സാധിച്ചില്ല. ടി പ്ലാൻ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകരിക്കുകയും ആദ്യഗഡുവായി 28,22,750/- രൂപ നഗരസഭക്ക് അനുവദിച്ച് നൽകുന്നതിനും തീരുമാനിച്ചിരുന്നു . എന്നാൽ ഈ തുക ലഭിക്കണമെങ്കിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം മുൻബാക്കിയും അവസാനവർഷം പദ്ധതി നടത്തിപ്പിനു വേണ്ടി അനുവദിച്ച തുകയും ചേർത്ത് 60 % നു മുകളിൽ നഗരസഭ ചെലവഴിച്ചിരിക്കണം. ടി മാനദണ്ഡം നഗരസഭ പാലിക്കാഞ്ഞതിനാൽ അനുവദിക്കപ്പെട്ട തുക പോലും നഗരസഭയ്ക്ക് നേടിയെടുക്കാൻ സാധിച്ചില്ല. 2018-19 ലേക്ക് വേണ്ടി 28.02.2019 ൽ

ആർ.ജെ.ഡി അംഗീകരിച്ച 9,75,600 രൂപയുടെ 40 പ്രവൃത്തികൾ ചെയ്യാൻ സാധിച്ചില്ല. പകരം 2017-18 -ലെ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികളാണ് 2018-19 -ൽ ചെയ്തിട്ടുള്ളത്. അതാകട്ടെ പദ്ധതി തുകയുടെ വെറും 4% മാത്രമാണ്.

2015-16 വർഷമാണ് അയ്യൻകാളി പദ്ധതിക്ക് വേണ്ടി നഗരസഭയ്ക്ക് അവസാനമായി ഫണ്ട് ലഭിച്ചത്. ടി വർഷത്തെ ലേബർ ബജറ്റ് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകരിച്ചതിൻ പ്രകാരമാണ് ടി 8,71,875/- രൂപ ആദ്യഗഡുവായി 13.08.2015 ൽ നഗരസഭയ്ക്ക് ലഭിച്ചത്. ആ സമയം ഇതിനായുള്ള അക്കൗണ്ടിൽ മുൻബാക്കിയിനത്തിൽ 15,60,503/- രൂപയുടെ നീക്കിയിരിപ്പുമുണ്ടായിരുന്നു. പലിശയിനത്തിലുള്ള വരവ് മാത്രമാണ് പിന്നീട് ടി അക്കൗണ്ടിൽ വന്നിട്ടുള്ളത്. അതിനുശേഷം 2015-16 ൽ 1.1 ലക്ഷം രൂപയും 2016-17 ൽ 3,669/- രൂപയുമാണ് പദ്ധതിക്ക് വേണ്ടി ആകെ ചെലവാക്കിയിട്ടുള്ളൂ. ഇതിൽ നിന്നും തൊഴിലുറപ്പ് പദ്ധതി കാര്യമായി നഗരസഭയിൽ നടന്നിട്ടില്ലെന്ന് വ്യക്തമാണ്.

23.08.2016 ൽ ചേർന്ന അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന കൌൺസിൽ യോഗത്തിൽ ആലുവ നഗരസഭയിൽ ടി പദ്ധതി നടക്കാത്തതിനാൽ ബാക്കിയുള്ള തുക തിരിച്ചടക്കാൻ ആവശ്യപ്പെട്ട സാഹചര്യത്തിലാണ് നഗരസഭയിൽ തൊഴിലുറപ്പ് പദ്ധതി പുനരാരംഭിക്കാൻ തീരുമാനിച്ചത്. 19.10.2016 ലെ കൗൺസിൽ യോഗത്തിൽ തുക തിരിച്ചടക്കേണ്ടതില്ലെന്നും നിലവിലുള്ള തൊഴിലാളികൾക്ക് ഇപ്പോഴുള്ള കൂലിക്ക് തൊഴിൽ ചെയ്യാൻ കഴിയില്ലെങ്കിൽ പുതിയ തൊഴിലാളികളെ നിയോഗിച്ച് പദ്ധതി ആരംഭിക്കാമെന്നും കൗൺസിൽ തീരുമാനം നമ്പർ 30 പ്രകാരം തീരുമാനമെടുത്തു. ഈ തീരുമാനം ഫലപ്രദമായി നടപ്പിലാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല. പിന്നീട് 27.07.2018 ലാണ് ഇതിനായി അഭിമുഖം നടത്തി ഉദ്യോഗസ്ഥരെ നിയമിച്ചതും 2018 നവംബറിൽ പദ്ധതി ആരംഭിച്ചതും.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 26 ന് മറുപടി ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം 2018 ആഗസ്റ്റിലെ പ്രളയാനന്തരം 08.11.2018 ലാണ് 2018-19 ലെ പദ്ധതി നഗരസഭയിൽ ആരംഭിച്ചതുതന്നെ. കർമ്മ പദ്ധതി പ്രകാരമുള്ള പല പ്രദേശങ്ങളും നശിച്ച് പോയതു കൊണ്ടും നാശനഷ്ടങ്ങൾ നേരിട്ട ജനങ്ങൾ വളരെ സാവധാനത്തിൽ തൊഴിലിനായി എത്തിത്തുടങ്ങിയതും വേഗത്തിലുള്ള പദ്ധതി നിർവ്വഹണം അസാധ്യമാക്കി എന്നുമാണ് അറിയിച്ചിട്ടുള്ളത്.

### 3) <u>തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയില്ല - നഗരസഭയ്ക്ക് 1.22 കോടിയുടെ ഫണ്ട് നഷ്ടം</u>

2018-19 ന്റെ തുടക്കത്തിൽ 24,89,191/- രൂപ മുൻബാക്കിയായി ഇതിനു വേണ്ടിയുള്ള പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിൽ (a/c no:19655) നീക്കിയിരിപ്പുണ്ടായിരുന്നു.

പ്രവൃത്തികൾക്കും ഭരണചെലവുകൾക്കുമായി 4,73,384 രൂപയാണ് തൻവർഷം ആകെ തൊഴിലുറപ്പ് പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. 2018-19 ൽ അടങ്കൽ തുകയുടെ വെറും 4% തുകക്കുള്ള പ്രവൃത്തികൾ മാത്രമാണ് നിർവ്വഹിച്ചത്. ഇതുമൂലം 2017-18 -ൽ ലഭിക്കേണ്ട 1.12 കോടിയും 2018-19 -ലെ വിഹിതം 9.75 ലക്ഷം രൂപയും ഉൾപ്പെടെ 1.22 കോടി രൂപ നഗരസഭയ്ക്ക് ലഭിക്കാതെ പോയി. 2017-18, 2018-19 വർഷങ്ങളിൽ നഗരസഭയുടെ വികസന ഫണ്ടുപയോഗിച്ച് നിർവ്വഹണം നടത്തിയിട്ടുള്ള കാന ക്ലീനിംഗ് ഉൾപ്പെടെയുള്ള പല പദ്ധതികളും തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ചെയ്യുവാൻ സാധിക്കുന്നതായിരുന്നു. അക്കാര്യം കൂടി പരിഗണിച്ചാൽ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി നിർവ്വഹിക്കാൻ കഴിയാതിരുന്നത് മൂലം 1.22 കോടിയേക്കാൾ വലിയ തുകയാണ് നഗരസഭയ്ക്ക് നഷ്ടമായിരിക്കുന്നത് എന്ന് കാണാൻ സാധിക്കുന്നതാണ്.

28.04.2018 ലെ നഗരകാര്യ ഡയറക്ടറുടെ ഡിസി3-9055/18(2) -ാം നം. കത്ത് പ്രകാരം 2018-19 മുതൽ 60 ശതമാനത്തിനു മുകളിൽ പദ്ധതി വിനിയോഗ ശതമാനം കൈവരിച്ച നഗരസഭകൾ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കിയാൽ മാത്രമേ വീണ്ടും ടി പദ്ധതിക്ക് വേണ്ടി ഫണ്ട് അനുവദിച്ച് നൽകൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

**4) <u>ഭരണ ചെലവുകൾക്കായി അധിക തുക ചെലവഴിച്ചു</u>**

| പദ്ധതി ചെലവ് | | ഭരണ ചെലവ് | | ആകെ ചെലവായ തുക | ഭരണ ചെലവ് ശതമാനം | മാർഗ്ഗ രേഖ പ്രകാരം ചെലവാക്കാവുന്നത് |
|---|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി ചെലവ് | സാധന ചെലവ് | വേതന ചെലവ് | ബാങ്ക് ചാർജ്ജസ് | 4,73,384.80 | 33.9% | 5.5% |
| 3,00,539 | 12,121 | 1,60,654 | 70.80 | | | |
| 3,12,660.00 | | 1,60,724.80 | | | | |

2018-19 വർഷം അയ്യൻകാളി പദ്ധതിക്ക് വേണ്ടി നിയമിച്ചിട്ടുള്ള ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് മാസം 18,500/- രൂപാ വീതം ശമ്പളം നൽകി വരുന്നുണ്ട്. ഭരണപരമായ ചെലവുകൾക്ക് പദ്ധതി നടത്തിപ്പ് തുകയുടെ 5.5% മാത്രമേ ചെലവഴിക്കാവൂ എന്നാണ് വ്യവസ്ഥ. എന്നാൽ മേൽ പട്ടിക പ്രകാരം ഭരണാവശ്യങ്ങൾക്ക് മാത്രം 33.90 % രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ഇതിനായി നിയമിച്ച ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകാതിരുന്നാൽ അവർ പിരിഞ്ഞു പോകുകയും പദ്ധതി നടത്തിപ്പ് അവതാളത്തിലാകുകയും ചെയ്യുമെന്ന അവസ്ഥ ഉള്ളതിനാൽ നഗരസഭ തൊഴിലുറപ്പ് പ്രവർത്തനങ്ങൾക്ക് വേണ്ടി കൂടുതൽ തുക നീക്കി വെച്ചാലേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ടി വിഷയം ഗൗരവപൂർവ്വം കാണേണ്ടതാണ്.

തൊഴിൽ ചെയ്യാൻ തൊഴിലാളികൾ ഇല്ലാത്ത അവസ്ഥയാണ് പദ്ധതി നടത്തിപ്പിനു വിഘാതം സൃഷ്ടിക്കുന്നതെന്ന നഗരസഭ നൽകുന്ന വിശദീകരണം അംഗീകരിക്കാൻ കഴിയുന്നതല്ല. തൊഴിൽ രജിസ്റ്റർ പ്രകാരം 2018-19 സാമ്പത്തിക വർഷം 135 പേരാണ് നഗരസഭയിൽ തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. നിലവിലും തുടർന്നു

കൊണ്ടിരിക്കുന്ന രജിസ്ട്രേഷൻ നടപടികൾ കാണിക്കുന്നത് ജനങ്ങളുടെ തൊഴിൽ ആവശ്യകത തന്നെയാണ്. കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ടി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നഗരപ്രദേശങ്ങളിൽ വസിക്കുന്ന, അവിദഗ്ദ്ധ കായികാദ്ധ്വാനത്തിന് തയ്യാറുള്ള കുടുംബങ്ങൾക്ക് മറ്റു തരത്തിൽ തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സർക്കാർ പദ്ധതിയാണിത്. കുടുംബത്തിലെ പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. മാർഗ്ഗരേഖ ഖ.1.3, ഖ.1.4, ഖ.4 എന്നിവ പ്രകാരമുള്ള പദ്ധതിയുടെ സവിശേഷതകളും പ്രവൃത്തി എടുക്കുന്നവർക്ക് പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്ന അവകാശങ്ങളും തൊഴിലിനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങളും, സ്ത്രീ-പുരുഷ തുല്യവേതന വിതരണം, തൊഴിൽസ്ഥല സൗകര്യങ്ങൾ എന്നിവ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങൾക്കും വ്യാപക പ്രചരണം നൽകേണ്ടതാണ്. പത്രം, ടി.വി, റേഡിയോ എന്നിവയിലൂടെ കോളനികളിലും ചേരികളിലുമുൾപ്പെടെ നേരിട്ട് വിവരങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കണം .

നേരിട്ട് കാണാവുന്നതും അളന്ന് തിട്ടപ്പെടുത്താവുന്നതും ആവർത്തന സ്വഭാവം ഇല്ലാത്തതുമായ ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിൽ വിവക്ഷിച്ചിട്ടുള്ള പ്രധാന ലക്ഷ്യം. നഗരസഭ തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പ്രകാരം 2018-19 ൽ നഗരസഭയിൽ ചെയ്ത ആകെ 16 പ്രവൃത്തികളും കാന വൃത്തിയാക്കൽ എന്ന ശുചിത്വ പ്രവൃത്തി മാത്രമാണ്. ബാക്കിയുള്ള 7 പ്രവൃത്തികൾ പി.എം.എ.വൈ/ റീബിൽഡ്/ ലൈഫ് ഗുണഭോക്താക്കൾക്കായി നിർബന്ധമായി നടപ്പിലാക്കിയ 90 ദിവസത്തെ തൊഴിൽ നൽകുന്ന പദ്ധതികളാണ്. സൂചന മാർഗ്ഗരേഖയിലെ ഖ.7.1.2 പ്രകാരം സംസ്ഥാന സർക്കാരിന്റെ ഹരിതകേരളം പദ്ധതിയുടെ ലക്ഷ്യങ്ങളായ നീർത്തടാധിഷ്ഠിത വികസനം, ശുചിത്വ-മാലിന്യ സംസ്ക്കരണം, ജൈവകൃഷി എന്നിവ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനായി ടി മൂന്ന് മേഖലകളിൽ നിന്നും ആവശ്യാനുസരണം തെരഞ്ഞെടുത്ത ഓരോന്നിലും പരമാവധി തൊഴിലുറപ്പ് പണം വിനിയോഗിക്കുന്നതിന് നഗരസഭ ശ്രദ്ധിക്കേണ്ടതാണ്. ഇതുവഴി തൊഴിലിനോടൊപ്പം സ്ഥായിയായ ആസ്തികളുടെ നിർമ്മാണവും യാഥാർത്ഥ്യമാവും. ഇപ്രകാരം മുകളിൽ സൂചിപ്പിച്ച മൂന്ന് മേഖലകളിലെയും പദ്ധതികൾക്ക് ആവശ്യമായ എല്ലാ ഇടപെടലുകളും, തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെ ഒറ്റ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് .

**5) ട്രഷറിയിൽ പി.എസ്. ടി.എസ്. ബി അക്കൗണ്ട് ആരംഭിച്ചിട്ടില്ല**

നിലവിൽ അയ്യൻകാളി ഫണ്ട് നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്നത് പഞ്ചാബ് നാഷണൽ ബാങ്കിൽ 01.03.2011 ൽ ആരംഭിച്ച 4489000100019655 -ാം നമ്പർ അക്കൗണ്ടിലാണ്. 16.04.2018 ലെ സർക്കാർ ഉത്തരവ് (പി) 62/2018/ഫിൻ പ്രകാരം എല്ലാ പ്ലാൻ സ്കീമുകളുടെയും തുക ഇനി മുതൽ 'plan scheme treasury savings bank(PSTSB) ' എന്ന ഇതിനായി മാത്രം തുറക്കേണ്ട അക്കൗണ്ട് മുഖേനയേ ലഭ്യമാകൂ എന്ന് അറിയിച്ചിട്ടുണ്ട്. 10.08.2018 ലെ നഗരകാര്യഡയറക്ടറുടെ ഡിസി3-18516/18-ാം നം. കത്തിലൂടെ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി തുകയും ഇനി മുതൽ ഈ അക്കൗണ്ടിലൂടെയേ ലഭിക്കൂ എന്നതിനാൽ ടി അക്കൗണ്ട് നഗരസഭയിൽ ആരംഭിക്കാൻ നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇത് നഗരസഭയിൽ ആരംഭിച്ചിട്ടില്ല. ടി അക്കൗണ്ട് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-32 PMAY ഭവന നിർമ്മാണം - അപാകതകൾ**

ആലുവ നഗരസഭയിൽ സി.ഡി.എസ് മെമ്പർ സെക്രട്ടറി മുഖാന്തരം നടപ്പാക്കിയ PMAY ഭവന നിർമ്മാണത്തിന്റെ രജിസ്റ്ററുകളും ഫയലുകളും പരിപാലിക്കുന്നതിൽ അപാകതകളുള്ളതായി കാണുന്നു. വിവിധ ഘട്ടങ്ങളിലായി നൽകിയിരിക്കുന്ന തുകകൾ രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ കേന്ദ്ര വിഹിതം/ സംസ്ഥാന വിഹിതം/നഗരസഭാ വിഹിതം എന്നിവയുടെ വരവും ചെലവും പരിശോധിക്കാവുന്ന രീതിയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററും ഫയലുകളും ശരിയായി പരിപാലിക്കാത്തതുമൂലം ഗുണഭോക്താക്കൾക്ക് അധികം തുക നൽകുന്നതിനും നാളുകൾക്ക് ശേഷം ഇത് തിരികെ ഈടാക്കേണ്ടിയും വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. തെരേസ ജോൺ, വാർഡ് 17 എന്ന ഗുണഭോക്താവിന് വിവിധ ഘട്ടങ്ങളിലായി 4,40,000.00 രൂപ നൽകുകയും പിന്നീട് അധികം നൽകിയ 40,000.00 രൂപ തിരികെ ഈടാക്കുകയും ചെയ്തിരിക്കുന്നു. 27.04.2018 ൽ നൽകിയ മൂന്നാം ഗഡുവിൽ അധികമായി നൽകിയ തുക 24.01.2019 ലാണ് മുനിസിപ്പൽ ഫണ്ടിൽ തിരികെ അടച്ചത്. എന്നാൽ തിരികെ ഈടാക്കിയ തുക PMAY യുടെ ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല.
2. ഐഷാബീവി, വാർഡ് - 3 എന്ന ഗുണഭോക്താവിന് വിവിധ ഘട്ടങ്ങളിലായി 4,40,000.00 രൂപ നൽകുകയും പിന്നീട് അധികം നൽകിയ 40,000.00 രൂപ തിരികെ ഈടാക്കുകയും ചെയ്തിരിക്കുന്നു. 30.08.2018 ൽ നൽകിയ അവസാന ഗഡുവിൽ അധികമായി നൽകിയ തുക 02.11.2018 ലാണ് മുനിസിപ്പൽ ഫണ്ടിൽ തിരികെ അടച്ചത്. എന്നാൽ തിരികെ ഈടാക്കിയ ഈ തുക PMAY യുടെ ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല.

മേൽ പറഞ്ഞ രണ്ട് ഗുണഭോക്താക്കളിൽ നിന്നുമായി തിരികെ ഈടാക്കിയ 80,000/- രൂപ PMAY അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. രജിസ്റ്റർ

ശരിയായി എഴുതി സൂക്ഷിക്കാത്തതുകൊണ്ടാണ് മുകളിൽ സൂചിപ്പിച്ച പ്രകാരം അധിക തുക നൽകാനിടയായത്. രജിസ്റ്ററുകൾ പൂർണ്ണമാക്കേണ്ടതാണ്.

3. ഭവന നിർമ്മാണത്തിന്റെ ഗുണഭോക്താക്കളായ ജമീല.K.M, റാബിയ സലിം എന്നിവർ 10.08.2017 തീയതിയിൽ ആദ്യ ഗഡു തുകയായ 30,000.00 രൂപ കൈപ്പറ്റിയിട്ടുണ്ട്. പിന്നീട് ഇവർക്ക് തുകയൊന്നും നൽകിയിട്ടില്ല. PMAY മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കരാർവെച്ച് ഒരു വർഷത്തിനുള്ളിൽ വീടുപണി പൂർത്തിയാക്കേണ്ടതാണ്. പണി പൂർത്തിയാക്കാത്ത പക്ഷം ഇവരിൽ നിന്നും 60,000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

4. PMAY പദ്ധതിയുടെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| വർഷം | മുന്നിരിപ്പ് (ലക്ഷത്തിൽ) | | വരവ് (ലക്ഷത്തിൽ) | | ചെലവ് (ലക്ഷത്തിൽ) | | നീക്കിയിരിപ്പ് (ലക്ഷത്തിൽ) | |
|---|---|---|---|---|---|---|---|---|
| | പദ്ധതി വിഹിതം | കേന്ദ്ര സംസ്ഥാന വിഹിതം | പദ്ധതി വിഹിതം | കേന്ദ്ര സംസ്ഥാന വിഹിതം | പദ്ധതി വിഹിതം | കേന്ദ്ര സംസ്ഥാന വിഹിതം | പദ്ധതി വിഹിതം | കേന്ദ്ര സംസ്ഥാന വിഹിതം |
| 2017-18 | 0 | 0 | 33.42 | 24.80 | 15.70 | 0 | 17.72 | 24.80 |
| 2018-19 | 17.72 | 24.80 | 29.70 | 39.60 | 47.42 | 29.83 | 0 | 34.57 |

2017-18 -ൽ PMAY പദ്ധതിക്കായി 33.42 ലക്ഷം രൂപയാണ് പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ചത്. ഇതിൽ 15.70 ലക്ഷം രൂപ PMAY ബാങ്ക് അക്കൗണ്ടിലും 17.72 ലക്ഷം രൂപ ട്രഷറി അക്കൗണ്ടിലുമാണ് നിക്ഷേപിച്ചത്. ട്രഷറി അക്കൗണ്ടിലെ തുക 17.72 ലക്ഷം രൂപ 2018-19 വർഷത്തിലാണ് ചെലവഴിച്ചത്. ഭവനപദ്ധതികൾക്കായി പ്ലാൻ ഫണ്ട് മുൻകൂറായി പിൻവലിക്കാമെങ്കിലും അതാത് വർഷം തന്നെ മുഴുവൻ തുകയും ചെലവഴിക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല.

2018-19 -ലെ പദ്ധതി വിഹിതം 29.70 ലക്ഷം രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്തത്. രണ്ട് വർഷങ്ങളിലേയും ആകെ പദ്ധതി ചെലവ് 63.12 ലക്ഷം രൂപയാണ്. അതേ സമയം കേന്ദ്ര സംസ്ഥാന വിഹിതത്തിൽ നിന്നുള്ള ചെലവ് 29.83 ലക്ഷം മാത്രമാണ്.

5. 16.04.2018 ലെ G.O (P)No.62/2018/Fin ഉത്തരവ് പ്രകാരം പദ്ധതി വിഹിതത്തിന്റെ വിനിയോഗം Plan Scheme Treasury Savings Bank (PSTSB) അക്കൗണ്ട് മുഖേന നടത്തേണ്ടതാണ്. 2018-19 വർഷത്തിൽ നഗരസഭയിൽ പ്രസ്തുത അക്കൗണ്ട് ആരംഭിച്ചിട്ടില്ല. നഗരസഭയിൽ പ്രസ്തുത അക്കൗണ്ട് തുടങ്ങിയിട്ടില്ലാത്തതിനാൽ PMAY ഭവന നിർമ്മാണത്തിനുള്ള 2018-19 വർഷത്തെ പദ്ധതി വിഹിതം (Plan Fund) നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് വിതരണം ചെയ്തിരിക്കുന്നത്. സ്ഥാപനത്തിന് ലഭിക്കുന്ന വിവിധ ഫണ്ടുകൾ ഓൺ ഫണ്ടിന്റെ സ്പെഷ്യൽ TSB അക്കൗണ്ട് വഴി മാത്രം കൈകാര്യം ചെയ്യുന്നതുമൂലം ഫണ്ടുകളുടെ ഉറവിടവും വിനിയോഗവും പരിശോധിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത് ഒഴിവാക്കുന്നതിനാണ് ഇത്തരത്തിൽ നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നത്. എന്നാൽ നഗരസഭയിൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

**1-33 വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പണി പൂർത്തീകരിച്ചില്ല - 2.15 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

മലിനജലം പുഴയിലേയ്ക്കാഴുക്കുന്നത് തടയുന്നതിനായി നഗരസഭ സ്ഥാപിച്ചിട്ടുള്ള മലിനജല സംസ്കരണപ്ലാന്റ് 31.05.2016 -ന് ശേഷം പ്രവർത്തിപ്പിച്ചിട്ടില്ല. മെയിന്റനൻസ് പ്രവൃത്തികൾക്കായാണ് പ്ലാന്റ് അടച്ചിട്ടത്. പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് 2017-18 – ൽ ക്വട്ടേഷൻ ക്ഷണിച്ചു. താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത വാട്ടർമാൻ അക്വാട്ടിക് സിസ്റ്റംസ് പ്രൈ ലിമിറ്റഡ് കമ്പനിയുമായി 20.07.2017 – ൽ നഗരസഭ കരാറുണ്ടാക്കി. 10.75 ലക്ഷം രൂപയാണ് അടങ്കൽ. തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തിയാണ്. കരാർ പ്രകാരം രണ്ട് മാസത്തിനുള്ളിൽ അതായത് 19.09.2017 – നകം പ്ലാന്റ് പ്രവർത്തനക്ഷമമാക്കണമായിരുന്നു. എന്നാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറുകാരൻ പണി പൂർത്തിയാക്കിയില്ല. ഫിൽറ്ററേഷൻ വിത്ത് അക്സസറീസ് സ്ഥാപിച്ചതിന് 2.65 ലക്ഷം രൂപയുടെ ബിൽ കരാറുകാരൻ നൽകിയത് 07.12.2017 -ലാണ്. 17.01.2018 -ലെ 468194 ചെക്ക് പ്രകാരം 2.65 ലക്ഷം രൂപ നഗരസഭ കരാറുകാരന് നൽകി. തുടർന്ന് താഴെ പറയുന്ന ബില്ലുകൾ കരാറുകാരൻ നൽകിയതായി കാണുന്നു.

| ക്രമ നം | ബിൽ വിവരം/ തീയതി | തുക |
|---|---|---|
| 1 | ക്ലാരിഫയർ വിത്ത് ഗിയർ/4/5/18 | 3,0,0800 |
| 2 | എയറേറ്റർ ഗിയർ /4/5/18 | 1,34,400 |
| 3 | ഫിൽറ്റർ ഫീഡ് 5(എച്ച്.പി)/24/5/18 | 95,200 |

സാമ്പത്തിക പ്രതിസന്ധി കാരണം 2,15,000/- രൂപയിൽ തുക നിജപ്പെടുത്തി ആദായ നികുതിയും, തൊഴിലാളി ക്ഷേമനിധി വിഹിതവും കുറച്ച് 200585/- രൂപ 8/07/2018 -ലെ 914568 ചെക്ക് പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്. കരാറുകാരന് നൽകേണ്ട ബാക്കി തുക സാമ്പത്തിക പ്രതിസന്ധിയുള്ളത് കാരണം നൽകിയിട്ടില്ല. 2018 – ലെ പ്രളയത്തിൽ കരാറുകാരൻ സ്ഥാപിച്ച ഉപകരണങ്ങൾ വെള്ളത്തിൽ മുങ്ങിയതിനാൽ നിലവിൽ ഇവ പ്രവർത്തനക്ഷമമല്ല. ഈ ഉപകരണങ്ങൾ വീണ്ടും പ്രവർത്തിപ്പിക്കുന്നതിന് 2.89 ലക്ഷം രൂപ കൂടി അധികമായി വേണ്ടി വരുമെന്നാണ് 21.10.2019 -ൽ നഗരസഭക്ക് നൽകിയ കത്തിൽ കരാറുകാരൻ വ്യക്തമാക്കിയിട്ടുള്ളത്.

3 വർഷമായി പ്ലാന്റ് പ്രവർത്തിക്കാത്തതിനാൽ പ്ലാന്റിൽ നിന്നൊഴുകുന്ന മലിനജലം സമീപത്തുള്ള വാട്ടർ അതോറിറ്റിയുടെ ജല ശുദ്ധീകരണ പ്ലാന്റിന്റെ പമ്പിംഗ് മേഖലയിൽ എത്തി പമ്പ് ചെയ്യുന്ന കുടിവെള്ളം മലിനമാകാൻ സാദ്ധ്യതയുള്ളതിനാൽ അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ എറണാകുളം ജില്ല കളക്ടർ 24.10.2019 -ൽ നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന പോലീസിന്റെ ഇന്റലിജൻസ് റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് ജില്ലാ കളക്ടർ നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് കത്തിന്റെ ഉള്ളടക്കത്തിൽ നിന്ന് വ്യക്തമാണ്.

വിശദമായ സാങ്കേതിക റിപ്പോർട്ട് സഹിതം വിഷയം കൗൺസിലിന് സമർപ്പിക്കാൻ സെക്രട്ടറി നിർദ്ദേശിച്ചതിനപ്പുറം മറ്റ് നടപടികളൊന്നും ഇക്കാര്യത്തിൽ നഗരസഭ സ്വീകരിച്ചിട്ടില്ല.

ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ല കളക്ടർ നൽകിയ നിർദ്ദേശപ്രകാരം അടിയന്തിരമായി പ്ലാന്റ് പ്രവർത്തിപ്പിക്കാൻ നഗരസഭ നടപടിയെടുക്കേണ്ടതാണ്.

പണി പൂർത്തിയാക്കാത്തതിനാൽ വൗച്ചർ 44-8/18 പ്രകാരം അനുവദിച്ച 2,15,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-34 KURDFC ലോൺ - 10 ലക്ഷം രൂപ പിഴപ്പലിശ നൽകി

2010-11 സാമ്പത്തിക വർഷത്തിലാണ് ആലുവ നഗരസഭ പാർക്കിങ്ങ് ഏരിയ ഷോപ്പിങ്ങ് കോംപ്ലക്സ് പണിയുന്നതിനായി KURDFC യിൽ നിന്നും സ്കീം നമ്പർ 21 പ്രകാരം 1.78 കോടി രൂപയുടെ വായ്പ എടുക്കുന്നത്. വിവിധ ഘട്ടങ്ങളായി ലഭിക്കുന്ന ലോൺ തുക നഗരസഭ 28 ത്രൈമാസ തുല്യ ഗഡുക്കളായാണ് തിരിച്ചടക്കേണ്ടത്. 8 ഘട്ടങ്ങളായി ലഭിച്ച ലോൺ തുക ഓരോന്നും വ്യത്യസ്ത ലോൺ പോലെ കണക്കാക്കി തിരിച്ചടവ് വിഹിതത്തിലും വ്യത്യാസമുണ്ട്. നഗരസഭക്ക് നൽകിയ ലോണിന് 9.50 % പലിശയാണ് KURDFC ഈടാക്കുന്നത്. തിരിച്ചടവിന് കാലതാമസം നേരിട്ടാൽ 2.50 % പിഴ പലിശ ഈടാക്കുന്നതിനും കരാറിൽ വ്യവസ്ഥയുണ്ട്. ലോൺ വിഹിതം ലഭിച്ചതിന്റേയും ലോൺ തിരിച്ചടവ് വിഹിതത്തിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലോൺ വിഹിതം ലഭിച്ച തിയതി | ലോൺ വിഹിതം | തിരിച്ചടവ് വിഹിതം |
|---|---|---|---|
| 1 | 01.06.2010 | 29,50,000.00 | 1,05,357.00 |
| 2 | 20.09.2010 | 23,25,000.00 | 83,036.00 |
| 3 | 19.10.2010 | 22,00,000.00 | 78,512.00 |
| 4 | 07.12.2010 | 18,60,000.00 | 66,429.00 |
| 5 | 10.01.2011 | 24,00,000.00 | 85,715.00 |
| 6 | 21.05.2011 | 23,70,000.00 | 84,643.00 |
| 7 | 21.07.2011 | 17,00,000.00 | 60,715.00 |
| 8 | 05.09.2011 | 24,50,000.00 | 87,500.00 |
| | **ആകെ** | **1,82,55,000.00** | |

1.78 കോടി രൂപയാണ് നഗരസഭ ആവശ്യപ്പെട്ടതെങ്കിലും KURDFC യുടെ അശ്രദ്ധമൂലം 4,55,000.00 രൂപ അധികം അനുവദിക്കുകയായിരുന്നു. അധികം അനുവദിച്ച തുക 22.10.2011 ൽ നഗരസഭ തിരികെ നൽകി. സ്കീം നമ്പർ 18 പ്രകാരം 2000-01 സാമ്പത്തിക വർഷത്തിൽ എടുത്തിരുന്ന 12.50 ലക്ഷം രൂപയുടെ വായ്പയിൽ 4,16,660.00 രൂപ തിരിച്ചടക്കാൻ ബാക്കിയുള്ളപ്പോളാണ് പുതിയ വായ്പ എടുക്കുന്നത്. ഈ തുകയും പുതിയ വായ്പാ തുകയായ 1.78 കോടി രൂപയും ചേർത്തുള്ള തിരിച്ചടവ് 31.03.2011 ലാണ് ആരംഭിക്കുന്നത്.

ഓഡിറ്റ് കാലയളവായ 2018-19 ലാണ് ലോൺ തിരിച്ചടവ് പൂർണ്ണമായിരിക്കുന്നത്. 30.09.2013 വരെയുള്ള തിരിച്ചടവ് KURDFC യിൽ നിന്നും നോട്ടീസ് ലഭിക്കുന്ന മുറക്ക് നഗരസഭ നടത്തിയിരുന്നു. നോട്ടിസിൽ പറയുന്ന തുക ഒടുക്കുന്നതിൽ ദിവസങ്ങളുടെ കാലതാമുണ്ടാകുന്നതിന്റെ ഫലമായി താരതമ്യേന ചെറിയ തുകകൾ പിഴപ്പലിശ ഒടുക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ 30.09.2013 ന് ശേഷമുള്ള തിരിച്ചടവുകളിൽ നഗരസഭ തുടർച്ചയായി വീഴ്ച വരുത്തുകയും വൻ തുക പിഴ പലിശ ഒടുക്കേണ്ടതായും വന്നിട്ടുണ്ട്. 10,44,389.00 രൂപയാണ് നഗരസഭക്ക് പിഴപ്പലിശയിനത്തിൽ അധികം ചെലവായിരിക്കുന്നത്. ലോൺ ക്ലോസ് ചെയ്ത 2018-19 സാമ്പത്തിക വർഷത്തിൽ മാത്രം പിഴപ്പലിശയായി 47,260.00 രൂപ അധികം ഒടുക്കിയിട്ടുണ്ട്. കുടിശ്ശികയുടേയും പിഴപ്പലിശയുൾപ്പെടെയുള്ള ലോൺ തിരിച്ചടവിന്റേയും വിവരം താഴെ ചേർക്കുന്നു.

| തീയതി | കുടിശ്ശിക മുൻ ബാക്കി | അടവാക്കേണ്ട തുക ( മുതലും പലിശയും) | പിഴപ്പലിശ | അടവാക്കിയ തുക | കുടിശ്ശിക ആകെ |
|---|---|---|---|---|---|
| 31.03.2011 | 0 | 3,32,320.00 | 0 | 3,32,320.00 | 0 |
| 30.06.2011 | 0 | 8,06,987.00 | 5702.00 | 8,06,987.00 | 5702.00 |
| 30.09.2011 | 5702.00 | 10,04,697.00 | 0 | 10,10,399.00 | 0 |
| 17.11.2011 | 0 | | | 35,00,000.00 | |
| 31.12.2011 | 0 | 8,98,5,98.00 | 8444.00 | 8,98,598.00 | 8444.00 |
| 31.03.2012 | 8444.00 | 9,09,570.00 | 4679.00 | 9,18,014.00 | 4679.00 |
| 30.06.2012 | 4679.00 | 8,33,325.00 | 13,141.00 | 8,38,004.00 | 13,141.00 |
| 30.09.2012 | 13,141.00 | 8,84,048.00 | 0 | 8,97,189.00 | 0 |
| 31.12.2012 | 0 | 8,10,371.00 | 0 | 8,10,371.00 | 0 |
| 31.03.2013 | 0 | 8,50,411.00 | 1760.00 | 8,50,411.00 | 1760.00 |
| 30.06.2013 | 1760.00 | 7,82,325.00 | 0 | 7,84,085.00 | 0 |
| 31.09.2013 | 0 | 8,27,041.00 | 0 | 8,27,041.00 | 0 |
| 31.12.2013 | 0 | 7,58,738.00 | -- | ഇല്ല | 7,58,738.00 |
| 31.03.2014 | 7,58,738.00 | 7,93,763.00 | 22450.00 | ഇല്ല | 15,74,951.00 |
| 30.06.2014 | 15,74,951.00 | 7,30,540.00 | 46,238.00 | 62,646.00 | 22,89,083.00 |
| 30.09.2014 | 22,89,083.00 | 7,16,036.00 | 69,237.00 | ഇല്ല | 30,74,356.00 |
| 31.12.2014 | 30,74,356.00 | 6,24,622.00 | 1,28,545.00 | | 38,27,523.00 |
| 31.03.2015 | 38,27,523.00 | 6,57,300.00 | 94147.00 | | 45,78,970.00 |
| 30.06.2015 | 45,78,970.00 | 6,00,911.00 | 1,20,805.00 | | 53,00,686.00 |
| 30.09.2015 | 53,00,686.00 | 6,35,202.00 | 1,61,250.00 | | 60,97,138.00 |
| 12.10.2015 | 60,97,138.00 | | 24,215.00 | 3,06,900.00 | 58,14,453.00 |
| 05.11.2015 | 58,14,453.00 | | 45,878.00 | 3,28,302.00 | 55,32,029.00 |
| 31.12.2015 | 55,32,029.00 | 5,80,220.00 | 1,00,563.00 | | 62,12,812.00 |
| 16.01.2016 | 62,12,812.00 | | 32,681.00 | 15,53,206.00 | 46,92,287.00 |
| 18.02.2016 | 46,92,287.00 | | 50,908.00 | 15,53,206.00 | 31,89,989.00 |
| 14.03.2016 | 31,89,989.00 | | 26,219.00 | 15,53,206.00 | 16,63,002.00 |
| 26.03.2016 | 16,63,002.00 | | 6561.00 | 16,80,296.00 | -10,733.00 |
| 31.03.2016 | -10,733.00 | 5,67,687.00 | | | 5,56,954.00 |
| 23.04.2016 | 5,56,954.00 | | 6706.00 | 5,59,336.00 | 4324.00 |
| 30.06.2016 | 4324.00 | 5,56,737.00 | | | 5,61,061.00 |
| 05.09.2016 | 5,61,061.00 | | 12,460.00 | 5,61,061.00 | 12,460.00 |
| 30.09.2016 | 12,460.00 | 5,46,692.00 | | 5,59,152.00 | 0 |
| 31.12.2016 | 0 | 5,35,622.00 | | 5,35,622.00 | 0 |
| 31.03.2017 | 0 | 5,23,390.00 | | 5,23,390.00 | 0 |
| 30.06.2017 | 0 | 5,13,075.00 | | 5,13,075.00 | 0 |
| 30.09.2017 | 0 | 4,99,609.00 | | 4,99,609.00 | 0 |
| 31.12.2017 | 0 | 4,91,404.00 | | 0 | 4,91,404.00 |
| 31.03.2018 | 4,91,404.00 | 4,79,901.00 | 14,540.00 | | 9,85,845.00 |
| 25.05.2018 | 9,85,845.00 | | 17,826.00 | 9,11,758.00 | 91,913.00 |
| 30.06.2018 | 91,913.00 | 1,53,778.00 | 1088.00 | | 2,46,779.00 |

| | | | | | |
|---|---|---|---|---|---|
| 30.09.2018 | 2,46,779.00 | 89,595.00 | 7464.00 | | 3,43,838.00 |
| 31.12.2018 | 3,43,838.00 | 0 | 10,400.00 | | 3,54,238.00 |
| 31.03.2019 | 3,54,238.00 | 0 | 10,482.00 | 3,64,720.00 | 3,64,720.00 |
| | **ആകെ** | | **10,44,389.00** | **2,45,38,904.00** | |

മേൽപറഞ്ഞ കണക്കുകൾ പ്രകാരം 1.82 കോടി രൂപയുടെ വായ്പ തിരിച്ചടച്ചപ്പോൾ 2.45 കോടി രൂപയാണ് ചെലവായിരിക്കുന്നത്. അതായത് 63 ലക്ഷം രൂപ പലിശയിനത്തിൽ ചെലവായതായി മനസ്സിലാക്കാം. ഇതിൽ 10,44,389.00 രൂപ പിഴപ്പലിശയാണ്.

2011 സെപ്റ്റംബപർ മാസത്തിലാണ് ലോണിന്റെ അവസാന ഗഡു നഗരസഭക്ക് ലഭിച്ചിരിക്കുന്നത്. ഇതിൻ പ്രകാരം 28 ത്രൈമാസ തവണകളായി (7 വർഷം) തിരിച്ചടവ് നടത്തുകയാണെങ്കിൽ 2018 സെപ്റ്റംബർ മാസത്തിൽ തിരിച്ചടവ് പൂർത്തിയാകണം. മേൽപ്പറഞ്ഞ കണക്കുകൾ പരിശോധിക്കുമ്പോൾ ലോൺ തിരിച്ചടവ് പൂർത്തിയാകുന്നതിന് 6 മാസത്തെ കാലതാമസം മാത്രമാണ് ഉണ്ടായിരിക്കുന്നത്. എന്നാൽ 10 ലക്ഷത്തിലധികം പിഴപ്പലിശ ഒടുക്കേണ്ടി വന്നത് ഓരോ തവണയും തുക ഒടുക്കുന്നതിനുണ്ടായ കാലതാമസം മൂലമാണ്. ഇത് ഒഴിവാക്കേണ്ടതായിരുന്നു.

31.03.2011 ലാണ് നഗരസഭ തിരിച്ചടവ് ആരംഭിക്കുന്നത്. 17.11.2011 ൽ (7 മാസത്തിന് ശേഷം) 35 ലക്ഷം രൂപ മുതലിലേക്ക് ഒടുക്കുന്നുണ്ട്. മുതലിൽ 35 ലക്ഷം രൂപ ഒരുമിച്ച് അടവാക്കിയിട്ടും ലോണിന്റെ മുതലിലേക്കുള്ള തിരിച്ചടവ് വിഹിതത്തിൽ യാതൊരു കറവും ഉണ്ടായിട്ടില്ല. തുടർന്നുള്ള തവണകൾക്കും ആദ്യ പട്ടികയിൽ പറഞ്ഞ പ്രകാരമുള്ള തിരിച്ചടവ് വിഹിതം തന്നെയാണ് KURDFC ആവശ്യപ്പെട്ടിരുന്നത്. അതായത് ലോൺ തിരിച്ചടവ് ആരംഭിച്ച് 7 മാസത്തിനകം ഒരുമിച്ച് 35 ലക്ഷം മുതലിലേക്ക് ഒടുക്കിയ സാഹചര്യത്തിൽ, 28 ഗഡുക്കളായി തുക ഒടുക്കമെന്ന വ്യവസ്ഥയുള്ളതിനാൽ മുതലിലേക്കുള്ള തിരിച്ചടവ് വിഹിതത്തിൽ കുറവുണ്ടാകേണ്ടതായിരുന്നു. അങ്ങനെയെങ്കിൽ നഗരസഭക്ക് തിരിച്ചടവ് വിഹിതത്തിൽ കറവുണ്ടാകുകയും മുടക്കം കൂടാതെ അടവ് നടത്തി പിഴപ്പലിശ ഒഴിവാക്കുകയും ചെയ്യാമായിരുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ്, വകുപ്പ് - 307 പ്രകാരം വായ്പകൾ തിരിച്ചടക്കുന്നതിനും അവയുടെ പലിശ നൽകുന്നതിനും ഒരു മുനിസിപ്പാലിറ്റി കൊടുക്കാനുള്ള എല്ലാ തുകകളും മുനിസിപ്പാലിറ്റിയിൽ നിന്നും കൊടുക്കേണ്ട മറ്റെല്ലാ തുകകളേക്കാൾ മുൻഗണന നൽകേണ്ടതാണ്. നഗരസഭയുടെ ഭാഗത്ത് നിന്നും മേൽപറഞ്ഞ വകുപ്പിൽ പറയും പ്രകാരമുള്ള സമീപനം ഉണ്ടായിട്ടില്ല. KURDFC യിൽ നിന്നും എടുത്ത വായ്പക്കായി 10ലക്ഷം രൂപയിലധികം പിഴപ്പലിശ നൽകാനിടയായതിന് വിശദീകരണം നൽകേണ്ടതാണ്. ജനറൽ മാർക്കറ്റ് നിർമ്മാണത്തിനായി KURDFC യിൽ നിന്നും 5 കോടി രൂപയുടെ വായ്പയെടുക്കുന്നതിന് തീരുമാനമെടുത്തിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ ലോണിന്റെ കാര്യത്തിലുള്ള മുന്നനുഭവം ഒരു പാഠമാക്കുന്നത് ഉചിതമായിരിക്കും.

## 1-35 ലൈബ്രറി സെസ്സ് - 93.67 ലക്ഷം രൂപ ബാദ്ധ്യത

2018-19 വാർഷിക ധനകാര്യ പത്രിക പ്രകാരം 31.03.2019 വരെ 93,67,220.00 രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് നഗരസഭ ഒടുക്കാനുണ്ട്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സീനിയർ ഫിനാൻസ് ഓഫീസർക്കുള്ള നഗരസഭാ സെക്രട്ടറിയുടെ 15.03.2019 ലെ ആർ2 1980/10 നമ്പർ കത്ത് പ്രകാരം 2012-13 മുതൽ 2018-19 ഒന്നാം അർദ്ധവർഷം വരെ ലൈബ്രറി സെസ്സ് ഇനത്തിൽ 75,34,970.00 രൂപ കുടിശ്ശികയുള്ളതായി പറയുന്നുണ്ട്. 1989 ലെ കേരള പബ്ലിക് ലൈബ്രറീസ് ആക്റ്റ് വകുപ്പ് 48, ഉപവകുപ്പ് (1), (2), (3) എന്നിവ പ്രകാരം വസ്തുനികുതിയോടൊപ്പം 5 % നിരക്കിൽ ലൈബ്രറി സെസ്സ് ഈടാക്കേണ്ടതും ഇത് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.09.2005 തീയതിയിലെ 10088/ എൽ.3/05 നമ്പർ സർക്കുലർ പ്രകാരം ലൈബ്രറി സെസ്സ് യഥാസമയം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ അത് നഗരസഭാ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ 2% നിരക്കിൽ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതുമാണ്. ലൈബ്രറി സെസ്സ് വർഷങ്ങളായി സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കാതിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 2012-13 മുതൽ 2018-19 വരെ 71,77,749.00 രൂപ കുടിശ്ശികയുള്ളതായാണ് പറയുന്നത്. ഈ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായതിനാലാണ് ലൈബ്രറി സെസ്സ് കുടിശ്ശിക വന്നതെന്നാണ് മറുപടിയിൽ വിശദീകരിച്ചിരിക്കുന്നത്. വസ്തുനികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക യഥാ സമയം ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കാതെ നഗരസഭയുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. കുടിശ്ശിക ഒടുക്കുന്നതിന് അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്.

### 1-36 ഗവൺമെന്റ് ലോൺ കൃത്യമായി തിരിച്ചടക്കുന്നില്ല- വലിയ തുക പിഴപലിശ ഒടുക്കേണ്ടിവരുന്നു.

വിവിധ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും നഗരസഭക്കനുവദിച്ചിട്ടുള്ള വായ്പകളുടെ തിരിച്ചടവിനത്തിൽ 2018-19 -ൽ ഒടുക്കേണ്ട മുതൽ, പലിശ, പിഴപലിശ സംബന്ധിച്ച വിശാംശങ്ങൾ ചുവടെ കൊടുക്കുന്നു. (ഫയൽ നമ്പർ- എ2- 9775/99)

| ക്രമ നം. | ഉത്തരവ് നം./തീയതി | വായ്പതുക | 31.03.2018 -ലെ നീക്കി ബാക്കി | 2018-19 -ലെ ഡിമാന്റ് | | |
|---|---|---|---|---|---|---|
| | | | | തവണ (മുതൽ) | പലിശ | പിഴ പലിശ |
| 1. | GO(Rt) 1734/95/Lad dated 30.03.1995 | 30,50,000 | 9,15,000 | 1,52,500 | 36,600 | 76,153 |
| 2. | GO(Rt) 1608/96/Lad dated 27.03.1996 | 1022000 | 3,06,600 | 51,100 | 18,396 | 22,462 |
| 3. | GO(Rt) 4448/96/Lad dated 12.02.1996 | 10,11,300 | 4,07,910 | 50,565 | 24,271 | 32,743 |

| | | | | | | |
|---|---|---|---|---|---|---|
| 4. | GO(Rt) 3344/98/Lad dated 17.11.1998 | 25,83,000 | 12,91,500 | 1,29,150 | 96,863 | 88,568 |
| 5. | GO(Rt) 4353/2000/Lad dated 27.10.2000 | 25,70,000 | 17,39,997 | 1,28,500 | 1,01,688 | 17,7916 |
| | | **1,02,36,300** | | **5,11,815** | **2,77,818** | **3,97,842** |

അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിന്നുള്ള 08.04.2019, 18.06.2019 തീയതികളിലെ LA-01/1/2018-19/01, LA-01/1/2018-19/69 കത്തുകൾ പ്രകാരമുള്ള ഡിമാന്റ് നോട്ടീസിൽ കാണിച്ചിട്ടുള്ള വിവരങ്ങളാണ് മുകളിൽ കാണിച്ചിട്ടുള്ളത്. ഇതുപ്രകാരം 2018-19-ൽ തിരിച്ചടക്കേണ്ട തുക 5.12 ലക്ഷം രൂപയും പലിശ 2.78 ലക്ഷം രൂപയും പിഴ പലിശ 3.98 ലക്ഷം രൂപയുമാണ്. എന്നാൽ സാമ്പത്തിക പ്രതിസന്ധിമൂലം നഗരസഭ തൻവർഷം തുകയൊന്നും അടച്ചിട്ടില്ല. 2017-18 -ൽ തിരിച്ചടക്കേണ്ടിയിരുന്ന തുകയുടെ വിശാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| മുതൽ | : | 500793.00 |
| പലിശ | : | 444390.00 |
| പിഴപലിശ | : | 343407.00 |
| **ആകെ** | **:** | **1288590.00** |

സാമ്പത്തിക പ്രതിസന്ധിമൂലം ഈ തുകയിൽ നിന്നും മുതൽ തുക 5,00,793/- രൂപ മാത്രമാണ് 2017-18 -ൽ തിരിച്ചടച്ചിട്ടുള്ളത് (ചെക്ക് 912382/27.03.2018). തിരിച്ചടവ് വൈകുന്തോറും വലിയ തുകയാണ് പലിശയും പിഴപലിശയുമായി നഗരസഭയ്ക്ക് ഒടുക്കേണ്ടിവരുന്നത്. തിരിച്ചടവ് വൈകുന്നത് മൂലമാണ് പിഴപലിശ ഒടുക്കേണ്ടിവരുന്നത്. 2017-18 -ൽ തിരിച്ചടവ് തുക 5 ലക്ഷം രൂപയും പിഴപലിശ 3.43 ലക്ഷം രൂപയുമായിരുന്നു. മുതൽ തുകയുടെ 68.6% തുക പിഴപലിശയായിരുന്നു. 2018-19 മുതൽ തുകയുടെ 77.13% തുകയാണ് പിഴ ഒടുക്കേണ്ടിയിരുന്നത്. എന്നാൽ തൻവർഷം തുകയൊന്നും അടക്കാതിരുന്നതിനാൽ 2019-20 -ൽ കൂടുതൽ പിഴ ഒടുക്കേണ്ടതായി വരും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ – 39/2018-19) മറുപടിയിൽ നഗരസഭയിലെ സാമ്പത്തിക ബുദ്ധിമുട്ടാണ് ലോൺ തിരിച്ചടവ് വൈകുന്നതിന് കാരണമെന്നാണ് വിശദീകരിച്ചിരിക്കുന്നത്. നികുതി, ലൈസൻസ്, ഫീസിനങ്ങളിൽ ലഭിക്കാനുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള തുകകൾ പിരിച്ചെടുത്തും നഗരസഭ കെട്ടിടങ്ങൾ കീഴ് വാടകയ്ക്ക് നൽകിയിട്ടുള്ളത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചും സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

### 1-37 പദ്ധതി പ്രവർത്തനങ്ങൾക്ക് മാത്രമായുള്ള PSTSB അക്കൗണ്ട് നഗരസഭയിൽ ആരംഭിച്ചില്ല

ധനകാര്യ വകുപ്പിന്റെ 16.04.2018 -ലെ സ.ഉ (പി) നം. 62/2018/ഫിൻ ഉത്തരവ് പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും പ്ലാൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ടി സ്ഥാപനങ്ങൾ 'പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് ബാങ്ക് (PSTSB) അക്കൗണ്ട് ' എന്ന പേരിൽ ഒരു അക്കൗണ്ട് അതാത് ട്രഷറിയിൽ ആരംഭിക്കാൻ

സർക്കാർ നിർദ്ദേശിച്ചിരുന്നു. ഒരു ഓഫീസിന് ഒറ്റ PSTSB അക്കൗണ്ട് എന്ന രീതിയിൽ പ്ലാൻ ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനും മാത്രമായി ടി അക്കൗണ്ട് ഉപയോഗിക്കേണ്ടതും മറ്റ് തനത്, നോൺ പ്ലാൻ ഫണ്ടുകൾ ഇതിൽ നിക്ഷേപിക്കാൻ പാടില്ലാത്തതുമാണ്. പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് തുക നൽകാനായി ഫണ്ട് സൂക്ഷിക്കുന്ന ടി അക്കൗണ്ടിൽ ഒരു സാമ്പത്തിക വർഷത്തിൽ കൂടുതൽ ടി തുകകൾ സൂക്ഷിക്കാൻ പാടില്ല.

പ്ലാൻ ഫണ്ട് വിനിയോഗത്തിനായി ഇതിനുമുൻപ് സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ ടി അക്കൗണ്ടിലെ ബാലൻസ് അവസാനിക്കുന്ന മുറയ്ക്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. ഭാവിയിൽ പദ്ധതി ചെലവുകൾക്ക് വേണ്ടി സഞ്ചിതനിധിയിൽ നിന്നും ഈ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് തുകകൾ അനുവദിക്കുന്നതല്ലെന്നും സർക്കാർ അറിയിച്ചിട്ടുണ്ട്.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ എല്ലാ പ്ലാൻ സ്കീമുകളുടെയും തുക 2018-19 മുതൽ PSTSB അക്കൗണ്ട് മുഖേന മാത്രമേ ലഭ്യമാക്കുകയുള്ളൂ എന്നതിനാൽ ടി അക്കൗണ്ട് ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. ഇത് സംബന്ധിച്ച് 18.10.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.25/2018-19 ന് നഗരസഭ മറുപടി നൽകിയിട്ടുണ്ട്. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുക കാലങ്ങളായി പഞ്ചാബ് നാഷണൽ ബാങ്കിന്റെ ആലുവ ബ്രാഞ്ചിലാണ് നിക്ഷേപിക്കുന്നത്. ആയതുകൊണ്ട് തന്നെ രജിസ്റ്റർ ചെയ്ത തൊഴിലാളികളെല്ലാം ടി ബാങ്കിലാണ് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ളത്. ഈ അക്കൗണ്ടുകൾ ഉപയോഗിച്ചാണ് നിലവിലുള്ള 113 പേർ തൊഴിലിനായി അപേക്ഷ നൽകി രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിനാലാണ് ടി പദ്ധതിയുടെ തുക നിക്ഷേപിക്കുന്നതിനായി PSTSB അക്കൗണ്ട് ഇതു വരെ ആരംഭിക്കാതിരുന്നത്. എന്നിരുന്നാലും ടി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

**1-38 പട്ടിക ജാതി പ്രത്യേക ഘടക പദ്ധതി- പ്രോജക്റ്റ് നടത്തിപ്പിൽ ഗുരുതര വീഴ്ചകൾ, ചെലവ് രേഖകൾ ഹാജരാക്കിയില്ല-6,38,996രൂപ തടസ്സപ്പെടുത്തുന്നു.**

സൂചന :- 1) 2018-19 എസ്.സി /എസ്.ടി പ്രോജക്റ്റ് ഫയലുകൾ
2) ജി.ഒ(എം.എസ്)22/2018/തസ്വഭവ; തീ:14.02.2018 മാർഗ്ഗരേഖ

2018-19 സാമ്പത്തിക വർഷം യു.പി.എ.ഡി പ്രോജക്റ്റ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നഗരസഭയിൽ നടപ്പിലാക്കിയ എസ്.സി പ്രോജക്റ്റുകളുടെ ഫയലുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ നടത്തിപ്പിൽ ഗുരുതരമായ ചട്ട ലംഘനങ്ങൾ ഉള്ളതായി കാണുന്നു . തൻവർഷം വിഭാവനം ചെയ്ത 8 പ്രോജക്റ്റുകളും, 7 സ്പിൽ ഓവർ പ്രോജക്റ്റുകളും ഉൾപ്പെടെ 15 പ്രവൃത്തികളാണ് ഈ വർഷം പട്ടികജാതി വിഭാഗത്തിൽ, സി.ഡി.എസ് മെമ്പർ സെക്രട്ടറി കൂടിയായ ശ്രീ.അഖിൽ ജിഷ്ണു.എം.എസ്

നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ളത്. ടി ഇനത്തിൽ തൻവർഷം ആകെ 16,98,296 /- രൂപ ചെലവ് വന്നിട്ടുണ്ട്. ഇതിൽ 3.33 ലക്ഷം രൂപ ചെലവ് വരുന്ന താഴെ പറയുന്ന പ്രോജക്റ്റുകളുടെ ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്റ്റ് നം/പേര് | ചെലവ് തുക | ബിൽ നം/ തിയതി |
|---|---|---|---|
| 1 | 54/19-വീട് പുനരുദ്ധാരണം | 75,000/- | 178/13.03.2019 |
| 2 | 56/19-വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ | 72,000/- | 229/23.03.2019 |
| 3 | 64/19-ഡിഗ്രി,പി.ജി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് | 1,00,000/- | 230/23.03.2019 |
| 4 | 82/19-വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ | 62,400/- | 231/23.03.2019 |
| 5 | S0138/19, ഡ്രൈവിംഗ് പരിശീലനം(**സ്പിൽ ഓവർ**) | 23,600/- | 12/15.05.2018 |

പദ്ധതി നടത്തിപ്പിലെ പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

1. സുപ്രധാന രേഖയായ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.
2. ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലുള്ള, പദ്ധതി ആസൂത്രണവും മോണിറ്ററിംഗും നടത്തേണ്ട, പട്ടികജാതി പട്ടിക വർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പിൻറെ മിനിറ്റ്സ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
3. നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ട്രഷറി ബില്ലുകളുടെ കോപ്പി ലഭ്യമാക്കിയിട്ടില്ല.
4. ഫയൽ നടപടികൾ കൃത്യമായി പരിപാലിക്കുന്നില്ല, ഫയലുകൾ, ഗുണഭോക്താക്കൾ നൽകുന്ന അപേക്ഷകൾ എന്നിവയിൽ തിയതി വെച്ച് സമർപ്പിക്കുന്നില്ല.
5. ട്രഷറി ബിൽ ബുക്കിൽ പ്രോജക്റ്റിൻറെ പേരിനോടൊപ്പം പ്രോജക്റ്റ് നം.രേഖപ്പെടുത്തുകയോ തീയതി വെച്ച് നിർവ്വഹണോദ്യോഗസ്ഥൻ ഒപ്പിടുകയോ ചെയ്തിട്ടില്ല .
6. നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ട് നിർവ്വഹണം നടത്തി സാധന സാമഗ്രികൾ വാങ്ങിയതിൻറെ ബില്ലുകളുടെ കോപ്പി ഹാജരാക്കിയിട്ടില്ല.
7. സ്പിൽ ഓവർ പ്രോജക്റ്റ് രൂപീകരണ ഫോറത്തിൽ ടി പ്രവൃത്തികൾ സ്പിൽ ഓവർ ആയി നടത്താനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിന്റെ സാംഗത്യവും സുതാര്യതയും ഉറപ്പ് വരുത്താനുതകുന്ന ടി രേഖകൾ കൃത്യമായി ഫയലിൽ സൂക്ഷിക്കാത്തത് ഗൗരവതരമായ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. രേഖകൾ കൃത്യമാക്കി പരിശോധനക്ക് ലഭ്യമാക്കുന്നതു വരെ മേൽ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

പദ്ധതികൾ നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

## സ്പിൽ ഓവർ പ്രോജക്ടുകൾ

**I]**

| | |
|---|---|
| പ്രോജക്റ്റ് നം | SO143/19 |
| പേര് | വാട്ടർ ടാങ്ക് |
| ബിൽ നം./തിയതി | 10/15.05.2018 |
| അടങ്കൽ തുക | 45,000/- |
| ചെലവ് തുക | 28,000/- |
| ഗുണഭോക്താക്കളുടെ എണ്ണം | 7 |

a)ഓരോ ഗുണഭോക്താക്കളും 25% ഗുണഭോക്തൃ വിഹിതം(1000 രൂ.)നഗരസഭയിൽ 3/2018 ൽ ഒടുക്കിയിട്ടുണ്ട് . സൂചന(2) മാർഗ്ഗരേഖ പ്രകാരം 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്കാണ് ഗുണഭോക്താക്കൾക്ക് വാങ്ങി നൽകാവുന്നത്. എന്നാൽ സ്പെസിഫിക്കേഷൻ കോട്ട് ചെയ്ത് ടാങ്ക് വാങ്ങുന്നതിന് ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകളോ 7 ടാങ്കുകൾ പർച്ചേസ് നടത്തിയതിന്റെ ബില്ലുകളോ ഹാജരാക്കിയിട്ടില്ല. ട്രഷറി ബില്ലിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആയതിനാൽ മേൽ ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു.

**II]**

| | |
|---|---|
| പ്രോജക്റ്റ് നം | SO140/19 |
| പേര് | വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ |
| ബിൽ നം/തിയതി | 13/15.05.2018 |
| അടങ്കൽ തുക | 1,12,500/- |
| ചെലവ് തുക | 59,996/- |
| ഗുണഭോക്താക്കളുടെ എണ്ണം | 12 |

മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം

1. പട്ടിക ജാതി / പട്ടിക വർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ ഇതിന് അർഹരല്ലാത്തതിനാൽ ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയത് സമർപ്പിക്കാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.
2. ഫർണ്ണീച്ചറുകൾ വാങ്ങി സ്കൂൾ അധികൃതർ മുഖാന്തിരമാണ് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടത്. ടി മാനദണ്ഡം പാലിക്കപ്പെട്ടതായി കാണുന്നില്ല.

3. ശ്രീ.യാദവ് കൃഷ്ണ, s/o എ.കെ.ഷാജു എന്ന വിദ്യാർത്ഥി റേഷൻ കാർഡ്, ആധാർ കാർഡ്, സ്കൂളിൽ നിന്ന് ഹാജരാക്കേണ്ട സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കിയതായി കാണുന്നില്ല.

4. ശ്രീ.ലാൽ ബാബു, s/o ബാബു.സി.എ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവയും കുമാരി. ആർഷ, D/o അനീഷ് തോട്ടാളി ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയും ഹാജരാക്കിയിട്ടില്ല.

അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ട രേഖകൾ ഹാജരാക്കാതെ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നത് തെറ്റായ നടപടിയാണ്. ആയതിനാൽ ചെലവു തുക 59,996 രൂ. തടസ്സപ്പെടുത്തുന്നു.

**III]**

| | |
|---|---|
| പ്രോജക്ട് നം | SO139/19 |
| പേര് | ഡിഗ്രി,പി.ജി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് |
| ബിൽ നം/തിയതി | 8/15.05.2018 |
| അടങ്കൽ തുക | 3,10,000/- |
| ചെലവ് തുക | 2,99,000/- |
| ഗുണഭോക്താക്കളുടെ എണ്ണം | 10 |

1. ഫയൽ പരിശോധിച്ചതിൽ 'zigma infotech' എന്ന സ്ഥാപനത്തിൽ നിന്ന് ഒരു ലാപ്ടോപ്പിന് 29,900/- രൂപ നിരക്കിൽ ക്വട്ടേഷൻ ലഭിച്ചതായി കാണുന്നുണ്ട്. എന്നാൽ 10 ലാപ് ടോപ്പുകൾ വാങ്ങിച്ചതിന്റെ ബില്ലോ മറ്റ് രേഖകളോ ഫയലിൽ ലഭ്യമല്ല . ബില്ല് ഹാജരാക്കേണ്ടതാണ്.

2. 2017-18 -ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്ന ഗുണഭോക്താവാണെങ്കിലും കുമാരി. സ്വാതി ഷൺമുഖൻ, D/o എൻ.ഷൺമുഖൻ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്ന് സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. മാത്രമല്ല ടിയാരി റേഷൻ കാർഡിലെ വിവരം പ്രകാരം എടത്തല പഞ്ചായത്തിലെ താമസക്കാരിയാണ്. ശ്രീ.കാർത്തിക്.സി, S/o ചന്ദ്രൻ റേഷൻ കാർഡ് പ്രകാരം കീഴ്മാട് പഞ്ചായത്തിലെ താമസക്കാരനാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നുണ്ടെങ്കിലും നഗരസഭയിലെ സ്ഥിരതാമസക്കാരാണെന്നതിന് രേഖ ഹാജരാക്കിയിട്ടില്ല. ആലുവ നഗരസഭയിലെ സ്ഥിര താമസക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ 2 ഗുണഭോക്താക്കൾക്കും നൽകിയ 59,800 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3. കുമാരി. ശ്രീക്കുട്ടി.കെ.എസ്, D/o സജീവൻ എന്ന വിദ്യാർത്ഥിനി ഇതിനായി അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല. നിലവിലുണ്ടായിരുന്ന ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതിരുന്ന ഗുണഭോക്താവിനെ സപ്ലിമെന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയാണ്

ആനുകൂല്യം നൽകിയത്. ഈ ലിസ്റ്റ് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. മേൽപ്പറഞ്ഞ കാരണത്താൽ ഗുണഭോക്താവിന് നൽകിയ 29,900 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**IV]**

| | |
|---|---|
| പ്രോജക്ട് നം | SO136/19 |
| പേര് | പത്താം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| ബിൽ നം/തിയതി | 9/15.05.2018 |
| അടങ്കൽ തുക | 50,000/- |
| ചെലവ് തുക | 50,000/- |
| ഗുണഭോക്താക്കളുടെ എണ്ണം | 3 |

1. വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിയത് എപ്രകാരമാണെന്നോ, എവിടെ നിന്ന് വാങ്ങിയെന്നോ, ബില്ലുകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 3 സൈക്കിൾ വാങ്ങുന്നതിന് 50,000/- രൂപയുടെ ചെലവ് വന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കേണ്ടതാണ്.
2. കമാരി.സ്നേഹ.എ.എസ്,D/o എൻ.ഷൺമുഖൻ എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവ പ്രകാരം ഇവർ എടത്തല പഞ്ചായത്തിലെ താമസക്കാരിയാണ്. ആലുവ നഗരസഭയിലെ സ്ഥിര താമസക്കാരിയാണെന്ന് സർട്ടിഫിക്കറ്റും ഹാജരാക്കിയതായി കാണുന്നില്ല. മാത്രമല്ല ടിയാരിയുടെ ജനന തിയതി 02.08.2000 ആണ്. 05.12.2017 ലെ ആലുവ ഗവ.ഗേൾസ് ഹൈസ്ക്കൂളിലെ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം പ്രകാരം ഈ വിദ്യാർത്ഥി പ്ലസ് വൺ കോഴ്സിന് 2017-18 അക്കാഡമിക് വർഷത്തിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥിയാണ്. മേൽ ആനുകൂല്യത്തിനായി 17.08.2017 ലാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും. പത്താം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രോജക്ടായി അംഗീകാരം വാങ്ങിയിട്ടുള്ള മേൽ പദ്ധതിയിൽ അർഹതയില്ലാത്തവർക്ക് ആനുകൂല്യങ്ങൾ നൽകിയത് ശരിയായ നടപടിയല്ല. ആയതിനാൽ ടി പദ്ധതിക്ക് ചെലവായ ആകെ തുക 50,000 രൂ. തടസ്സപ്പെടുത്തുന്നു.
3. ഗുണഭോക്താക്കളാരുംതന്നെ ഇതേ ആനുകൂല്യം പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല എന്ന വകുപ്പുതല ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രവും സമർപ്പിച്ചിട്ടില്ല.

**V]**

| | |
|---|---|
| പ്രോജക്ട് നം | S0142/19 |
| പേര് | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ |
| ബിൽ നം/തിയതി | 11/15.05.2018 |
| അടങ്കൽ തുക | 1,40,450/- |
| ചെലവ് തുക | 78,300/- |
| | |

| | |
|---|---|
| ഗുണഭോക്താക്കളുടെ എണ്ണം | 18 |

1. ചെലവ് രേഖ ഹാജരാക്കിയില്ല :- 'SIDCO' യിൽ നിന്ന് ഒരു കട്ടിലിന് 3686/- രൂപ വെച്ച് 25 കട്ടിലിന് 92,150/- രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് ലഭ്യമായതായി ഫയലിൽ കാണുന്നു. എന്നാൽ അത് അംഗീകരിച്ചതിന്റെയോ, എത്ര കട്ടിൽ യഥാർത്ഥത്തിൽ വാങ്ങി എന്നതിന്റെയോ ഒരു രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
2. അക്വിറ്റൻസ് പ്രകാരം 18 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. എന്നാൽ സുപ്രധാന രേഖയായ അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല.
3. 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് വേണ്ടിയുള്ള ടി പദ്ധതിയിൽ ഉൾപ്പെട്ട ശ്രീമതി. കെ.കണ്ണമ്മയുടെ ജനന തിയതി ആധാർ കാർഡ് പ്രകാരം 1959 ലാണ്. അതായത് ആനുകൂല്യം നൽകിയ 2018 ൽ ടിയാരിക്ക് 60 വയസ്സ് പൂർത്തിയായിട്ടില്ല.
4. ഗുണഭോക്താവായ ശ്രീമതി. കാർത്തു വേലായുധൻ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല. ശ്രീമതി. ഭവാനി പുരുഷോത്തമൻ അപേക്ഷയോ മറ്റ് അവശ്യരേഖകളോ ഹാജരാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ ചെലവ് തുക 78,300/- രൂ. തടസ്സപ്പെടുത്തുന്നു.

**VI]**

| | |
|---|---|
| പ്രോജക്ട് നം | S0137/198 |
| പേര് | വീട് റിപ്പയറിംഗ് |
| ബിൽ നം/തിയതി | 6/15.05.2018 |
| അടങ്കൽ തുക | 2,50,000/- |
| 2017-18 ൽ ചെലവായ ഒന്നാം ഗഡു | 1,25,000/- |
| 2018-19ൽ ചെലവായ രണ്ടാം ഗഡു | 1,25,000/- |
| ഗുണഭോക്താക്കളുടെ എണ്ണം | 5 |

1. അർഹതാ മാനദണ്ഡങ്ങൾ പ്രകാരം വീട് റിപ്പയറിംഗിന് ധനസഹായം ലഭിക്കുന്നതിന് സ്വന്തം പേരിലോ കുടുംബത്തിന്റെ പേരിലോ വീടും സ്ഥലവും ഉള്ളവരായിരിക്കണം. (1)ശ്രീ.അയ്യപ്പൻകുട്ടി, തോട്ടാളിഹൌസ് (2) ശ്രീ.ഗോപാലൻ.ടി.എ 3) ശ്രീമതി.പള്ളിപ്പടി എന്നിവർ അപ്രകാരം സ്വന്തമായി വീടും സ്ഥലവും ഉള്ളതായ രേഖകൾ നഗരസഭയിൽ ഹാജരാക്കിയിട്ടില്ല.
2. ശ്രീമതി. ഭവാനി പുരുഷോത്തമൻ നഗരസഭയിൽ നിന്നുള്ള സ്ഥിരതാമസ സർട്ടിഫിക്കറ്റ് ആണ് ഹാജരാക്കിയിരിക്കുന്നത്. ഉടമസ്ഥാവകാശ രേഖയാണ് ഹാജരാക്കേണ്ടത്. അർഹതാ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് ആനുകൂല്യങ്ങൾ നൽകുന്നത് ചട്ടലംഘനമാണ്.

**<u>2018-19 ൽ വിഭാവനം ചെയ്ത പ്രോജക്ടുകൾ</u>**

**VII]**

| | |
|---|---|
| പ്രോജക്ട് നം | S0075/19 |

| | |
|---|---|
| പേര് | ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ |
| ബിൽ നം/തിയതി | 228/23.03.2019 |
| അടങ്കൽ തുക | 22,50,000/- |
| ചെലവ് തുക | 3,75,000/- |
| ഗുണഭോക്താക്കളുടെ എണ്ണം | 1 |

1. ടെണ്ടർ നടപടികളിലൂടെ നിർവ്വഹണം നടത്താൻ അംഗീകാരം ലഭിച്ച ടി പദ്ധതിക്ക് അപ്രകാരം ടെണ്ടർ നടത്തിയതിന്റെ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.
2. 6 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിനായി ഓരോരുത്തർക്കും 3,75,000/- രൂപാ വീതം വകയിരുത്തി രൂപീകരിച്ച ടി പ്രോജക്ട് വഴി തൻവർഷം ഒരാൾക്ക് മാത്രമാണ് തുക പാസ്സാക്കി നൽകിയിരിക്കുന്നത്. 5 പേർ ഇതിനായി അപേക്ഷ നൽകിയതായി കാണുന്നുണ്ട്. ഇതിൽ ശ്രീമതി. സിമിയോണ.ജി.വി എന്ന ഗുണഭോക്താവിന് വേണ്ടി മേൽ തുകക്ക് കുന്നുകര പഞ്ചായത്തിൽ 2.02 ആർ സ്ഥലം നൽകിയ ശ്രീ.കെ.സുന്ദരേശൻ എന്ന വ്യക്തിക്ക് തുക പാസ്സാക്കി നൽകിയിട്ടുണ്ട്. എന്നാൽ ശ്രീമതി. സിമിയോണ തന്റെ തിരിച്ചറിയൽ കാർഡ്, വില്ലേജ്/താലൂക്കിൽ നിന്നോ കൌൺസിലറിൽ നിന്നു പോലും സ്വന്തം പേരിലോ കുടുംബത്തിന്റെ പേരിലോ ഭൂമിയും വീടും ഇല്ല എന്ന സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ ക്രമക്കേടുകൾക്കെല്ലാം വിശദീകരണം ആവശ്യപ്പെട്ട് 13.11.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 31/2018-19 ന് നഗരസഭ മറുപടി നൽകിയിട്ടില്ല.

**1-39 ഐ.സി.ഡി.എസ്. ഓഫീസറുടെ പദ്ധതി ചെലവ് പരിശോധന- വാടക രജിസ്റ്റർ, സ്കോളർഷിപ്പ് രജിസ്റ്റർ ഹാജരാക്കിയില്ല- 7.25 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

ഐ.സി.ഡി.എസ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ താഴെ കൊടുക്കുന്ന പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1).

| | |
|---|---|
| പോജക്ട് നമ്പർ | - 7/2018 |
| പേര് | - അങ്കണവാടികൾക്ക് വാടക |
| അടങ്കൽ തുക | - 3 ലക്ഷം മെയിന്റനൻസ് (റോഡിതരം) |
| ചെലവ് | - 1,43,040/- രൂപ |
| ബിൽ നമ്പർ/ തീയതി | - 187 & 188 / 18.03.2019 |

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടകയായി 1.43 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഈ തുക അങ്കണവാടികളുടെ ചാർജ്ജുള്ള ടീച്ചർമാർക്ക് അനുവദിച്ചതായാണ് കാണുന്നത്. വാടക, കെട്ടിട ഉടമസ്ഥർക്ക് നൽകിയതിന്റെ കൈപ്പറ്റ് വാങ്ങി പരിശോധനയ്ക്ക് നൽകേണ്ടതാണ്. കൂടാതെ വാടക രജിസ്റ്ററും

ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 1.43 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | - 8/2018 |
| പേര് | - ശാരീരിക മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. |
| അടങ്കൽ തുക | - 7.5 ലക്ഷം |
| ചെലവ് | - 5,82,200/- രൂപ |
| ബിൽ നമ്പർ/ തീയതി | - 5,32,200/- 162/23.02.2019<br>50,000/- 186/18.03.2019 |

ശാരീരിക മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന ഈ പദ്ധതിക്കായി വകയിരുത്തിയത് 7.50 ലക്ഷം രൂപയാണ്. 5,82,200/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ഇവരിൽ സ്കൂളിൽ/ ഡെകെയർ സെന്ററുകളിൽ പോകുന്നവർ, അല്ലാത്തവർ ഇവർക്കെല്ലാം സ്കോളർഷിപ്പ് തുക അനുവദിക്കുന്നത് വ്യത്യസ്ത നിരക്കിലാണ്. പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലിൽ നിരക്കുകൾ വ്യക്തമാക്കുന്ന രേഖകൾ ഇല്ല. ആകയാൽ കുട്ടികളുടെ വിവരം, സ്കോളർഷിപ്പ് തുക, ഏതു കാലയളവിലെ തുക എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആകയാൽ പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ള 5.32 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-40 ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ-തുക നൽകി- മരുന്ന് പൂർണ്ണമായും ലഭിച്ചില്ല.

ഗവ.ആയുർവേദ ആശുപത്രി, ആലുവ -യുടെ ചീഫ് മെഡിക്കൽ ഓഫീസർ ഡോ: അനഘൻ സി. നിർവ്വഹണോദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷത്തിൽ രണ്ട് പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**<u>1) പ്രോജക്ട് നമ്പർ - S0011/19</u>**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | - ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | - S0011/19 |
| പ്രോജക്ട് വിഭാഗം | - ജനറൽ |
| അടങ്കൽ തുക | - 16,00,000 (വികസനഫണ്ട്) |
| ഭരണാനുമതിയുടെ നമ്പരും തീയതിയും | - 07/23.08.2018 |
| ചെലവ് | - 16,00,000/- |

ആലുവ നഗരസഭയുടെ വികസനഫണ്ടിൽ നിന്നും 16,00,000/- രൂപ വിനിയോഗിച്ച് ആലുവ ഗവ. ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. ഇതിലേക്കായി ബിൽ നമ്പർ 01/18-19 തീയതി 31.10.2018 പ്രകാരം 10,00,000/- രൂപയും (പത്ത് ലക്ഷം രൂപ) , ബിൽ നമ്പർ 03/18-19 തീയതി 12.02.2019 പ്രകാരം 6,00,000/- രൂപയും (ആറ് ലക്ഷം രൂപ) ആലുവ സബ് ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. ഈ തുക ആയുർവേദ മരുന്നുകളുടെ വിലയായി Oushadhi -ക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള 15,24,838/- രൂപ വിലയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ആശുപത്രിക്ക് ലഭിച്ചിട്ടുള്ളത്.

| ക്രമ നം. | തീയതി | ഇൻവോയ്സ് നം | ലഭിച്ച മരുന്നിന്റെ വില (GST ഉൾപ്പെടെ |
|---|---|---|---|
| 1. | 15.11.2018 | 90089979 | 3,13,498.00 |
| 2. | 30.11.2018 | 90092718 | 87,862.00 |
| 3. | 17.12.2018 | 90094014 | 1,18,455.00 |
| 4. | 29.12.2018 | 90095959 | 1,17,832.00 |
| 5. | 18.01.2019 | 90098435 | 1,34,445.00 |
| 6. | 27.02.2019 | 90104975 | 1,98,357.00 |
| 7. | 16.03.2019 | 90108110 | 2,18,369.00 |
| 8. | 30.03.2019 | 90110534 | 60,349.00 |
| 9. | 31.03.2019 | 90112003 | 68,689.00 |
| 10. | 31.05.2019 | 90115408 | 1,59,826.00 |
| 11. | 30.06.2019 | 90120145 | 47,156.00 |
| | | **ആകെ** | **1524838.00** |

31.10.2018 ലും 12.02.2019 ലും കമ്പനിയുമായുണ്ടാക്കിയ വ്യവസ്ഥപ്രകാരം ഇന്റന്റും പണവും ലഭിച്ച് 60 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കേണ്ടതാണ്. ആയത് പ്രകാരം 14.04.2019 -നകം 16 ലക്ഷം രൂപയ്ക്കുള്ള മുഴുവൻ മരുന്നും ആശുപത്രിയ്ക്ക് നൽകാൻ കമ്പനി ബാദ്ധ്യസ്ഥമാണ്. എന്നാൽ നാളിതുവരെയായിട്ടും 16,00,000/- രൂപയിൽ മേൽപ്രകാരമുള്ള 15,24,838/- രൂപ കിഴിച്ച് ബാക്കി 75,162/- രൂപയുടെ മരുന്ന് ഔഷധിയിൽ നിന്നും ആശുപത്രിയ്ക്ക് ലഭിച്ചിട്ടില്ല. വ്യവസ്ഥപ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടിയുണ്ടാകേണ്ടതാണ്.

**2) പ്രോജക്ട് നമ്പർ - S0012/19**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | - ആയുർവേദ പ്രതിരോധമരുന്ന് വിതരണം. |
| പ്രോജക്ട് നമ്പർ | - S0012/19 |
| പ്രോജക്ട് വിഭാഗം | - ജനറൽ |
| അടങ്കൽ തുക | - 2,00,000 (വികസനഫണ്ട്) |

ഭരണാനുമതിയുടെ - 09/20.03.2018
നമ്പരും
തീയതിയും
ചെലവ് - 2,00,000/-

ആലുവ നഗരസഭയുടെ വികസനഫണ്ടിൽ നിന്നും 2,00,000/- രൂപ വിനിയോഗിച്ച് ഗവ. ആയുർവേദ ആശുപത്രിയിലേക്ക് ആയുർവേദ പ്രതിരോധമരുന്ന് മരുന്ന് വാങ്ങി വിതരണം ചെയ്യുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. ഇതിലേക്കായി ബിൽ നമ്പർ 02/18-19 തീയതി 21.01.2019 പ്രകാരം 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ) ആലുവ സബ് ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. ഈ തുക ആയുർവേദ മരുന്നുകളുടെ വിലയായി Oushadhi -യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള 1,80,968/- രൂപ വിലയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ക്രമ നം. | തീയതി | ഇൻവോയ്സ് നം | ലഭിച്ച മരുന്നിന്റെ വില (GST ഉൾപ്പെടെ |
|---|---|---|---|
| 1. | 28.02.2019 | 90105608 | 82,127.00 |
| 2. | 31.03.2019 | 90111343 | 35,448.00 |
| 3. | 09.05.2019 | 90112556 | 22,361.00 |
| 4. | 03.07.2019 | 90120461 | 41,032.00 |
| | | **ആകെ** | **180968.00** |

21.01.2019 -ലെ കമ്പനിയുമായുള്ള വ്യവസ്ഥപ്രകാരം ഇന്റന്റും പണവും ലഭിച്ച് 60 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കേണ്ടതാണ്. എന്നാൽ 2,00,000/- രൂപയിൽ മേൽപ്രകാരമുള്ള 1,80,968/- രൂപ കിഴിച്ച് ബാക്കി 19,032/- രൂപയുടെ മരുന്ന് ഇതുവരെ ഔഷധിയിൽ നിന്നും ആശുപത്രിയ്ക്ക് ലഭിച്ചിട്ടില്ല.

മേൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകളുടേയും തുക ചെലവഴിച്ച് നിരവധി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല. എഗ്രിമെന്റ് പ്രകാരം പണം ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കണം എന്ന വ്യവസ്ഥയും ലംഘിക്കപ്പെട്ടിരിക്കുന്നു. ഔഷധ വിതരണത്തിലുള്ള കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കാൻ ഉടമ്പടിയിൽ വ്യവസ്ഥയുണ്ട്. ഇക്കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ പരമാവധി വേഗത്തിൽ ലഭ്യമാക്കി രോഗികൾക്ക് വിതരണം ചെയ്യുന്ന കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

മേൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകളുടേയും ബാക്കി ലഭിക്കേണ്ട മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 26.07.2019 -ൽ 06/2018-19 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. 15.02.2020 -ലെ എ3-8910/19 നമ്പർ കത്തിനോടൊപ്പം 15.02.2020 -ലെ സി-144/19 -ാം നമ്പറായി ലഭിച്ച മറുപടി പരിശോധിച്ചു. മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ലെന്ന് മറുപടിയിൽ നിന്നും വ്യക്തമാണ്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത്

ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാകുന്നതുവരെ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതാണ്.

**1-41 അങ്കണവാടി കെട്ടിടം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കണം**

2018 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കത്തിൽ നഗരസഭയിലെ 1, 2, 3, 4, 5, 6, 7, 8, 10, 20 വാർഡുകളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ വെള്ളത്തിൽ മുങ്ങിയതിനാൽ പ്രസ്തുത അങ്കണവാടികൾ പുനരാരംഭിക്കുന്നതിന് കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യമാണെന്നും ആയത് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ICDS സൂപ്പർവൈസർ നഗരസഭ സെക്രട്ടറിക്ക് 03.09.2018 -ൽ കത്ത് നൽകിയിട്ടുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ 05.09.2018 -ൽ സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് സാമൂഹ്യവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. നഗരസഭയിൽ ഇരുപത് അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. മുകളിൽ സൂചിപ്പിച്ച വെള്ളപ്പൊക്കത്തിൽ മുങ്ങിയ അങ്കണവാടികളുൾപ്പെടെയുള്ള എല്ലാ അങ്കണവാടി കെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

**1-42 ഗവ. സ്കൂളുകളിലെ സ്മാർട്ട് ക്ലാസ് മുറികൾ**

ആലുവ ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥയായി കഴിഞ്ഞ 4 സാമ്പത്തിക വർഷം തുടർച്ചയായി നടപ്പാക്കുന്ന പ്രോജക്റ്റാണ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിക്കൽ. ഈ പദ്ധതിയുടെ ഭാഗമായി ആലുവ ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, ഇതിനോടനുബന്ധിച്ചുള്ള UP സ്കൂൾ/ഹൈ സ്കൂൾ കൂടാതെ ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ എന്നവിടങ്ങളിലെ ക്ലാസ് മുറികൾ ആധുനീകരിച്ചിരിക്കുന്നു. കമ്പ്യൂട്ടർ, പ്രൊജക്റ്റർ, സ്ക്രീൻ, 2.1 സ്പീക്കർ മറ്റ് അനുബന്ധ ഉപകരണങ്ങൾ, ഇവ സൂക്ഷിക്കുന്നതിനുള്ള മെറ്റൽ കാബിനെറ്റ് എന്നിവയാണ് ഈ പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഒരോ ക്ലാസ് മുറിയിലും സ്ഥാപിച്ചിരിക്കുന്നത്. ഈ പദ്ധതിയുടെ 2015-16 സാമ്പത്തിക വർഷം മുതൽ 2018-19 വരെയുള്ള 4 വർഷത്തെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2015-16 | 3,50,000.00 |
| 2016-17 | 7,99,000.00 |
| 2017-18 | 9,98,000.00 |
| 2018-19 | 12,00,000.00 |
| **ആകെ** | **33,47,000.00** |

കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലായി 33.47 ലക്ഷം രൂപ ചെലവിൽ 17 സ്മാർട്ട് ക്ലാസ് മുറികളാണ് സജ്ജമാക്കിയിരിക്കുന്നത്. ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലും അതിനോടനുബന്ധിച്ചുള്ള UP/HS സ്കൂളിലുമായി 10 യൂണിറ്റുകളും ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ 7 യൂണിറ്റുമാണ് സ്ഥാപിച്ചിരിക്കുന്നത്.

ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലും ഹൈസ്കൂളിലും 6 വീതവും UP സ്കൂളിൽ 4 ഉം ക്ലാസ്സ് മുറികളാണുള്ളത്. ആകെയുള്ള 16 ക്ലാസ്സ് മുറികളിൽ 10 എണ്ണം നഗരസഭാ പദ്ധതി വിഹിതം ഉപയോഗിച്ച് സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കി മാറ്റിയിട്ടുണ്ട്. മേൽപറഞ്ഞ സ്കൂളുകളിൽ നേരിട്ട് നടത്തിയ പരിശോധനയിൽ സ്മാർട്ട് ക്ലാസ് മുറികൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതായി ബോധ്യപ്പെട്ടു. വിദ്യഭ്യാസ വകുപ്പിൽ നിന്നും ലഭിക്കുന്ന സി.ഡികളും മറ്റും ഫലപ്രദമായി ഉപയോഗിക്കുന്നതിന് സാധിക്കുന്നുണ്ട്. ഉപകരണങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾ കരാർ പ്രകാരം യഥാസമയം പരിഹരിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. എന്നിരുന്നാലും താഴെ പറയുന്ന അപര്യാപ്തതകൾകൂടി പരിഹരിക്കപ്പെടേണ്ടതുണ്ടെന്ന് പ്രധാന അദ്ധ്യാപിക അറിയിച്ചു.

1) ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ വിഭാഗത്തിനുള്ള കമ്പ്യൂട്ടർ ലാബ്, ഹൈ സ്കൂൾ വിഭാഗത്തിലെ സംസ്കൃതം, അറബിക് ക്ലാസ്സുകൾ എന്നിവ സ്മാർട്ട് ക്ലാസ്സ് റൂമാക്കേണ്ടതുണ്ട്.

2) ബോയ്സ് ഹയർ സെക്കന്ററി സ്കൂളിലെ 3 ക്ലാസ് മുറികൾക്ക് കൂടി സ്മാർട്ട് ക്ലാസ് റൂമിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇവിടെ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ല.

ലഭ്യമായ സൗകര്യങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും ഉപയോഗിക്കപ്പെടുന്നുവെന്നതു് അഭിനന്ദനാർഹമാണ്. മേല്പറഞ്ഞ സൗകര്യങ്ങൾ കൂടി ഒരുക്കുന്നതിനുള്ള നടപടികൾ നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

**1-43 തെരുവ് വിളക്ക് പരിപാലനത്തിന് 7.06 ലക്ഷം രൂപ ചെലവഴിച്ച് സാധനങ്ങൾ വാങ്ങിയത്-സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.**

ഇ1-2043/18, ഇ1-8327/18 എന്നീ ഫയലുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ തെരുവ് വിളക്ക് പരിപാലനത്തിനായി ലൈറ്റുകളും അനുബന്ധ സാമഗ്രികളും വാങ്ങിയതിന് 7.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**ഫയൽ നമ്പർ ഇ1-2043/18**

| ചെക്ക് നമ്പർ/തീയതി | തുക |
|---|---|
| 914459/06.06.2018 | 200,000 |
| 915770/01.07.2018 | 62,879 |

**ഫയൽ നമ്പർ ഇ1-8327/18**

| ചെക്ക് നമ്പർ/ തീയതി | തുക |
|---|---|
| 917625/ 26.09.2018 | 1,60,000 |
| 917707/16.11.2018 | 25,599 (നെറ്റ്) 23,743 |
| 921308/12.02.2019 | 2,57,143 (നെറ്റ്) 2,54,932 |
| **ആകെ** | **7,05,621** |

ഈ ചെലവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**എ)** അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഇ-ടെണ്ടർ നടപടികളിലൂടെയായിരിക്കണമെന്ന് സർക്കാർ ഉത്തരവ് (എം.എസ്.) 13/2015/ഐ.ടി.സി. തീയതി 12.05.2015 -ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് പാലിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ 18.11.2010 -ലെ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ മതിപ്പ് വിലയുള്ള സേവനങ്ങൾ ഓപ്പൺ ടെണ്ടർ വഴിയാണ് വാങ്ങേണ്ടത്. സർക്കാർ മർഗ്ഗനിർദ്ദേശങ്ങളിലെ നടപടിക്രമവും നഗരസഭയിൽ സ്വീകരിച്ച നടപടിക്രമവും സംബന്ധിച്ച വിശദാംശങ്ങൾ പട്ടികയായി ചുവടെ കൊടുക്കുന്നു.

| ക്രമ നം | ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ തീയതി 18.11.2010 പ്രകാരം സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ | നഗരസഭയിൽ സ്വീകരിച്ച നടപടി ക്രമങ്ങൾ |
|---|---|---|
| 1 | വ്യാപകപ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിന പത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകണം. | വ്യാപക പ്രചാരമില്ലാത്ത വീക്ഷണം ദിനപത്രത്തിൽ മാത്രം നൽകി. |
| 2 | ടെണ്ടർ സമർപ്പണം- പരസ്യ തീയതി മുതൽ 21 ദിവസം വരെ | 03.03.2018 മുതൽ 09.03.2018 വരെ 7 ദിവസം മാത്രം |
| 3 | ടെണ്ടർ ഫോറത്തിന് മതിപ്പുവിലയുടെ അടിസ്ഥാനത്തിൽ തുക ഈടാക്കണം | ഈടാക്കിയോ എന്ന് വ്യക്തമല്ല. (ടെണ്ടർ വില ഈടാക്കിയതിന്റെ രസീതു നമ്പരും തീയതിയും ഫയലിൽ കാണിച്ചിട്ടില്ല) |
| 4 | ഇ.എം.ഡി. 1% തുക ഈടാക്കണം | ഇ.എം.ഡി. ഈടാക്കിയിട്ടില്ല. തീയതി രേഖപ്പെടുത്താത്ത ബാങ്ക് ഓഫ് ബറോഡയുടെ 6500 രൂപയ്ക്കുള്ള ചെക്ക് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. തീയതി ഇല്ലാത്തതിനാൽ ഇത് സ്വീകാര്യമല്ല. മാത്രമല്ല ഇ.എം.ഡി.യ്ക്കായി ചെക്ക് സ്വീകാര്യമല്ല. |
| 5 | കരാറുകാരനിൽ നിന്നും പെർഫോർമൻസ് | ഈടാക്കിയില്ല. |

| | | |
|---|---|---|
| | സെക്യൂരിറ്റി 5% ഈടാക്കണം | |
| 6 | പർച്ചേസ് കമ്മിറ്റി (വാങ്ങൽ കമ്മിറ്റി) രൂപീകരിക്കണം | കമ്മിറ്റി രൂപീകരിച്ചിട്ടില്ല. |

മുകളിൽ കാണിച്ചിട്ടുള്ള വിശദാംശങ്ങളിൽ നിന്നും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്. ആലുവയിൽ തന്നെയുള്ള താഴെ സൂചിപ്പിച്ചിട്ടുള്ള രണ്ട് സ്ഥാപനങ്ങൾ മാത്രമാണ് ടെൻഡറിൽ പങ്കെടുത്തിട്ടുള്ളത്.

1. തോപ്പിൽ ഏജൻസീസ്, മാർക്കറ്റ് റോഡ്, ആലുവ
2. തോപ്പിൽ ഇലക്ട്രിക്കൽസ് പ്ലംബ്ബിംഗ് ആന്റ് സാനിറ്ററീസ്, മാർക്കറ്റ് റോഡ്, ആലുവ.

പേരിൽ സാദൃശ്യമുള്ള സ്ഥാപനങ്ങളാണിത്. ഇവർ സമർപ്പിച്ചിട്ടുള്ള ക്വട്ടേഷനിലും ഈ സാദൃശ്യം കാണാം. അതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

- 9 ഇനങ്ങളും അവയുടെ വിലയുമാണ് രണ്ട് ക്വട്ടേഷനിലുമുള്ളത്. ഇനങ്ങൾ ഒന്ന് തന്നെ വിലയിൽ മാത്രം വ്യത്യാസമുണ്ട്.
- ക്രോംപ്ടൺ ബ്രാൻഡ് എൽ.ഇ.ഡി., ട്യൂബ്, ചോക്ക്, ഇവയാണ് 2 ക്വട്ടേഷനിലും കാണിച്ചിട്ടുള്ളത്.
- സാധനങ്ങളുടെ വിവരണങ്ങളും അതിന്റെ ക്രമവും രണ്ട് ക്വട്ടേഷനിലും ഒരു പോലെയാണ്.
- രണ്ട് ക്വട്ടേഷൻകാരും ബാങ്ക് ഓഫ് ബറോഡയുടെ ചെക്കാണ് നൽകിയിട്ടുള്ളത്.
- രണ്ട് ചെക്കിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. (ചെക്കുകൾ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.)

കുറഞ്ഞ നിരക്ക് കാണിച്ചിട്ടുള്ള തോപ്പിൽ ഏജൻസീസിനാണ് കരാർ നൽകിയത്. കരാർ ഒപ്പിട്ടത് 23.03.2018 -നാണ്. മുകളിൽ കാണിച്ചിട്ടുള്ള വസ്തുതകളിൽ നിന്നും നടപടിക്രമങ്ങൾ ലംഘിച്ചാണ് തോപ്പിൽ ഏജൻസീസിന് കരാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാണ്.

**ബി ) <u>ക്വട്ടേഷനിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങിയതിന് ചെലവഴിച്ചത് 1.12 ലക്ഷം രൂപ.</u>**

09.03.2018 -ൽ തോപ്പിൽ ഏജൻസീസ് സമർപ്പിച്ച ക്വട്ടേഷനിൽ കാണിച്ചിട്ടുള്ള ഇനങ്ങളും ക്വാട്ട് ചെയ്ത നിരക്കും ചുവടെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| ക്രോംപ്ടൺ എൽ.ഇ.ഡി.ബൾബ് (40W ) | 645 |
| ക്രോംപ്ടൺ എൽ.ഇ.ഡി.ട്യൂബ് (36W ) | 35.8 |
| സർവ്വീസ് വയർ | 8/മീ |
| ക്രോംപ്ടൺ ചോക്ക് | 108/- ഒന്നിന് |
| ക്രോംപ്ടൺ സ്റ്റാർട്ടർ | 9.4/- |

| | |
|---|---|
| | ഒന്നിന് |
| ഇൻസുലേഷൻ ടേപ്പ് | 10/- ഒന്നിന് |
| ട്യൂബ് ഹോൾഡർ | 10/- ഒന്നിന് |
| ക്രോംപ്ടൺ സി.എഫ്.എൽ. 65W | 470/ ഒന്നിന് |
| ക്രോംപ്ടൺ സി.എഫ്.എൽ. 85W | 570/- ഒന്നിന് |
| പെൻഡന്റ് ഹോൾഡർ | 23.4/- ഒന്നിന് |

മുകളിൽ കാണിച്ച ക്വട്ടേഷനിൽ ഇല്ലാത്ത സാധനങ്ങൾ ഇവർ സപ്ലൈ ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. പ്രളയാനന്തരം അടിയന്തിരമായി ചെയ്യേണ്ടതായതിനാൽ സപ്ലൈ ഓർഡർ നൽകാതെയാണ് വാങ്ങൽ നടത്തിയത്.

ഇൻവോയ്സ് നം. ജി. 6286/13.12.2018 രൂപ 1,23,353/- പ്രകാരം സപ്ലൈ ചെയ്തത്.

| **ക്രോംപ്ടൺ സി.എഫ്.എൽ. 45W (4V)** | |
|---|---|
| 98 എണ്ണം @ 420.021 | 41162.06 |
| **ക്രോംപ്ടൺ എൽ.ഇ.ഡി. 23W** | |
| 105 എണ്ണം @ 340.16 | 35701.71 |
| ഇൻവോയ്സ് നം.6685/27.12.2018 | 55785 |
| **ക്രോംപ്ടൺ എൽ.ഇ.ഡി. 23W** | |
| 60 എണ്ണം @ 340.16 | 20400.98 |
| 44 എണ്ണം @ 340.16 | 14960.68 |
| **ആകെ** | **1,12,225.43** |

45(W) സി.എഫ്.എൽ., 23(W) എൽ.ഇ.ഡി. എന്നീ ലൈറ്റുകൾ ക്വട്ടേഷനിൽ ഇല്ലാത്ത സാധനങ്ങളാണ്. ക്വട്ടേഷനിൽ ഇല്ലാത്ത സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക നൽകിയ നടപടി അംഗീകരിക്കാനാകില്ല.

**സി) <u>ഇൻവോയ്സ് പ്രകാരമുള്ള സ്റ്റോക്കും വിതരണവും പൊരുത്തപ്പെടാത്തത് സംബന്ധിച്ച്.</u>**

ഇൻവോയ്സ് പ്രകാരം നഗരസഭയിൽ ലഭിച്ചിട്ടുള്ള ലൈറ്റുകളുടെയും ചോക്കുകളുടെയും എണ്ണം ചുവടെ കൊടുക്കുന്നു.

| **ഇനം** | **എണ്ണം** |
|---|---|
| എൽ.ഇ.ഡി.ബൾബ് (40W ) | 202 |
| എൽ.ഇ.ഡി.ട്യൂബ് (36W ) | 1900 |
| ചോക്ക് | 807 |
| സി.എഫ്.എൽ. 65W | 166 |
| സി.എഫ്.എൽ. 45W | 98 |
| എൽ.ഇ.ഡി. (23W ) | 209 |

ഇതിൽ 200 40(W) എൽ.ഇ.ഡി. ലൈറ്റുകളും 700 ട്യൂബ് ലൈറ്റുകളും ഫയൽ നമ്പർ E1-2043/18 പ്രകാരം വാങ്ങിയിട്ടുള്ളതാണ്. ഈ ഫയൽ പ്രകാരം 797 പോസ്റ്റുകളിൽ റിപ്പയർ വർക്ക് നടത്തിയതിന് പോസ്റ്റൊന്നിന് 350/- രൂപ നിരക്കിൽ 278950/- രൂപ കരാറുകാരൻ N.T.നെസാരിയോസിന് അനുവദിച്ചിട്ടുണ്ട്. ഇത് കരാർ പ്രകാരമുള്ള തുകയാണ്. മുകളിൽ

കാണിച്ച പട്ടികയിലെ ബാക്കിയുള്ള 211 എൽ.ഇ.ഡി. ലൈറ്റുകളും 1200 ട്യൂബ് ലൈറ്റുകളും 264 സി.എഫ്.എൽ ലൈറ്റുകളും ബാക്കിയുള്ള പോസ്റ്റുകളിൽ ആര് വഴി സ്ഥാപിച്ചു എന്ന് വ്യക്തമല്ല. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിലെടുത്തിട്ടുള്ള മുകളിൽ കാണിച്ചിട്ടുള്ള സി.എഫ്.എൽ., എൽ.ഇ.ഡി., ട്യൂബ് ലൈറ്റുകൾ തുടങ്ങിയവ ആർക്കാണ് ഇഷ്യൂ ചെയ്തിട്ടുള്ളതെന്ന് സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടില്ല. ആകയാൽ കരാറുകാരൻ നെസാരിയോസ് നിർവ്വഹിച്ച 797 ഒഴികെ ബാക്കിയുള്ള പോസ്റ്റുകളിലെ പണികൾ ആരാണ് നിർവ്വഹിച്ചതെന്ന് വ്യക്തമാക്കേണ്ടതാണ്.

മുകളിൽ കാണിച്ച കാരണങ്ങളാൽ തെരുവ് വിളക്ക് പരിപാലനത്തിനായി ചെലവഴിച്ച 7,05,621/- രൂപ തടസ്സപ്പെടുത്തുന്നു.

**1-44 മെയിന്റനൻസ് ഗ്രാന്റിൽ നിന്നും രണ്ട് തവണ ടാർ വില കുറച്ചു- അധിക പിൻവലിവ്- 1,15,864/- രൂപ സർക്കാരിലേക്ക് തിരിച്ചടക്കണം.**

വാർഡ് 13 -ലെ റോഡ് മെയിന്റനൻസ് എന്ന ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 9 ലക്ഷം രൂപയാണ് (**ഫയൽ നമ്പർ - 8047/18, പ്രോജക്ട് നമ്പർ-76/19 (134/20)**) ടെൻഡർ,റീ ടെൻഡറുകൾ ചെയ്തിട്ടും ടെൻഡർ ലഭിക്കാത്തതിനാൽ ഓഫർ ക്ഷണിച്ച് 0.1% കുറഞ്ഞ നിരക്ക് കാണിച്ച കരാറുകാരൻ ശ്രീ. റ്റി.എ. ഷംസുദ്ദീന് പ്രവൃത്തിയുടെ കരാർ നൽകുകയാണ് ചെയ്തത്. പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ 21 ബാരൽ ടാറിന്റെ (19 ബാരൽ VG 30 + 2 ബാരൽ എമൽഷൻ) വിലയായി 1,23,841/- രൂപ 19.01.2019 -ലെ 130 ബിൽ പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് BPCL -ന് നൽകിയിട്ടുണ്ട്. ഇപ്രകാരം ടാറിന്റെ വില മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ചിട്ടുള്ളതിനാൽ ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ പ്രസ്തുത തുക കുറച്ച് വേണമായിരുന്നു ബിൽ തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ ടാറിന്റെ വില വീണ്ടും ബില്ലിൽ പിടിച്ച് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**അളവ് പുസ്തകം 25/2018-19 പ്രകാരം**

| | | | | |
|---|---|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | | | 794841.63 |
| കുറയ്ക്കുക- ടാർവില- ഡിപ്പാർട്ട്മെന്റ് സപ്ലൈ | | | | 115864.16 |
| കുറയ്ക്കുക - 0.1% ടെൻഡർ കുറവ് | | | | 678.98 |
| | | | | **678298.49** |
| **കൂട്ടുക-** | **ടാർവില** | | | 115864.16 |
| | 2887.58 @ 36.24 | = | 104639.62 | |
| | 301.56 @ 37.23 | = | 11224.54 | |
| | | | **115864.16** | |
| | | | | 794162.65 |
| **തുക നിജപ്പെടുത്തിയത്** | | | | **776159.00** |
| **കുറയ്ക്കുക** | 1% ആദായനികുതി - | = | 7762.00 | 31048.00 |
| | 1% തൊഴിലാളി ക്ഷേമനിധി | = | 7762.00 | |

| | | | | |
|---|---|---|---|---|
| | 2% ജി.എസ്.ടി | = | 15524.00 | |
| ടാർവില | | = | 115864.16 | |
| കാലിവീപ്പ 19@ 238 | | = | 4522.00 | 126848.00 |
| 18% ജി.എസ്.ടി | | = | 817.00 | |
| നീക്കിയിരുപ്പുള്ള ടാറിന്റെ വില | | = | 5647.61 | |
| **കരാറുകാരന് നൽകേണ്ടവ** | | | | **618263.00** |

ബിൽ 10/07/2019 പ്രകാരം 126848/- രൂപ സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റിയിരിക്കുന്നു. ഈ തുകയിൽ നിന്ന് കാലിവീപ്പയുടെ വിലയും അതിന്റെ ജി.എസ്.ടി വിഹിതവും നിക്കിയിരിപ്പുള്ള ടാറിന്റെ വിലയും കഴിച്ച് പാക്കി തുക 1,15,864 രൂപ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. 05.11.2019 ലെ 30/2018-19 ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്.

### 1-45 മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് ടാർ വാങ്ങി -ബാക്കി വന്ന ടാറിന്റെ വില, കാലി വീപ്പയുടെ വില ആകെ 74,463 രൂപ തനത് ഫണ്ടിൽ നിക്ഷേപിച്ചത് മെയിന്റനൻസ് ഫണ്ടിലേക്ക് മാറ്റണം

2018-19 വർഷത്തിൽ ടാർ വാങ്ങുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽ (റോഡ്) നിന്നും 11,96,444/- ലക്ഷം രൂപ മാറി ബി.പി.സി.എൽ -ന് നൽകിയിട്ടുണ്ട്. 182 ബാരൽ ബിറ്റുമിൻ (വി.ജി-30) 17 ഡ്രം ബിറ്റുമിൻ ഇമൽഷനും ബി.പി.സി.എൽ സപ്ലൈ ചെയ്ത് ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. താഴെ സൂചിപ്പിച്ചിട്ടുള്ള പണികൾക്കാണ് ഈ ടാർ വിനിയോഗിച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് നം/പേര് | ഫയൽ നം. | ബിറ്റുമിൻ | |
|---|---|---|---|---|
| | | | വി.ജി-30 | ഇമൽഷൻ |
| 1 | 86/19 | E1-8241/18 | 9 | 0 |
| 2 | 88/19 | E1-8242/18 | 6 | 1 |
| 3 | 22/19 | E1-8969/18 | 19 | 2 |
| 4 | 76/19 | E1-8047/18 | 19 | 2 |
| 5 | 89/19 | E1-8243/18 | 8 | 0 |
| 6 | 24/19 | E1-8970/18 | 7 | 1 |
| 7 | 66/19 | E1-8850/18 | 21 | 2 |
| 8 | 185/19 | E1-14394/18 | 41 | 4 |
| 9 | 80/19 | E1-8173/18 | 49 | 5 |
| 10 | 196/19 | E1-2193/18 | 3 | 0 |
| | | **ആകെ** | **182** | **17** |

കരാറുകാർക്ക് നൽകിയ ടാറിൽ ബാക്കി വന്ന ടാറിന്റെ വിലയും കാലി വീപ്പയുടെ വിലയും അതിന്റെ ജി.എസ്.ടി യും കരാറുകാരുടെ ബില്ലിൽ നിന്നും പിടിച്ച് സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിൽ(ട്രഷറി) നിക്ഷേപിച്ചതായി കാണുന്നു. ഏത്

ഫണ്ടിൽ നിന്നാണ് പണം പിൻവലിക്കുന്നത് ആ ഫണ്ടിൽ തന്നെ വേണം കാലി വീപ്പയുടെ വിലയും ടാറിന്റെ വിലയും നിക്ഷേപിക്കേണ്ടതെന്ന് 59827/എഫ്.എം./67 ത.സ്വ.ഭ.വ തീയതി 30.10.2007 സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി തനത് ഫണ്ടിൽ തുക നിക്ഷേപിച്ചത് അംഗീകരിക്കുന്നില്ല. കൂടാതെ കാലി വീപ്പയുടെ ജി.എസ്.ടി വിഹിതം 18% രൂപ ബില്ലിൽ പിടിച്ചത് സെക്രട്ടറിയുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ഈ ഇനത്തിലെ ആകെ തുക 7460 രൂപ കേന്ദ്ര, സംസ്ഥാന സർക്കാരിലേക്ക് ഒടുക്കിയോ എന്ന് വ്യക്തമാക്കേണ്ടതാണ്.

**<u>തനത് ഫണ്ടിൽ തുക നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.</u>**

| ക്രമ നം | പദ്ധതി നം/പേര് | ബിൽ നം. /തീയതി | കാലി വീപ്പയുടെ വില @238 | ജി. എസ്. ടി (18%) | ബാക്കി ടാർ വില | തനത് ഫണ്ടിൽ നിക്ഷേപിച്ച ആകെ തുക |
|---|---|---|---|---|---|---|
| 1 | 86/19 | 207/20.03.2019 | 9 എണ്ണം 2142 | 386 | 1.45 | 2529 |
| 2 | 88/19 | 204/20.03.2019 | 6 എണ്ണം 1428 | 258 | 2757 | 4443 |
| 3 | 22/19 | 200/20.03.2019 | 19 എണ്ണം 4522 | 814 | 6759 | 12095 |
| 4 | 76/19 | | 19 എണ്ണം 4522 | 814 | 5648 | 10984 |
| 5 | 89/19 | ഫയൽ ഹാജരാക്കിയിട്ടില്ല | | | | |
| 6 | 24/19 | 199/20.03.2019 | 7 എണ്ണം 1666 | 300 | 2749 | 4715 |
| 7 | 66/19 | 197/20.03.2019 | 21 എണ്ണം 4998 | 900 | 3738 | 9636 |
| 8 | 185/19 (2019-20 -ൽ തുക നൽകി ) | -- | 41 എണ്ണം 9758 | 1758 | 2718 | 14234 |
| 9 | 80/19 | 198/20.03.2019 | 49 എണ്ണം 11662 | 2100 | 5484 | 19246 |
| 10 | 196/19 | 23.03.2019 | 3 എണ്ണം 714 | 130 | 3197 | 4041 |
| | | 3ആകെ | 41412 | 7460 | 33051 | 81923 |

## 1-46 മുനിസിപ്പൽ പാർക്ക് നവീകരണം-അപാകതകൾ - 24 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായുള്ള മുനിസിപ്പൽ പാർക്ക് നവീകരണം എന്ന പ്രവൃത്തിക്കായി തൻവർഷം പദ്ധതി തുകയിൽ 24 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | - E1- 15614/17 |
| പദ്ധതി നമ്പർ | - 256/18 |
| പദ്ധതിയുടെ പേര് | - മുനിസിപ്പൽ പാർക്ക് നവീകരണം |
| എസ്റ്റിമേറ്റ് | - 14410000 ( 1.44 |

| | | |
|---|---|---|
| | | കോടി) |
| കരാറുകാരൻ | - | KAICO Ltd ( ഡെപ്പോസിറ്റ് വർക്ക്) |
| ബിൽ നമ്പർ/തുക | - | 16/18.05.2018 , തുക 24 ലക്ഷം രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | - | അസിസ്റ്റന്റ് എഞ്ചിനീയർ |

ഈ പ്രവൃത്തി ഏറ്റെടുക്കണമെന്ന് 04.11.2017 -ലെ കത്തിൽ നഗരസഭ KAICO Ltd കമ്പനിയോടാവശ്യപ്പെടുകയും ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാണെന്ന് കമ്പനി അറിയിക്കുകയും ചെയ്തു. 16.03.2018 -ൽ കമ്പനി 1.44 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നഗരസഭയ്ക്ക് നൽകി. 20.03.2018 -ലെ കൗൺസിൽ 28 -ാം തീരുമാനപ്രകാരം എസ്റ്റിമേറ്റ് അംഗീകരിച്ചു. ബഹുവർഷ പ്രോജക്ടായി പദ്ധതി നടപ്പിലാക്കാനും 2017-18 -ൽ 30 ലക്ഷം രൂപ വകയിരുത്താനും തീരുമാനിച്ചു. 28.03.2018 -ൽ വേലയുടെ കരാർ ഒപ്പുവെച്ചു. 18.05.2018 -ൽ 24 ലക്ഷം രൂപ കരാറുകാർക്ക് നൽകുകയും ചെയ്തു. ഈ വേലയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**1) പൂർത്തീകരണ തീയതി ഇല്ല- കരാർ അപൂർണ്ണം.**

കരാറിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് വേലയുടെ പൂർത്തീകരണ തീയതി. എന്നാൽ പൂർത്തീകരണത്തീയതി കാണിക്കാതെയാണ് കരാർ ഒപ്പുവെച്ചിട്ടുള്ളത്. കരാറിന്റെ 4 -ാം വ്യവസ്ഥ പ്രകാരം കരാറുകാരൻ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കണം. എന്നാൽ തീയതി കാണിക്കാതെ ആ ഭാഗം ഒഴിച്ചിട്ടാണ് കരാർ തയ്യാറാക്കിയിട്ടുള്ളത്.

**2) ഡ്രോയിംഗുകളും സ്പെസിഫിക്കേഷനും പ്രവർത്തന ഷെഡ്യൂളുകളും തയ്യാറാക്കി നൽകിയിട്ടില്ല.**

ഡ്രോയിംഗുകൾ, സ്പെസിഫിക്കേഷനുകൾ, നിരക്കുകൾ, ഉൾപ്പെട്ട പ്രവർത്തനങ്ങളുടെ ഷെഡ്യൂൾ കരാറിന്റെ ഭാഗമായിരിക്കും എന്നത് കരാറിന്റെ 10 -ാമത്തെ വ്യവസ്ഥയാണ്. എന്നാൽ എസ്റ്റിമേറ്റിന്റെ കരട് മാത്രമാണ് കരാറുകാരൻ നൽകിയിട്ടുള്ളത്. വിശദമായ എസ്റ്റിമേറ്റ്, ഡ്രോയിംഗുകൾ, പ്രവർത്തന ഷെഡ്യൂൾ എന്നിവ തയ്യാറാക്കി നൽകിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയറാണ്. അദ്ദേഹമിത് ആവശ്യപ്പെട്ടതായും കാണുന്നില്ല. 1.44 കോടി രൂപയുടെ എസ്റ്റിമേറ്റിൽ 7 ഘടകങ്ങളാണുള്ളത്. അവ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1) വാക്ക് വേ മെയിന്റനൻസ് | - | 1545872.21 |
| 2) പാർക്ക് ബ്യൂട്ടിഫിക്കേഷൻ | - | 6239033.46 |
| 3) ബ്രിക്ക് ബെഞ്ച് എസ്റ്റിമേറ്റ് | - | 368718.83 |
| 4) ടീ ഷോപ്പ് എസ്റ്റിമേറ്റ് | - | 593997.57 |
| 5) കളിക്കാനുള്ള ഉപകരണങ്ങൾ നൽകൽ | - | 2517864.10 |

| | | |
|---|---|---|
| 6) LED ലൈറ്റ് സ്ഥാപിക്കൽ | - | 1477500.00 |
| 7) FRP ഡസ്റ്റ് ബിൻ | - | 120000.00 |
| **ആകെ** | - | 12862986.17 |
| **GST 12% ഉൾപ്പെടെ ആകെ തുക** | - | 14406544.50 |
| **കണ്ടിജൻസീസ്** | - | 3455.50 |
| **ആകെ** | - | 14410000.00 |

മുകളിൽ കാണിച്ച പ്രകാരം 7 ഘടകങ്ങളാണ് എസ്റ്റിമേറ്റിലുള്ളത്. ബഹുവർഷ പ്രോജക്ടായതിനാൽ ഈ ഘടകങ്ങളെല്ലാം ഒറ്റയടിക്ക് പൂർത്തീകരിക്കാനാകില്ല. ആകയാൽ വിവിധ ഘട്ടങ്ങളായി വേണം ഇവ പൂർത്തിയാക്കേണ്ടത്. ഇതിന് പ്രവർത്തന ഷെഡ്യൂൾ തയ്യാറാക്കണം. ഇത് തയ്യാറാക്കിയിട്ടില്ല.

ഇപ്രകാരം പ്രവർത്തന ഷെഡ്യൂൾ, ഡ്രോയിംഗുകൾ, വിശദമായ എസ്റ്റിമേറ്റ് തുടങ്ങിയ സുപ്രധാന രേഖകൾ തയ്യാറാക്കാതെയും പൂർത്തീകരണ തീയതി കാണിക്കാതെയുമാണ് കരാർ ഒപ്പ് വെച്ചിട്ടുള്ളതെന്ന് കാണുന്നു. എസ്റ്റിമേറ്റ് DSR മായി ഒത്തുപോകുന്നതാണോ എന്ന പരിശോധനയും എഞ്ചിനീയറിംഗ് വിഭാഗം നടത്തിയിട്ടില്ല.

മാത്രമല്ല 24 ലക്ഷം രൂപ കരാറുകാർക്ക് മുൻകൂർ അനുവദിക്കുകയും ചെയ്തു. മുനിസിപ്പാലിറ്റിക്ക് അനുകൂലമല്ല മറിച്ച് കരാറുകാർക്ക് അനുകൂലമായ നടപടികളാണ് നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ളതെന്നാണിത് വ്യക്തമാക്കുന്നത്.

**3) <u>എസ്റ്റിമേറ്റിൽ അധികരിച്ച വേല ചെയ്തു- കാരണം വ്യക്തമാക്കിയില്ല – അംഗീകാരം വാങ്ങിയിട്ടില്ല.</u>**

രണ്ട് പാർട്ട് ബില്ലുകളാണ് കരാറുകാരൻ ഹാജരാക്കിയിട്ടുള്ളത്. ബില്ലുകൾ പരിശോധിച്ചതിൽ നിന്നും എസ്റ്റിമേറ്റിൽ കാണിച്ചതിനേക്കാൾ കൂടിയ അളവിൽ പണി ചെയ്തതായി കാണുന്നു. ഇപ്രകാരം അധികമായി ചെയ്യാനുണ്ടായ കാരണം കരാറുകാരൻ വിശദീകരിച്ചിട്ടില്ല. അധികപണി ചെയ്തതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തി- പാർക്ക് ബ്യൂട്ടിഫിക്കേഷൻ | | | ചെയ്ത പ്രവൃത്തി | | |
|---|---|---|---|---|---|---|---|
| ക്രമ നം. | ഇനം | അളവ് | നിരക്ക് | തുക | അളവ് | നിരക്ക് | തുക |
| 1). | സർഫേസ് ഡ്രസിംഗ് | 1916.849 | 23.435 | 44921.13 | 1915.977 $m^2$ | 23.435/ $m^2$ | 44900.92 |
| 2). | ക്ലിയറിംഗ് ഗ്രാസ് & റിമൂവൽ | 2026.934 | 6.132 | 12428.568 | 2085.99 $m^2$ | 6.13/$m^2$ | 12791.29 |
| 3). | ഡിമോളിഷൻ സിമന്റ് കോൺക്രീറ്റ് | 57.23 $m^3$ | 1674.96 | 95859.87 | 69.82 $m^2$ | 1674.76/ $m^3$ | 115954.41 |
| 4). | ഫില്ലിംഗ് വിത്ത് ക്വാറി മക്ക് | 153.33 $m^3$ | 1084.38 | 166269.74 | 181.312 $m^3$ | 1084.383/10 $m^3$ | 196611.65 |
| 5). | ഫില്ലിംഗ് കോൺട്രാക്ടേഴ്സ് എർത്ത് | 7.35 $m^3$ | 522.875 | 3846.26 | 2731.09 $m^3$ | 522.875/ $m^3$ | 1428023.38 |
| 6). | സപ്ലൈയിംഗ് & സ്റ്റോക്കിംഗ് എർത്ത് | 3243.194 $m^2$ | 558.57 | 1811562 | Not Done | | |
| 7). | പുല്ല് പിടിപ്പിക്കൽ | 2476.82 $m^2$ | 500 | 1238414 | Not Done | | |

| | | എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തി- പാർക്ക് ബ്യൂട്ടിഫിക്കേഷൻ | | | ചെയ്ത പ്രവൃത്തി | | |
|---|---|---|---|---|---|---|---|
| 8). | ഇന്റർലോക്കിംഗ് സിമന്റ് ബ്ലോക്ക് പേവ്മെന്റ് നൽകലും വിരിക്കലും | 1049.73 $m^2$ | 937.64 | 1026472.74 | Not Done | | |
| 9). | എർത്ത് വർക്ക് എസ്കവേഷൻ | 4.688 $m^3$ | 211.58 | 991.95 | Not Done | | |
| 10). | സിമന്റ് കോൺക്രീറ്റ് | 2.243 | 9209.237 | 20653.81 | Not Done | | |
| 11). | സോളിഡ് ബ്ലോക്ക് മെസ്സണറി | 26.997 $m^3$ | 7985.33 | 215580.767 | 65.67 m2 | 7985.33/ m3 | 524396.75 |
| 12). | 12 mm പ്ലാസ്റ്റർ | 377.608 | 290.54 | 109710.2 | 798.08 | 290.54 | 231874.16 |
| | | | | | | **ആകെ** | **2554552.56** |
| | | | | | | **രണ്ടാം പാർട്ട് ബിൽ** | **238307.95** |
| | | | | | | | **2792860.51** |
| | | | | | | **GST 12%** | **335143.26** |
| | | | | | | **ആകെ** | **3128003.77** |

മുകളിൽ കാണിച്ചിട്ടുള്ള 1 -ാം പാർട്ട് ബിൽ പ്രകാരം 2, 3, 4, 5, 11, 12 ഇനങ്ങളിൽ എസ്റ്റിമേറ്റിൽ നിന്നും അധികരിച്ച നിരക്കിലാണ് പണി ചെയ്തിട്ടുള്ളതെന്നും കാണാം. 2 -ാം പാർട്ട് ബില്ലിലും ഇപ്രകാരം അധികരിച്ച പണി ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ളതിനേക്കാൾ അധികമായി പണി ചെയ്യേണ്ടി വന്നതിന് കാരണം വ്യക്തമാക്കാൻ കാരാറുകാരൻ തയ്യാറായിട്ടില്ല.

**4) <u>പാർക്ക് നവീകരണം പ്രവൃത്തി എങ്ങുമെത്തിയില്ല- പാർക്കിന്റെ തൽസ്ഥിതി ശോചനീയം</u>**

ഈ വേലയുടെ കരാർ ചമച്ചത് 28.03.2018 -ലാണ്. ഇപ്പോൾ ഒന്നര വർഷം കഴിഞ്ഞു. 31 ലക്ഷം ചെലവഴിച്ചതായാണ് പാർട്ട് ബില്ലുകൾ വ്യക്തമാക്കുന്നത്. എന്നാൽ പാർക്കിന്റെ തൽസ്ഥിതി ശോചനീയമാണ്. പാർക്ക് സ്ഥിതി ചെയ്യുന്ന 9 -ാം വാർഡിലെ കൗൺസിലർ 08.08.2019 -ൽ നഗരസഭ സെക്രട്ടറിക്ക് നൽകിയ കത്തിൽ മുനിസിപ്പൽ പാർക്ക് വളരെ മോശമായ രീതിയിൽ കാടും പടലും പിടിച്ച് കിടക്കുന്നതായി പരാതിപ്പെട്ടിട്ടുണ്ട്. ബഹുവർഷ പദ്ധതിയായി ഏറ്റെടുത്തിട്ടുള്ള ഈ വേലക്ക് 24 ലക്ഷം രൂപ നഗരസഭ ചെലവഴിച്ചു എന്നതല്ലാതെ പാർക്ക് നവീകരണത്തിനായുള്ള ഗൗരവമായ ശ്രമമൊന്നും തന്നെ നടക്കുന്നില്ല. മുകളിൽ സൂചിപ്പിച്ചിട്ടുള്ള 1 ഉം 2 ഉം ഖണ്ഡികകളിലെ പരാമർശങ്ങളും പാർക്കിന്റെ തൽസ്ഥിതിയും ഇതിന് തെളിവാണ്. പൂർത്തീകരണ തീയതിയും പ്രവർത്തന ഷെഡ്യൂളും ഇല്ലാതെ ഒരു ബഹുവർഷ പ്രോജക്ട് ആരംഭിച്ചത് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ കൃത്യ നിർവ്വഹണത്തിലെ വീഴ്ചയായി കണക്കാക്കണം.

മുകളിൽ പറഞ്ഞ കാരണങ്ങളാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 24 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-47 MRF സെന്റർ നിർമ്മാണം- മുൻകൂർ നൽകി- പണി തുടങ്ങിയില്ല- 8 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

MRF സെന്റർ നിർമ്മാണം എന്ന വേലയ്ക്കായി തൻ വർഷം 8 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ചെവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | - E1- 15620/17 |
| പദ്ധതി നമ്പർ | - 107/18 |
| കരാറുകാരൻ | - KAICO Ltd |
| എസ്റ്റിമേറ്റ് | - 8 ലക്ഷം രൂപ |
| സാങ്കേതികാനുമതി | - KAICO /ATH/17-18/02 |
| ബിൽ നമ്പർ/തുക | - 15/18.05.2018 , 8 ലക്ഷം |
| നിർവ്വഹണോദ്യോഗസ്ഥൻ | - അസിസ്റ്റന്റ് എഞ്ചിനീയർ |

മാലിന്യ നിർമ്മാർജ്ജനപദ്ധതിയുടെ ഭാഗമായി MRF (മെറ്റീരിയിൽ റിക്കവറി ഫെസിലിറ്റി) സ്ഥാപിക്കുന്ന വേല നിർവ്വഹിക്കാൻ 04.11.2017 -ലെ കത്ത് പ്രകാരം നഗരസഭ KAICO ലിമിറ്റഡിനോടാവശ്യപ്പെട്ടു. ഡെപ്പോസിറ്റ് വർക്കായി വേല നിർവ്വഹിക്കാൻ തയ്യാറാണെന്ന് 05.12.2017 -ൽ KAICO അറിയിച്ചു. 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നഗരസഭയ്ക്ക് നൽകി. 20.03.2018 -ലെ 30 -ാം തീരുമാനപ്രകാരം കൗൺസിൽ ഇതംഗീകരിച്ചു. 28.03.2018 -ൽ വേലയുടെ എഗ്രിമെന്റ് തയ്യാറായി. എഗ്രിമെന്റ് പ്രകാരം 4 മാസത്തിനുള്ളിൽ അതായത് 27.07.2018 -ന് പണി പൂർത്തീകരിക്കണം. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മുഴുവനും കരാറുകാരന് നൽകിയതല്ലാതെ നാളിതുവരെ വേല തുടങ്ങാൻപോലും സാധിച്ചിട്ടില്ല. കീഴ്മാട് ഗ്രാമ പഞ്ചായത്തിലുള്ള നഗരസഭയുടെ ഭൂമിയിലാണ് MRF സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നത്. കീഴ്മാട് പഞ്ചായത്തിലായതിനാൽ MRF സ്ഥാപിക്കുന്നതിന് കീഴ്മാട് പഞ്ചായത്തിൽ നിന്നും NOC ആവശ്യമാണ്. എന്നാൽ നിർമ്മാണം തുടങ്ങേണ്ട സ്ഥലത്തിന്റെ കൈവശാവകാശ രേഖകൾ നഗരസഭയുടെ കൈവശമില്ലാത്തതിനാൽ NOC -ക്ക് അപേക്ഷിക്കാനാകാത്ത സ്ഥിതിയാണുള്ളത്. കരാർ തുകയായ 8 ലക്ഷം രൂപയും നൽകി ഒന്നരവർഷം കഴിഞ്ഞിട്ടും നിർമ്മാണം തുടങ്ങാൻ പോലുമാകാത്ത സ്ഥിതിയാണുള്ളത്. മതിയായ രേഖകൾ പോലുമില്ലാതെയാണ് നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകുന്നതും പണം അനുവദിക്കുന്നതും. പദ്ധതിപണം ചെലവഴിക്കാൻ കാണിച്ച തിടുക്കം പദ്ധതി നിർവ്വഹിക്കുന്നതിൽ കാണിക്കുന്നില്ല എന്നതാണ് സ്ഥിതി. നിർമ്മാണം തുടങ്ങാത്തതിനാൽ 10 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-48 മുനിസിപ്പൽ ഗ്രൗണ്ട് നവീകരണം- പ്രവൃത്തിയിലെ അപാകതകൾ-ചെലവ് 10 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായുള്ള മുനിസിപ്പൽ ഗ്രൗണ്ട് നവീകരണം എന്ന പ്രവൃത്തിക്കായി തൻവർഷം 10 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | : E1-15613/17 |
| പദ്ധതി നമ്പർ | : 255/18 |
| പദ്ധതിയുടെ പേര് | : മുനിസിപ്പൽ ഗ്രൗണ്ട് നവീകരണം |

| | | |
|---|---|---|
| എസ്റ്റിമേറ്റ് | : | 10 ലക്ഷം പദ്ധതി അടങ്കൽ- 10 ലക്ഷം |
| സാങ്കേതികാനുമതി | : | 75916/2017-18 തീയതി 03.10.2017 |
| കരാറുകാരൻ | : | KAICO Ltd – ഡെപ്പോസിറ്റ് വർക്ക് |
| ബിൽ നം. | : | 35/ 30.05.2018 – 10 ലക്ഷം |

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**1) എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി ചെയ്തതുവഴി പ്രവൃത്തിയുടെ ഉദ്ദേശ്യലക്ഷ്യം സാധിച്ചില്ല.**

ഈ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ ചെയ്യാമെന്ന് 19.03.2018 -ൽ KAIC ലിമിറ്റഡ് രേഖാമൂലം അറിയിച്ചതിനെ തുടർന്നാണ് 21.03.2018 -ൽ നഗരസഭ അവർക്ക് വർക്ക് ഓർഡർ നൽകിയത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റും ചെയ്ത പ്രവൃത്തിയും ചുവടെ കൊടുക്കുന്നു.

| | | എസ്റ്റിമേറ്റ് | | | ചെയ്ത പ്രവൃത്തി | | |
|---|---|---|---|---|---|---|---|
| ക്രമ നം | ഇനം | അളവ് | റേറ്റ് | തുക | അളവ് | നിരക്ക് | തുക |
| 1 | എൻഗേജിംഗ് ഹൈഡ്രോളിക് എസ്കവേറ്റർ | 32 മീറ്റർ | 1357.31/ മീ | 43436.16 | 232.99 ഘ.മീ | 245/ ഘ.മീ | 57082.55 |
| 2 | സപ്ലൈയിംഗ് & സ്റ്റോക്കിംഗ് ഫൈൻ സാൻഡ് | 38.676/ ക്യൂ.മി | 1724.39/ ക്യൂ.മി | 66692.51 | 38.82 ഘ.മീ | 1724.39/ ഘ.മീ | 66940.81 |
| 3 | സപ്ലൈയിംഗ് & സ്റ്റോക്കിംഗ് മാമ്പർ | 82.875/ ക്യൂ.മി | 249.36/ ക്യൂ.മി | 20665.71 | 83.20 ഘ.മീ | 249.36/ ഘ.മീ | 20746.75 |
| 4 | സ്പ്രെഡിംഗ്, സ്ലഡ്ജ്, മാമ്പർ, good earth | 110.5/ ക്യൂ.മി | 45.21/ ക്യൂ.മി | 4995.71 | 110.95 ഘ.മീ | 45.21/ ഘ.മീ | 5016.04 |
| 5. | സപ്ലൈയിംഗ് ബഫലോ ഗ്രാസ്സ് | 5525/ സ്ക്വ.മീ | 89.44/ ക്യൂ.മീ | 494156 | 5547.5 സ്ക്വ.മീ | 89.44/ സ്ക്വ.മീ | 496168.40 |
| 6. | ഗ്രാസ്സിംഗ് ബഫലോ ഗ്രാസ് | 5525/ സ്ക്വ.മീ | 11.44/ ക്യൂ.മീ | 63206 | 5547.5 സ്ക്വ.മീ | 11.44/ ഘ.മീ | 63463.40 |
| 7. | പ്രൊവൈഡിംഗ് & ഫിക്സിംഗ് PVP പൈപ്പ് | 165 മീ | 469.21 | 77419.65 | 161മീ | 469.21/ ഘ.മീ | 75542.81 |
| 8. | പ്രൊവൈഡിംഗ് &ഫിക്സിംഗ് സ്പ്രിംഗ്ളർ ഓഫ് കപ്പാസിറ്റി @ റേഡിയസ് 18 മീ | 10 | 4594.55 | 45945.5 | 1 എണ്ണം | 59800/ ഘ.മീ | 59800 |
| 9. | സപ്ലൈയിംഗ് & ഫിക്സിംഗ് കൺട്രോൾ വാൽവ് | 4 | 4642.19 | 18568.76 | 4മീ | 4642.19/ ഘ.മീ | 18568.76 |
| 10. | സപ്ലൈയിംഗ് & ഫിക്സിംഗ് 10 HP മോട്ടോർ | 1 | 63882.5 | 63882.5 | 1 എണ്ണം | 63882.5 | 63882.5 |
| | സർവ്വീസ് ടാക്സ് | | | 94391.69 | | | |
| | LS | | | 6640.00 | GST 12% | | 111265.44 |
| | | | | **10,00,000.00** | | | **1038477.49** |

എസ്റ്റിമേറ്റിലെ 8 -ാമത്തെ ഇനം പ്രവൃത്തി പ്രൊവൈഡിംഗ് & ഫിറ്റിംഗ് സ്പ്രിംഗ്ളർ ഓഫ് കപ്പാസിറ്റി റേഡിയസ് 18 മീ 10 എണ്ണം @ 4594.55 → 45945.5 എന്നതാണ്. എന്നാൽ പ്രവൃത്തിപ്പിക്കാനുള്ള ബുദ്ധിമുട്ടും കൂടുതൽ പ്ലംബിംഗ് പൈപ്പുകൾ ആവശ്യമായി വരും എന്നതും ചൂണ്ടിക്കാട്ടി കപ്പാസിറ്റി കൂടുതലുള്ള ഒരു സ്പ്രിംഗ്ളർ മാത്രമാണ് കരാറുകാരൻ സ്ഥാപിച്ചത്. 85 മീറ്റർ നീളവും 65 മീറ്റർ വീതിയുമുള്ള മൈതാനത്തെ പുല്ല്

ഫലപ്രദമായി നനയ്ക്കാൻ ഒരു സ്പ്രിംഗ്ളർ കൊണ്ട് മാത്രം സാധിക്കില്ല. അതുകൊണ്ടാണ് എസ്റ്റിമേറ്റിൽ 10 സ്പ്രിംഗ്ളറിന് പ്രൊവിഷൻ ഇട്ടത്. കരാറുകാരൻ സ്വമേധയാ ഇത് വെട്ടിക്കുറച്ച് ഒരു സ്പ്രിംഗ്ളറാക്കി പ്രവൃത്തി ചെയ്യുകയാണ് ചെയ്തത്. കരാറുകാരന്റെ ഏകപക്ഷീയമായ ഈ നടപടിമൂലം പ്രവൃത്തിയുടെ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിക്കാനായില്ല. എല്ലായിടത്തും നനയ്ക്കാൻ ഒറ്റ സ്പ്രിംഗ്ളർ വഴി സാധിക്കില്ല എന്നത് വ്യക്തമാണ്. പ്രവൃത്തിയിൽ ഇത്രയും വലിയ മാറ്റം വരുത്തിയിട്ടും ഇക്കാര്യം കരാറുകാരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരനടപടിക്ക് നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗം മുതിർന്നില്ല എന്നത് കൃത്യവിലോപമാണ്. എസ്റ്റിമേറ്റിൽ പറഞ്ഞത് പ്രകാരം കൂടുതൽ സ്പ്രിംഗ്ളർ സ്ഥാപിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ നടപടികളെടുക്കേണ്ടതാണ്.

**2) ഗ്രൗണ്ടിൽ ഗുണനിലവാരം കുറഞ്ഞ പുല്ല് വെച്ചുപിടിപ്പിച്ചു- പരാതി പരിഹരിക്കാൻ കരാറുകാരോടാവശ്യപ്പെട്ടില്ല.**

11.12.2018 -ലെ കത്തിലാണ് പ്രവൃത്തി പൂർത്തീകരിച്ചതായി കരാറുകാരൻ നഗരസഭയ്ക്ക് അറിയിപ്പ് നൽകിയത്. അതു കഴിഞ്ഞ് 4 മാസം തികയുന്നതിന് മുൻപ് തന്നെ അതായത് 09.04.2019 -ൽ ഗ്രൗണ്ടിൽ പല സ്ഥലത്തും പുല്ല് നശിച്ച് പോയിട്ടുള്ളതായി നഗരസഭയിൽ പരാതി ലഭിച്ചു. സനീഷ് കളപ്പുരയ്ക്കൽ, രാജേഷ് കുന്നത്തേരി എന്നിവർ 09.04.2019 -ൽ രേഖാമൂലം നഗരസഭയ്ക്ക് നൽകിയ പരാതിയിൽ ഗുണനിലവാരം കുറഞ്ഞ പുല്ലുപയോഗിച്ചതിനാലാണ് അത് വളരെ പെട്ടെന്ന് നശിച്ചുപോയതെന്നും മുൻപ് സന്നദ്ധ സംഘടനകളും കോളേജ് വിദ്യാർത്ഥികളും സൗജന്യമായി വെച്ചുപിടിപ്പിച്ച പുല്ല് ഇതിൽ കൂടുതൽ കാലം നിന്നിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ ചുമതലയുള്ള കണ്ടിജന്റ് ജീവനക്കാരൻ എം.എസ്. സുബ്രമഹ്ണ്യൻ പുല്ല് നനയ്ക്കുന്നതിനായി ഉപയോഗിക്കുന്ന പുതിയ മോട്ടോറിന്റെ ഓസ് നാലിടങ്ങളിൽ പൊട്ടിയിട്ടുള്ളതിനാൽ ഉപയോഗിക്കുവാൻ സാധിക്കുന്നില്ല എന്ന് 01.04.2019 -ൽ ഹെൽത്ത് സൂപ്പർവൈസറെ എഴുതി അറിയിച്ചിട്ടുണ്ട്. 10 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ച് 4 മാസത്തിനുള്ളിലാണ് ഈ പരാതികൾ നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളത്. എന്നിട്ടും ഇക്കാര്യം കരാറുകാരെ അറിയിച്ച് പരിഹാര നടപടിക്ക് നിർവ്വഹണോദ്യോഗസ്ഥൻ തയ്യാറായില്ല. ഇത് ഗുരുതരമായ വീഴ്ചയാണ്.

**3) പ്രവൃത്തി പൂർത്തീകരണം വൈകി - പിഴ ആവശ്യപ്പെടാത്തത് സംബന്ധിച്ച്.**

നഗരസഭയും KAICO -ഉം തമ്മിൽ 28.03.2018 -ൽ ഒപ്പിട്ട കരാർ പ്രകാരം 27.07.2018 -നകം പ്രവൃത്തി പൂർത്തീകരിക്കണം. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചതായി 11.12.2018 -ലാണ് കരാറുകാരൻ നഗരസഭയെ അറിയിച്ചത്. പ്രവൃത്തി പൂർത്തീകരിക്കാനുണ്ടായ കാലതാമസത്തിന് കരാർ വ്യവസ്ഥ പ്രാകരം പിഴ നൽകാൻ കാരാറുകാരൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

മുകളിൽ കാണിച്ചിട്ടുള്ള അപാകതകൾ കാരണം ഈ വേലയ്ക്കായി ചെലവഴിച്ച 10 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-49 പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ - ചെലവ് 15.1 ലക്ഷം രൂപ - വിനിയോഗ സർട്ടിഫിക്കറ്റ്, മോണിറ്ററിങ്ങ് റിപ്പോർട്ട് ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.**

ആലുവ നഗരസഭയിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള രണ്ട് പ്രോജക്ടുകളാണ് ചുവടെ കൊടുത്തിട്ടുള്ളത്.

| | | | |
|---|---|---|---|
| 1. | പോജക്ട് നമ്പർ | - | 118/19 (സ്പിൽ ഓവർ) പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ- **അടങ്കൽ- 5,00,000/-** |
| 2. | പോജക്ട് നമ്പർ | - | 50/19 പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ- **അടങ്കൽ- 10,10,000/-** |
| | **ആകെ** | | **15,10,000/-** |

**ഫയൽ നമ്പർ- E4-16732/17**

സ്പിൽ ഓവർ പദ്ധതിയുൾപ്പെടെ തൻവർഷം 15.10 ലക്ഷം രൂപ വകയിരുത്തിയത്. ഈ പദ്ധതികൾക്കായി വിവിധ വാർഡുകളിലെ കൗൺസിലർമാർ നൽകിയ അപേക്ഷപ്രകാരം 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകി. ഇത്രയും തുകക്കുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാൽ ചെറിയ തുകക്കുള്ള താഴെ കാണിച്ചിട്ടുള്ള വർക്കുകൾ ഏറ്റെടുക്കുന്നതിന് 19.12.2018 -ൽ ചേർന്ന കൗൺസിൽ തീരുമാനിച്ചു.

| **വാർഡ്** | | **എസ്റ്റിമേറ്റ്** |
|---|---|---|
| 1 | ശ്മശാനം റോഡ് | 3,00,000 |
| 6 | മണപ്പുറം ടെമ്പിൾ ബൈലൈൻ | 1,10,000 |
| 9 | സ്ട്രീറ്റ് റോഡ് | 1,70,000 |
| 7 | ന്യൂ ലൈൻ | 60,000 |
| 14 | കാർട്ടേഴ്സ് റോഡ് | 2,60,000 |
| 18 | ടൗൺ ലിമിറ്റഡ് റോഡ് | 15,000 |
| 26 | തണ്ടിരിക്കൽ ലൈയിൻ | 1,60,000 |
| 17 | അസ്സീസി അങ്കണവാടി | 3,00,000 |
| | **ആകെ** | **15,10,000** |

ഈ പദ്ധതിക്ക് തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| **പദ്ധതി നമ്പർ** | **ബിൽ/തീയതി** | **തുക** |
|---|---|---|
| 118 | 163/26.02.2019 | 5,00,000 |
| 50 | 36/04.06.2018 | 60,000 |
| 50 | 116/07.01.2019 | 2,06,964 |
| 50 | 114/17.01.2019 | 3,83,036 |
| 50 | 164/26.02.2019 | 3,21,036 |
| 50 | 167/07.03.2019 | 38,964 |
| | **ആകെ** | **15,10,000** |

ആലുവ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്കായാണ് തുക നൽകിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറാണ് ഈ പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥൻ. നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. പണി പൂർത്തിയാക്കി തുക ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റും മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്.

ഫയൽ പരിശോധിച്ചതിൽ നിന്നും പണി പൂർത്തിയാക്കാൻ വാട്ടർ അതോറിറ്റിയോട് നിർവ്വഹണോദ്യോഗസ്ഥൻ ആവശ്യപ്പെട്ടതായി കാണുന്നില്ല. എത്രയും വേഗം പണി പൂർത്തിയാക്കാൻ നിർവ്വഹണഏജൻസിയോട് ആവശ്യപ്പെടേണ്ടതാണ്.

**1-50 വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല 9.79 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

താഴെ കൊടുത്തിട്ടുള്ള പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

1. **2018-19 -ലെ പദ്ധതി ചെലവ് പത്രിക പ്രകാരം ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ (പദ്ധതി നമ്പർ 192/19 )** എന്ന പദ്ധതിക്ക് വേണ്ടി 6,43,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഫയൽ പരിശോധനയ്ക്ക് ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. E4- 16732/17 നമ്പർ ഫയലിലുള്ള കത്തിൽ ഇത് ഡെപ്പോസിറ്റ് വർക്കാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്. വർക്കിന്റെ ഫയലും വിനിയോഗ സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. **പ്രോജക്ട് നമ്പർ 131/19 സ്ട്രീറ്റ് ലൈൻ വലിക്കൽ അടങ്കൽ 5 ലക്ഷം രൂപ.**
   ഇത് സ്പിൽ ഓവർ പദ്ധതിയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ ഈ പദ്ധതി പ്രകാരമുള്ള ചെലവ് 3,36,220/- രൂപയാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | 8 , 21 വാർഡുകളിൽ ലൈൻ വലിക്കൽ | 35282.00 |
| 2 | 2, 3, 4, 5, 6, 7, 24, 25 വാർഡുകളിൽ ലൈൻ വലിക്കൽ | 2,88,725.00 |
| 3 | വാർഡ് 13 -ൽ ലൈൻ വലിക്കൽ | 12,213.00 |
| | **ആകെ** | **3,36,220.00** |

ബിൽ 165/ തീയതി 01.03.2019 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ആലുവ – യ്ക്കാണ് തുക അനുവദിച്ചിട്ടുള്ളത്. തുക ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**1-51 പദ്ധതി നിർവ്വഹണ ചെലവ്-ക്ലർക്ക് വഴി പണമായി നൽകി- നടപടികൾ**

**പാലിക്കാതെ പ്രിന്റിംഗ് ചെലവ് നടത്തി- 3.86 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

1) ഫയൽ നമ്പർ -E3-17129
2) ഫയൽ നമ്പർ -E3-13294/18

ആലുവ നഗരസഭയിലെ പദ്ധതി രൂപീകരണം, നിർവ്വഹണം മോണിറ്ററിംഗ് എന്ന പദ്ധതിക്കായി തൻവർഷം 3.95 ലക്ഷം രൂപയാണ് വകയിരുത്തിയത്. ഈ പദ്ധതിക്കായി (പദ്ധതി നമ്പർ 03/2019) 3.86 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നം | ബിൽ നമ്പർ/ തീയതി/തുക | ആർക്ക് എന്തിന് നൽകി | | |
|---|---|---|---|---|
| | | മൈത്രി പ്രിന്റേഴ്സ് | സെക്ഷൻ ക്ലർക്ക് മധു | കൗൺസിലർമാർ |
| 1. | 05/14.05.2018 ₹ 38,976 | പ്രിന്റിംഗ് ചെലവ് ₹ 38,976 | | |
| 2. | 45/30.07.2018 ₹ 95,571 | പ്രിന്റിംഗ് ചെലവ് ₹ 35,571 | | വാർഡ് സഭ കൂടുന്നതിന് ₹ 60,000 |
| 3. | 48/19.09.2018 ₹ 12,400 | | റിഫ്രഷ്മെന്റ് ചെലവ് ₹ 7,400 | വാർഡ് സഭ കൂടുന്നതിന് ₹ 5,000 |
| 4. | 78/17.12.2018 ₹ 1,34,561 | പ്രിന്റിംഗ് ചെലവ് ₹ 92,781 | റിഫ്രഷ്മെന്റ് ചെലവ് ₹ 41,780 | |
| 5. | 109/17.01.2019 ₹ 1,04,424 | പ്രിന്റിംഗ് ചെലവ് ₹ 39,424 | | വാർഡ് സഭ കൂടുന്നതിന് ₹ 65000 |
| | **ആകെ- ₹ 3,85,932** | **₹ 2,06,752** | **₹ 49,180** | **₹ 1,30,000** |

ഈ പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ ഗുരുതരമായ അപാകതകൾ ചുവടെ കൊടുക്കുന്നു.

**1) <u>ക്ലർക്ക് വഴി പണമായി തുക വിതരണം ചെയ്തത് നിയമവിരുദ്ധം</u>**

പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം 1000/- രൂപയ്ക്ക് മുകളിലുള്ള ചെലവുകൾക്ക് പണമായി തുക കൈമാറാൻ പാടില്ലാത്തതാണ്. ചെലവുകൾ നിർവ്വഹിച്ച ആളുടെ/ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തുക നൽകുന്നതിന് പകരം ക്ലർക്ക് വഴി പണമായി തുക കൈമാറിയത് നിയമവിരുദ്ധമാണ്. സെക്ഷൻ ക്ലർക്ക് ശ്രീ. മധുവിന്റെ അക്കൗണ്ടിൽ 49180/- രൂപ നിക്ഷേപിച്ച് പണമായി വിതരണം ചെയ്തിട്ടുള്ളതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ലൈറ്റ് & സൗണ്ട് | 4800.00 |
| ജനറേറ്റർ | 2500.00 |
| ഭക്ഷണം | 18000.00 |
| ഫ്ലക്സ് | 14080.00 |
| ഭക്ഷണം | 15000.00 |
| ചായ സ്നാക്സ് | 7400.00 |
| **ആകെ** | **49180.00** |

2) **ടെൻഡർ ക്ഷണിക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് അച്ചടി ജോലികൾ നിർവ്വഹിച്ചു. ചട്ടവിരുദ്ധം.**

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അച്ചടി ജോലികൾ നിർവ്വഹിച്ചതിന് മൈത്രി പ്രിന്റേഴ്സിന് 2.07 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ 18.11.2010 -ലെ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ പ്രകാരം സേവനങ്ങൾ, ഒരു ലക്ഷം രൂപയിൽ കൂടുതൽ മതിപ്പ് വിലയുള്ള സാധനങ്ങൾ ഓപ്പൺ ടെണ്ടർ വഴിയാണ് ലഭ്യമാക്കേണ്ടത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലെ നടപടിക്രമവും നഗരസഭയിൽ സ്വീകരിച്ച നടപടിക്രമവും സംബന്ധിച്ച വിശദാംശങ്ങൾ പട്ടികയായി ചുവടെ കൊടുക്കുന്നു.

| ക്രമ നം | ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ തീയതി 18.11.2010 പ്രകാരം സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ | നഗരസഭയിൽ സ്വീകരിച്ച നടപടി ക്രമങ്ങൾ |
|---|---|---|
| 1 | വാങ്ങേണ്ടിവരുന്ന സേവനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യുക. | മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി മത്സരാധിഷ്ഠിത ടെൻഡർ നടപടി ഒഴിവാക്കി പല ക്വട്ടേഷനുകൾ ക്ഷണിച്ച് പ്രവൃത്തി ചെയ്യിക്കുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് 01.11.2018 -ൽ രണ്ട് ക്വട്ടേഷൻ ക്ഷണിച്ച് അച്ചടി പ്രവൃത്തി ചെയ്തിട്ടുണ്ട്.<br><br>1) ജനകീയാസൂത്രണ പദ്ധതി 2019-20 വികസന സെമിനാറിലേക്ക് ആവശ്യമായ വികസന കരട് പദ്ധതി രേഖ 300 എണ്ണം സപ്ലൈ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു.(ക്വട്ടേഷൻ തീയതി- 01/11/17)<br><br>2) ജനകീയാസൂത്രണം 2019-20 വാർഷിക പദ്ധതി രൂപീകരണം വാർഡ് സഭ സംഘടിപ്പിക്കുന്നതിനാവശ്യമായ 13000 എണ്ണം നോട്ടീസ്, കരട് നിർദ്ദേശങ്ങളുടെ ബുക്ക് - 120 എണ്ണം അച്ചടിച്ച് നൽകുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചു (ക്വട്ടേഷൻ തീയി 01/11/2018). ഈ പ്രവൃത്തി മൈത്രി പ്രിന്റേഴ്സാണ് നിർവ്വഹിച്ചത. രണ്ട് പ്രവൃത്തിക്കുമായി 92781/- രൂപ 17/12/2018 -ൽ മൈത്രി പ്രിന്റേഴ്സിന് നൽകിയിട്ടുണ്ട്. |
| 2 | വ്യാപകപ്രചാരമുള്ള ഒരു ഇംഗ്ലീഷ ദിന പത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകണം. | പത്രപരസ്യം നൽകിയില്ല |
| 3 | ടെണ്ടർ സമർപ്പണം- പരസ്യ തീയതി മുതൽ 21 ദിവസം വരെ | 01.11.2018 മുതൽ 08.11.2018 വരെ 8 ദിവസം മാത്രം |

| | | |
|---|---|---|
| 4 | ടെണ്ടർ ഫോറത്തിന് മതിപ്പുവിലയുടെ അടിസ്ഥാനത്തിൽ തുക ഈടാക്കണം | ഈടാക്കിയില്ല |
| 5 | ഇ.എം.ഡി. 1% തുക ഈടാക്കണം | ഈടാക്കിയില്ല |
| 6 | പർച്ചേസ് കമ്മിറ്റി (വാങ്ങൽ കമ്മിറ്റി) രൂപീകരിക്കണം | കമ്മിറ്റി രൂപീകരിച്ചിട്ടില്ല. |

മുകളിൽ കാണിച്ചിട്ടുള്ള വിശദാംശങ്ങളിൽ നിന്നും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്.

മുകളിൽ കാണിച്ച അപാകതകൾ കാരണം പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്ന പദ്ധതിക്കായി ചെലവഴിച്ച 3,85,932/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-52 ചട്ടവിരുദ്ധമായി നഗരസഭ കെട്ടിടം വാടകയ്ക്ക് നൽകി

നഗരസഭയുടെ ക്ലോക്ക് ടവർ ബിൽഡിംഗിലെ മുറി വാടകയ്ക്ക് നൽകിയതിൽ അപാകതകളുള്ളതായി താഴെ സൂചിപ്പിച്ചിട്ടുള്ള ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

1) ഫയൽ നമ്പർ - R5-3009/93

2) ഫയൽ നമ്പർ - R5-6474/15

3) ഫയൽ നമ്പർ - R5-4939/17

**അപാകതകൾ ചുവടെ കൊടുക്കുന്നു.**

**I)** ആലുവ കോസ്റ്റൽ ഏരിയ ഫിഷ് മാർക്കറ്റിന്റെ നിർമ്മാണത്തിനായി ആലുവ മേഖല ജനറൽ വർക്കേഴ്സ് അസ്സോസിയേഷൻ (INTUC) സെക്രട്ടറിയിൽ നിന്നും ഒഴിപ്പിച്ചെടുത്ത മുറിക്ക് പകരമായി മുറി നൽകണമെന്ന് 22.06.2017 -ലെ കൗൺസിൽ തീരുമാനിച്ചിരുന്നു (തീരുമാനം നം. 7). ക്ലോക്ക് ടവർ ബിൽഡിംഗിലെ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടം ബൈലോ പ്രകാരം വാടകയ്ക്ക് നൽകാൻ 19.02.2018 -ൽ ചേയർപേഴ്സൺ ഉത്തരവിട്ടതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 23.04.2018 -ലെ കൗൺസിൽ ക്ലോക്ക് ടവറിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്തിൽ നിന്നും 150 സ്ക്വയർഫീറ്റ് സ്ഥലം സ്ക്വയർഫീറ്റിന് 20 രൂപ നിരക്കിലും ഡെപ്പോസിറ്റ് തുകയായി 4 മാസത്തെ വാടക തുക മുൻകൂറായി ഈടാക്കിയും വർക്കേഴ്സ് അസ്സോസിയേഷന് വാടകയ്ക്ക് നൽകാൻ തീരുമാനിച്ചു. (തീരുമാനം നം. 8) താഴെപ്പറയുന്ന കാരണങ്ങളാൽ ഈ തീരുമാനം ചട്ടവിരുദ്ധമാണ്.

1. ക്ലോക്ക് ടവർ കെട്ടിടത്തിലെ മുറികൾ കുത്തകയ്ക്ക് നൽകുന്നതിന് അംഗീകരിച്ചിട്ടുള്ള ബൈലോ പ്രകാരം ചതുരശ്രഅടിയ്ക്ക് 5 രൂപയും ഡെപ്പോസിറ്റ് 5 ലക്ഷം രൂപയുമാണ് വാടക നിരക്ക്. (കൗൺസിൽ തീരുമാനം XIII തീയതി 18.06.2008) 03.02.2016 -ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചതുരശ്രഅടിയ്ക്ക് 40 രൂപയും ഡെപ്പോസിറ്റ് തുക 6 ലക്ഷം രൂപയുമായി ഇത് പുതുക്കി നിശ്ചയിച്ചു. ബൈലോയിൽ

ഭേദഗതി വരുത്താതെ ബൈലോ പ്രകാരമുള്ള നിരക്കിനേക്കാൾ കുറഞ്ഞ ഡെപ്പോസിറ്റ് തുകയും നിരക്കും നിശ്ചയിച്ച് വർക്കേഴ്സ് അസ്സോസിയേഷന് മുറി വാടകയ്ക്ക് നൽകിയ നടപടി ചട്ടവിരുദ്ധമാണ്. വാടക, ഡെപ്പോസിറ്റ് നിരക്കുകളിൽ ഇളവ് അനുവദിക്കണമെന്ന് വാടകക്കാരൻ ആവശ്യപ്പെട്ടിട്ടില്ല.

2. ക്ലോക്ക് ടവറിലെ 150 സ്കചയർഫീറ്റ് സ്ഥലം വാടകയ്ക്ക് നൽകുവാനാണ് 23.04.2018 -ലെ കൗൺസിൽ തീരുമാനിച്ചത്. എന്നാൽ ഇതിനുവിരുദ്ധമായി 214 സ്കചയർഫീറ്റ് സ്ഥലമാണ് വർക്കേഴ്സ് അസ്സോസിയേഷന് അനുവദിച്ചത്. (വാടക കരാർ തീയതി 25.05.2018) ക്ലോക്ക് ടവറിൽ ഒഴിവുള്ള ആകെ സ്ഥലത്തിൽ നിന്നും 150 സ്കചയർഫീറ്റ് ഒഴിവാക്കിയാൽ ബാക്കിയുള്ള അധിക സ്ഥലം ആർക്കും ഉപയോഗിക്കാൻ കഴിയില്ല എന്ന കാരണം ചൂണ്ടിക്കാട്ടിയാണ് 25.03.2018 -ൽ ചെയർപേഴ്സൺ 214 സ്കചയർഫീറ്റ് സ്ഥലവും അനുവദിക്കാൻ ആവശ്യപ്പെട്ടത്. ചെയർപേഴ്സൺന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഇപ്രകാരം അധിക സ്ഥലം അനുവദിച്ചത് ചട്ടവിരുദ്ധമാണ്.

3. പുനരധിവാസത്തിന്റെ ഭാഗമായാണ് വർക്കേഴ്സ് അസ്സോസിയേഷന് മുറി അനുവദിക്കുന്നതെന്നാണ് കൗൺസിൽ തീരുമാനത്തിനാധാരമായി പറയുന്നത്. എന്നാൽ ഇക്കാര്യം വാടകക്കരാറിൽ (വാടകക്കരാർ തീയതി 25.05.2018) സൂചിപ്പിച്ചിട്ടില്ല.

**II) വാടകമുറിയുടെ വിസ്തൃതിയിൽ വ്യത്യാസം - വ്യക്തത വരുത്തേണ്ടത് സംബന്ധിച്ച്**

ക്ലോക്ക് ടവറിലെ ICDS ഓഫീസ് പ്രവർത്തിച്ചിരുന്ന മുറിയുടെ വിസ്തൃതി 1223.7 ച.അടിയാണ്. 31.07.2015 ലായിരുന്നു ICDS ഈ സ്ഥലം ഒഴിഞ്ഞത്. 03.02.2016 -ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചതുരശ്ര അടിക്ക് 40 രൂപയും ഡെപ്പോസിറ്റ് തുക 6 ലക്ഷം രൂപയുമായി ഇതിന്റെ വാടക പുതുക്കി നിശ്ചയിച്ചു. ഇത് ഉയർന്ന വാടകയായതിനാൽ 25.05.2016 -ൽ നടന്ന ലേലത്തിൽ ആരും പങ്കെടുത്തില്ല. എന്നാൽ ക്ലോക്ക് ടവറിൽ തന്നെ Spark Institute of Design എന്ന സ്ഥാപനം നടത്തിയിരുന്ന റെമി ജോസ് 3 ലക്ഷം രൂപ ഡെപ്പോസിറ്റും 10000 രൂപ പ്രതിമാസ വാടകയും നൽകി പ്രസ്തുത കെട്ടിടം ഏറ്റെടുക്കാൻ തയ്യാറാണെന്ന് 31.08.2016 -ൽ രേഖാമൂലം നഗരസഭയെ അറിയിച്ചിരുന്നു. (ഇതിന് മുൻപ് 29.07.2015, 30.08.2015, 28.01.2016 എന്നീ തീയതികളിൽ ഈ മുറി വാടകക്കെടുക്കാൻ തയ്യാറാണെന്ന് കാണിച്ച് ടിയാൻ കത്ത് നൽകിയിട്ടുണ്ട്). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിശ്ചയിച്ച വാടകയേക്കാൾ കുറവാണെന്ന കാര്യം പറഞ്ഞാണ് നഗരസഭ ഇവരുടെ അപേക്ഷ പരിഗണിക്കാതിരുന്നത്. ഡെപ്പോസിറ്റ് തുക 3 ലക്ഷവും ചതുരശ്രഅടിക്ക് 8 രൂപയുമെന്ന ഇവരുടെ ഓഫർ നിലനിൽക്കെയാണ് യാതൊരു ഡെപ്പോസിറ്റുമില്ലാതെ ചതുരശ്രഅടിക്ക് 4.5 രൂപ താഴെ നിരക്കിൽ മീഡിയ ക്ലബ്ബിന് 800 സ്കചയർഫിറ്റ് വിസ്തൃതിയുള്ള മുറി അനുവദിച്ചത്. ആകെ വിസ്തൃതിയായ 1223.7 ചതുരശ്രഅടിയിൽ നിന്ന് മീഡിയ ക്ലബ്ബിന് അനുവദിച്ച 800 ചതുരശ്രഅടി കിഴിച്ചാൽ ബാക്കി വിസ്തീർണ്ണം 423.7

ചതുരശ്രഅടിയാണ്. വർക്കേഴ്സ് അസ്സോസിയേഷന് അനുവദിച്ചത് 214 ചതുരശ്രഅടിയാണ്. 209.7 ചതുരശ്രഅടിയുടെ വ്യത്യാസം നിലനിൽക്കുന്നു. ഈ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

**1-53 ജനറൽ മാർക്കറ്റ് നിർമ്മാണം-KURDFC ലോൺ - നിബന്ധനകൾ പാലിക്കാൻ കഴിയുമെന്ന് ഉറപ്പില്ല**

ഫയൽ നമ്പർ : E1-9173/12

E1-5268/07 വാല്യം -I, II, III

ആലുവ നഗരസഭയുടെ 18.07.2019 തീയതിയിലെ കൗൺസിൽ (അജണ്ട – 1) തീരുമാനപ്രകാരം KURDFC യുടെ 25.06.2019 ലെ KURDFC/ULB/400 നമ്പർ കത്ത് പ്രകാരമുള്ള നിബന്ധനകൾ അംഗീകരിച്ച് ജനറൽ മാർക്കറ്റ് നിർമ്മാണത്തിനായി 10 % പലിശ നിരക്കിൽ 5 കോടി രൂപ ലോൺ എടുക്കുന്നതിനും മേല്പറഞ്ഞ ലോണിന് കൊളാറ്ററൽ സെക്യൂരിറ്റിയായി മാർക്കറ്റ് ഭൂമിക്കുപുറമെ ആലുവ വെസ്റ്റ് വില്ലേജിൽപ്പെടുന്ന 0.6325 ഹെക്ടർ ഭൂമി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 13,97,48,780.00 രൂപ വരവ് പ്രതീക്ഷിക്കുന്ന 10 വർഷത്തെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് അംഗീകരിക്കുന്നതിനും മേല്പറഞ്ഞ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ലോൺ നൽകുന്നതിന് മാനദണ്ഡമായി KURDFC മുന്നോട്ടുവയ്ക്കുന്ന നിബന്ധനകൾ പാലിക്കാൻ നഗരസഭയ്ക്ക് സാധിക്കുമെന്ന് ഉറപ്പില്ല.

KURDFC -യുടെ Loan Sanction Letter -ലെ നിബന്ധനകളിൽ പ്രധാനപ്പെട്ട രണ്ട് നിബന്ധനകൾ ചുവടെ കൊടുക്കുന്നു.

**<u>1) മാർജിൻ മണി 4.4 കോടി രൂപ നഗരസഭ കണ്ടെത്തണം.</u>**

21.06.2013 -ലെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കത്ത് പ്രകാരം ഈ വേലക്ക് 9.44 കോടി രൂപയുടെ സാങ്കേതികാനുമതിയാണ് നൽകിയിട്ടുള്ളത്. 5 കോടി രൂപ KURDFC വായ്പയും ബാക്കി 4.44 കോടി രൂപ നഗരസഭ കണ്ടെത്തേണ്ട തുകയുമാണ്. ഈ തുക പ്രധാനമായും വ്യാപാരികളിൽ നിന്നുള്ള നിക്ഷേപത്തിൽ നിന്നും കണ്ടെത്തണമെന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നത്. പുതിയ മാർക്കറ്റ് കെട്ടിടം നിർമ്മിക്കുന്നതിലേക്കായി നിലവിലുണ്ടായിരുന്ന വ്യാപാരികളെ ഒഴിപ്പിച്ച് താൽക്കാലിക ഷെഡുകളിൽ പുനരധിവസിപ്പിച്ചിരിക്കുകയാണ്. പുതിയ കെട്ടിടത്തിൽ മുറികളും സ്റ്റാളുകളും നൽകുന്നതിന് ഈ വ്യാപാരികളിൽ നിന്നും നിക്ഷേപം സ്വീകരിച്ചിട്ടുണ്ട്. റൂമിന് 4.5 ലക്ഷം രൂപയും സ്റ്റാളിന് 2.5 ലക്ഷം രൂപയുമാണ് നിക്ഷേപമായി നിശ്ചയിച്ചിരുന്നത്. ഇത് മൂന്ന് തുല്യ ഗഡുക്കളായാണ് ഒടുക്കേണ്ടത്. ഇതു പ്രകാരമാണ് മേല്പറഞ്ഞ നിക്ഷേപ തുകകളുടെ ആദ്യ ഗഡു വ്യാപാരികളിൽ നിന്ന് 2014 ജൂലൈ മാസത്തിൽ സ്വീകരിച്ചത്. രണ്ടാം ഗഡു നിർമ്മാണം പകുതിയാകുമ്പോളും മൂന്നാം ഗഡു നിർമ്മാണം പൂർത്തിയാകുമ്പോളുമാണ് ഒടുക്കേണ്ടത്. നഗരസഭയിലെ

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 77 വ്യാപാരികളിൽ നിന്നും 87.50 ലക്ഷം രൂപയാണ് ഒന്നാം ഗഡു നിക്ഷേപമായി 2014 ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ കിട്ടിയത്. ഈ തുക 26.12.2017 വരെ SBI യുടെ ആലുവ റെയിൽവേ സ്റ്റേഷൻ റോഡ് ബ്രാഞ്ചിലെ 67111918371 അക്കൗണ്ടിലും തുടർന്ന് പഞ്ചാബ് നാഷണൽ ബാങ്കിലെ പ്രത്യേക അക്കൗണ്ടിലാണ് (Punjab National Bank – Escrow a/c No.49823) നിക്ഷേപിച്ചിരിക്കുന്നത്. SBI യുടെ സ്റ്റേറ്റ്മെന്റിൽ 3.5 % പലിശയെന്നാണ് കാണിച്ചിരിക്കുന്നത്. ഇതുപ്രകാരം 5 വർഷത്തെ ബാങ്ക് പലിശ കണക്കാക്കുമ്പോൾ നിലവിൽ ഈ തുക 1 കോടിക്ക് മുകളിലുണ്ടാകേണ്ടതാണ്. 26.12.2017 ൽ SBI അക്കൗണ്ട് ക്ലോസ് ചെയ്യുമ്പോൾ 9.25 ലക്ഷം രൂപ മാത്രമാണ് നീക്കിയിരിപ്പുണ്ടായിരുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കുമ്പോൾ ഈ അക്കൗണ്ടിൽ നിന്നും നിരവധി തവണ ഗണ്യമായ തുക പിൻവലിച്ചതായും തിരികെ നിക്ഷേപിച്ചതായും കാണുന്നു. മാർക്കറ്റ് നിർമ്മാണത്തിനായി ഉപയോഗിക്കേണ്ട തുക നഗരസഭയുടെ മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നുണ്ടെന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. നഗരസഭ ഓഡിറ്റിന് സമർപ്പിച്ച 2018-19 വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ അക്കൗണ്ടിൽ 1.33 ലക്ഷം രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. 2018-19 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ 59.33 ലക്ഷം രൂപ നീക്കിയിരിപ്പുണ്ടായിരുന്നതാണ് 1.33 ലക്ഷം രൂപയായി കുറഞ്ഞിരിക്കുന്നത്. നഗരസഭയുടെ നിത്യനിദാന ചെലവുകൾക്കായാണ് പലപ്പോഴും ഈ അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ചിട്ടുള്ളത്. മാർക്കറ്റിൽ പുതിയ കെട്ടിടം നിർമ്മിച്ചുനൽകാമെന്ന ഉറപ്പിന്മേലാണ് വ്യാപാരികളിൽ നിന്ന് മുൻകൂർ നിക്ഷേപം നഗരസഭ സ്വീകരിച്ചത്. കേരള മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം (ചട്ടം 48) ഇത് സ്പെസിഫിക്ക് ഫണ്ടാണ്. ഇത്തരം ഫണ്ടുകൾ താൽക്കാലികമായിട്ടുപോലും വകമാറ്റാനാവില്ല എന്നാണ് ചട്ടം 48 -ൽ വ്യക്തമാക്കിയിട്ടുള്ളത്. താൽക്കാലികമായല്ല സ്ഥിരമായാണ് നഗരസഭ തുക വകമാറ്റിയിട്ടുള്ളതെന്നാണ് മേൽ സൂചിപ്പിച്ച ഫണ്ടിന്റെ തൽസ്ഥിതി വ്യക്തമാക്കുന്നത്. വ്യാപാരികളിൽ നിന്ന് 1-ാം ഗഡുവായി സ്വീകരിച്ച തുകയും 2 -ഉം 3-ഉം ഗഡുപ്രകാരമുള്ള നിക്ഷേപവും ചേർത്താലും 4.4 കോടി രൂപ സ്വരുപിക്കാനാകില്ല. ദൈനംദിന ചെലവുകൾക്ക് പ്രത്യേക ഫണ്ടുകളിലെ തുക വകമാറ്റി ചെലവഴിക്കുന്ന സാഹചര്യത്തിൽ ലോൺ തുകക്ക് പുറമെയുള്ള 4.4 കോടി രൂപ മാർജിൻ മണി നഗരസഭ എങ്ങനെ കണ്ടെത്തുമെന്നത് വ്യക്തമാക്കേണ്ടതാണ്.

**2) ഡിസംബർ 2020 -നകം നിർമ്മാണം പൂർത്തിയാക്കണം.**

20.08.2015-ൽ റോയൽ കൺസ്ട്രക്ഷൻസുമായി ഏർപ്പെട്ട ജനറൽ മാർക്കറ്റ് നിർമ്മാണ കരാറിലെ എഗ്രിമെന്റ് ഷെഡ്യൂളിൽ എസ്റ്റിമേറ്റ് നിരക്ക് 9,44,00,000 രൂപയെന്നാണ് കാണിച്ചിരിക്കുന്നത്. 9.27 കോടി രൂപയാണ് യഥാർത്ഥ എസ്റ്റിമേറ്റ് നിരക്ക്. ഇതിന്റെ 3.54% കുറവായ 8,94,18,420/- രൂപക്കാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്.

മേല്പറഞ്ഞ എസ്റ്റിമേറ്റ് 2013 ലെ നിരക്കിൽ തയ്യാറാക്കിയതാണ്. 2013 ലെ നിരക്കിൽ തയ്യാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റ് പ്രകാരം അതേ സ്പെസിഫിക്കേഷനിൽ പ്രസ്തുത പ്രവൃത്തി ഇപ്പോൾ നിർവ്വഹിക്കുക സാധ്യമല്ല. അന്നത്തെ നിരക്കിൽ നിന്നും 3.54% കുറവ് രേഖപ്പെടുത്തിയാണ് കരാറുകാരൻ പണി ഏറ്റെടുത്തിട്ടുള്ളത്. എന്നിട്ടും നിരക്ക് വ്യത്യാസമില്ലാതെ അതേ പ്രവൃത്തി ഇപ്പോൾ ചെയ്യാം എന്ന് പറയുന്നതിൽ അപാകതയുണ്ട്. മാത്രമല്ല ഈ കരാറിന്റെ കാലാവധി 20.11.2016 -ൽ അവസാനിച്ചു. എന്നാൽ കരാർ പ്രകാരം പണി പൂർത്തിയാക്കേണ്ട തീയതിയും കഴിഞ്ഞ് 2 1/2 വർഷം കഴിഞ്ഞിട്ടും നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ പോലുമായിട്ടില്ല എന്ന ഗുരുതരാവസ്ഥയാണുള്ളത്. കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം കാലാവധി തീരുന്ന മുറയ്ക്ക് വേണമെങ്കിൽ കരാർ കാലയളവിന്റെ പരമാവധി 50% കൂടി ദീർഘിപ്പിച്ചുനൽകാം. ഇവിടെ ആ പരിധിയും കടന്നുപോയി.

കാലാനുസൃതമായ നിരക്കിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതിയും ഭരണാനുമതിയും വാങ്ങി, ടെണ്ടർ ചെയ്യാതെ നിർമ്മാണം നടത്തുന്നത് പൊതുമരാമത്ത് പണികൾ സംബന്ധിച്ച ചട്ടങ്ങളുടെയും നടപടി ക്രമങ്ങളുടെയും ലംഘനമായിരിക്കും. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.06.2013 -ലെ ഡിബി2/4286/2013/സിഇ/തസ്വഭവ സാങ്കേതികാനുമതി കത്തിൽ പ്രവൃത്തിയുടെ ഭരണാനുമതി 26.04.2013 -ലെ XVII കൗൺസിൽ തീരുമാനമെന്നാണ് കാണിച്ചിരിക്കുന്നത്. കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 1801.11 പ്രകാരം ഭരണാനുമതിയുടെ കാലാവധി 5 വർഷമാണ്. 25.04.2018 -ൽ ഈ പ്രവൃത്തിയുടെ ഭരണാനുമതി അവസാനിച്ചതിനാൽ പുതിയ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിന് ശേഷമാണ് പ്രവൃത്തി വീണ്ടും തുടങ്ങാനാവുക. 2013 നേക്കാൾ ഉയർന്നതാണ് 2019-20 -ലെ നിർമ്മാണ ചെലവ്. അതുകൊണ്ടാണ് കാലാനുസൃതമായി സർക്കാർ അംഗീകരിച്ചിരിക്കുന്ന നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കേണ്ടത് അനിവാര്യമായി തീരുന്നത്. അല്ലാത്തപക്ഷം പ്രവൃത്തിയുടെ ഗുണനിലവാരത്തിൽ കുറവ് വരികയോ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെയോ വന്നേക്കാം. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (ഓഡിറ്റ് എൻക്വയറി നമ്പർ 09/2018-19) മറുപടിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാലുണ്ടാകുന്ന അധികബാദ്ധ്യത നഗരസഭ കണ്ടെത്തേണ്ടിവരുമെന്നതിനാൽ നിലവിലുള്ള നിരക്കിൽ തന്നെ കരാറുകാരന് പ്രവൃത്തി അനുവദിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി തേടുന്നതിന് 03.12.2019 തീയതിയിലെ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതായാണ് അറിയിച്ചത്.

**മാർക്കറ്റിലെ പുതിയ കെട്ടിട വരുമാനത്തിൽ നിന്നും വായ്പ തിരിച്ചടവ് തുക കണ്ടെത്തണം എന്ന സർക്കാർ ഉത്തരവ് പാലിക്കപ്പെടാൻ സാദ്ധ്യതയില്ല.**

ജനറൽ മാർക്കറ്റ് നിർമ്മാണത്തിനായി വായ്പ എടുക്കുന്നതിന് നഗരസഭക്ക് അനുമതി നൽകിയ സർക്കാർ ഉത്തരവിൽ വായ്പയുടെ മുതലും പലിശയും ചേർന്ന തിരിച്ചടവ് തുക ടി പ്രോജക്റ്റിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നും കണ്ടെത്തണമെന്ന നിബന്ധനക്ക് വിധേയമായാണ് വായ്പ അനുവദിക്കുന്നതെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ലോൺ എടുക്കുന്നതിന് സർക്കാർ അനുമതി ലഭിക്കുന്നതിനായി തയ്യാറാക്കി നൽകിയ സ്റ്റേറ്റ്മെന്റിൽ 5% നിരക്കിലാണ് വാർഷിക വാടക വർദ്ധനവ് കാണിച്ചിരിക്കുന്നത്. എന്നാൽ ലോൺ തിരിച്ചടവിന് ഇത് പര്യാപ്തമല്ലാത്തതിനാൽ 10 % വാർഷിക വർദ്ധനവ് നൽകി 29.06.2018 ലെ കൗൺസിൽ, ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പരിഷ്കരിച്ചിട്ടുള്ളതായി മുൻവർഷത്തെ ഓഡിറ്റ് എൻക്വയറി നമ്പർ 39/2017-18 -നുള്ള മറുപടിയിൽ നഗരസഭ സെക്രട്ടറി വിശദീകരിച്ചിരുന്നു. 28.12.2019 തീയതിയിലെ A3-8910/19കത്തിനൊപ്പം ലഭ്യമാക്കിയ 10 % വാർഷിക വർദ്ധനവോടെയുള്ള 10 വർഷത്തെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം നഗരസഭക്ക് 13.97 കോടി രൂപയുടെ വരുമാനം ഉണ്ടാകുമെന്നാണ് വിശദീകരിച്ചിട്ടുള്ളത്. എന്നാൽ ഇരു നിലകളിലായി പൂർത്തിയാകുന്ന 179 കടമുറികളും നഗരസഭ നിശ്ചയിച്ചിരിക്കുന്ന ഡെപ്പോസിറ്റോടും വാടകയോടും 10% വാർഷിക വർദ്ധനവോടും കൂടി വ്യാപാരികൾക്ക് നൽകാൻ സാധിച്ചാൽ മാത്രമാണ് ഇത്രയും വരുമാനം കണ്ടെത്താനാകുകയുള്ളൂ. അതേസമയം പുതിയതായി നിർമ്മിക്കുന്ന ജനറൽ മാർക്കറ്റ് കെട്ടിടത്തിൽ പഴയ മാർക്കറ്റിൽ കച്ചവടം നടത്തിയിരുന്ന 77 വ്യാപാരികളെ പുനരധിവസിപ്പിക്കേണ്ടതുമുണ്ട്. ഇവരിൽ നിന്നും 1/3 ഭാഗം ഡെപ്പോസിറ്റ് തുക ഇതിനോടകം കൈപ്പറ്റിയിട്ടുള്ളതും നഗരസഭയുടെ ദൈനംദിന ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ മേൽപറഞ്ഞ 179 കടമുറികളിൽ നിന്നും 13.97 കോടിരൂപ വരുമാനമുണ്ടാകുന്നത് എങ്ങനെയെന്ന് വ്യക്തമല്ല.

സമീപകാലത്ത് ഏറ്റെടുത്ത പല വൻകിട പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ആവശ്യമായ ഫണ്ട് ലഭിച്ചിട്ടും ആധുനിക അറവുശാല നിർമ്മാണം പദ്ധതി പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു. 47.89 ലക്ഷം രൂപ ചെലവിട്ട തുമ്പൂർമുഴി പദ്ധതി, 24 ലക്ഷം രൂപ ചെലവിട്ട പാർക്ക് നവീകരണം, 8 ലക്ഷം രൂപ ചെലവിട്ട MRF നിർമ്മാണം എന്നിവയെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികളാണ്. മാർക്കറ്റ് നിർമ്മാണം വലിയ പദ്ധതിയും വൻ മുടക്ക് മുതൽ വേണ്ടി വരുന്നതുമാകയാൽ കൃത്യമായ ആസൂത്രണത്തോടെ മാത്രമേ പദ്ധതി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

**1-54 കംഫർട്ട് സ്റ്റേഷൻ കം റിട്ടയറിംഗ് റൂം നിഷ്ക്രിയ ആസ്തി - നടപടികളില്ല**

ആലുവ നഗരസഭ വനിത വികസന കോർപ്പറേഷന്റെ സഹായത്തോടെ നിർമ്മിച്ച കംഫർട്ട് സ്റ്റേഷൻ കം റിട്ടയറിംഗ് റൂം പ്രൈവറ്റ് ബസ്സ്റ്റാന്റിൽ നിഷ്ക്രിയ ആസ്തിയായി

നിൽക്കുന്നു എന്ന ഓഡിറ്റ് പരാമർശം 20.03.2018 -ലെ കൗൺസിൽ പരിശോധിക്കുകയും വനിതകൾക്ക് ഉപകാരപ്രദമായ ഏതെങ്കിലും സ്ഥാപനം തുടങ്ങുന്നതിന് ശുപാർശ സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. (20.03.2018 തീരുമാനം 19) എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെ തീരുമാനമൊന്നുമായിട്ടില്ല (ഫയൽ നം. ആർ.5-672/18). വനിത കംഫർട്ട് സ്റ്റേഷൻ ഇപ്പോഴും ഉപയോഗ രഹിതമായി തുടരുന്നു. വനിതകൾക്കുള്ള പദ്ധതികളിൽ പോലും ഉദാസീനത കാണിക്കുന്നു എന്നാണിത് വ്യക്തമാക്കുന്നത്. നിഷ്ക്രിയ ആസ്തി ഉപയോഗ യോഗ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-55 നഗരസഭാ ലൈബ്രറി-ശോച്യാവസ്ഥ പരിഹരിക്കണം, പ്രവർത്തനം മെച്ചപ്പെടുത്തണം**

നഗരത്തിന്റെ ഹൃദയഭാഗത്ത് മിനി സിവിൽ സ്റ്റേഷന് അഭിമുഖമായി 16 ആർ 35 ച.മീ സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന 450 ച.മീ. വിസ്തൃതിയുള്ള 3 നിലകെട്ടിടത്തിലാണ് ആലുവ മുനിസിപ്പൽ ലൈബ്രറി പ്രവർത്തിക്കുന്നത്. 1968 -ലാണ് ലൈബ്രറി സ്ഥാപിതമായത്. ആലുവയിലെ പ്രശസ്ത ചിന്തകനും എഴുത്തുകാരനുമായിരുന്ന യശഃശരീരനായ പ്രൊഫ. കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ബഹുമാനാർത്ഥം 1984 -ൽ മുനിസിപ്പൽ ലൈബ്രറിയുടെ പേര് കുറ്റിപ്പുഴ കൃഷ്ണപിള്ള മെമ്മോറിയൽ മുനിസിപ്പൽ ലൈബ്രറി & റീഡിംഗ് റൂം എന്ന് പുനർനാമകരണം ചെയ്തു. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 45322 പുസ്തകങ്ങളുടെ വൻ പുസ്തകശേഖരമാണ് ഈ ലൈബ്രറിയിൽ ഉള്ളത്. ജില്ലയിലെ ഒന്നാം കിട ലൈബ്രറികളിൽ ഒന്നായി മാറുന്നതിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള ഈ ലൈബ്രറി നിർഭാഗ്യവശാൽ അങ്ങേയറ്റം ശോചനീയ അവസ്ഥയിലാണുള്ളത്. 2018-19 ഓഡിറ്റിന്റെ ഭാഗമായി നഗരസഭാ ലൈബ്രറിയിൽ നേരിട്ട് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

**1. <u>കെട്ടിടവും പരിസരവും വൃത്തിയായി പരിപാലിക്കുന്നില്ല.</u>**

നഗരത്തിന്റെ ഹൃദയഭാഗത്താണ് ലൈബ്രറി കെട്ടിടം സ്ഥിതി ചെയ്യുന്നത്. ഗ്രൗണ്ട് ഫ്ലോറിൽ പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള സ്ഥലവും ഒന്നാം നിലയിൽ പൊതുജനങ്ങൾക്ക് സ്വസ്ഥമായി പുസ്തകങ്ങളും ആനുകാലികങ്ങളും വായിക്കുന്നതിനുള്ള സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്. എന്നാൽ മൂന്നാം നില ഒരു പ്രവർത്തനത്തിനും ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടക്കുകയാണ്. 3 നിലകളിലും ടോയ് ലറ്റ് സൗകര്യവും ജല ലഭ്യതയുമുണ്ട്. കെട്ടിടത്തിനുണ്ടായിരുന്ന ചോർച്ച മെയിന്റനൻസ് നടത്തി പരിഹരിച്ചിട്ടുണ്ടെങ്കിലും സീലിങ്ങുകൾ പലതും അടർന്നു വീഴുന്ന അവസ്ഥയിലാണ്. ഫാനുകൾ, ലൈറ്റുകൾ എന്നിവയിൽ പലതും പ്രവർത്തിക്കുന്നില്ല. പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലങ്ങൾ ഭൂരിഭാഗവും ആൾപ്പെരുമാറ്റമില്ലാത്ത തരത്തിൽ പൊടിയും മാറാലയും പിടിച്ച അവസ്ഥയിലാണ്. പൊടിശല്യം കാരണം ബുക്ക് എടുക്കാൻ സാധിക്കാത്തതിനാൽ 31.03.2019 മുതൽ തന്റെ അംഗത്വം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. ലയ സൂസൻ

പ്രസാദ്, പുള്ളിപ്പടവിൽ വീട്, പൗർണ്ണമി നഗർ, അമ്പാട്ട് ലൈൻ, ആലുവ എന്ന വരിക്കാരി (അംഗത്വം നം. 11276) മുനിസിപ്പൽ സെക്രട്ടറി/ലൈബ്രേറിയൻ/കൗൺസിലർ എന്നിവർക്ക് 20.03.2019 -ൽ നൽകിയ അപേക്ഷ ഓഡിറ്റ് ഗൗരവത്തോടെ കാണുന്നു. ഇത്തരത്തിൽ പരാതിയുണ്ടായിട്ടും ടി സ്ഥലം വൃത്തിയാക്കി സൂക്ഷിക്കുന്നതിന് നഗരസഭയുടെ ഭാഗത്ത് നിന്ന് ശ്രമമുണ്ടായിട്ടില്ല. പരിസര പ്രദേശമാകെ കാടുകയറിയ അവസ്ഥയിലാണ്. ജനങ്ങൾക്ക് വിശ്രമിക്കാവുന്ന രീതിയിൽ ഇരിപ്പിടങ്ങൾ ക്രമീകരിച്ചിരിക്കുന്ന ലൈബ്രറി പരിസരം കാട് കയറിയ അവസ്ഥയിലാണ്. നഗരസഭ പരിധിയിൽ നിന്നും നീക്കം ചെയ്യുന്ന അനധികൃത ഫ്ലക്സ് ബോർഡുകളും ഹോർഡിംഗുകളും കുന്നുകൂട്ടി ഇടാനുള്ള ഒരു ഡംപിംഗ് യാർഡാക്കി ലൈബ്രറി കോമ്പൗണ്ടിനെ മാറ്റിയിരിക്കുന്നു.



*ലൈബ്രറി കോമ്പൗണ്ടിൽ ഫ്ലക്സുകളും ഹോർഡിംഗുകളും കൂട്ടിയിട്ടിരിക്കുന്ന നിലയിൽ*

**2. <u>ലൈബ്രറി കമ്മിറ്റി യോഗം ചേരുന്നില്ല.</u>**

നഗരസഭ ലൈബ്രറിയുടെ നിയമാവലി ഖണ്ഡിക-4 പ്രകാരം സ്ഥാപനത്തിന്റെ ഭരണം കൗൺസിൽ നിശ്ചയിച്ചിട്ടുള്ള ലൈബ്രറി കമ്മിറ്റിക്കാണ്. മുനിസിപ്പൽ ചെയർപേഴ്സൺ പ്രസിഡന്റായും നഗരസഭ സെക്രട്ടറി സെക്രട്ടറിയായും ലൈബ്രേറിയൻ കൺവീനറുമായ ഈ കമ്മിറ്റിയിൽ ഇവരെ കൂടാതെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, 3 കൗൺസിൽ അംഗങ്ങൾ, കൗൺസിലിന് പുറത്ത് നിന്ന് തെരഞ്ഞെടുക്കപ്പെട്ട 2 പേർ എന്നിവരടങ്ങിയ 9 അംഗങ്ങളാണ് ഉണ്ടാകേണ്ടത്. നിയമാവലിയുടെ ഖണ്ഡിക -8 പ്രകാരം ടി കമ്മിറ്റി 3 മാസത്തിൽ ഒരു തവണയെങ്കിലും കൂടേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു കമ്മിറ്റി യോഗം ചേർന്നതിന്റെ മിനിറ്റ്സ് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നു തന്നെ ഗ്രന്ഥശാലയ്ക്ക് ആവശ്യമായ യാതൊരു ഇടപെടലുകളോ പ്രവർത്തനങ്ങളോ നടത്തിവരുന്നില്ലെന്ന് വ്യക്തമാണ്. ഭരണ സമിതിയുടെ ഭാഗത്ത് നിന്ന് വ്യക്തമായ വീഴ്ചയാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്.

**3. <u>തിരികെ ലഭിക്കാനുള്ള പുസ്തകങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.</u>**

ഓവർഡ്യൂ രജിസ്റ്റർ കാലികമല്ല. തിരികെ കിട്ടാനുള്ള പുസ്തകങ്ങളുടെ വിവരവും കൃത്യമല്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നിലവിൽ ലൈബ്രറിയിൽ 45322 പുസ്തകങ്ങൾ ഉണ്ട്.

2018-19 സാമ്പത്തിക വർഷം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്ന് ലഭിച്ച ഗ്രാന്റ് തുകയായ 19,550/- രൂപയ്ക്ക് 21 ഇംഗ്ലീഷ് പുസ്തകങ്ങളും 85 മലയാള പുസ്തകങ്ങളും ഉൾപ്പെടെ 106 പുസ്തകങ്ങൾ ഡി.സി.ബുക്ക്സ് പുസ്തകമേളയിൽ നിന്ന് 29.05.2019 -ന് വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്തിട്ടുണ്ട്. കൂടാതെ ടി വർഷം 25 പുസ്തകങ്ങൾ ഇതര സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സംഭാവനയായും ലഭിച്ചിട്ടുണ്ട്. 2013 വർഷം മുതൽ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള ടിക്കറ്റുകൾ പ്രകാരം മുന്നൂറോളം പുസ്തകങ്ങൾ വർഷങ്ങളായി തിരികെ ലഭിക്കാനുണ്ട്. ഇവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അംഗങ്ങൾ പുസ്തകങ്ങൾ നഷ്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ബൈലോ ഖണ്ഡിക – 32 പ്രകാരം അവരിൽ നിന്നും ലൈബ്രറിയിൽ പുസ്തകം വരുത്തുന്നതിനുള്ള ചെലവ് അല്ലെങ്കിൽ ടെക്നിക്കൽ പ്രോസസിംഗ് ചാർജ്ജും പുസ്തകവിലയുടെ 3 ഇരട്ടി തുകയും അടപ്പിക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം വരിസംഖ്യ, ഓവർഡ്യൂ ചാർജ്ജ് ഇനങ്ങളിലായി 77627/- രൂപ ലൈബ്രറിയിൽ നിന്നും വരുമാനം ലഭിച്ചിട്ടുണ്ട്. ഒരു പുസ്തകം 15 ദിവസത്തേയ്ക്കാണ് വരിക്കാർക്ക് നൽകുന്നത്. അതിനുശേഷം കൈവശം വക്കുന്ന ഓരോ ദിസവത്തിനും ഓരോ രൂപ വെച്ചാണ് ഫൈൻ ഈടാക്കേണ്ടത്.

**4. <u>ലൈബ്രറിയുടെ പ്രയോജനങ്ങൾ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല.</u>**

അംഗത്വ രജിസ്റ്റർ പ്രകാരം 11,465 മെമ്പർമാരാണുള്ളത്. 2018-19 -ൽ 358 പേരാണ് പുതിയതായി അംഗത്വം എടുത്തിട്ടുള്ളത്. ഇതിൽ അംഗത്വം ക്യാൻസൽ ചെയ്തവരുടെ കൃത്യമായ എണ്ണം ലഭ്യമല്ല. ബുക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 2018-19 -ൽ 11957 പുസ്തകങ്ങൾ വിതരണം ചെയ്തു. ശരാശരി 15 ഓളം പേർ മാത്രമേ പുസ്തകങ്ങൾ കൈപ്പറ്റാനായി ദിവസേന ലൈബ്രറിയിൽ എത്തുന്നുള്ളൂ. വായനക്കും മറ്റുമായി വരുന്നവരുടെ എണ്ണവും വളരെ കുറവാണ്. 13 ദിനപത്രങ്ങളും 30 മാസികകളും മറ്റ് വാരികകളും തൊഴിൽ വീഥി, തൊഴിൽ വാർത്ത എന്നീ പ്രസിദ്ധീകരണങ്ങളും ഇവിടെ വായനക്ക് ലഭ്യമാണ്. ഇന്റർനെറ്റ് സംവിധാനം ഒരുക്കി റഫറൻസിനും മറ്റും കൂടുതൽ അവസരമുണ്ടാക്കി കൂടുതൽ പേരിലേക്ക് ലൈബ്രറി സേവനമെത്തിക്കാൻ നടപടികളെടുക്കേണ്ടതാണ്.

**5. <u>കമ്പ്യൂട്ടർ ഉപയോഗയോഗ്യമാക്കിയിട്ടില്ല.</u>**

ലൈബ്രറി പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വേണ്ടി വാങ്ങിച്ച കമ്പ്യൂട്ടർ ഇതുവരെയും ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. ലൈബ്രറിയിലുള്ള പുസ്തകങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും വരിക്കാരെ സംബന്ധിച്ചും ഇഷ്യൂ ചെയ്തതും തിരിച്ചുവരാത്തവയുമായ പുസ്തകങ്ങളുടെ വിവരങ്ങളും സൗകര്യപ്രദവുമായി ലഭ്യമാക്കുന്നതിന് കമ്പ്യൂട്ടർ പ്രയോജനപ്പെടുത്താവുന്നതാണ്. എന്നാൽ ഇത് ഉപയോഗയോഗ്യമാക്കാതെ പൊടിപ്പിടിച്ചിരിക്കുകയാണ്.

**6. <u>അംബേദ്കർ കോളനിയിലേക്ക് എസ്.സി. ഫണ്ടുപയോഗിച്ച് വാങ്ങിയ പുസ്തകങ്ങൾ ലൈബ്രറിയിൽ കെട്ടിക്കിടക്കുന്നു.</u>**

നഗരസഭാ പരിധിയിലുള്ള അംബേദ്കർ കോളനിയിലേക്ക് വാങ്ങിയ പുസ്തകങ്ങൾ കെട്ടുകളായി ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് ഉപയോഗിക്കാതെ പൊടിയും മാറാലയും പിടിച്ചിരിക്കുകയാണ്. അധികം താമസിയാതെ ഈ പുസ്തകങ്ങൾ ഉപയോഗശൂന്യമാകുന്നതിനുള്ള സാധ്യത കാണുന്നു. ഈ പുസ്തകങ്ങൾ ബന്ധപ്പെട്ടവർക്ക് കൈമാറി, ഫലപ്രദമായി ഉപയോഗിക്കുന്നതിന് അനുയോജ്യമായ നടപടിയുണ്ടാകേണ്ടതാണ്.

**7. <u>സാംസ്ക്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നില്ല</u>**

ഭാഷ, സംസ്ക്കാരം, വിദ്യാഭ്യാസം എന്നിവ തലമുറകളിലേക്ക് പകർന്നുകൊടുക്കുന്നതിൽ ഗ്രന്ഥശാലകൾക്ക് നിർണ്ണായക പങ്ക് വഹിക്കാനുണ്ട്. ഇക്കാര്യത്തിൽ ഒരു നാട് വഹിക്കുന്ന പങ്ക് അതിന്റെ ഏറ്റവും പ്രധാന സാംസ്ക്കാരിക കേന്ദ്രമായ ഗ്രന്ഥശാലയെ കേന്ദ്രീകരിച്ചായിരിക്കണം. സാമൂഹ്യ മുന്നേറ്റത്തിനും വിജ്ഞാന വ്യാപനത്തിനും ഉതകുന്ന സാംസ്കാരിക പരിപാടികൾ, സെമിനാറുകൾ, സാഹിത്യോത്സവങ്ങൾ, സംവാദങ്ങൾ എന്നിവക്കുള്ള ജനകീയ വേദികളാണ് വായശാലകൾ. എന്നാൽ നഗരസഭയുടെ കീഴിലുള്ള ഗ്രന്ഥശാലയിൽ ഇത്തരത്തിലുള്ള പൊതു പരിപാടികളൊന്നും സംഘടിപ്പിക്കുന്നില്ല. പ്രൊഫസർ കുറ്റിപ്പുഴ കൃഷ്ണപ്പിള്ളയുടെ നാമധേയത്തിലുള്ള ഗ്രന്ഥശാല അദ്ദേഹത്തിന്റെ നാമത്തേയും പ്രവർത്തനങ്ങളേയും മൂല്യങ്ങളേയും അനപർത്ഥമാക്കാനുതകുന്ന പരിപാടികളൊന്നും നടപ്പാക്കിയിട്ടില്ല.

**8. <u>ലൈബ്രേറിയൻ സ്ഥിര തസ്തിക ഒഴിഞ്ഞു കിടക്കുന്നു.</u>**

നിലവിലുണ്ടായിരുന്ന ലൈബ്രറേറിയൻ സ്ഥലം മാറിപ്പോയതിനെത്തുടർന്ന് 01.10.2019 മുതൽ ലൈബ്രേറിയൻ തസ്തിക 4 മാസമായി ഒഴിഞ്ഞ് കിടക്കുകയായിരുന്നു. നഗരസഭാ ഹെൽത്ത് വിഭാഗത്തിലെ JHI ക്കാണ് ലൈബ്രേറിയന്റെ താൽക്കാലിക ചുമതല നൽകിയിരിക്കുന്നത്. 27.01.2020 മുതൽ താൽക്കാലികാടിസ്ഥാനത്തിൽ ലൈബ്രേറിയനെ നിയമിച്ചിട്ടുണ്ട്. സ്ഥിരം ലൈബ്രേറിയനെ നിയമിക്കുന്നതിന് നടപടികളെടുക്കേണ്ടതാണ്.

മേൽപറഞ്ഞ പോരായ്മകൾ 46/2018-19 ഓഡിറ്റ് എൻക്വയറിയിലൂടെ നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. നിലവിൽ ലൈബ്രേറിയനെ താൽക്കാലികമായി നിയമിച്ചിട്ടുണ്ടെന്നും പോരായ്മകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകുമെന്നുമാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദീകരിക്കുന്നത്.

**1-56 മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല**

നഗരസഭ അഡ്വാൻസ് രജിസ്റ്റർ പ്രകാരം വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന്

ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള മുൻകൂറുകൾ നിശ്ചിത സമയത്തിനകം ബില്ലുകൾ ഹാജരാക്കി ക്രമീകരിച്ചിട്ടില്ല . വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | അനുവദിച്ച തുക(രൂപ) | തുക അനുവദിച്ച വൗച്ചർ നം/ തീയതി | മുൻകൂറിന്റെ ഉദ്ദേശ്യം |
|---|---|---|---|---|
| 1 | ശ്രീ.പി.പി.ഷാജു/ ക്ലർക്ക് | 22,000.00 | 28 - 5/18; 04.05.2018 | ബൊലേറോ വാഹനത്തിന്റെ ഇൻഷുറൻസ് പ്രീമിയം അടക്കുന്നതിന് |
| 2 | ശ്രീമതി. പി.വി. രേഖ/ ഓവർസിയർ ഗ്രേഡ് -II | 10,000.00 | 37 - 8/18; 07.08.2018 | ബിൽഡിംഗ് നം. 12/380 ലെ അനധികൃത നിർമ്മാണം പൊളിക്കുന്നതിന് |
| 3 | ശ്രീ.സുകു/ ഓവർസിയർ ഗ്രേഡ് -I | 15,000.00 | 41 - 8/18; 07.08.2018 | റോഡ് സൈഡിലെ അനധികൃത ഹോർഡിംഗുകൾ നീക്കം ചെയ്യുന്നതിന് |
| 4 | ശ്രീ.അഖിൽ ജിഷ്ണു/ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II | 10,000.00 | 50 - 8/18; 09.08.2018 | സ്വാതന്ത്ര്യ ദിനാഘോഷ ചെലവുകൾക്ക് |
| 5 | ശ്രീ.സിജോ ജോണി/ ഓവർസിയർ ഗ്രേഡ് -III | 2,000.00 | 93 - 11/18; 26.11.2018 | KL-7- M- 6732 നം. ജീപ്പിന്റെ സ്റ്റാർട്ടർ റിപ്പയറിംഗിന് |
| 6 | ശ്രീ.സിജോ ജോണി/ ഓവർസിയർ ഗ്രേഡ് -III | 2,100.00 | 16 - 12/18; 06.12.2018 | KL-7- AD- 6175 & KL-7 Q- 7824 എന്നീ വാഹനങ്ങളുടെ ടെസ്റ്റിംഗ് |
| 7 | ശ്രീ.സിജോ ജോണി/ ഓവർസിയർ ഗ്രേഡ് -III | 1,050.00 | 30 - 12/18; 07.12.2018 | KL-41- F- 9999 നം. ഇന്നോവയുടെ മൈലേജ് ടെസ്റ്റിന് |
| 8 | ശ്രീമതി.ശ്രീലിനി / ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II | 10,000.00 | 62 - 1/19; 21.01.2019 | റിപ്പബ്ലിക് ദിനാഘോഷം |
| | | | | |
| 9 | ശ്രീമതി. ബിന്ദു / ഓവർസിയർ ഗ്രേഡ് -II | 5,000.00 | 18 - 3/19; 02.03.2019 | നഗരസഭയിലെ ചെടികൾ നനയ്ക്കുന്നതിനുള്ള പൈപ്പ പുനഃസ്ഥാപിക്കുന്നതിന് |
| 9 | ശ്രീമതി. രേഖ പി.വി/ ഓവർസിയർ ഗ്രേഡ് -II | 5,000.00 | 19 - 3/19; 02.03.2019 | അനധികൃത ഫ്ലക്സ് ബോർഡുകൾ നീക്കം ചെയ്യുന്നതിന്. |
| | **ആകെ** | **82,150.00** | | |

കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 99, സ.ഉ(പി) 419/2011/ധനം തീയതി 04.10.2011 എന്നിവ പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ എന്നിവ കൈപ്പറ്റിയാൽ 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. ടി സമയപരിധിക്കുള്ളിൽ തുക അഡ്ജസ്റ്റ് ചെയ്തില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും ടി ജീവനക്കാരിൽ നിന്ന് അടിയന്തരമായി തിരിച്ചു പിടിക്കേണ്ടതും ഇങ്ങനെ പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. മേൽ പട്ടികയിലെ മിക്ക ജീവനക്കാരും മുൻകൂർ കൈപ്പറ്റി 1 വർഷത്തിനു മേലെ ആയിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16 ന് നഗരസഭ നൽകിയ മറുപടിയിൽ ബിൽ അഡ്ജസ്റ്റ്

ചെയ്യാത്തവർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തുനികുതി ഈടാക്കിയതിൽ കുറവ്

കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994, സെക്ഷൻ 233 പ്രകാരം ഏതൊരു മുനിസിപ്പാലിറ്റിയുടെ കൗൺസിലും അതതു മുനിസിപ്പാലിറ്റി പ്രദേശത്തുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്റ്റിലെ വ്യവസ്ഥകൾക്കും ഇതിലേക്കായി നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും അനുസൃതമായി വസ്തുനികുതി ചുമത്തേണ്ടതാണ്. ഇതിലേക്കായി മുനിസിപ്പൽ പ്രദേശത്തെ വ്യത്യസ്തമേഖലകളായി തിരിക്കുകയും കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം ഉൾപ്പെട്ട മേഖല, കെട്ടിടത്തിന്റെ വിസ്തീർണ്ണം, മേൽക്കൂര, തറ എന്നിവയുടെ നിർമ്മാണ രീതി, കെട്ടിടത്തിന്റെ ആവശ്യം (താമസം / വാണിജ്യം) എന്നിവയെ അടിസ്ഥാനപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിന്മേൽ ഇളവ് / വർദ്ധനവ് നൽകിയാണ് നികുതി നിർണ്ണയിക്കുന്നത്. ആലുവ നഗരസഭയിൽ മേല്പറഞ്ഞ പ്രകാരം നികുതി നിർണ്ണയിച്ചതിൽ അപാകതമുണ്ടായതുമൂലം വസ്തു നികുതി പിരിച്ചതിൽ കുറവുണ്ടായിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

**1)കെട്ടിട നമ്പർ -X/72 (a)**

**കെട്ടിട ഉടമയുടെ പേര് - റാണി ജോജി, ലൈബ്രറി റോഡ്**

മേൽപറഞ്ഞ കെട്ടിടം ഉൾപ്പെടുന്ന വാർഡ് 10 പ്രാഥമിക മേഖലയിലാണ് ഉൾപ്പെടുന്നത്. 48.67 m2 വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം ദ്വതീയ മേഖലയിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതിയിന്മേൽ 10 % ഇളവ് അനുവദിച്ചിരിക്കുന്നു.

| | ഈടാക്കിയത് | ഈടാക്കേണ്ടത് |
|---|---|---|
| തറ വിസ്തീർണം | 48.67m2 | 48.67m2 |
| അടിസ്ഥാന വസ്തു നികുതി @ 55.00 | 2679.00 | 2677.00 |
| മേഖലാ ഇളവ് 10% | 267.00 | 0 |
| ആകെ | 2412.00 | 2677.00 |
| റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% | 536.00 | 535.00 |
| ആകെ (2017-18 I half മുതൽ) | 2948.00 | 3212.00 |
| ലൈബ്രറി സെസ്സ് | 148.00 | 161.00 |
| സേവന ഉപ നികുതി | 295.00 | 321.00 |
| ആകെ | 3391.00 | 3694.00 |
| വസ്തു നികുതി ഈടാക്കിയതിൽ കുറവ് | | 264.00 |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | | 13.00 |
| സേവന ഉപ നികുതി ഈടാക്കിയതിൽ കുറവ് | | 26.00 |
| ആകെ തുക ഈടാക്കിയതിൽ കുറവ് | | 303.00 |
| രസീത് നമ്പർ - 62/6132 തീയതി 22.09.2018 | | |

**കെട്ടിട നമ്പർ -X/72 (b)**

**കെട്ടിട ഉടമയുടെ പേര് - റാണി ജോജി, ലൈബ്രറി റോഡ്**

മേൽപറഞ്ഞ കെട്ടിടം ഉൾപ്പെടുന്ന വാർഡ് 10 പ്രാഥമിക മേഖലയിലാണ് ഉൾപ്പെടുന്നത്. 48.7 വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തെ ദ്വതീയ മേഖലയിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതിയിന്മേൽ 10 % ഇളവ് അനുവദിച്ചിരിക്കുന്നു.

| | ഈടാക്കിയത് | ഈടാക്കേണ്ടത് |
|---|---|---|
| തറ വിസ്തീർണം | 48.70m2 | 48.70m2 |
| അടിസ്ഥാന വസ്തു നികുതി @ 55.00 | 2679.00 | 2679.00 |
| മേഖലാ ഇളവ് 10% | 267.00 | 0 |
| ആകെ | 2412.00 | 2677.00 |
| റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% | 536.00 | 535.00 |
| ആകെ (2017-18 I half മുതൽ) | 2948.00 | 3212.00 |
| ലൈബ്രറി സെസ്സ് | 148.00 | 161.00 |
| സേവന ഉപ നികുതി | 295.00 | 321.00 |
| ആകെ | 3391.00 | 3694.00 |
| വസ്തു നികുതി ഈടാക്കിയതിൽ കുറവ് | | 264.00 |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | | 13.00 |
| സേവന ഉപ നികുതി ഈടാക്കിയതിൽ കുറവ് | | 26.00 |
| ആകെ തുക ഈടാക്കിയതിൽ | | 303.00 |

| |
|---|
| കുറവ് |
| രസീത് നമ്പർ - 62/6133 തീയതി 22.09.2018 |

**2) കെട്ടിട നമ്പർ - VIII/362**

**കെട്ടിട ഉടമയുടെ പേര് - ഡോ.C.M.ഹൈദരാലി, ആഷർ**

കെട്ടിടത്തിന്റെ വിസ്തീർണ്ണം 260 m2 എന്നാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 250 m2 ൽ അധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിന്മേൽ 15 % വർദ്ധനവ് ഈടാക്കേണ്ടതാണ്. എന്നാൽ മേല്പറഞ്ഞ കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയിന്മേൽ 10 % വർദ്ധനവാണ് ഈടാക്കിയത്.

| | ഈടാക്കിയത് | ഈടാക്കേണ്ടത് |
|---|---|---|
| തറ വിസ്തീർണം | 260m2 | 260m2 |
| അടിസ്ഥാന വസ്തു നികുതി @ 10.00 | 2600.00 | 2600.00 |
| മേഖലാ ഇളവ് | 0 | 0 |
| റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% | 520.00 | 520.00 |
| തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 15% | 260.00 | 390.00 |
| ആകെ | 3380.00 | 3510.00 |
| ലൈബ്രറി സെസ്സ് | 169.00 | 176.00 |
| സേവന ഉപ നികുതി | 338.00 | 351.00 |
| ആകെ | 3887.00 | 4037.00 |
| വസ്തു നികുതി ഈടാക്കിയതിൽ കുറവ് | | 130.00 |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | | 7.00 |
| സേവന ഉപ നികുതി ഈടാക്കിയതിൽ കുറവ് | | 13.00 |
| ആകെ തുക ഈടാക്കിയതിൽ കുറവ് | | 150.00 |

ഈ കെട്ടിടത്തിന്റെ നികുതി ഈടാക്കിയതിന്റെ രസീത് നമ്പർ, തീയതി ലഭ്യമല്ല.

**3).കെട്ടിട നമ്പർ - XXV/189**

**കെട്ടിട ഉടമയുടെ പേര് - ഷാജി.P.H, കാനാപ്പിള്ളിപറമ്പ്, ആലുവ.**

ദ്വിതീയ മേഖലയിൽ സ്ഥിതിചെയ്യുന്ന 73.03 m2 വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതിയിന്മേൽ 10% ഇളവിനാണ് അർഹതയുള്ളത്. എന്നാൽ 20 % ഇളവ് അനുവദിച്ചിട്ടുണ്ട്.

| | ഈടാക്കിയത് | ഈടാക്കേണ്ടത് |
|---|---|---|
| തറ വിസ്തീർണം | 73.03m2 | 73.03m2 |
| അടിസ്ഥാന വസ്തു നികുതി @ 55.00 | 4017.00 | 4017.00 |
| മേഖലാ ഇളവ് 10% | 803.00 | 402.00 |
| ആകെ | സ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. രസീത് നമ്പറും തീയതിയും ലഭ്യമല്ലാത്ത3214.00 | 3615.00 |
| റോഡിന്റെ തരത്തിന്റെ | 803.00 | 803.00 |

| | | |
|---|---|---|
| അടിസ്ഥാനത്തിൽ വർദ്ധനവ് 20% | | |
| ആകെ (2018-19 മുതൽ) | 4017.00 | 4418.00 |
| ലൈബ്രറി സെസ്സ് | 201.00 | 221.00 |
| സേവന ഉപ നികുതി | 402.00 | 442.00 |
| വസ്തു നികുതി ഈടാക്കിയതിൽ കുറവ് | | 401.00 |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | | 20.00 |
| സേവന ഉപ നികുതി ഈടാക്കിയതിൽ കുറവ് | | 40.00 |
| ആകെ തുക ഈടാക്കിയതിൽ കുറവ് | | 461.00 |
| രസീത് നമ്പർ - 57/5626 തീയതി 19.09.18 – 4017.00 (2018-19) | | |

**4).കെട്ടിട നമ്പർ - XXIV/285**

**കെട്ടിട ഉടമയുടെ പേര് - മധു.ബി.പിള്ള, മേപ്പാറാ വീട്, തോട്ടക്കാട്ടുകര**

545.49 m2 വിസ്തീർണ്ണമുള്ള താമസാവിശ്യത്തിനുള്ള കെട്ടിടത്തിന് വിസ്തീർണ്ണം 250 m2 ൽ കൂടുതലായതിനാൽ അടിസ്ഥാന വസ്തു നികുതിയിന്മേൽ 15% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| | ഈടാക്കിയത് | ഈടാക്കേണ്ടത് |
|---|---|---|
| തറ വിസ്തീർണം | 545.49m2 | 545.49m2 |
| അടിസ്ഥാന വസ്തു നികുതി | 5455.00 | 5455.00 |
| മേഖലാ ഇളവ് 10% | 545.00 | 545.00 |
| ആകെ | 4910.00 | 4910.00 |
| റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% | 1091.00 | 1091.00 |
| തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 15% | 0 | 818.00 |
| ആകെ (2018-19 മുതൽ) | 6032.00 | 6819.00 |
| ലൈബ്രറി സെസ്സ് | 302.00 | 341.00 |
| സേവന ഉപ നികുതി | 603.00 | 682.00 |
| വസ്തു നികുതി ഈടാക്കിയതിൽ കുറവ് | | 787.00 |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | | 39.00 |
| സേവന ഉപ സ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. രസീത് നമ്പറും തീയതിയും ലഭ്യമല്ലാത്തനികുതി ഈടാക്കിയതിൽ കുറവ് | | 79.00 |
| ആകെ തുക ഈടാക്കിയതിൽ കുറവ് | | 905.00 |

ഈ കെട്ടിടത്തിന്റെ നികുതി ഈടാക്കിയതിന്റെ രസീത് നമ്പർ, തീയതി ലഭ്യമല്ല.

മേല്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി (സേവന ഉപനികുതി ഉൾപ്പെടെ) ആകെ 2030/- രൂപയും ലൈബ്രറി സെസ്സ് 92/- രൂപയും കുറവായി ഈടാക്കിയത് നികുതിദായകരിൽ

നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. രസീത് നമ്പറും തീയതിയും ലഭ്യമല്ലാത്തവയുടെ കാര്യത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരെ നിർണ്ണയിച്ചിട്ടില്ല. ആയതിനാൽ 2018-19 -ലെ നഷ്ടമായി കണക്കാക്കുന്നില്ല. രസീത് നമ്പറും തീയതിയും കണ്ടെത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥരെ നിർണ്ണയിച്ച് നഷ്ട തുക ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 29/2018-19) മറുപടിയിൽ കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 2-2 തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

ആലുവ നഗരസഭയിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഏതാനും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ചട്ടങ്ങൾ അനുശാസിക്കുംപ്രകാരം ജീവനക്കാരുടെ വരുമാനത്തിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഈ ഇനത്തിൽ 3,550/- രൂപയുടെ വരുമാനനഷ്ടം നഗരസഭയ്ക്ക് ഉണ്ടായിട്ടുണ്ട്.

**തൊഴിൽനികുതി ഈടാക്കിയതിൽ കുറവുള്ളതിന്റെ വിവരം താഴെ ചേർക്കുന്നു.**

**(എ) ഒന്നാം അർദ്ധവർഷത്തിൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്.**

| ക്രമ നം | സ്ഥാപന ത്തിന്റെ പേര്/ രസീത് നം/ തീയതി | പേര്/ ഉദ്യോഗ പേര് | അടി സ്ഥാന ശമ്പളം | ഡി.എ. | ബോ ണസ് | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാ ക്കേണ്ട തൊഴി ൽ നികുതി | ഈടാ ക്കിയ തൊ ഴിൽ നികുതി | തൊഴിൽ നികുതി ഈടാക്കി യതിൽ കുറവ് |
|---|---|---|---|---|---|---|---|---|---|
| 1. | Aluva Head Post office, Total Amount-98200/- Receipt No. 118010105683 dated 31.08.2018 | പത്മേഷ് , GDS MD | 116590 (6 മാസം) | 7101 (6 മാസം) | 1990 (Other Allo wances) | 125681 | 1250 | 1000 | 250 |
| 2. | O/o the Superintending Engineer, PWD (Roads &Bridges) Central circle, Aluva, Total Amount-29200/- Receipt No. 118010105597 dated 29.08.2018 | Soumya K.S., Clerk | 19000 ((പ്രതിമാസം) | 2850 | - | 131100 | 1250 | 600 | 650 |
| 3. | “ ” | Jayakrishnan M.V., Clerk | 19000 | 2850 | - | 131100 | 1250 | 600 | 650 |
| 4. | Maxvalue Credits and Investments LTD, Aluva Receipt No: 118010105684 /31.08..2018 Total Amount-6200/- | ഈ സ്ഥാപനത്തിലെ ഒൻപത് ജീവനക്കാരുടെ തൊഴിൽനികുതി പത്രികയിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെ തൊഴിൽനികുതി മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽനികുതി നിർണ്ണയിക്കുന്നതെന്നിരിക്കെ തൊഴിൽനികുതി മാത്രം രേഖപ്പെടുത്തിയിട്ടുള്ള പത്രിക അംഗീകരിക്കാവുന്നതല്ല. | | | | | | | |
| | | | **ആകെ** | | | | | | **1550/-** |

മേൽപറഞ്ഞവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവുവന്ന തുക ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**(ബി) രണ്ടാം അർദ്ധവർഷത്തിൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്.**

| ക്രമ നം | സ്ഥാപന ത്തിന്റെ പേര്/ വാർഡ് നമ്പർ /രസീത് നം | പേര്/ ഉദ്യോഗ പേര് | അടി സ്ഥാന ശമ്പളം | ഡി.എ. | ബോണസ് | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാ ക്കേണ്ട തൊഴിൽ നികുതി | ഈടാ ക്കിയ തൊഴിൽ നികുതി | തൊഴിൽ നികുതി ഈടാക്കി യതിൽ കുറവ് |
|---|---|---|---|---|---|---|---|---|---|
| 1. | SBI, RASMEC Branch, Aluva Receipt No. 118010400116 dated 04.02.2019 Total Amount- Rs. 33750/- | മുരുകൻ പി.പി., ക്ലറിക്കൽ | 26095. 16 | 18030. 72 | 2022.38 (SP) | 276889.56 | 1250 | ഈടാ ക്കിയിട്ടില്ല | 1250 Ex-service Man എന്ന് പത്രികയിൽ രേഖപ്പെടുത്തി യിരിക്കുന്നു. |
| 2. | കെ.എസ്.ആർ.ടി.സി., ആലുവ-20 118010500438 dated 28.02.2019 Total Amount- Rs.406250/- | ഐ.ഡി. നം. 70737 പ്രദീപ്കുമാർ വി.കെ., കണ്ടക്ടർ ഗ്രേഡ്-1I | 11350 | 11123 | - | 134838 | 1250 | 1000 | 250 |
| 3. | കെ.എസ്.ആർ.ടി.സി., ആലുവ-20 4118010500438 dated 28.02.2019 Total Amount- Rs. 406250/- | ഐ.ഡി. നം. 65561 രതീഷ് എം.കെ, കണ്ടക്ടർ ഗ്രേഡ്-1I | 11980 | 11740 | - | 142320 | 1250 | 1000 | 250 |
| 4. | കെ.എസ്.ആർ.ടി.സി., ആലുവ-20 4118010500438 dated 28.02.2019 Total Amount-Rs. 406250/- | ഐ.ഡി. നം. 626838 പ്രമോദ്കുമാർ ഇ.ആർ ഡ്രൈവർ ഗ്രേഡ്-2 | 11650 | 11417 | - | 138402 | 1250 | 1000 | 250 |
| | | | ആകെ | | | | | | **2000/-** |

മേൽപറഞ്ഞവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവുവന്ന 3550/- രൂപ (1550+2000) നികുതിദായകരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വരുമാന നഷ്ടം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40/2018-19 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KAICO | തുമ്പൂർമുഴി മാലിന്യ സംസ്കരണം | | 2300000 | ലഭ്യമല്ല | ലഭ്യമല്ല |
| KAICO | മുനിസിപ്പൽ ഗ്രൗണ്ട് നവീകരണം | | 1000000 | ലഭ്യമല്ല | ലഭ്യമല്ല |
| KAICO | MRF | | 800000 | ലഭ്യമല്ല | ലഭ്യമല്ല |
| KAICO | മുനിസിപ്പൽ പാർക്ക് | | 2400000 | ലഭ്യമല്ല | ലഭ്യമല്ല |
| KSEB | പോസ്റ്റ് മാറ്റി വയ്ക്കൽ | | 979220 | ലഭ്യമല്ല | ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | പൈപ്പ് മാറ്റി സ്ഥാപിക്കൽ | | 500000 | ലഭ്യമല്ല | ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | പൈപ്പ് മാറ്റി സ്ഥാപിക്കൽ | | 1010000 | ലഭ്യമല്ല | ലഭ്യമല്ല |

മേൽപറഞ്ഞിരിക്കുന്ന തുകകൾ നിർവ്വഹണ ഏജൻസികൾക്ക് നൽകിയതൊഴിച്ചാൽ, ഇതിൽ എത്ര തുക ചെലവഴിച്ചെന്നോ എത്ര തുക ചെലവഴിക്കാൻ ബാക്കിയുണ്ടെന്നോ നഗരസഭക്ക് വ്യക്തമായ കണക്കില്ല. മേല്പറഞ്ഞിരിക്കുന്ന പണികൾ പലതും ഭാഗികമായി നിർവ്വഹിച്ചതായാണ് മനസ്സിലാക്കുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 1734/95/LAD 30.03.1995 | 3050000 | 915000 | NIL | NIL | 915000 |
| 2 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 1608/96/LAD 27.03.1996 | 1022000 | 306600 | NIL | NIL | 306600 |
| 3 | ഗവൺമെന്റ് ലോൺ | G.O(Rt) 4448/96/LAD 12.02.1996 | 1011300 | 407910 | NIL | NIL | 407910 |

| | IDSMT | | | | | | |
|---|---|---|---|---|---|---|---|
| 4 | ഗവൺമെൻ്റ് ലോൺ IDSMT | G.O(Rt) 3344/98/LAD 17.11.1998 | 2583000 | 1291500 | NIL | NIL | 1291500 |
| 5 | ഗവൺമെൻ്റ് ലോൺ IDSMT | G.O(Rt) 4353/00/LSGD 27.10.2000 | 2570000 | 1739997 | NIL | NIL | 1739997 |
| 6 | KURDFC/ Parking Area Shopping | KURDFC/ULB/121/0901.06.2010 | 17800000 | 1162791 | 1162791 | 113687 | 0 |

ഓഡിറ്റ് വർഷത്തിൽ KURDFC യിൽ നിന്നും എടുത്ത വായ്പയിലേക്ക് മാത്രമാണ് തിരിച്ചടവ് നടത്തിയിരിക്കുന്നത്. ഗവൺമെൻ്റ് വായ്പയിലേക്ക് തിരിച്ചടവ് നടത്തിയിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 91,878/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-00 | 34 | 75,550.00 | അന്നമ്മ ഡാനിയൽ | 118010400146 തീയതി 08.03.2019 |
| ലഭ്യമല്ല | | 13,328.00 | എം.എം. ജോസഫ് (സ്കൂട്ടർ അഡ്വാൻസ്- പിഴപലിശ) | 010500377 തീയതി 16.02.2019 |
| 2017-18 | 3-16 | 3000.00 | അജി. ജി (ഹെൽത്ത് ഇൻസ്പെക്ടർ- ഫെസ്റ്റിവൽ അഡ്വാൻസ്) | 1180104400150 തീയതി 12.03.2019 |

മേല്പറഞ്ഞിരിക്കുന്ന ഓഡിറ്റ് റിക്കവറി തുക അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല. അക്കൗണ്ട്സിൽ 350200125 Recoveries Payable – Audit Recovery ഹെഡിൽ 2341.00 രൂപയാണ് വരവ് കാണിച്ചിരിക്കുന്നത്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | ഖ.48 | 1999-2000 2001-02 | ഖ.V(i) ഖ. VI.2.7(iii) | ഹരിതനഗരം സുന്ദര നഗരം ക്രമക്കേടുകൾ | ബന്ധപ്പെട്ടഫയലുകൾ ഓഡിറ്റിനായി ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതുവരെ ഹാജരാക്കിയിട്ടില്ല. |
| 1997-98 | | 1999-2000 | ഖ.V(2) | ഗവ.ബോയ്സ് സ്കൂളിന് ഭൗതിക സാഹചര്യം ഒരുക്കൽ | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.47 | 1999-2000 | ഖ.V(3) | വ്യവസായ പരിശീലനം -ധന ദുർവിനിയോഗം | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.32 | 1999-2000 | ഖ.VI(2) | കരാറുകാരൻ്റെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് അധികനിരക്ക് അനുവദിച്ചു. | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1998-99 | ഖ.59 | 2001-02 | ഖ.2.7(V) | പെരിയാറിനു കുറുകെ തൂക്കുപാലം-എഗ്രിമെൻ്റ് വയ്ക്കാതെ 6 ലക്ഷം രൂപ അഡ്വാൻസ് നൽകി. | തുക ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയത് ഈടാക്കിയിട്ടില്ല. |
| 1998-99 | ഖ.61 | 2001-02 | ഖ.2.7(Vi) | ആലുവ മണപ്പുറത്ത് സ്പോർട്സ് കോംപ്ലക്സ നിർമ്മാണം -അധികം തുക ചെലവഴിച്ചു. | തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| 1998-99 | ഖ.35 | 2001-02 | ഖ.2.7(Vii) | സ്റ്റേഡിയം ഗ്രൗണ്ടിൽ നിന്നും മണ്ണ് ടൗൺ ഹാൾ | നിരാകരിച്ച തുകയിൽ 11,011 രൂപ ഇനിയും തിരികെ ഈടാക്കേണ്ടതുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | സൈറ്റിൽ ഇട്ടത്- അധിക തുക അനുവദിച്ചു. | |
| | | 2001-02 | ഖ.2.7(Viii) | ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ അറ്റകുറ്റപ്പണി രേഖകൾ ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു. |
| | | 2001-02 | ഖ.2.7(ix) | തയ്യൽ മെഷീനുകൾ വാങ്ങിയത് 15,873/- രൂപയുടെ നഷ്ടം | തുക നാളിതുവരെ ഈടാക്കി അറിയിച്ചിട്ടില്ല. |
| 1999-00 | ഖ.34 | 2002-03 | 15(ii) | ബോട്ടുകൾ വാങ്ങലും ജെട്ടി നിർമ്മാണവും | വിദഗ്ധസമിതി അംഗങ്ങളിൽ നിന്നും തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നു. തുക ഈടാക്കി അറിയിച്ചിട്ടില്ല. |
| 1999-00 | ഖ.31 | 2002-03 | 15(iii) | ഓപ്പൺ സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മാണം | തുക ഫൈനൽ ബില്ലിൽ നിന്നും കുറവുചെയ്തിട്ടുണ്ട്. സമിതി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. |
| 1999-00 | ഖ.26 | 2002-03 | 15(vi) | പ്രിയദർശിനി ടൗൺ ഹാൾ മോടി പിടിപ്പിക്കൽ- ക്രമക്കേടുകൾ | നടപടികൾ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. സമിതി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. |
| 1999-00 | | 2002-03 | VIII/ | റവന്യൂ ഇൻസ്പെക്ടർ ശ്രീ. ഒ. അബ്ദുൾ ലത്തീഫിന് നൽകിയ രസീത് ബുക്ക് നഗരസഭയിൽ തിരികെ ഏൽപ്പിച്ചിട്ടില്ല. | പിഴപ്പലിശ സഹിതം തുക തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2002-03 | ഖ.14 | 2003-04 | ഖ.5.1 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ക്ഷാമബത്ത കുടിശ്ശിക നൽകി | തുക മുഴുവൻ തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2000-01 | ഖ.40 | 2003-04 | ഖ.5.2 | മോട്ടോർ കൺവെയൻസ് അഡ്വാൻസ് നടപടിക്രമം പാലിച്ചിട്ടില്ല. | തുക മുഴുവൻ തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | പത്രപരസ്യം നൽകൽ- നിബന്ധനകൾ പാലിച്ചിട്ടില്ല. ഹാജരാക്കാൻ | നഷ്ടത്തുക ഉത്തരവാദിയിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ തുക ഈടാക്കിയിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | വാഹനവായ്പ അനുവദിച്ചത് ഗുരുതരമായ ക്രമക്കേടുകൾ. | മൂന്നു ജീവനക്കാർ തുക അടച്ചു. ഒരാളിൽ നിന്നും തുക ഈടാക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | ജനകീയാസൂത്രണം- വൗച്ചർക്ക് പദ്ധതി ഗ്രാന്റിൽ നിന്നും ശമ്പളം നൽകിയത് | തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയത് ഈടാക്കിയിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | പൊതുമരാമത്ത് പണികളിലെ അപാകതകൾ-22,829/- രൂപ നിരാകരിച്ചു. | ഉത്തരവാദികളിൽ നിന്നും തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ നഷ്ടത്തുക ഈടാക്കിയിട്ടില്ല. |
| 2001-02 | ഖ.29 46,47,48 | 2004-05 | ഖ.II : 3(4) | മരാമത്ത് പണികൾ 8.5 ലക്ഷത്തിന് രേഖയില്ല. | ഫയലുകൾ പരിശോധിച്ചതിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. സമിതി നിർദ്ദേശം ലഭിക്കാത്തതിനാൽ പരാമർശത്തിന് തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2002-03 | ഖ.14 | 2004-05 | ഖ.II:3(5) | വിരമിച്ച ജീവനക്കാർക്ക് അധികം നൽകിയ പെൻഷൻ തുക തിരിച്ചുപിടിക്കേണ്ടതാണ്. | നഷ്ടത്തുക 98,053/- രൂപ തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചതനുസരിച്ച് തുക മുഴുവൻ ഈടാക്കിയിട്ടുണ്ട്. സമിതി നിർദ്ദേശത്തിന്റെ അഭാവത്തിൽ പരാമർശം തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2002-03 | 27 & 33 | 2004-05 | ഖ.II:3(6) | നഗരസഭകൾ എസ്റ്റിമേറ്റ് മാറ്റുന്നു- ദുർവ്യയം ഏറുന്നു. | സർക്കാർ സാധൂകരണം ലഭിക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല. |
| 2003-04 | 2-11 | 2005-06 | അദ്ധ്യായം 3.16.1 | സി.ഡി.എസ് വായ്പ തിരിച്ചടച്ചില്ല | |
| | 2-6 | 2005-06 | അദ്ധ്യായം 3.16.2 | വനിതാ സംഘങ്ങൾക്ക് ക്രമ വിരുദ്ധമായി റിവോൾവിംഗ് ഫണ്ട് | |
| | 2-23 | 2005-06 | അദ്ധ്യായം 3.16-3 | അനധികൃത കൈയ്യേറ്റം നഗരസഭയ്ക്ക് 48 സെന്റ് ഭൂമി നഷ്ടമായി | |
| | | 2012-13 | ഖണ്ഡിക 2-6 | ലൈബ്രറികളുടേയും | |

| | | | | | |
|---|---|---|---|---|---|
| | | | | സാംസ്കാരിക നിലയങ്ങളുടേയും നടത്തിപ്പ് | |
| | | | ഖണ്ഡിക 3-1-5 | ഖരമാലിന്യങ്ങളുടെ ഉൽപാദനം കണക്കുകൾ ലഭ്യമല്ല | |
| 2013-14 | നിഷ്ക്രിയാസ്തി- ഖണ്ഡിക 5 | 2014-15 | ഖണ്ഡിക 4-1-2 | നിഷ്ക്രിയാസ്തികളും ഇനങ്ങളും -ഇ-ടോയ് ലെറ്റ് | ഖണ്ഡികയിൽ പരാമർശിക്കുന്ന ടോയ് ലറ്റ് പ്രവർത്തനക്ഷമമല്ല. |
| 2013-14 | നിഷ്ക്രിയാസ്തി- ഖണ്ഡിക 6 | | ഖണ്ഡിക 4-1-5 | വനിതാവ്യവസായ വിപണ കേന്ദ്രം | ഇപ്പോഴും പ്രവർത്തനക്ഷമമല്ല |
| 2013-14 | നിഷ്ക്രിയാസ്തി- ഖണ്ഡിക 1 | | ഖണ്ഡിക 4-1-9 | മത്സ്യമാർക്കറ്റുകളും ചന്തകളും-പ്രവർത്തന ക്ഷമമാക്കിയില്ല | മത്സ്യമാർക്കറ്റ് കെട്ടിടത്തിന്റെ ഒന്നാം നിലയിലെ 23 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു |
| 2013-14 | നിഷ്ക്രിയാസ്തി- ഖണ്ഡിക 5 | | ഖണ്ഡിക 4-1-14 | ഇ-ടെയ് ലെറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല | നെഹ്റു പാർക്കിന് സമീപമുള്ള ഇ-ടോയ് ലെറ്റ് പ്രവർത്തിക്കുന്നില്ല. മറ്റ് 5 ഇ-ടോയ് ലറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| 2013-14 | ഖണ്ഡിക 3-17 | | ഖണ്ഡിക 5-7-14 | കശാപ്പുശാലകൾ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം | അറവുശാല പ്രവർത്തനക്ഷമമാക്കിയിട്ടില്ല |
| 2015-16 | ഖണ്ഡിക 3-8 | 2016-17 | ഖണ്ഡിക 8-3 | പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് AMC നൽകിയത് | വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമല്ല. |
| 2015-16 | ഖണ്ഡിക 3-2 | 2016-17 | ഖണ്ഡിക 8-4 | ബ്രഹ്മപുരം പ്ലാന്റിൽ നിക്ഷേപിക്കേണ്ട മാലിന്യം അജ്ഞാതസ്ഥലത്ത് നിക്ഷേപിച്ചു | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2015-16 | ഖണ്ഡിക 3-3 | 2016-17 | ഖണ്ഡിക 8-5 | മാലിന്യ നിർമ്മാർജ്ജന പദ്ധതി പരാജയം-28.53 ലക്ഷം രൂപ തിരിച്ചടച്ചു. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 2-1 | 2017-18 | | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 2-10 | 2017-18 | | വനിത സാനിറ്ററി കോംപ്ലക്സിനുവേണ്ടി അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 3-5 | 2017-18 | | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 3-10 | 2017-18 | | അറവുശാല നിർമ്മാണം-നിർവ്വഹണം നടന്നില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം--

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 26,62,17,673 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 20,86,15,711 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 5672.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,03,04,964 |

### (ബി നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1-1(a) | 290.00 | | ശ്രീ. ശിവദാസൻ.ടി.വി, റവന്യൂ ഓഫീസർ |
| 2-1-1(b) | 290.00 | | ശ്രീ. |

| | | | |
|---|---|---|---|
| | | | ശിവദാസൻ.ടി.വി, റവന്യൂ ഓഫീസർ |
| 2-1-2 | 143.00 | | രസീത് വിവരം ലഭ്യമല്ല |
| 2-1-3 | 441.00 | | ശ്രീ. ശിവദാസൻ.ടി.വി, റവന്യൂ ഓഫീസർ |
| 2-1-4 | 866.00 | | രസീത് വിവരം ലഭ്യമല്ല |
| 2-2-1-1 | 250.00 | | ശ്രീ. ശിവദാസൻ.ടി.വി, റവന്യൂ ഓഫീസർ |
| 2-2-1-2 | 650.00 | | „ |
| 2-2-1-3 | 650.00 | | „ |
| 2-2-2-1 | 1250.00 | | „ |
| 2-2-2-2 | 250.00 | | „ |
| 2-2-2-3 | 250.00 | | „ |
| 2-2-2-4 | 250.00 | | „ |
| **ആകെ** | **5580.00** | 0 | |

## ഓഡിറ്റ് തടസ്സം

| ഖണ്ഡിക നം. | തടസ്സം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-33 | 2,15,000 | ശ്രീമതി. സുനിമോൾ സി.എച്ച്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-38 | 6,38,996 | ശ്രീ. അഖിൽ ജിഷ്ണു, JHI ഗ്രേഡ് -II |
| 1-39 | 7,25,240 | ശ്രീമതി. അനിത, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-43 | 7,05,621 | ശ്രീമതി. സുനിമോൾ സി.എച്ച്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-46 | 24,00,000 | ശ്രീ. ഷിഹാബുദ്ദീൻ പി.കെ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-47 | 8,00,000 | ശ്രീ. ഷിഹാബുദ്ദീൻ പി.കെ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-48 | 10,00,000 | ശ്രീ. ഷിഹാബുദ്ദീൻ പി.കെ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-49 | 15,10,000 | ശ്രീമതി. സുനിമോൾ സി.എച്ച്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-50 | 9,79,220 | ശ്രീമതി. സുനിമോൾ സി.എച്ച്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-51 | 3,85,932 | ശ്രീ. അരുൺ രംഗൻ, മുനിസിപ്പൽ സെക്രട്ടറി |
| 1-54 | 9,44,955 | ശ്രീ. അരുൺ രംഗൻ, മുനിസിപ്പൽ സെക്രട്ടറി |
| **ആകെ** | **1,03,04,964** | |

## (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം |
|---|---|---|
| 2-1 | 92.00 | ലൈബ്രറി സെസ്സ് |

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

**ഇല്ല**

## (ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ. ശിവദാസൻ.ടി.വി, റവന്യൂ ഓഫീസർ | റവന്യൂ ഓഫീസർ, ആലുവ നഗരസഭ | തട്ടാരുവീട്ടിൽ,കൃഷ്ണപ്രിയ, ടെലിഫോൺ എക്സ്ചേഞ്ച് റോഡ്, സൗത്ത് ചിറ്റൂർ, കൊച്ചിൻ – 27 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഇ.(എം1)849/99 തീയതി 05.07.1999 | 29 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.ഇ.(എം1)1006/00 തീയതി 28.11.2000 | 36 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.ഇ.(എം1)418/04 തീയതി 15.03.2004 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.ഇ.(എം1)27/02 തീയതി 11.01.2002 | 46 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.ഇ. (എം1)983/03 തീയതി 06.04.2004 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.ഇ.(എം1)445/02 തീയതി 26.11.2002 | 35 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.(എ.എം.2)299/11 തീയതി 19.05.2012 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | എൽ.എഫ്.ഇ.(എം1)129/04 തീയതി 26.02.2004 | 59 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | എൽ.എഫ്.(എ.എം.2)300/11 തീയതി 19.05.2012 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2001-02 | എൽ.എഫ്.ഇ(എം1)139/04 തീയതി 12.07.2004 | 1 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.ഇ.(എം1)674/04 തീയതി 16.08.2004 | 14 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.എ(എം2)286/10 തീയതി 25.04.2011 | 4 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.ഇ(എം1)688/05 തീയതി 13.09.2005 | 8 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.ഇ(എം1)282/006 തീയതി 10.11.06 | 9 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.എ(എം2)288/10 തീയതി 25.04.2011 | 3 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.ഇ(എം1)430/07 തീയതി 01.08.2009 | 29 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.എ.(എം2)289/10 തീയതി 25.04.2011 | 3 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2006-07 | എൽ.എഫ്.ഇ(എം1)1791/08 തീയതി 01.08.2009 | 10 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2007-08 | എൽ.എഫ്.എ(എം2)191/10 തീയതി 19.11.2010 | 1 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.എ(എം2)192/10 തീയതി 19.11.2010 | 4 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2009-10 | എൽ.എഫ്.എ(എം2)227/11 | 18 | വരവ് |

| | | | |
|---|---|---|---|
| | തീയതി 05.06.2012 | | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2010-11 | എൽ.എഫ്.എ. (എം2)145/12 തീയതി 20.03.2013 | 14 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.എ(എം2)145/12 തീയതി 04.03.2014 | 32 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.എ(എം2)480/14 തീയതി 17.01.2015 | 22 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 | കെ.എസ്.എ.-എ.വി.എം. (എം.2) 466/15 തീയതി 30.11.2015/10.12.2015 | 33 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2014-15 | കെ.എസ്.എ.-എ.വി.എം. (എം.2) 466/15 തീയതി 22.07.2016/27.07.2016 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.-എ.വി.എം. (എം.2) 41/2017 തീയതി 28.01.2017/30.01.2017 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.-എ.വി.എം. (എം.2) 520/2017 തീയതി 30.11.2017 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ.-എ.വി.എം. (എം.2) 540/2018 തീയതി 08.03.2019 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |

## അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്- 2018-19

കെ.എസ്.എ–എ.വി.എം(എം2) 131/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭ ഓഡിറ്റ് കാര്യാലയം,
ആലുവ. KSA-AVM
പിൻ - 683 101,
തീയതി : 06.08.2020
ഫോൺ : 0484-2623757
ഇ-മെയിൽ:mlalv.ksad@kerala.gov.in

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 -ാം വകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4) -ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി **കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ** പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും **എറണാകുളം** ജില്ലയിലെ **ആലുവ നഗരസഭയുടെ** 31.03.2019 -ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ആലുവ** നഗരസഭയുടെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ്

വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

.

No. K.S.A- AVM (M2) 131/2020

Kerala State Audit Department
Municipal Audit Office
Aluva. KSA-AVM
in - 683 101,
Date : 06.08.2020
Phone : 0484-2623757
E-mail: mlalv.ksad@kerala.gov.in

.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Aluva Municipality** in Ernakulam District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994, the rules made there under and the guidelines issued by the **Comptroller and Auditor General of India** for the purpose of certification of accounts of Municipalities.

In my opinion, the Financial Statements of Aluva Municipality for the year 2018-19 except the observations in my audit report properly presents the picture of income and expenditure.

**Deputy Director**
Kerala State Audit Department